
www.malankaralibrary.com

# യേശു സൗഖ്യദായകൻ

## സുവിശേഷങ്ങളിലെ രോഗശാന്തി വിവരണം



വചന വഴി വെളിച്ചം – 3

www.malankaralibrary.com

"കർത്താവേ, മരുന്നോ, ലേപനൗഷധമോ അല്ല,
എല്ലാവരെയും സുഖപ്പെടുത്തുന്ന അങ്ങയുടെ
വചനമാണ് അവരെ സുഖപ്പെടുത്തിയത്."
(ജ്ഞാനം 16:12)

# യേശു സൗഖ്യദായകൻ

## സുവിശേഷങ്ങളിലെ രോഗശാന്തി വിവരണം

വചന വഴി വെളിച്ചം - 3

ഫാ. മാത്യു ചിറയിൽ

www.malankaralibrary.com

www.malankaralibrary.com

# സമർപ്പണം

- കോവിഡ് – 19 കൊറോണ വൈറസ് രോഗികളെ പരിചരിച്ച ആരോഗ്യ പ്രവർത്തകർക്ക്

- ആതുര സേവന രംഗത്ത് 60 വർഷങ്ങൾ പിന്നിട്ട പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രി, തിരുവല്ല
*We Care God Cures*

**പൗരോഹിത്യ ജീവിതത്തിൽ 25 വർഷങ്ങൾ പിന്നിടുന്ന തിരുവല്ല അതിരൂപതയിലെ വന്ദ്യ വൈദികർക്ക്**

റവ. ഫാ. ജോസ് മണ്ണൂർകിഴക്കേതിൽ – ചക്കുപള്ളം
റവ. ഫാ. മാത്യു നിറകണ്ടത്തിൽ – കോട്ടൂർ
റവ. ഫാ. ജോർജ് തേക്കടയിൽ – ചുങ്കപ്പാറ
റവ. ഫാ. ജയിംസ് കുമ്പന്താനത്ത് – തലവടി നോർത്ത്
റവ. ഫാ. ഫിലിപ്സ് വാഴക്കുന്നത്ത് – പൂഴിക്കുന്ന്
റവ. ഫാ. ഏബ്രഹാം കുളങ്ങര – ശാന്തിഗ്രാം

---

റവ. ഫാ. വർഗീസ് മാളിയേക്കൽ
റവ. ഫാ. മാർട്ടിൻ പ്രേമാനന്ദ് പുരയ്ക്കൽ ഒ.ഐ.സി.
റവ. ഫാ. മാത്യു കുറ്റിയിൽ
റവ. ഫാ. മെൽവിൻ മാത്യു ആന്താലിൽ ഒ.ഐ.സി.
റവ. സി. മേരി സോഫിയ ഒ.എസ്.എസ് അപ്പക്കോട്ടുമുറി

---

റവ. ഫാ. എബ്രഹാം പ്രസാദ് ചിറയിൽ ഒ.ഐ.സി.
റവ. ഫാ. ജോൺസൺ ചിറയിൽ
റവ. ഫാ വർഗിസ് കണ്ടത്തിൽ

www.malankaralibrary.com

**YESU SOUKHYADAYAKAN**
*(Malayalam)*

**Fr. Mathew Chirayil**
Catholic Arch Bishop's House Marygiri,
Thiruvalla, Pathanamthitta 689101
Kerala
e-mail : sunishfr1975 @gmail.com
Phone: 9447932140, 8156899764

*Design & Printing*
Greeshma Designs
Kottayam. 0481-2300798

**Price: ` 125**

www.malankaralibrary.com



# അവതാരിക

യേശു സൗഖ്യദായകനാണ്. യേശുവിന്റെ കരസ്പർശം വഴി, വാക്കുകൾ വഴി മാറാരോഗങ്ങളും, തീരാരോഗങ്ങളും സുഖമാക്കപ്പെട്ടു. യേശു നൽകിയ അത്ഭുത രോഗശാന്തികളുടെ ലക്ഷ്യം ദൈവമഹത്വമായിരുന്നു. ഏതു രോഗിയേയും സുഖപ്പെടുത്തുന്ന നല്ല വൈദ്യനാണ് യേശു. യേശു സ്പർശിച്ചവരും യേശുവിനെ സ്പർശിച്ചവരും സൗഖ്യം പ്രാപിച്ചു. രോഗികളോട് അനുകമ്പയും, കരുണയും കാട്ടുന്നവനാണ് യേശു. വിശ്വാസത്തോടെയുള്ള പ്രാർത്ഥനയാണ് രോഗിയെ സൗഖ്യത്തിലേക്ക് നയിക്കുന്നത്. ബഹുമാനപ്പെട്ട മാത്യു ചിറയിലച്ചന്റെ **"യേശു സൗഖ്യദായകൻ"** എന്ന ഗ്രന്ഥത്തിലൂടെ യേശു നൽകിയ അത്ഭുത രോഗശാന്തികളെപ്പറ്റി ധ്യാനാത്മക വിവരണം നമുക്കു ലഭിക്കുന്നു. നാല് സുവിശേഷങ്ങളിലും കാണപ്പെടുന്ന അത്ഭുത രോഗശാന്തികളെപ്പറ്റി പ്രത്യേകം വേർതിരിച്ച് അവതരിപ്പിച്ചിരിക്കുന്നത് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയാണ്. കൊവിഡ് 19 കൊറോണ വൈറസ് വ്യാധിയുടെ ലോക്ഡൗൺ കാലത്ത് ഈ ഗ്രന്ഥ രചന നടന്നതും എടുത്തു പറയേണ്ട ഒരു കാര്യമാണ്, ഈ ഗ്രന്ഥം എല്ലാ രോഗികൾക്കും ആശ്വാസം പകരും. ആതുര സേവന രംഗത്ത് പ്രവർത്തിക്കുന്നവർക്കും, പ്രത്യേകിച്ച് ആതുര സേവന രംഗത്ത് 60 വർഷങ്ങൾ പിന്നിട്ട തിരുവല്ല, പുഷ്പഗിരി മെഡിക്കൽ കോളേജിനും ഈ ഗ്രന്ഥം സമർപ്പിക്കുന്നുവെന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ഭാവിയിൽ നല്ല ഗ്രന്ഥങ്ങൾ രചിക്കുവാൻ ദൈവം

www.malankaralibrary.com

അച്ചനെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അച്ചന് എല്ലാവിധ അശംസകളും നേരുന്നു.

We Care God Cures




റിട്ടയർഡ് ഡി.ജി.പി, കേരള പോലീസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല

തിരുവല്ല
20-06-2020

www.malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHDIOCESE OF TRIVANDRUM

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS OF
THE SYRO-MALANKARA CATHOLIC CHURCH &
MAJOR ARCHBISHOP OF TRIVANDRUM

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM - 695 004
KERALA, INDIA




# അനുഗ്രഹ സന്ദേശം

'യേശു' എന്ന നാമം നമ്മിലുണ്ടാക്കുന്ന അനുഭൂതി എത്ര ഹൃദ്യമാണ്! പ്രക്ഷുബ്ദമായ ജീവിതങ്ങളിൽ ക്രിസ്തുസാന്നിധ്യമുണ്ടാക്കുന്ന മാറ്റം വർണനാതീതമാണ്. രണ്ടായിരം വർഷങ്ങൾക്കപ്പുറം ഗലീലിയയിലെ തെരുവോരങ്ങളിൽ മാറാവ്യാധികളിൽപ്പെട്ടുഴറിയ അനേകം ജീവിതങ്ങളിൽ യേശു വരുത്തിയ മാറ്റം സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേയാൾ തന്നെയാണ്" (ഹെബ്രാ 13:8). യേശു ഇന്നും ജീവിക്കുന്നു അവൻ നമുക്ക് സമീപസ്ഥനാണ്. ഇമ്മാനുവേലായി കൂടെ വസിക്കുന്നു.

'കൊറോണ' എന്ന മഹാവ്യാധി മാനവരാശിയെ ദുരിതത്തിലാഴ്ത്തിയെങ്കിലും നാം ഭഗ്നാശരാകേണ്ടതില്ല. കാരണം അഖിലാണ്ഡ സീമകളെ സൃഷ്ടിച്ച് പരിപാലിക്കുന്ന കർത്താവ് നമ്മുടെ സമീപത്തുണ്ട്. ബഹു. മാത്യു ചിറയിലച്ചൻ രചിച്ച **'യേശു സൗഖ്യദായകൻ'** എന്ന ഗ്രന്ഥം അടിവരയിട്ടുറപ്പിക്കുന്ന യാഥാർത്ഥ്യം ഇതു തന്നെയാണ്. ലോക്ഡൗൺ നാളുകളിൽ നാലു സുവിശേഷങ്ങളിലേയും രോഗശാന്തി വിവരങ്ങളെ ധ്യാനവിഷയമാക്കിയപ്പോൾ ബഹു. അച്ചന് ലഭിച്ച ഉൾക്കാഴ്ചകളുടെ വിവരണമാണീ ഗ്രന്ഥം. ഈ ഗ്രന്ഥം അനേകർക്ക് സൗഖ്യദായകനായ ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിച്ചറിയാൻ പ്രചോദന ഹേതുവാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും, ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേരുകയും ഇനിയും അനേകം സദ്ഗ്രന്ഥങ്ങൾ ബഹു. അച്ചന്റെ


www.malankaralibrary.com

പൗരോഹിത്യ അഭിഷേകത്തിന്റെ നിറവിൽ നിന്ന് രൂപം കൊള്ളു കയും ചെയ്യട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ആശം സിക്കുകയും ചെയ്യുന്നു.



**കർദിനാൾ ബസേലിയോസ് ക്ലീമീസ് ബാവ**
(മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ
മേജർ ആർച്ചുബിഷപ്പ്- കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്)

www.malankaralibrary.com



# ആശംസ

ബഹുമാനപ്പെട്ട മാത്യു ചിറയിൽ അച്ചൻ രചിച്ച **"യേശു സൗഖ്യ ദായകൻ"** എന്ന ഗ്രന്ഥത്തിന് ആശംസകൾ അർപ്പിക്കുന്നതിന് സന്തോഷമുണ്ട്. 'കൊറോണ' എന്ന മഹാവ്യാധി മനുഷ്യകുലത്തെ മുഴുവൻ ഭീതിയിലും വേദനയിലും ആഴ്ത്തിയ ഈ കാലഘട്ടത്തിൽ തന്നെ ഇത്തരത്തിലൊരു ഗ്രന്ഥം രചിക്കുവാൻ അച്ചന് സാധ്യമാ യത് ഒരു ദൈവിക തീരുമാനമായി ഞാൻ കാണുന്നു. എല്ലാ മാറാ രോഗങ്ങൾക്കും വ്യാധികൾക്കും ഉത്തമ വൈദ്യനാണ് നമ്മുടെ കർത്താവ്. ഈ സത്യത്തെ ലോകത്തോട് പ്രഘോഷിക്കേണ്ടത് നമ്മുടെ കടമയാണ്. വിശുദ്ധ ഗ്രന്ഥത്തിലെ നാല് സുവിശേഷങ്ങ ളിലുമായി നാം കാണുന്ന യേശുവിന്റെ അത്ഭുത രോഗശാന്തിക ളെക്കുറിച്ചുള്ള അച്ചന്റെ ധ്യാനങ്ങളും ഉൾക്കാഴ്ചയുമാണ് ഈ ഗ്രന്ഥം. ഇതിലൂടെ അനേകർ സൗഖ്യദായകനായ യേശുവിനെ തിരിച്ചറിയുന്നതിനും ആ സ്നേഹദൈവത്തിൽ ശരണപ്പെടുന്ന തിനും കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കു കയും ചെയ്യുന്നു. ഇനിയും സദ്ഗ്രന്ഥങ്ങൾ മാത്യു അച്ചന്റെ തൂലി കയിൽ നിന്ന് രൂപം കൊള്ളട്ടെ! അതിന് പരിശുദ്ധാത്മാവ് അനു ഗ്രഹിക്കട്ടെ. ഈ ഗ്രന്ഥത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.



10.6.2020
തിരുവല്ല

✠ **തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം

www.malankaralibrary.com



# ആശംസ

യേശുവിന്റെ ദൗത്യത്തിൽ പ്രധാനപ്പെട്ട ദൗത്യമായിരുന്നു അവിടുന്ന് രോഗികളെ സുഖപ്പെടുത്തുന്ന ദൈവമാണെന്നത്. വി. മത്തായിയുടെ സുവിശേഷത്തിന്റെ പത്താം അദ്ധ്യായത്തിന്റെ ഒന്നും, രണ്ടും വാക്യങ്ങളിലും, വി. ലൂക്കായുടെ സുവിശേഷം ഒൻപതാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങളിലും നാം വായിക്കുന്നത് യേശു തന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരെ ഇപ്രകാരം ചുമതലപ്പെടുത്തി അയക്കുന്നതായിട്ടാണ്. അവൻ തന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരെയും അടുത്ത് വിളിച്ച് സകല പിശാചുക്കളുടെ മേലും അവർക്ക് അധികാരവും ശക്തിയും നൽകി. അതോടൊപ്പം രോഗങ്ങൾ സുഖപ്പെടുത്തുവാനും, ദൈവരാജ്യം പ്രസംഗിക്കുവാനായി അവിടുന്ന് അവരെ അയച്ചു. അപ്പസ്തോലന്മാരുടെ ദൗത്യത്തിന്റെ തിരുസഭയുടെ ദൗത്യത്തിന്റെ ഒഴിവാക്കാനാവാത്ത ഭാഗമാണ് രോഗികളെ സുഖപ്പെടുത്തുന്ന ശുശ്രൂഷ. രോഗികളുടെ നാഥനായ, യേശുവിന്റെ രോഗശാന്തിയുടെ അത്ഭുതങ്ങൾ, രോഗികളോടുള്ള യേശുവിന്റെ കരുണ, രോഗികളെ സൗഖ്യമാക്കാൻ യേശുവിനുള്ള ആഗ്രഹം ഇവയെല്ലാം കർത്താവിന്റെ രോഗശാന്തി നൽകുന്ന സുവിശേഷ ഭാഗങ്ങൾ വായിക്കുമ്പോൾ മനസ്സിലാക്കുവാൻ സാധിക്കും.

ബഹുമാനപ്പെട്ട മാത്യു ചിറയിലച്ചൻ വളരെ അനുഗ്രഹീതനായ ഒരു എഴുത്തുകാരനാണെന്ന് ഇതിനോടകം അദ്ദേഹത്തിന്റെ മുൻകാല രചനകളിലൂടെ തെളിയിച്ചിട്ടുണ്ട്. അച്ചന്റെ രചനകൾ എല്ലാം തന്നെ ദൈവവചനത്തിലൂടെ പകർന്നുകിട്ടിയ, തിരുസഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിലൂടെ പകർന്നു കിട്ടിയ വിശ്വാസത്തെ ഏറ്റവും ലളിതമായി അനുവാചക സമക്ഷം അവതരിപ്പിക്കുന്നതിന്റെ അടയാളങ്ങളാണ്. ഈയൊരു ഉദ്യമത്തിലൂടെ അച്ചൻ വീണ്ടും തന്റെ പൗരോഹിത്യ ശുശ്രൂഷയെ വളരെ ജനകീയമായ

www.malankaralibrary.com

ഒരു മാനത്തിലേക്ക് ഉയർത്തുകയാണ്. സാധാരണ മനുഷ്യരുടെ വേദനകളും, നിലവിളികളും തിരുസഭയ്ക്ക് മറക്കാനാവില്ല എന്ന് അച്ചൻ നമ്മെ ഓർമ്മപ്പെടുത്തുകയാണ്. പ്രത്യേകിച്ച് കൊവിഡ് 19 പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്ത്, മഹാമാരിയുടെ നടുവിൽ ക്ലേശിക്കുന്ന മക്കൾക്ക് ഈ ഗ്രന്ഥം തീർച്ചയായും ഒരാശ്വാസവും, ലേപനവും, സൗഖ്യവുമായി മാറുമെന്നതിൽ കർത്താവായ യേശുവിൽ ഞാൻ പ്രത്യാശിക്കുന്നു. ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഡാനിയേൽ പൂവണ്ണത്തിൽ**
മൗണ്ട് കാർമൽ റിട്രീറ്റ് സെന്റർ
വേറ്റിനാട്
തിരുവനന്തപുരം മേജർ അതിരൂപത

22.6.2020
വേറ്റിനാട്

www.malankaralibrary.com

# മുഖമൊഴി

യേശു സൗഖ്യ ദായകനാണ്. യേശു രോഗികളുടെ നാഥനാണ്. യേശു സ്പർശിച്ചവരും യേശുവിനെ സ്പർശിച്ചവരും സൗഖ്യം പ്രാപിച്ചു. യേശുവിന്റെ അത്ഭുത കരങ്ങൾക്ക്, യേശുവിന്റെ വചനത്തിന് രോഗികളെ സൗഖ്യമാക്കുവാൻ കഴിയും. കൊവിഡ് 19 കൊറോണ വൈറസ് ലോകത്ത് പടർന്നപ്പോൾ ഇപ്രകാരം ഒരു ഗ്രന്ഥം തയ്യാറാക്കുവാൻ എന്നെ പ്രാപ്തനാക്കിയ ദൈവത്തിന് നന്ദി. **വചന വഴി വെളിച്ചം** എന്ന ഗ്രന്ഥരചനയിലെ മൂന്നാമത്തെ ഗ്രന്ഥമായ **'യേശു സൗഖ്യദായകൻ'**, യേശു നൽകിയ രോഗശാന്തികളുടെ വിവരണം നാല് സുവിശേഷങ്ങൾ ആസ്പദമാക്കി വായനക്കാരിൽ എത്തിക്കുന്നു. ഈ ഗ്രന്ഥത്തിന് അനുഗ്രഹ സന്ദേശം നൽകിയും, എനിക്ക് ഈ ഉദ്യമത്തിൽ ഏറെ പ്രോത്സാഹനം നൽകിയും എന്നെ അനുഗ്രഹിച്ച മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദിനാൾ ബസേലിയോസ് മാർ ക്ലിമിസ് കാതോലിക്കാ ബാവാ തിരുമേനിയോടുള്ള നന്ദിയും, സ്നേഹവും അറിയിക്കുന്നു. തിരുവല്ല അതിരൂപത ആർച്ച് ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവാണ് ഈ ഗ്രന്ഥത്തിന് പ്രസിദ്ധീകരണാനുമതിയും, സന്ദേശവും നൽകി എന്നെ അനുഗ്രഹിച്ചത്. അഭിവന്ദ്യ പിതാവ് എനിക്ക് നൽകുന്ന എല്ലാവിധ പിന്തുണയ്ക്കും നന്ദിയറിയിക്കുന്നു. ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയത് തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും, കേരളാ പോലീസിന്റെ മുൻ ഡി.ജി.പി.യും ആയ ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ് ആണ്. അദ്ദേഹത്തിനോടുള്ള നന്ദിയുമറിയിക്കുന്നു. ഈ ഗ്രന്ഥത്തിന് ആശംസ എഴുതിയറിയിച്ച തിരുവനന്തപുരം, വേറ്റിനാട് മൗണ്ട് കാർമൽ ധ്യാന കേന്ദ്രത്തിലെ എത്രയും പ്രിയപ്പെട്ട ധ്യാനഗുരുവായ ബഹുമാനപ്പെട്ട ദാനിയേൽ പൂവണ്ണത്തിൽ അച്ചനോടുമുള്ള നന്ദിയും കടപ്പാടും ഞാൻ അറിയിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ

www.malankaralibrary.com

കവർ ചിത്രം തയ്യാറാക്കിയ ശ്രീ. ശ്യാം, ഡി.റ്റി.പി & പ്രിന്റിംഗ് ജോലികൾ ചെയ്തുതന്ന കോട്ടയം, തിരുനക്കര ഗ്രീഷ്മ ഡിസൈൻസ്, റവ. സിസ്റ്റർ ആത്മ എസ്.ഐ.സി, തിരുവല്ല അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഫാ. തോമസ് തൈക്കാട്ട് എന്നിവരോടുള്ള നിസീമമായ നന്ദിയറിയിക്കുന്നു. എന്നെ സാമ്പത്തികമായി സഹായിച്ചവർ, തിരുവല്ല അതിരൂപതയിലെ എന്റെ സ്നേഹം നിറഞ്ഞ വൈദിക സഹോദരങ്ങൾ, പ്രത്യേകിച്ച് എന്റെ ബാച്ചുകാരായ റവ. ഫാ. ഡോ. ജോസഫ് കളരിപറമ്പിൽ, റവ. ഫാ. മാത്യു കൊച്ചുപുരയ്ക്കൽ, റവ. ഫാ. ഫിലിപ്പ് വട്ടമറ്റം, റവ. ഫാ. വർഗീസ് തെക്കേമണ്ണിൽ എന്നിവരോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. കോഴിക്കോട്, കുളത്തുവയൽ നിർമല ധ്യാനകേന്ദ്രം, ശ്രീ. ജോർജ് തോമസ് കരിമറ്റം എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. എല്ലാ രോഗികൾക്കുവേണ്ടിയും, അവരുടെ രോഗസൗഖ്യത്തിനുമായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു. വൈദികരുടെ രാജ്ഞിയായ ദൈവമാതാവിന്റെയും, വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും മദ്ധ്യസ്ഥം അപേക്ഷിക്കുന്നു.

എന്ന്

പ്രാർത്ഥനയോടെ,

സ്നേഹത്തോടെ,

നന്ദിയോടെ,

**ഫാ. മാത്യു ചിറയിൽ**

ഡയറക്ടർ, തിരുവല്ല അതിരൂപത സുവിശേഷ സംഘം,

വികാരി, സെന്റ് മേരീസ് മലങ്കര കത്തോലിക്ക പള്ളി.

കുരിശുമുട്ടം

സെന്റ് ലൂയിസ് മലങ്കര കത്തോലിക്ക പള്ളി

വാലാങ്കര

9447932140, 8156899764

sunishfr1975@gmail.com

തിരുവല്ല

4-8-2020

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനം

www.malankaralibrary.com

www.malankaralibrary.com

# ഉള്ളടക്കം

## വി. മത്തായി


1. യേശു രോഗികളെ സുഖപ്പെടുത്തുന്നു – 4/23–25 17
2. കുഷ്ഠരോഗി സുഖപ്പെടുന്നു – 8/1–4 17
3. ശതാധിപന്റെ ഭൃത്യൻ – 8/5–13 18
4. പത്രോസിന്റെ ഭവനത്തിൽ – 8/14–17 19
5. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു – 8/28–34 20
6. തളർവാത രോഗിയെ സുഖപ്പെടുത്തുന്നു – 9/1–8 21
7. രക്തസ്രാവക്കാരി, ഭരണാധിപന്റെ മകൾ – 9/18–26 22
8. അന്ധർക്കു കാഴ്ച നൽകുന്നു – 9/27–31 23
9. ഊമനെ സുഖമാക്കുന്നു – 9/32–34 24
10. സാബത്തിൽ രോഗശാന്തി നൽകുന്നു – 12/9–14 25
11. കാനാൻകാരിയുടെ വിശ്വാസം – 5/21–28 26
12. അനേകർക്കു രോഗശാന്തി – 15/29–31 28
13. അപസ്മാര രോഗിയെ സുഖപ്പെടുത്തുന്നു – 17/14–21 28
14. അന്ധന്മാർക്കു കാഴ്ച – 20/29–34 29


## വി. മർക്കോസ്


1. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു – 1/21–28 32
2. ശിമയോന്റെ അമ്മായിയമ്മ – 1/29–34 34
3. കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു – 1/40–45 35
4. തളർവാത രോഗിയെ സുഖപ്പെടുത്തുന്നു – 2/1–12 37
5. സാബത്തിൽ രോഗശാന്തി – 3/1–6 40
6. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു – 5/1–20 41
7. രക്തസ്രാവക്കാരി, ജായ്റോസിന്റെ മകൾ – 5/21–43 47
8. രക്തസ്രാവമുള്ള സ്ത്രീക്കു ലഭിച്ച സൗഖ്യം – 5/25–34 53
9. സീറോ– ഫിനേഷ്യൻ സ്ത്രീയുടെ വിശ്വാസം – 7/24–30 55

www.malankaralibrary.com

10. ബധിരനെ സുഖപ്പെടുത്തുന്നു – 7/31–37 59
11. അന്ധനു കാഴ്ച – 8/22–26 61
12. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു – 9/14–29 64
13. ബർതിമേയൂസിനു കാഴ്ച നൽകുന്നു – 10/46–52 69

## വി. ലൂക്കാ

1. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു – 4/31–37 75
2. യേശു പത്രോസിന്റെ ഭവനത്തിൽ – 4/38–41 76
3. കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു –5/12–16 77
4. തളർവാത രോഗിയെ സുഖപ്പെടുത്തുന്നു – 5/17–26 79
5. സാബത്തിൽ രോഗശാന്തി – 6/6–11 81
6. രോഗികളെ സുഖപ്പെടുത്തുന്നു – 6/17–19 83
7. ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു – 7/1–10 83
8. നായിനിലെ വിധവയുടെ മകനെ
പുനർജ്ജീവിപ്പിക്കുന്നു– 7/11–17 85
9. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു – 8/26–39 87
10. രക്തസ്രാവക്കാരി സുഖം പ്രാപിക്കുന്നു. ജായ്റോസിന്റെ മകളെ
പുനർജ്ജീവിപ്പിക്കുന്നു. – 8/40–56 89
11. പിശാചു ബാധിച്ച ബാലനെ സുഖപ്പെടുത്തുന്നു – 9/37–43 91
12. കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു – 13/10–17 92
13. മഹോദര രോഗിയെ സുഖപ്പെടുത്തുന്നു – 14/1–6 94
14. പത്തു കുഷ്ഠരോഗികൾ – 17/11–19 95
15. അന്ധനു കാഴ്ച നൽകുന്നു – 18/35–43 98

## വി. യോഹന്നാൻ

1. രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തുന്നു – 4/43–54 100
2. ബേത്സഥായിലെ രോഗശാന്തി – 5/1–18 100
3. അന്ധനെ സുഖപ്പെടുത്തുന്നു –9/1–41 102
4. ലാസറിനെ ഉയിർപ്പിക്കുന്നു –11/1–44 108

www.malankaralibrary.com

# വി. മത്തായി

## 1. യേശു രോഗികളെ സുഖപ്പെടുത്തുന്നു.

വി. മത്തായി 4/23-25

യേശുവിന്റെ പ്രവർത്തനങ്ങളിൽ മൂന്ന് ഘടകങ്ങളുണ്ട്. അവ പ്രബോധനം, പ്രഘോഷണം, രോഗശാന്തി എന്നിവയാണ്. യഹൂദരുടെ സിനഗോഗിലാണ് യേശു പ്രബോധനം നടത്തിയത്. രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ച് യേശു ഗലീലിയിൽ സഞ്ചരിച്ചു. അപ്പോൾ ജനക്കൂട്ടം ധാരാളം രോഗികളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവരെയെല്ലാം സുഖപ്പെടുത്തി. വിവിധ പ്രദേശങ്ങളിൽ നിന്ന് യേശുവിനെ പിൻചെല്ലുവാൻ ജനങ്ങൾ വന്നിരുന്നു. ഇത് യേശുവിന്റെ സാർവ്വത്രിക ദൗത്യത്തെ സൂചിപ്പിക്കുന്നു.

## 2. കുഷ്ഠരോഗി സുഖപ്പെടുന്നു.

വി. മത്തായി 8/1-4

യേശു നൽകിയ സൗഖ്യങ്ങൾ ദൈവത്തിന്റെ കരുണയ്ക്ക് സാക്ഷ്യം നൽകുന്നു. യഹൂദർ കുഷ്ഠരോഗികളെ അശുദ്ധരായി കരുതിയിരുന്നു. കുഷ്ഠരോഗികൾക്ക് പൊതു പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ അനുവാദമില്ലായിരുന്നു. (ലേവ്യർ. 13/29-37) സമൂഹം അവരെ ഉപേക്ഷിച്ചിരുന്നു. അത്തരം ഒരു കുഷ്ഠരോഗിയുടെ അടുത്തേക്ക് യേശു ദൈവത്തിന്റെ കാരുണ്യമായി കടന്നുചെന്നു. കുഷ്ഠരോഗി തീർച്ചയായും യേശുവിന്റെ ശക്തിയും, അധികാരവും തിരിച്ചറിഞ്ഞിരുന്നു. അയാൾ യേശുവിന്റെ അടുക്കൽ വന്ന് താണുവണങ്ങി. യേശുവിലുള്ള അവന്റെ വിശ്വാസമാണ് ഇവിടെ കാണുക. അവന്റെ വാക്കുകൾ അവന്റെ ഉറച്ച വിശ്വാസത്തെ സൂചിപ്പിക്കുന്നു. കർത്താവേ അങ്ങേക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയുമെന്ന് കുഷ്ഠരോഗി യേശുവിനോട് പറഞ്ഞു. യേശുവിന്റെ മറുപടിയാണ് ഇവിടുത്തെ കേന്ദ്ര ബിന്ദു. എനിക്ക് മനസ്സുണ്ട് നിനക്ക് ശുദ്ധി വരട്ടെ. യേശുവിന്റെ രക്ഷയുടെ സാന്നിദ്ധ്യത്തിന്റെ അടയാളമാണ് യേശു നൽകിയ സൗഖ്യം. കുഷ്ഠരോഗി പൂർണ്ണമായും

www.malankaralibrary.com



തന്നെത്തന്നെ യേശുവിന് സമർപ്പിച്ചു. കുഷ്ഠരോഗിക്ക് യേശുവിൽ വിശ്വാസവും, പ്രതീക്ഷയുമുണ്ടായിരുന്നു. കുഷ്ഠരോഗിയുടേതു പോലുള്ള പ്രാർത്ഥന യേശു ഒരിക്കലും തിരസ്ക്കരിച്ചിട്ടില്ല. സുഖമാക്കപ്പെട്ട കുഷ്ഠരോഗിയോട് യേശു മോശയുടെ നിയമമനുസരിച്ചുള്ള കാര്യങ്ങൾ പാലിക്കുവാൻ ആവശ്യപ്പെട്ടു. ഇതിന്റെയർത്ഥം യേശു വന്നത് നിയമത്തെ ഇല്ലാതാക്കാനല്ല മറിച്ച് പൂർത്തിയാക്കുവാനാണ്. രോഗസൗഖ്യത്തിന്റെ കാര്യം ആരോടും പറയരുതെന്ന് യേശു കുഷ്ഠരോഗിയോട് പറഞ്ഞു. അതായത് യേശു വന്നത് തന്റെ മഹത്വം പ്രഘോഷിക്കാനല്ല. മറിച്ച് ദരിദ്രരെയും, രോഗികളെയും വിമോചിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനാണ്.

## 3. ശതാധിപന്റെ ഭൃത്യൻ.

വി. മത്തായി 8/5-13

യേശുവിനെ സമീപിക്കുന്നത് ഒരു ശതാധിപനാണ്. ശതാധിപന്റെ വ്യക്തിത്വം ഇവിടെ നാം കാണുന്നു. ശതാധിപന്റെ വിശ്വാസം പരിഗണിച്ച് ശാരീരിക സാന്നിദ്ധ്യമോ സ്പർശനമോ കൂടാതെ തന്നെ അകലെ നിന്നുകൊണ്ട് അത്ഭുതം പ്രവർത്തിച്ച് ശതാധിപന്റെ ഭൃത്യന് യേശു രോഗശാന്തി നൽകി. ശതാധിപന് യേശുവിൽ വിശ്വാസവും യേശുവിനോട് ആദരവും ഉണ്ട്. യേശു തന്നെ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. ഇതുപോലുള്ള വിശ്വാസം ഇസ്രായേലിൽ ഒരുവനിൽ പോലും ഞാൻ കണ്ടിട്ടില്ല എന്ന് യേശു പറയുന്നു. വീട്ടിൽ ചെന്ന് സുഖപ്പെടുത്താമെന്ന് യേശു പറയുമ്പോൾ അതിനെ ശതാധിപൻ നിരുത്സാഹപ്പെടുത്തുന്നു. യേശുവിന്റെ നന്മയാണ് കൂടെ വന്ന് ഭൃത്യനെ സുഖപ്പെടുത്താൻ കാണിച്ച സന്നദ്ധത. ഇവിടെ പരസ്പരം കരുതലുകളുള്ള രണ്ട് വ്യക്തികളെ നാം കാണുന്നു. യേശു കൂടെ വരാതെ തന്നെ അകലെ നിന്ന് തന്റെ ഭൃത്യനെ സുഖപ്പെടുത്താൻ കഴിയുമെന്ന് ശതാധിപൻ ഉറച്ചു വിശ്വസിച്ചിരുന്നു. കാരണം സ്വന്തം അനുഭവത്തിൽ തന്റെ ചെറിയ അധികാരം ഉപയോഗിച്ച് കൽപ്പിക്കുമ്പോഴും അനുസരിക്കാൻ ആളുകളുണ്ട്. യേശുവിന്റെ അധികാരത്തിന് പരിധികളില്ലെന്ന് അയാൾ വിശ്വസിച്ചു. ആ വിശ്വാസത്തെയാണ് യേശു പുകഴ്ത്തി പറഞ്ഞത്. ഈ വിശ്വാസത്തിന്റെ വെളിച്ചത്തിൽ യേശു രക്ഷയുടെ അതിർ

www.malankaralibrary.com



വരമ്പുകൾ യഹൂദ ജനത്തിനും അപ്പുറത്തേക്കു മാറ്റി വയ്ക്കുകയായിരുന്നു. രക്ഷ യഹൂദർക്ക് മാത്രമുള്ളതാണെന്നായിരുന്നു യഹൂദരുടെ വിശ്വാസം. ഇസ്രായേൽ ജനത്തിന് രക്ഷാകര ചരിത്രത്തിൽ പ്രത്യേക സ്ഥാനമുണ്ട്. അവരെ രാജ്യത്തിന്റെ മക്കൾ എന്നാണ് വിശേഷിപ്പിക്കുക. യഹൂദർ രക്ഷ തങ്ങളുടേത് മാത്രമാണെന്ന സങ്കുചിത മനോഭാവത്തിലേക്കു മാറി. ഈ സന്ദർഭം ഉപയോഗപ്പെടുത്തി ദൈവം അബ്രാഹത്തോട് ചെയ്ത വാഗ്ദാനത്തോടു വിശ്വസ്തത പുലർത്തുന്നവനാണെന്ന് പ്രഖ്യാപിക്കുകയായിരുന്നു. കിഴക്കു നിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾ വന്ന് അബ്രാഹത്തിനോടും ഇസഹാക്കിനോടും, യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും എന്ന് യേശു ഇവിടെ വിവക്ഷിക്കുന്നത് വിജാതീയരെയാണ്. കാരണം യുഗാന്ത്യത്തിൽ സംഭവിക്കാനിരിക്കുന്ന യഹൂദ ജനത്തിന്റെ ശിക്ഷയെക്കുറിച്ചാണ് തുടർന്നു പറയുന്നത്. യേശു ശതാധിപന്റെ ഭൃത്യനെ അകലെ നിന്ന് കൊണ്ടു തന്നെ സുഖപ്പെടുത്തി.

## 4. പത്രോസിന്റെ ഭവനത്തിൽ.

വി. മത്തായി 8/14-17

പത്രോസ് യേശുവിനെ തന്റെ ഭവനത്തിൽ സ്വീകരിച്ചു. എന്നാൽ അതിഥി സൽക്കാരം ചെയ്യേണ്ടയാൾ രോഗിയായി. യേശു പത്രോസിന്റെ വീട്ടിലെ സാഹചര്യം ഉടനെ മനസ്സിലാക്കുന്നു. പത്രോസിന്റെ അമ്മായിയമ്മ പനിപിടിച്ചു കിടക്കുന്നത് കണ്ടു. യേശു രോഗിയുടെ കൈയ്യിൽ സ്പർശിച്ചു. പനി അവളെ വിട്ടുമാറി. ആവശ്യങ്ങൾ കണ്ടറിഞ്ഞ് അനുഗ്രഹങ്ങൾ നൽകുന്ന ഒരു ദൈവത്തെ ഇവിടെ നാം കാണുന്നു. യേശു പിശാചു ബാധിതരെ മോചിപ്പിക്കുന്നതും രോഗികളെ സുഖപ്പെടുത്തുന്നതും കൃത്യമായ ഒരു ദൈവിക പദ്ധതിയുടെ ഭാഗമാണെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു. ജനങ്ങൾ യേശുവിനെ ഇസ്രായേലിന്റെ വിമോചകനായ രാജാവായി കണ്ടപ്പോൾ യേശു തന്റെ ദൗത്യത്തിന് തീർത്തും വ്യത്യസ്തമായ കാഴ്ചപ്പാട് നൽകുന്നു. യേശുവിന്റെ എല്ലാ പ്രവർത്തനങ്ങളിലും പഴയ നിയമത്തിന്റെ പൂർത്തീകരണം കാണാൻ സുവിശേഷകൻ ശ്രമിക്കുന്നു. മനുഷ്യരുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്യുന്ന

www.malankaralibrary.com



സഹന ദാസന്റെ രൂപമാണ് യേശുവിൽ കാണുന്നത്. (ഏശയ്യ. 53). സഹനദാസനായ തന്റെ ശിഷ്യനാകാനാണ് യേശു ക്ഷണിക്കുക.

## 5. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു

വി. മത്തായി 8/28-34

വി. മത്തായി വളരെ ചുരുക്കി 7 വാക്യങ്ങളിൽ സംഭവം വിവരിക്കുന്നു. യേശുവിലാണ് ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചിരിക്കുന്നത്. ഇവിടെ രണ്ടു പിശാചു ബാധിതരാണുള്ളത്. അവർ അപകടകാരികളായിരുന്നു. യേശുവും പിശാചുക്കളും നേർക്കുനേർ ഏറ്റുമുട്ടുന്നു. യേശുവിനെ ദൈവപുത്രാ എന്നാണ് പിശാചുക്കൾ സംബോധന ചെയ്തത്. അപ്പോൾ അവർ ബലഹീനരാണെന്ന് അവർ തിരിച്ചറിഞ്ഞു. അവർ നിശ്ചിത സമയശേഷം ബന്ധിക്കപ്പെടും എന്നവർക്കറിയാം. അതുകൊണ്ടാണ് ആ സമയത്തിനു മുൻപ് തങ്ങളുടെ കാര്യത്തിൽ ഇടപെടരുതെന്ന് അവർ യേശുവിനോട് അഭ്യർത്ഥിച്ചത്. പിശാചു ബാധിതർ സൂചിപ്പിക്കുന്ന സമയത്തെക്കുറിച്ച് രണ്ടു സൂചനകൾ വെളിപാട് പുസ്തകത്തിൽ 12-ാം അദ്ധ്യായത്തിലുണ്ട്. യേശു കുരിശിൽ മരിച്ച സമയമാണതെന്നുവേണം കരുതാൻ. അപ്പോഴാണ് സാത്താന് മനുഷ്യന്റെ മേലുള്ള ആധിപത്യം നഷ്ടമാവുന്നത്. ആ വലിയ സർപ്പം വഞ്ചിക്കുന്ന സാത്താനാണ്. പിശാചായ ആ പുരാതന സർപ്പം ഭൂമിയിലേക്ക് വലിച്ചെറിയപ്പെട്ടു. കുരിശിലെ മരണം വഴി മനുഷ്യൻ പിശാചിന്റെ ആധിപത്യത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ടു. ഇനിയും മനുഷ്യരെ പരീക്ഷിക്കുവാൻ ചുരുങ്ങിയ സമയമേ അവശേഷിക്കുന്നുള്ളൂ എന്നറിഞ്ഞ് അരിശം കൊണ്ടു പിശാചു മനുഷ്യരുടെ അടുത്തേക്കിറങ്ങി. ഇതെല്ലാം പ്രതീകാത്മകമാണെങ്കിലും ഇതിന്റെ പിന്നിൽ സത്യങ്ങളുണ്ട്. ദൈവപുത്രന് പിശാചുക്കളെ കീഴടക്കാനുള്ള ശക്തിയുണ്ടെന്ന് അവർ തന്നെ അറിഞ്ഞിരുന്നു. മനുഷ്യൻ പിശാചുക്കളെ ഭയപ്പെട്ട ഒരു സമയത്താണ് യേശു കടന്നു വന്നത്. മനുഷ്യനെ അടിമയാക്കുന്ന പിശാചിന്റെ അടിമത്തത്തിൽ നിന്ന് അവനെ മോചിപ്പിക്കുക യേശുവിന്റെ ദൗത്യമായിരുന്നു. സമയത്തിനു മുമ്പു തന്നെ യേശു അവയെ പുറത്താക്കുമെന്നറിഞ്ഞപ്പോഴാണ് അവർ അടുത്തുണ്ടായിരുന്ന പന്നിക്കൂട്ടത്തിൽ പ്രവേശിക്കാൻ അനുവാദം ചോദിച്ചതും പന്നികളെ അവ കടലിലേക്കു നയിച്ചതും.

www.malankaralibrary.com



യേശുവിനെ സ്വീകരിക്കുവാനും, അംഗീകരിക്കുവാനും അവർക്ക് കഴിഞ്ഞില്ല.

തങ്ങളുടെ അതിർത്തി വിട്ടു പോകാൻ അവർ യേശുവിനോട് അപേക്ഷിച്ചു. ഇത് ശിഷ്യർക്ക് ഒരു പാഠമാണ്. ശിഷ്യർ പ്രഘോഷിക്കുന്ന യേശുവിനെ ശ്രോതാക്കൾ അംഗീകരിക്കണമെന്നില്ല. സുവിശേഷ പ്രഘോഷകരെ പുറത്താക്കിയെന്നും വരാം. കാരണം ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല.

## 6. തളർവാത രോഗിയെ സുഖപ്പെടുത്തുന്നു.

വി. മത്തായി 9/1-18

പാപങ്ങൾ മോചിക്കാനുള്ള അധികാരത്തിലും അതു ചെയ്യുന്നവന്റെ വ്യക്തിത്വത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. രോഗിയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നവരുടെ വിശ്വാസത്തിനും വലിയ പ്രാധാന്യമുണ്ട്. രോഗിയുടെയും, രോഗിയെ കൊണ്ടുവന്നവരുടെയും വിശ്വാസം യേശു കാണുന്നു. ഇവിടെ അത്ഭുതം പ്രവർത്തിക്കുന്നത് ഒടുവിലാണ്. ധൈര്യമായിരിക്കുക എന്ന യേശുവിന്റെ ആശ്വാസവാക്ക് യേശുവിന്റെ സാന്നിധ്യത്തെത്തന്നെ സൂചിപ്പിക്കുന്നു. യേശു തളർവാത രോഗിയുടെ പാപങ്ങൾ ക്ഷമിക്കുമ്പോൾ അവന്റെ മാനസികാവസ്ഥയിൽ വലിയ മാറ്റം വരുന്നു. അവനു ശാരീരിക സൗഖ്യം നൽകുന്നതിനു മുൻപാണ് യേശു അവന്റെ പാപങ്ങൾ ക്ഷമിക്കുന്നത്. അവനിലേക്ക് ദൈവകൃപ വന്നു നിറഞ്ഞു. പാപങ്ങൾ മോചിക്കാനുള്ള തന്റെ ശക്തി വെളിപ്പെടുത്തുന്നതിന് യേശു ഇവിടെ ബോധപൂർവ്വം ശ്രമിക്കുകയായിരുന്നു. ശാരീരിക സൗഖ്യം നൽകുന്നതിനു മുന്നോടിയായി യേശു അവനു ആന്തരിക സൗഖ്യം നൽകുകയായിരുന്നു. അത് ദൈവത്തിനു മാത്രം നൽകാൻ കഴിയുന്ന ഒന്നായിരുന്നു. പാപം മോചിക്കപ്പെട്ടോ എന്നറിയാൻ സാധാരണ ഗതിയിൽ തെളിവുകളൊന്നുമില്ല. നിയമജ്ഞർ യേശുവിനെതിരെ തിരിഞ്ഞു. യേശു ദൈവദൂഷണം പറയുന്നുവെന്ന് അവർ കുറ്റപ്പെടുത്തി. യേശുവിന് നിയമജ്ഞരെ നന്നായി അറിയാമായിരുന്നു. നിങ്ങൾ ഹൃദയത്തിൽ തിന്മ വിചാരിക്കുന്നതെന്ത് എന്ന് യേശു അവരോട് ചോദിച്ചു. യേശു പാപം മോചിക്കുകയും സൗഖ്യം നൽകുകയും ചെയ്യുന്നത് സ്വന്തം അധികാരം

www.malankaralibrary.com



ഉപയോഗിച്ചാണ്. യേശുവിന്റെ വ്യക്തിത്വത്തെ സുവിശേഷകൻ ഇവിടെ എടുത്തു കാണിക്കുന്നു. ഭൂമിയിൽ പാപങ്ങൾ മോചിക്കുന്ന യേശുവിനെ മനുഷ്യപുത്രനെന്നു വിശേഷിപ്പിക്കുമ്പോൾ വാനമേഘങ്ങളിൽ മഹത്വത്തോടെ വരാനിരിക്കുന്ന മനുഷ്യപുത്രനെ മുന്നിൽ കണ്ടുകൊണ്ടാണ് അത് എന്നതിൽ സംശയമില്ല. രോഗശാന്തിയും, പാപമോചനവും ഇവ രണ്ടും യേശുവിന്റെ വ്യക്തിത്വത്തിലേക്ക് നമ്മെ നയിക്കുന്നു. ഇവിടെ നിയമജ്ഞർ യേശുവിനെ അംഗീകരിക്കാതെ ഹൃദയം കഠിനമാക്കുമ്പോൾ ദൈവസാന്നിദ്ധ്യത്തിന്റെ മുമ്പിൽ ഭയ ഭക്തിയോടെ നിൽക്കുന്ന ജനക്കൂട്ടത്തെയാണ് നാം കാണുക. അവർ ദൈവത്തെ മഹത്വപ്പെടുത്തി. യേശു പാപമോചനാധികാരവും, രോഗശാന്തി നൽകുവാനുമുള്ള അധികാരവും തന്റെ ശിഷ്യർക്ക് നൽകി. ഇത് അവിടുത്തെ ദൗത്യത്തിൽ ശിഷ്യർക്കു നൽകുന്ന ഭാഗഭാഗിത്വമാണ്. യേശുവിന്റെ വിമോചന ദൗത്യം ഒരു ഐഹിക രാജ്യം സ്ഥാപിക്കലല്ല മറിച്ച് മനുഷ്യന്റെ സമഗ്രമായ വിമോചനമാണ്. അതിൽ പ്രഥമ സ്ഥാനം ആന്തരിക സൗഖ്യത്തിനാണ്.

## 7. രണ്ട് അത്ഭുതങ്ങൾ

## രക്തസ്രാവക്കാരി സ്ത്രീ, ഭരണാധിപന്റെ മകൾ

വി. മത്തായി 9/18-26

ഈ രണ്ട് അത്ഭുതങ്ങൾ സുവിശേഷകൻ 9 വാക്യങ്ങളിലാക്കി ചുരുക്കിയിരിക്കുന്നു. പ്രധാനപ്പെട്ട കാര്യങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനാണ് സുവിശേഷകൻ ഇപ്രകാരം ചെയ്തിരിക്കുന്നത്. യേശുവിന്റെ അധികാരം, ഭരണാധികാരിയുടെയും, രക്തസ്രാവക്കാരി സ്ത്രീയുടെയും വിശ്വാസം എന്നിവ എടുത്തു കാണിക്കുകയാണ് ലക്ഷ്യം. അവർ രണ്ടുപേരും തങ്ങളുടെ വിശ്വാസവും, ബോദ്ധ്യവും വഴി യേശുവിന്റെ അധികാരത്തെയും, ശക്തിയെയും കുറിച്ചുള്ള സാക്ഷ്യങ്ങളാണ്. അവയുടെ വാക്കുകളുടെ ശക്തിയല്ല മറിച്ച് അവൾ യേശുവിൽ അർപ്പിച്ച പൂർണമായ ആശ്രയ ബോധനത്തിനും, വിശ്വാസത്തിനും യേശു നൽകിയത് സാന്ത്വനമാണ്. യേശുവിന്റെ വാക്കുകൾ യേശുവിന്റെ ശക്തിയും, ആധികാരികതയും, കാരുണ്യവും വ്യക്തമാക്കുന്നു. രക്തസ്രാവക്കാരി തന്റെ

www.malankaralibrary.com



അസുഖം ആരും അറിയരുതെന്നാഗ്രഹിച്ചു. കാരണം നിയമമനുസരിച്ച് അവൾ അശുദ്ധയാണ്. വലിയ പ്രത്യാശയോടാണ് അവൾ യേശുവിന്റെ വസ്ത്രത്തിൽ സ്പർശിച്ചത്. ശക്തമായ വിശ്വാസത്തിന്റെ ഫലമായിട്ടാണ് അത്ഭുതം നടന്നത്. അവയുടെ വിശ്വാസം മറ്റുള്ളവർക്ക് മാതൃകയാകണം എന്നതു കൊണ്ടാണ് രഹസ്യത്തിൽ നടന്ന കാര്യം യേശു പരസ്യമാക്കിയത്.

ഭരണാധികാരിയുടെ വീട്ടിൽ മകളുടെ സംസ്കാരത്തിനുള്ള ഒരുക്കങ്ങൾ നടക്കുമ്പോൾ യേശു ബാലിക ഉറങ്ങുകയാണെന്ന് പറയുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനായ യേശുവിന് മാത്രമേ അങ്ങനെ പറയാനാകൂ. മരണം ജീവിതത്തിന്റെ അവസാനമല്ലെന്ന് യേശു പഠിപ്പിച്ചു. നമ്മിലുള്ള ആശ്രയത്വം ഉപേക്ഷിച്ച് ദൈവം തന്റെ പുത്രനിലൂടെ നമുക്കു സൗജന്യമായി നൽകുന്ന ദാനത്തിലുള്ള വിശ്വാസത്തിൽ എത്തിച്ചേരണം. യേശു ഒന്നും സംസാരിക്കാതെ ബാലികയെ കൈക്കു പിടിച്ചുയർത്തി. ജീവൻ നൽകുന്ന സ്പർശനമേറ്റപ്പോൾ അവൾ എഴുന്നേറ്റു. അവിടെ കൂടിയിരുന്നവർ വഴി ഈ അത്ഭുത വാർത്ത നാട്ടിൽ പരന്നു.

## 8. അന്ധർക്കു കാഴ്ച നൽകുന്നു

വി. മത്തായി 9/27-31

അന്ധമാർ ഉച്ചത്തിൽ കരഞ്ഞപേക്ഷിച്ചു. അകലം അറിയാൻ അവർക്ക് സാധിക്കില്ല. അവർ രണ്ടുപേരും സുഖമാക്കപ്പെട്ട ശേഷം അവർ ഒരുമിച്ച് യേശുവിന് സാക്ഷ്യം നൽകി. കാരണം രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്ന് നിയമത്തിൽ പറഞ്ഞിട്ടുണ്ട്. (നിയമാവർത്തനം 19/35) അവർ യേശുവിനെ അനുഗമിച്ച് ഒരു വീട്ടിലെത്തിയപ്പോഴാണ് യേശുവും അന്ധരും തമ്മിൽ സംസാരിക്കുന്നതും യേശു അവർക്ക് കാഴ്ച നൽകുന്നതും. വീട് ഏതാണെന്ന് വ്യക്തമില്ല. അവരുടെ വിഷയം വിശ്വാസമാണ്. അവരെ സുഖപ്പെടുത്താനുള്ള വിശ്വാസം അവർക്കുണ്ടോയെന്ന് യേശു തിരക്കുന്നു. അവർക്ക് വിശ്വാസം ഉണ്ടെന്ന് ബോധ്യമായപ്പോൾ നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്ന് യേശു പറയുന്നു. യേശു കർത്താവാണ്, രക്ഷ നൽകുവാൻ തനിക്കു കഴിയുമെന്നുള്ളതാണ് ഈ വിശ്വാസത്തിന്റെ ഉള്ളടക്കം. ദാവീദിന്റെ പുത്രനെ

www.malankaralibrary.com



ന്നാണ് അവർ യേശുവിനെ വിളിച്ചത്. യഹൂദജനം പ്രതീക്ഷിച്ചിരുന്ന ദാവീദിന്റെ പുത്രൻ, ഇസ്രായേലിനെ പുനരുദ്ധരിക്കാനുള്ളവൻ ഇവൻ തന്നെ എന്ന വിശ്വാസമാണ് അവരിൽ കാണുക. അന്ധർക്കു കാഴ്ച ലഭിച്ചത് രക്ഷാകര കാലത്തിന്റെ അടയാളമാണ്. രക്ഷകൻ അന്ധർക്കു കാഴ്ച നൽകുന്നവനാണ്. രക്ഷകൻ ജനതകൾക്ക് പ്രകാശമാണ്. യേശു നൽകുന്ന പ്രകാശം ആത്മീയ അന്ധതയിൽ കഴിയുന്നവർക്കാണ്. അന്ധരായിരുന്നവർ യേശുവിനെ ദാവീദിന്റെ പുത്രനായി കണ്ടു. അവിടുത്തെ പ്രഘോഷിച്ചു.

## 9. ഊമനെ സുഖമാക്കുന്നു

വി. മത്തായി 9/32-34

യേശുവും, രോഗിയും തമ്മിലുള്ള സംഭാഷണം ഇവിടെയില്ലാത്തത് ഊമന് സംസാരശേഷി ഇല്ലാത്തതുകൊണ്ടായിരിക്കണം. അതുകൊണ്ട് വിശ്വാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് യേശു ഇവിടെ പ്രതിപാദിക്കുന്നില്ല. ജനങ്ങളുടെ പ്രതികരണമാണ് ഇവിടെ ശ്രദ്ധയാകർഷിച്ചത്. "ഇതുപോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും കണ്ടിട്ടില്ല." എന്ന് ജനങ്ങൾ പറയുന്നു. യേശുവിന്റെ അധികാരത്തിനും ശക്തിക്കും ജനങ്ങൾ അംഗീകാരവും, സാക്ഷ്യവും നൽകുന്നു. ജനങ്ങൾ മുൻവിധി കൂടാതെ ദൈവത്തെ മഹത്വപ്പെടുത്തി. എന്നാൽ യഹൂദ നേതാക്കൾക്ക് അവർ കാത്തിരുന്ന രക്ഷകന്റെ മഹത്വം കാണാനായില്ല. മറിച്ച് അവർ പിശാചുക്കളുടെ തലവനിലാണ് മഹത്വവും, ശക്തിയും കണ്ടത്. യേശുവിൽ പ്രവർത്തിച്ചത് ബെൽസബൂലിന്റെ ശക്തിയാണെന്ന് അവർ പറഞ്ഞു. ഊമനെ സ്വതന്ത്രനാക്കിയ ഈ വിമോചകൻ രക്ഷകനാണെന്ന് പഴയനിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (ഏശയ്യ. 29/18 പ്രതീക്ഷിച്ചിരുന്ന രക്ഷയുടെ 35/5) സമയം സമാഗതമായെന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു.

www.malankaralibrary.com



# 10. സാബത്തിൽ രോഗശാന്തി നല്കുന്നു.

വി. മത്തായി 12/9-14

ഫരിസേയർ ദുരുദ്ദേശത്തോടെ യേശുവിനെ സമീപിച്ചു. അവർ യേശുവിനെ സമീപിക്കുക കുറ്റം ആരോപിക്കാനാണ്. സാബത്താചരണ കൽപന കാരുണ്യത്തിന്റെ കൽപനക്കു കീഴിലാണെന്നു പഠിപ്പിക്കാനായി യേശു ഇവിടെ പരിശ്രമിക്കുന്നു. സാബത്തിൽ രോഗശാന്തി നൽകുന്നത് അനുവദനീയമാണോ എന്ന ചോദ്യം വി. മത്തായിയുടെ സുവിശേഷത്തിൽ മാത്രമേയുള്ളൂ. ചോദ്യത്തിന് യേശു നൽകുന്ന ഉത്തരമാണ് വളരെ ശ്രദ്ധേയം. സാബത്തിൽ ആട് കുഴിയിൽ വീണാൽ അതിനെ രക്ഷിക്കാം എന്നത് ഫരിസേയർ അംഗീകരിക്കുന്ന ഒരു കാര്യമാണ്. അത് സാബത്തിന്റെ ലംഘനമല്ല. അപ്പോൾ ഒരു മനുഷ്യനെ സുഖപ്പെടുത്താൻ ലഭിച്ച അവസരം സാബത്താചരണത്തിന്റെ പേരിൽ തടസമാകുന്നത് ദൈവഹിതമല്ല. സാബത്ത് ലംഘിക്കാൻ വേണ്ടിയല്ല യേശു ഇവിടെ സൗഖ്യം നൽകിയത്. സാബത്ത് നിയമം മനുഷ്യന് വേണ്ടിയാണ്. മനുഷ്യൻ സാബത്തിനു വേണ്ടിയല്ല. അതുകൊണ്ട് സാബത്തിൽ നന്മ ചെയ്യേണ്ട അവസരം ലഭിക്കുന്നത് ഉപയോഗപ്പെടുത്തണം. ദൈവം മനുഷ്യന്റെ നന്മ ആഗ്രഹിക്കുന്നവനാണ്. അതുകൊണ്ട് സാബത്താചരണം വഴി ദൈവത്തിന് മഹത്വം നൽകുന്നതും മനുഷ്യന്റെ അത്യാവശ്യങ്ങൾക്കായി താൽക്കാലികമായി സാബത്താചരണം ഒഴിവാക്കുന്നതും തമ്മിൽ വൈരുദ്ധ്യമില്ലെന്ന് യേശു പഠിപ്പിച്ചു. കൈ ശോഷിച്ച മനുഷ്യനെ സുഖപ്പെടുത്തി യേശു നിയമത്തെ കാരുണ്യത്തിന്റെ കീഴിൽ കൊണ്ടു വരുന്നു. അങ്ങനെയാണ് യേശു നിയമത്തെ പൂർത്തീകരിച്ചത്. ബാഹ്യമായ ആചാരങ്ങളെക്കാൾ ശ്രേഷ്ഠമാണ് ദൈവഹിതത്തോടു ചേർന്നു നിൽക്കുന്ന ആന്തരികമായ ആരാധന എന്ന് യേശു പഠിപ്പിച്ചു. അധികാരമുപയോഗിച്ചാണ് സാബത്ത് നിയമത്തെ സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും കൽപനയുടെ പരിധിയിലേക്കു കൊണ്ടു വന്നത്. യേശുവിന്റെ അധികാരത്തിന്റെ അടിസ്ഥാനം അവിടുന്നു ദാവീദിന്റെ വംശത്തിൽപ്പെട്ടവൻ, ദൈവാലയത്തെക്കാൾ വലിയവൻ, സാബത്തിന്റെ അധിപനായ മനുഷ്യപുത്രൻ. (ദാനിയേൽ 7/13-14) എന്നിങ്ങനെ തന്നെക്കുറിച്ചുള്ള വെളിപ്പെടുത്തലുകളാണ്. യേശു

www.malankaralibrary.com



ഇവിടെ ജീവിതവുമായി ബന്ധപ്പെടാത്ത, മനുഷ്യ സ്നേഹമില്ലാത്ത ഒരു മതാചരണത്തിൽ നിന്നു മനുഷ്യനെ മോചിപ്പിക്കുകയായിരുന്നു. കാരുണ്യവും വിവേകവുമാണ് ഇത്തരം അവസരങ്ങളിൽ നമുക്കാവശ്യം. യേശുവിനെ വധിക്കാൻ യഹൂദ നേതൃത്വം നിശ്ചയിച്ചിരുന്നു. കാരണം അത്ഭുതങ്ങൾ പ്രവർത്തിക്കുക വഴി യേശുവിന്റെ പ്രശസ്തി വർദ്ധിച്ചു വന്നു. യേശുവിന്റെ പുരോഗമന ചിന്താഗതി ഉൾക്കൊള്ളുവാൻ യഹൂദ നേതാക്കളുടെ സ്ഥാപിത താൽപര്യങ്ങൾ അനുവദിച്ചില്ല.

## 11. കാനാൻകാരി സ്ത്രീയുടെ വിശ്വാസം

വി. മത്തായി 15/21-28

യേശു ശിഷ്യന്മാരെ സുവിശേഷ പ്രഘോഷണ ദൗത്യവുമായി അയക്കുമ്പോൾ അവരോടു വിജാതിയരുടെ അടുത്തേക്കു പോകരുതെന്നും, ഇസ്രായേൽ ജനത്തിലെ നഷ്ടപ്പെട്ടു പോയ ആളുകളുടെ അടുത്തേക്ക് പോകണമെന്നും പറഞ്ഞു. വിജാതിയരെ സഭയിലേക്ക് സ്വീകരിക്കുന്നതിനെച്ചൊല്ലി തർക്കമുണ്ടായിരുന്നു. ഇവിടെ സുവിശേഷകൻ ഇക്കാര്യത്തിൽ യേശുവിന്റെ അന്തിമമായ നിലപാടു വ്യക്തമാക്കുവാനാണ് കാനാൻകാരി സ്ത്രീയുടെ യേശുവിലുള്ള വിശ്വാസവും, യേശു അവളോടു കാണിക്കുന്ന കാരുണ്യവും എടുത്തു കാണിക്കുക. "നിന്റെ വിശ്വാസം വലുതാണ് നീ ആഗ്രഹിക്കുന്നതു പോലെ നിനക്കു ഭവിക്കട്ടെ." യഹൂദർ യേശുവിനെ തിരസ്ക്കരിച്ചപ്പോൾ യേശു നേരിട്ട് വിജാതിയരുടെ അടുത്ത് രക്ഷയുടെ സന്ദേശം അറിയിക്കുന്നു. ഇത് യഹൂദർ വഴി നടക്കേണ്ടതായിരുന്നു. ദൈവം അബ്രാഹാമിനോടു പറഞ്ഞു "നിന്നിലൂടെ ഭൂമിയിലെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും."(ഉൽപത്തി.12/3).

വിജാതീയരുടെ ദേശത്ത് എത്തിയപ്പോഴാണ് കാനാൻകാരി സ്ത്രീ യേശുവിനെ സമീപിച്ചത്. യേശുവിന്റെ യാത്രകൾ യാദൃശ്ചികമായിരുന്നിട്ടില്ല. യേശു വിജാതിയരുടെ നാട്ടിലെത്തിയെങ്കിൽ അതു ദൈവരാജ്യ പ്രഘോഷണത്തിന്റെ ഭാഗമായിട്ടാണ്. കാനാൻകാരി എന്ന വിശേഷണം അവളുടെ മതപരമായ വിശ്വാസത്തെ സൂചിപ്പിക്കുന്നു. അവൾ വിജാതീയയാണെന്ന് സൂചിപ്പിക്കുകയാണ് ലക്ഷ്യം. വി. മർക്കോസിന്റെ സുവിശേഷത്തിൽ അവൾ ഒരു ഗ്രീക്കുകാരിയാണെന്ന് പറയുന്നു. അത് അവൾ ഹെബ്രായ

www.malankaralibrary.com



സ്ത്രീയല്ല എന്നു സൂചിപ്പിക്കാനാണ്. യേശുവും, കാനാൻകാരി സ്ത്രീയും തമ്മിലുള്ള സംഭാഷണം വളരെ പ്രാധാന്യമുള്ളതാണ്. ഇതിനെ സംവാദമെന്നോ, വിവാദമെന്നോ വിളിക്കാം. യേശു ഇവിടെ ആദിമ ക്രൈസ്തവ സമൂഹത്തിലെ യഹൂദ ക്രൈസ്തവരുടെ നിലപാടാണ് സ്വീകരിക്കുന്നത്. കാനാൻകാരി യേശുവിൽ യഹൂദർ കാത്തിരുന്ന ദാവീദിന്റെ പുത്രനായ യേശുവിനെ തിരിച്ചറിയുകയും, യേശുവിനെ പ്രണമിക്കുകയും, കരഞ്ഞപേക്ഷിക്കുകയും ചെയ്യുന്നു. എന്നിൽ കനിയണമെ എന്ന് പ്രാർത്ഥിക്കുമ്പോൾ ഒരു ദൈവിക ശക്തിക്ക് മാത്രമേ തന്റെ മകളെ സുഖമാക്കാൻ കഴിയൂ എന്നർത്ഥം. ഫരിസേയർ പിശാചുക്കളുടെ തലവനായ ബെൽസെബുലിനെ കൊണ്ടാണ് യേശു പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതെന്ന് ആരോപിച്ചു. എന്നാൽ വിജാതിയായ ഈ കാനാൻകാരി ദൈവകാരുണ്യത്തിന്റെ ഭാഗമായിട്ടാണ് യേശു പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതെന്ന് വിശ്വസിച്ചു. അതുകൊണ്ടാണ് എന്നിൽ കനിയണമെയെന്നവൾ പ്രാർത്ഥിച്ചത്. യേശു അവളോട് പരുഷമായി സംസാരിക്കുന്നത് അവളെ വിശ്വാസത്തിന്റെ ആഴത്തിലേക്കു നയിക്കാനായിരിക്കണം. ഇവിടെ രണ്ട് പരാമർശനങ്ങൾ ആ സ്ത്രീയെ സംബന്ധിച്ച് അപമാനകരമാണ്. ഒന്ന്, ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആളുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത് എന്ന പ്രസ്താവന അവളെ യേശുവിന്റെ പ്രവർത്തന പരിധിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. രണ്ടാമത്തേത്, ഇസ്രായേൽ വിജാതിയരെ നായ്ക്കു തുല്യം കരുതിയിരുന്ന ചിന്താഗതിയോടു ചേർന്നു നിന്നു കൊണ്ട്, മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കു എറിഞ്ഞു കൊടുക്കുന്നത് ഉചിതമല്ല എന്ന യേശുവിന്റെ മറുപടി അവൾക്ക് തീർത്തും നിന്ദാപരമാണ്. അവൾ ക്ഷമയോടെ പരീക്ഷണങ്ങളെ അതിജീവിച്ചു. യേശു അവളെ വിശ്വാസത്തിൽ ആഴപ്പെടുത്തി. മരുഭൂമിയിൽ യേശു പരീക്ഷിക്കപ്പെട്ടപ്പോൾ ദൈവ ദൂതന്മാർ അടുത്തുചെന്ന് യേശുവിനെ ശുശ്രൂഷിച്ചു. കാനാൻകാരി പരീക്ഷണങ്ങളെ അതിജീവിച്ചപ്പോൾ യേശു അവളെ പ്രശംസിച്ചു. "സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ." വിജാതിയരെ സഭയിൽ സ്വീകരിക്കുന്നതിൽ സംശയിക്കേണ്ടതില്ലെന്ന് സുവിശേഷകൻ ബോധ്യപ്പെടുത്തുന്നു.

www.malankaralibrary.com



# 12. അനേകർക്കു രോഗശാന്തി

വി. മത്തായി 15/29-31

യേശു ഗലീലിയൻ തീരത്ത്, വിജാതിയരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ച രോഗശാന്തികളാണിവിടെ വിവരിക്കുന്നത്. വിജാതിയരുടെയിടയിൽ പ്രവർത്തിച്ച അത്ഭുതങ്ങൾക്ക് പ്രത്യേക ലക്ഷ്യമുണ്ടായിരുന്നു. വിജാതിയർ ഈ അത്ഭുതങ്ങൾ കണ്ട് ദൈവത്തെ മഹത്വപ്പെടുത്തി. യേശു തന്റെ പിതാവിനെ അവർക്കു വെളിപ്പെടുത്തി. അതുകൊണ്ടാണ് അവർ ദൈവത്തെ സ്തുതിച്ചത്. അത്ഭുതങ്ങൾ കണ്ട ജനക്കൂട്ടം വിസ്മയിച്ചു. അവർ ഇസ്രായേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തി, സ്വർഗരാജ്യം അതിന്റെ പൂർണതയിൽ എത്തുമ്പോൾ എല്ലാവിധ സഹനങ്ങളും, രോഗങ്ങളും അപ്രത്യക്ഷമാകും എന്നതിന്റെ സൂചനയാണിത്. യേശുവിന്റെ പുതിയ യുഗത്തിൽ അവയ്ക്കൊന്നും സ്ഥാനമില്ല. യേശു സുഖപ്പെടുത്തിയത് പ്രധാന രോഗികളായി അവർ കരുതിയിരുന്ന ഊമർ, മുടന്തർ, അന്ധർ എന്നിവരെയാണ്. യേശു ചെയ്ത അത്ഭുതങ്ങൾ സൂചിപ്പിക്കുന്നത് യേശു രക്ഷകനാണെന്നാണ്. അവസാന നാളുകൾ, രക്ഷാകരകാലം സമാഗതമായിരിക്കുന്നുവെന്നും യേശുവിന്റെ അത്ഭുതങ്ങൾ സൂചിപ്പിക്കുന്നു. ഒരു പുതിയ യുഗത്തിൽ തിന്മകളെല്ലാം ഉത്മൂലനം ചെയ്യപ്പെടും. ഒരു രക്ഷാകര സമൂഹം രൂപപ്പെടും.

# 13. അപസ്മാര രോഗിയെ സുഖപ്പെടുത്തുന്നു

വി. മത്തായി 17/14-21.

അപസ്മാര രോഗിയായ തന്റെ മകനെ സുഖപ്പെടുത്താൻ ശിഷ്യന്മാർക്കു കഴിഞ്ഞില്ല എന്ന പരാതിയുമായി ഒരുവൻ യേശുവിനെ സമീപിച്ചു. അവൻ യേശുവിന്റെ സന്നിധിയിൽ പ്രണമിച്ചുകൊണ്ടാണ് തന്റെ പുത്രനിൽ കനിയണമെയെന്ന് യേശുവിനോട് അഭ്യർത്ഥിക്കുന്നത്. യേശുവിന്റെ ദൈവിക സ്വഭാവം അയാൾ തിരിച്ചറിഞ്ഞിരുന്നു. യേശുവിന്റെ രോഗശാന്തി നൽകാനുള്ള അവിടുത്തെ ശക്തിയിലുമുള്ള വിശ്വാസവും ഇവിടെ പ്രകടമാണ്. കുഷ്ഠരോഗി താണുവണങ്ങിയപേക്ഷിച്ചു. ഒരു ഭരണാധികാരി താണുവണങ്ങി തന്റെ മകളെ ജീവിപ്പിക്കണമെന്നപേക്ഷിക്കുന്നു.

www.malankaralibrary.com



എല്ലാവരും യേശുവിൽ ദൈവപുത്രനെയാണ് ആരാധിക്കുക. യേശുവിന്റെ ദൈവികത്വം എടുത്തു കാണിക്കുവാൻ സുവിശേഷകൻ ഇവിടെ പരിശ്രമിച്ചിട്ടുണ്ട്. രോഗി അപസ്മാരം പിടിപ്പെട്ട് വല്ലാതെ കഷ്ടപ്പെടുന്ന അവസ്ഥയിലായിരുന്നു. എന്നാൽ യേശു പിശാചുബാധയിൽ നിന്ന് മോചിപ്പിച്ചാണ് അവനെ സുഖപ്പെടുത്തിയത്. അപസ്മാര രോഗിയായ ഈ മനുഷ്യൻ പിശാചുബാധിതനുമായിരുന്നു. കുട്ടിയുടെ കഷ്ടപ്പാടിന്റെ കാരണമെന്തെന്നു പിതാവിനു തിരിച്ചറിയുവാൻ കഴിയുന്നില്ല. അപ്പസ്തോലന്മാർക്കു യേശുവിന്റെ കാലത്തു തന്നെ പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകിയിരുന്നു. അതുകൊണ്ടാണ് എന്തുകൊണ്ടാണ് അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്കു സാധിക്കാതെ പോയതെന്ന് ശിഷ്യന്മാർ ചോദിച്ചത്. പിശാചുബാധിതനിൽ നിന്ന് ശിഷ്യന്മാർ ഏറെ പ്രതിരോധം നേരിടേണ്ടി വന്നു. അവർക്ക് പരിമിതികൾ ഉണ്ടായിരുന്നു. ഈ പരിമിതികൾ അവരുടെ വിശ്വാസവുമായി ബന്ധപ്പെട്ടതാണ്. കടുകുമണിയോളം വിശ്വാസം എന്ന പ്രയോഗം വിശ്വാസത്തിന്റെ ശക്തി എത്രമാത്രമെന്ന് സൂചിപ്പിക്കുന്നു. അവർ മലയുടെ അടിവാരത്തിൽ നിൽക്കുന്നതു കൊണ്ടായിരിക്കാം ഈ മലയോടു മാറിപ്പോവുക എന്നു പറയാൻ കാരണം. വിശ്വാസം ഉള്ളപ്പോൾ പരിമിതികൾ നീങ്ങിപ്പോകുമെന്നു യേശു അവർക്കു ഉറപ്പു നൽകുന്നു. പ്രാർത്ഥന ഇത്തരം സന്ദർഭങ്ങളിൽ ഏറെ ആവശ്യമാണ്. കാരണം പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തു വരികയില്ല.

## 14. അന്ധർക്കു കാഴ്ച

വി. മത്തായി 20/29–34.

യേശു ജനീക്കോയിൽ നിന്ന് യാത്ര പുറപ്പെട്ടപ്പോൾ രണ്ട് അന്ധർ യേശുവിനെ കർത്താവേ എന്ന് ഉറക്കെ വിളിക്കുന്നു. തങ്ങളുടെ കണ്ണുകൾ തുറന്നു കിട്ടണം എന്നവർ യേശുവിനോട് പറഞ്ഞു. യേശു അവരുടെ കണ്ണുകളിൽ സ്പർശിച്ചു. അവർക്ക് കാഴ്ച ലഭിച്ചു. യേശു കാരുണ്യവാനാണ്. യേശു രക്ഷകനാണ്. വിശ്വാസത്തോടെയുള്ള പ്രാർത്ഥന യേശുവിന്റെ ഉള്ളലിയിക്കും. യേശുവിന്റെ സ്പർശനം രക്ഷാകരമാണ്. കാഴ്ച ലഭിച്ച അന്ധർ യേശുവിനെ അനുഗമിച്ചു. അവരുടെ കണ്ണുകൾ മാത്രമല്ല തുറക്കപ്പെട്ടത്.

www.malankaralibrary.com



അവരുടെ ഉൾക്കാഴ്ചയാണ് അവർ യേശുവിനെ അനുഗമിച്ചു എന്നത്. അവർ ഒരു പുതിയ യാത്രയ്ക്ക് തുടക്കം കുറിച്ചു. യേശുവിനോടൊപ്പം ജറുസലേമിലേക്കുള്ള യാത്ര അവർ ആരംഭിച്ചു. യേശു വഴി രക്ഷ പ്രാപിച്ച വിശ്വാസികൾ എല്ലാം ദൈവത്തിന് സമർപ്പിച്ച് യേശുവിനെ പിന്തുടരുന്ന മാതൃകയാണ് ഇവിടെ കാണുക. മതപീഢനമേൽക്കുന്നവർക്ക് ധൈര്യം നൽകുന്ന ഒരു സംഭവമാണിത്.

www.malankaralibrary.com

## വി. മർക്കോസ്


1. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു – 1/21 – 28 32
2. ശിമയോന്റെ അമ്മായിയമ്മ – 1/29 – 34 34
3. കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു – 1/40 – 45 35
4. തളർവാത രോഗിയെ സുഖപ്പെടുത്തുന്നു – 2/1 – 12 37
5. സാബത്തിൽ രോഗശാന്തി – 3/1 – 6 40
6. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു – 5/1 – 20 41
7. രക്തസ്രാവക്കാരി, ജായ്റോസിന്റെ മകൾ – 5/21 – 43 47
8. രക്തസ്രാവമുള്ള സ്ത്രീക്കു ലഭിച്ച സൗഖ്യം – 5/25 – 34 53
9. സീറോ– ഫിനേഷ്യൻ സ്ത്രീയുടെ വിശ്വാസം – 7/24 – 30 55
10. ബധിരനെ സുഖപ്പെടുത്തുന്നു – 7/31 – 37 59
11. അന്ധനു കാഴ്ച – 8/22 – 26 61
12. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു – 9/14 – 29 64
13. ബർതിമേയൂസിനു കാഴ്ച നൽകുന്നു – 10/46 – 52 69

www.malankaralibrary.com

# 1. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു

വി. മർക്കോസ് 1/21-28.

യേശു തന്റെ സംസാരത്തിലും പ്രവൃത്തിയിലും ശക്തനായിരുന്നു. യേശു പഠിപ്പിച്ചത് അധികാരത്തോടു കൂടിയായിരുന്നു. ഈ അധികാരം തുടർന്നു നടക്കുന്ന ഈ അത്ഭുതത്തിൽ കാണാം. അധികാരത്തോടെയുള്ള തന്റെ വാക്കുകൾ കൊണ്ടാണ് യേശു പിശാചു ബാധിതനെ സുഖപ്പെടുത്തിയത്. അത് സാത്താന്റെ മേലും ദുഷ്ട ശക്തികളുടെ മേലുമുള്ള യേശുവിന്റെ വിജയമായിരുന്നു. യേശുവിനെ അധികാരമുള്ള അധ്യാപകനായി ഇവിടെ സുവിശേഷകൻ അവതരിപ്പിക്കുന്നു. യേശു ശിഷ്യരൊത്ത് കഫർണാലിൽ പ്രവേശിക്കുന്നു. യേശുവിന്റെ പരസ്യ ജീവിതകാലത്തെ പ്രധാന കേന്ദ്രമായിരുന്നു കഫർണാം. കഫർണാമിലെ സിനഗോഗിൽ സാബത്തിൽ പ്രവേശിച്ച യേശു ദൈവവചനം പാരായണത്തിനും വ്യാഖ്യാനത്തിനുമായി ക്ഷണിക്കപ്പെട്ടു. യേശുവിന്റെ അധ്യാപനത്തിൽ സമൂഹം ആശ്ചര്യപ്പെട്ടു. യേശുവിന്റെ അധ്യാപനത്തിനിടയ്ക്കാണ് അശുദ്ധാത്മാവ് ബാധിച്ച ഒരാൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ട് യേശുവിനെ തടസപ്പെടുത്തിയത്. യേശു ചെയ്യാൻ പോകുന്ന അശുദ്ധാത്മ ബഹിഷ്കരണം നടക്കാനിരിക്കാനുള്ള വിദ്യയായിട്ടാണ് അശുദ്ധാത്മാവിന്റെ ഇടപെടലിനെ വീക്ഷിക്കുന്നത്. അശുദ്ധാത്മാക്കൾ എന്നത് പിശാചുക്കളുടെ ഒരു പര്യായമാണ്. 11 പ്രാവശ്യം അശുദ്ധാത്മാവ് എന്ന പദം സുവിശേഷകൻ ഉപയോഗിച്ചിട്ടുണ്ട്. അശുദ്ധാത്മാവ് യേശുവിനെ നസ്രായൻ എന്നു വിളിക്കുന്നു. പിശാചുബാധ ഒഴിപ്പിക്കുന്ന പ്രക്രിയയിൽ എതിരാളിയുടെ പേര് തിരിച്ചറിഞ്ഞു പറയുന്നത് അവന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിനു തുല്യമായിരുന്നു. യേശുവിന്റെ സാന്നിധ്യം തന്റെ അസ്തിത്വത്തിന് തന്നെ ഭീഷണിയാണെന്ന് മനസ്സിലാക്കിയ പിശാചാണ് യേശുവിനെ തടസപ്പെടുത്താൻ ശ്രമിക്കുന്നതും അതിൽ പരാജയപ്പെട്ടപ്പോൾ അവിടുത്തെ ഏറ്റു പറയുവാൻ തയ്യാറാകുന്നതും. പിശാചു ബാധിതൻ സ്വയം സമർപ്പണവും, എതിർപ്പും ഇവിടെ കാണിക്കുന്നു. യേശുവിന്റെ

www.malankaralibrary.com



സാന്നിധ്യം തന്നെ അവിടെയുള്ള എല്ലാവരുടെയും മേൽ വിധി പ്രസ്താവിക്കുന്നതിന് തുല്യമാണ്. ചിലർ ശുദ്ധരാക്കപ്പെടും, ചിലർ സുഖമാക്കപ്പെടും, ചിലർ ദൈവകൃപ സ്വീകരിക്കും, മറ്റു ചിലർ തങ്ങളുടെ തിരസ്കരണ മനോഭാവം കൊണ്ട് ദൈവകോപത്തിന് ഇരയാകും. നാഥാ, ഗുരോ, ദാവീദിന്റെ പുത്രാ എന്നൊക്കെ സാധാരണ രോഗികൾ യേശുവിനെ വിളിക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധൻ, ദൈവപുത്രൻ, അത്യുന്നതനായ ദൈവത്തിന്റെ പുത്രൻ എന്നാണ് അശുദ്ധാത്മാക്കൾ യേശുവിനെ വിളിച്ചിരുന്നത്. യേശുവിന്റെ സാന്നിദ്ധ്യവും, ദൗത്യവും അശുദ്ധാത്മാക്കൾ മനസ്സിലാക്കി ദുഷ്ടശക്തികളുടെ പിടിയിൽ നിന്നു മനുഷ്യകുലത്തെ മോചിപ്പിക്കാനായി വന്ന ദൈവപുത്രൻ ദുഷ്ട ശക്തികളായ അശുദ്ധാത്മാക്കളെ നശിപ്പിക്കുമെന്നത് തീർച്ചയായിരുന്നു. യേശു തന്റെ ആധികാരികമായ കൽപനയിലൂടെ പിശാചിനെ പുറത്താക്കുന്നു. പിശാചിന്റെ തടസ വാദങ്ങൾക്ക് യേശു പ്രവൃത്തിയിലൂടെ മറുപടി നൽകുന്നു. അശുദ്ധാത്മാക്കൾ സംശയിച്ചതും ഭയപ്പെട്ടതും ശരിയാണെന്നു തെളിയിച്ചു കൊണ്ടാണ് യേശു ആ മനുഷ്യനിൽ ആവസിച്ചിരുന്ന പിശാചിനെ പുറത്താക്കുന്നത്.

അവനിൽ നിന്ന് പുറത്തുവരിക എന്ന് യേശു പിശാചിനോട് കൽപ്പിച്ചപ്പോൾ അവൻ അത് അനുസരിച്ചു. പുറത്തുപോകുന്നതിന്റെ അടയാളമായി പിശാച് താൻ ആവസിച്ചിരുന്ന മനുഷ്യനെ നിലത്ത് വീഴിക്കുകയും, അലറി വിളിക്കുകയും ചെയ്തു. യേശു ലോകത്തിലേക്ക് വന്നത് ദുഷ്ടശക്തികളെ നേരിടാനും തോൽപിക്കാനും അതുവഴി മനുഷ്യനെ അവരുടെ പിടിയിൽ നിന്ന് മോചിപ്പിക്കുവാനുമാണ്. ഈ അത്ഭുതം കണ്ട് എല്ലാവരും അത്ഭുതപ്പെട്ടു. അവർ അതുവരെ കാണാതിരുന്ന ഒരു അദ്ധ്യാപനത്തിനും കൽപനക്കുമാണ് സിനഗോഗ് സാക്ഷ്യം വഹിച്ചത്. സുവിശേഷകൻ യേശു എന്താണ് സിനഗോഗിൽ പഠിപ്പിച്ചതെന്ന് എടുത്തു പറയാതെ യേശു പഠിപ്പിച്ചവ പുതിയതും ആധികാരികതയുള്ളവയുമാണെന്ന് അവിടുത്തെ ശ്രോതാക്കളെ കൊണ്ട് പറയിപ്പിക്കുകയാണിവിടെ.

www.malankaralibrary.com



# 2. ശിമയോന്റെ അമ്മായിയമ്മ

വി. മർക്കോസ് 1/29-34.

സിനഗോഗിലെ പ്രവർത്തനങ്ങൾക്കു ശേഷം യേശു പത്രോസിന്റെ ഭവനത്തിലേക്ക് പോയി. അവിടെ രോഗശാന്തി നൽകിയ കാര്യം ചെറുതായി വിവരിച്ചിരിക്കുന്നു. യേശുവിനോടൊപ്പം നാല് ശിഷ്യന്മാരുമുണ്ട്. പത്രോസിന്റെ ഭവനത്തിൽ യേശുവിനോടൊപ്പം എത്തുന്ന ശിഷ്യന്മാർ പനി ബാധിച്ചു കിടപ്പിലായ പത്രോസിന്റെ ഭാര്യാമാതാവിനെയാണ് കാണുന്നത്. പത്രോസും, അന്ത്രയോസും, ഫിലിപ്പോസും, ബെത്സദായിൽ നിന്നുള്ളവരാണ്. അപ്പോൾ അവരുടെ ഭവനം എങ്ങനെ കഫർണാമിലായി എന്ന് ചോദിക്കുന്നവരുണ്ട്. അതിന് പല ഉത്തരങ്ങൾ വ്യാഖ്യാതാക്കൾ നൽകുന്നു. 1.വിവാഹത്തോടെ പത്രോസ് കഫർണാമിലേക്ക് താമസം മാറ്റി. 2. മീൻ പിടിച്ച് വിൽക്കുന്നവരായതുകൊണ്ട് അവർക്ക് ഒന്നിൽക്കൂടുതൽ താമസ സൗകര്യങ്ങളുണ്ടായിരിക്കാം. ചരിത്രപരമായി ഏതാണ് സത്യമെന്ന് പറയാനാവില്ല. യേശു പനി ബാധിച്ച് കിടപ്പിലായ പത്രോസിന്റെ ഭാര്യാ മാതാവിനോട് വളരെ അനുകമ്പയോടെ പെരുമാറുന്നു. യേശു അവളെ കൈ പിടിച്ച് ഉയർത്തിയപ്പോൾ പനി വിട്ടുമാറി. രോഗശാന്തി നൽകുന്നതിന്റെ ഭാഗമായി യേശു രോഗികളുടെ കൈകളിൽ സ്പർശിക്കുന്നുണ്ട്. രോഗത്തിൽ അശക്തരായവർക്ക് സ്പർശനത്തിലൂടെ ശക്തി പകരുന്നു. ഉടൻ തന്നെ അവൾ അവരെ ശുശ്രൂഷിച്ചു. അവളുടെ ഈ പെരുമാറ്റം രണ്ട് കാര്യങ്ങൾ സൂചിപ്പിക്കുന്നു.

1. ദൈവത്തിൽ നിന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾക്ക് എങ്ങനെ നന്ദി പറയണം. പത്രോസിന്റെ ഭാര്യാ മാതാവ് കൃതജ്ഞതാ പ്രകാശനമായി തന്റെ ഭവനത്തിൽ വന്നവർക്ക് ശുശ്രൂഷ ചെയ്യുകയാണ്. ഭക്ഷണം തയ്യാറാക്കുകയും, വിശ്രമിക്കാനുള്ള സ്ഥലം ഒരുക്കുകയും ചെയ്യുന്നു.

2. രോഗ വിമുക്തയായ വ്യക്തി ഉടനെ സേവനത്തിലേർപ്പെട്ടത് രോഗം പൂർണ്ണമായും ഭേദമായതിന്റെ അടയാളമായിരുന്നു. പത്രോസ് യേശുവിന്റെ വിളിക്ക് ഉടൻ പ്രത്യുത്തരം നൽകുകയും അവിടുത്തെ അനുഗമിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭവനത്തിൽ നടന്ന അത്ഭുത രോഗശാന്തി ദൈവം പ്രദാനം ചെയ്യുന്ന

www.malankaralibrary.com



രക്ഷ ആ ഭവനത്തിൽ എത്തിയതിനെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ വിളിക്ക് നാം പ്രത്യുത്തരം നൽകിയാൽ അവിടുന്ന് നമുക്ക് രക്ഷ പ്രദാനം ചെയ്യും.

## 3. കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു.

വി. മർക്കോസ് 1/40-45.

കുഷ്ഠരോഗം വിവിധ തരം ത്വക് രോഗങ്ങൾക്കുള്ള പൊതുവായ പേരായിരുന്നു - ലേവ്യർ 13-14 അധ്യായങ്ങൾ ഇത്തരം രോഗികളെപ്പറ്റിയുള്ള നിയമങ്ങളാണ് പഠിപ്പിക്കുന്നത്. "കുഷ്ഠമുള്ളവർ കീറിയ വസ്ത്രം ധരിക്കുകയും മുടി ചീകാതിരിക്കുകയും, മേൽചുണ്ട് മറച്ച് അശുദ്ധൻ എന്ന് വിളിച്ചു പറയുകയും വേണം. അവൻ പാളയത്തിനു വെളിയിൽ ഒരു പാർപ്പിടത്തിൽ ഏകനായി വസിക്കണം. (ലേവ്യർ. 13/45-46). ഒരു കുഷ്ഠരോഗി ഏതെങ്കിലുമൊരു ഭവനത്തിൽ പ്രവേശിച്ചാൽ ആ ഭവനത്തിലെ എല്ലാ ആളുകളും അശുദ്ധമായിത്തീരുന്നു. ഒരാൾ ആകസ്മികമായി ഒരു കുഷ്ഠരോഗിയെ കണ്ടുമുട്ടിയാൽ അയാൾ അശുദ്ധനായി തീരുമെന്നായിരുന്നു നിയമം. ഒരു കുഷ്ഠരോഗി മരച്ചുവട്ടിൽ നിൽക്കുമ്പോൾ ആ വഴിയെ കടന്നുപോകുന്നവർ അശുദ്ധരാകും. രോഗിയല്ലാത്ത ഒരാൾ മരച്ചുവട്ടിൽ നിൽക്കുമ്പോൾ ഒരു കുഷ്ഠരോഗി ആ വഴി കടന്നുപോയാൽ മരത്തിന്റെ ചുവട്ടിൽ നിൽക്കുന്നയാൾ അശുദ്ധനാകുന്നില്ല. ഇങ്ങനെ വിശ്വസിച്ചിരുന്ന യഹൂദ സമുദായത്തിന്റ പശ്ചാത്തലത്തിൽ വേണം ഈ വേദഭാഗം മനസ്സിലാക്കുവാൻ.

കുഷ്ഠരോഗി യേശുവിനോട് പറയുന്നു. "അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ സുഖപ്പെടുത്താൻ കഴിയും. ഒരു കുഷ്ഠരോഗി രോഗമില്ലാത്ത മറ്റൊരാളെ സമീപിക്കാൻ പാടില്ലായെന്ന നിയമം നിലനിൽക്കുമ്പോഴാണ് ഈ കുഷ്ഠരോഗി യേശുവിന്റെ അടുത്തു വന്ന് മുട്ടുകുത്തി അപേക്ഷിക്കുന്നത്. യേശു അത്ഭുത രോഗശാന്തി നൽകുന്ന ഗുരുവാണെന്ന് അയാൾ മനസ്സിലാക്കിയിട്ടുണ്ടാവണം. അയാൾ പ്രതീക്ഷയോടെ എത്തിയതായിരുന്നു. യേശുവിന് അയാളെ സുഖപ്പെടുത്തുവാൻ കഴിയുമെന്ന കാര്യത്തിൽ അയാൾക്കും ഒട്ടും സംശയമില്ല. കുഷ്ഠരോഗം ദൈവകോപത്തിന്റെ ഫലമായ ശാപമാണെന്ന് യഹൂദർ കരുതിയിരുന്നു. ഒരു യഹൂദ

www.malankaralibrary.com



പുരോഹിതനാണ് കുഷ്ഠരോഗി ശുദ്ധനായിയെന്ന് പ്രഖ്യാപിക്കുന്നത്. ഒരു യഹൂദ പുരോഹിതൻ അങ്ങനെ ചെയ്യണമെങ്കിൽ യേശു അവനെ ഹീനമായ രോഗത്തിൽ നിന്ന് ശുദ്ധനാക്കണം. യേശു രോഗിയെ കൈക്കൊണ്ട് സ്പർശിച്ചിട്ടാണ് ശുദ്ധനാകുക എന്നു പറഞ്ഞത്. യേശു അയാളെ സുഖപ്പെടുത്തിയത് തന്റെ സ്പർശനവും കൽപനയും കൊണ്ടായിരുന്നു. അശുദ്ധനായ കുഷ്ഠരോഗിയെ തൊടരുതെന്നും തൊട്ടാൽ തൊടുന്ന ആൾ അശുദ്ധനാകുമെന്നുള്ള യഹൂദനിയമം യേശു വകവച്ചില്ല. ദൈവത്തിന്റെ കരുണ രോഗശാന്തിയുടെ രൂപത്തിൽ ആഗ്രഹിച്ചപേക്ഷിച്ച ആ കുഷ്ഠരോഗിയെ യേശു രോഗ വിമുക്തനാക്കി ശുദ്ധനാക്കി.

യേശുവിന്റെ സ്പർശനവും കൽപനയും ഉടനെ ഫലം കണ്ടു. ഉടനെ കുഷ്ഠം അവനെ വിട്ടുമാറി. യേശു അവനെ തൊടുകയും ശുദ്ധനാകാൻ കൽപിക്കുകയും ചെയ്തപ്പോൾത്തന്നെ അയാൾ കുഷ്ഠരോഗത്തിൽ നിന്ന് വിമുക്തനായി.

കുഷ്ഠരോഗിയുടെ ആവശ്യം നടത്തിക്കൊടുത്ത യേശു അയാൾക്കു ലഭിച്ച അത്ഭുത രോഗശാന്തി പരസ്യപ്പെടുത്തരുതെന്ന് ആവശ്യപ്പെട്ടു. എന്നാൽ മോശയുടെ നിയമ പ്രകാരം പുരോഹിതരുടെ അടുക്കൽ പോയി കുഷ്ഠത്തിൽ നിന്നു ശുദ്ധനായി എന്ന പ്രമാണ പത്രം വാങ്ങുവാൻ യേശു അയാളെ അനുവദിച്ചു. മോശയുടെ കൽപനയനുസരിച്ച് പ്രവർത്തിക്കാനാണ് സൗഖ്യമാക്കപ്പെട്ട കുഷ്ഠരോഗിയോട് യേശു ആവശ്യപ്പെട്ടത് യഹൂദ നിയമങ്ങൾ യേശു പാലിക്കുന്നില്ലായെന്ന് ആരോപണം ഉയർത്തിയവർക്കെതിരെയുള്ള തെളിവാണിത്. യേശു കുഷ്ഠരോഗിയോട് ഇക്കാര്യം ആരോടും പറയരുതെന്ന് പറഞ്ഞെങ്കിലും അയാൾ തനിക്കു ലഭിച്ച അത്ഭുത രോഗശാന്തിയെക്കുറിച്ചുള്ള വാർത്ത പരത്തി. എല്ലാവരും അത്ഭുത രോഗശാന്തി ദായകനായ യേശുവിനെ അന്വേഷിച്ചു വരുവാൻ തുടങ്ങി. അങ്ങനെ യേശുവിന് ഒരു പട്ടണത്തിലും പ്രവേശിക്കാൻ പറ്റാതെയായി. യേശു വിജന പ്രദേശത്തോട് പിൻമാറിയെങ്കിലും അവിടെയും ആളുകൾ അന്വേഷിച്ച് എത്തിക്കൊണ്ടിരുന്നു. യേശുവിനെ ഒരു അത്ഭുത പ്രവർത്തകനായി മാത്രമായി ജനങ്ങൾ കരുതുമോ എന്ന ശങ്ക യേശുവിനുണ്ടായി. അതൊഴിവാക്കാനാണ് യേശു ജനങ്ങളെ വിട്ട് വിജന പ്രദേശത്തേക്ക് പോയത്. യഹൂദ മത വിശ്വാസമനുസരിച്ച് ദൈവത്തിനു മാത്രമേ കുഷ്ഠരോഗിയെ

www.malankaralibrary.com



സുഖപ്പെടുത്തുവാനും മരിച്ചവരെ ഉയിർപ്പിക്കുവാനും കഴിയുകയുമേമായിരുന്നുള്ളൂ. ഈ രണ്ട് പ്രവൃത്തികളും രക്ഷയുടെ കാലത്തിന്റെ അടയാളങ്ങളായിരുന്നു. കുഷ്ഠരോഗിയെ സുഖപ്പെടുത്തിയ യേശു അയാളെ യഹൂദ പുരോഹിതരുടെ അടുത്ത് പറഞ്ഞയച്ചതുവഴി മോശയുടെ നിയമത്തെ അനുസരിക്കുന്ന യേശുവിനെയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇന്നുവരെ നിരാശയുടെ നീർച്ചുഴിയിൽ കഴിഞ്ഞിരുന്ന കുഷ്ഠരോഗി തനിക്കു ലഭിച്ച അത്ഭുതകരമായ സൗഖ്യത്തിന്റെ അമിതാഹ്ലാദത്തിൽ യേശുവിന്റെ നിർദ്ദേശം മറികടന്ന് എല്ലാവരോടും അതിനെപ്പറ്റി പറഞ്ഞു. ദൈവം നൽകുന്ന അനുഗ്രഹങ്ങൾ ദൈവം പറഞ്ഞാൽ പോലും മറച്ചുവയ്ക്കാൻ പറ്റുന്നവയല്ല. അവ പ്രഘോഷിക്കപ്പെടുക തന്നെ ചെയ്യും. അതിന് ദൈവത്തെ സ്തുതിക്കാതിരിക്കുവാനും സാധിക്കുകയില്ല.

## 4. തളർവാത രോഗിയെ സുഖപ്പെടുത്തുന്നു.

വി. മർക്കോസ് 2/1-12.

പാപം മോചിക്കുവാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളൂവെന്ന് സൊഫെറിം എന്നറിയപ്പെടുന്ന വേദപണ്ഡിതരായ എഴുത്തുകാർ പറയുന്നു. യേശു ചെയ്യുന്നത് ദൈവദൂഷണമാണെന്ന് അവർ വിധിയെഴുതി. കഫർണാമിൽ നടക്കുന്ന ഈ അത്ഭുതം ഒറ്റപ്പെട്ട സംഭവമായിട്ടാണ് സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്നത്. യേശു വീട്ടിലുണ്ട് എന്നതാണ് കഫർണാമിൽ പടർന്ന വാർത്ത. കഫർണാമിലെ ഒരു ഭവനം യേശു പരസ്യജീവിതകാലത്ത് താമസസ്ഥലമായി സ്വീകരിച്ചിരുന്നു. യേശു തന്റെ പുതിയ വീടായി കഫർണാമിലെ പത്രോസിന്റെ വീട് തെരഞ്ഞെടുത്തിരുന്നു.

ആ വീടിനു ചുറ്റിലും ജനക്കൂട്ടം തടിച്ചു കൂടിയിരുന്നു. എന്താണ് പഠിപ്പിച്ചതെന്ന് സുവിശേഷകൻ പറയുന്നില്ല. എങ്കിലും യേശു പഠിപ്പിച്ചത് പശ്ചാത്തപിച്ച്, സുവിശേഷത്തിൽ വിശ്വസിക്കാനാണ്. യേശു ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ വലിയൊരു തടസം ഉണ്ടായി. യേശു ഇരുന്ന സ്ഥലത്തേക്ക് ഒരു തളർവാത രോഗിയെ നാലുപേർകൂടി എടുത്തുകൊണ്ട് വരുവാൻ ശ്രമിച്ചു. പക്ഷെ ജനക്കൂട്ടം നിമിത്തം അവർക്ക് യേശു ഇരുന്ന മുറിയിലേക്ക്

www.malankaralibrary.com



പ്രവേശിക്കുവാൻ സാധിച്ചില്ല. എങ്ങനെയെങ്കിലും തളർവാത രോഗിയെ യേശുവിന്റെ അടുക്കൽ കൊണ്ടുചെന്നാൽ രോഗി സുഖം പ്രാപിക്കും എന്ന ഉറച്ച വിശ്വാസം അവർക്കുണ്ടായിരുന്നു. ഇവിടെ രോഗിയുടെ വിശ്വാസത്തെക്കാൾ രോഗിയെ കൊണ്ടുവന്നവരുടെ വിശ്വാസത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്. അവർ രോഗിയെ പുരപ്പുറത്തു കയറ്റി, മേൽക്കൂര പൊളിച്ച് അതിലൂടെ യേശുവിന്റെ മുമ്പിലേക്ക് കിടക്കയോടു കൂടി രോഗിയെ ഇറക്കി. രോഗിയെ കൊണ്ടുവന്നവരുടെ വിശ്വാസം കണ്ട് യേശു ഉടനെ പ്രതികരിച്ചു. "മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു." പാപവും രോഗവും തമ്മിൽ അഭേദ്യ ബന്ധം ഉള്ളതുപോലെയാണ് യേശു ഇവിടെ സംസാരിക്കുന്നത്. അവരുടെ വിശ്വാസം രണ്ട് കാര്യങ്ങളിലായിരുന്നു.

1. രോഗശാന്തി നൽകാനുള്ള യേശുവിന്റെ കഴിവിലുള്ള വിശ്വാസം.

2. യേശു പ്രഖ്യാപിച്ച ദൈവരാജ്യത്തിലുള്ള വിശ്വാസം.

തടസങ്ങളെ അതിജീവിച്ചാണ് അവർ തങ്ങളുടെ വിശ്വാസം പ്രകടിപ്പിച്ചത്. ജനങ്ങൾ യേശുവിനെ ഒന്ന് സ്പർശിക്കാൻ ശ്രമിക്കുന്നതും, രക്തസ്രാവമുള്ള സ്ത്രീ യേശുവിനെ തൊടുന്നതും അവരുടെ വിശ്വാസത്തിന്റെ പ്രകടനമാണ്.

യേശു പറഞ്ഞത് "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്നാണ്. ഇതിനെ രണ്ട് തരത്തിൽ കാണാം.

1. ദൈവം നിന്റെ പാപങ്ങൾ ക്ഷമിക്കുന്നു.

2. ഞാൻ നിന്റെ പാപങ്ങൾ ക്ഷമിക്കുന്നു.

രണ്ടാമത്തെ വ്യാഖ്യാനത്തെ യേശുവിന്റെ എതിർപക്ഷക്കാർ ഏറ്റെടുത്തു. രോഗവും മരണവും പാപത്തിന്റെ ഫലമായി ആവിർഭവിച്ചതായി വി. ഗ്രന്ഥം പറയുമ്പോൾ രോഗശാന്തിയെന്നത് മരണത്തെയും, പാപത്തെയും നിരസിക്കലാണ്. അപ്പോൾ രോഗിയുടെ പാപമോചനം ഇവിടെ പ്രസക്തമാണ്. മനുഷ്യൻ പൂർണമായി സുഖപ്പെടണമെങ്കിൽ പാപം മനുഷ്യനിലുണ്ടാക്കിയ വിടവ് ദൈവം നൽകുന്ന പാപമോചനം വഴി നികത്തപ്പെടണം. പഴയ നിയമത്തിൽ ദൈവത്തിനു മാത്രമാണ് പാപം മോചിക്കാനുള്ള അധികാരം. വരാനിരിക്കുന്ന മിശിഹാക്കുപോലും ഈ അധികാരം ഉള്ളതായി പഴയ

www.malankaralibrary.com



നിയമത്തിൽ ഒരിടത്തും പറയുന്നില്ല. അതുകൊണ്ടാണ് വേദപണ്ഡിതരായ എഴുത്തുകാർ യേശുവിനെതിരെ പ്രതികരിച്ചത്.

വേദപണ്ഡിതർ യേശുവിനെതിരെ നിന്നപ്പോൾ യേശു മറു ചോദ്യം ചോദിക്കുന്നു. തളർവാത രോഗിയോട് എന്തു പറയുന്നതാണ് എളുപ്പം? നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതോ അഥവാ നിന്റെ കിടക്കയുമെടുത്ത് നടക്കുക എന്നു പറയുന്നതോ? പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നത് എളുപ്പമാണ്. കാരണം അത് സംഭവിച്ചോ ഇല്ലയോ എന്നറിയാൻ ബാഹ്യമായ അടയാളങ്ങളൊന്നുമില്ല. കിടക്കയുമെടുത്ത് നടക്കുക എന്നു പറയുന്നത് കൂടുതൽ പ്രയാസമായി തോന്നാം. കാരണം അത് ഉടൻ തന്നെ ബാഹ്യ അടയാളങ്ങളോടു കൂടി പ്രാവർത്തികമാകണം. അതായത് രോഗി തന്റെ കിടക്കയുമെടുത്ത് എല്ലാവരുടെയും കൺമുമ്പിലൂടെ കടന്നു പോകണം. നിന്റെ കിടക്കയുമെടുത്ത് വീട്ടിലേക്കു നടക്കുക എന്ന് യേശു പറഞ്ഞയുടൻ തളർവാത രോഗി സുഖപ്പെട്ട് തന്റെ കിടക്കയുമെടുത്ത് വീട്ടിലേക്കു നടന്നു. ഈ രോഗശാന്തി യേശുവിന്റെ പാപമോചനാധികാരത്തിന്റെ തെളിവാണ്. മനുഷ്യപുത്രൻ എന്ന പദം വി. മർക്കോസ് 14 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. മനുഷ്യപുത്രൻ എന്നത് ദൈവത്തിന്റെ പ്രതിനിധിയായി ഭൂമിയിൽ ജീവിച്ച യേശുവാണ്. യേശുവിന്റെ സ്ഥാനപ്പേരാണ് മനുഷ്യപുത്രൻ. സ്വർഗ്ഗസ്ഥനായ ദൈവത്തിന് പാപം മോചിക്കാൻ അധികാരമുള്ളതു പോലെ ഭൂമിയിലുള്ള യേശുവിനും അതേ അധികാരമുണ്ട്. ദൈവത്തിന്റെ മാത്രം അവകാശമായ പാപമോചനം തന്റെ കൂടി അവകാശമാണ്, അധികാരമാണ് എന്ന് തെളിയിക്കുകയാണ് ഈ രോഗശാന്തി സംഭവം. മനുഷ്യപുത്രന് പാപം മോചിക്കാൻ അധികാരമുണ്ടെന്ന് ആദിമ സഭയും അവകാശപ്പെടുന്നു. ക്ഷമ, ക്ഷമിക്കൽ എന്നത് രോഗശാന്തിയുടെ മറ്റൊരു പേരായി സുവിശേഷകൻ കാണുന്നു. ശാരീരികവും, ആദ്ധ്യാത്മികവുമായ രോഗശാന്തിയാണ് യേശു അതർഹിക്കുന്നവർക്ക് നൽകിയത്. യേശുവിന്റെ അത്ഭുത രോഗശാന്തികൾ അംഗീകരിക്കുവാൻ യഹൂദ നേതാക്കൾക്ക് സാധിച്ചില്ല.

www.malankaralibrary.com



# 5. സാബത്തിൽ രോഗശാന്തി

വി. മർക്കോസ് 3/1-6.

കഫർണമിലെ സിനഗോഗിൽ വെച്ചാണ് യേശുവും യഹൂദ നേതാക്കളും തമ്മിലുള്ള അഞ്ചാമത്തെ സംവാദം നടക്കുന്നത്. യേശുവിന്റെ ജനസമ്മിതി വർദ്ധിച്ചു. അതോടൊപ്പം എതിരാളിക ളുടെ എണ്ണവും വർദ്ധിച്ചു. കൈ ശോഷിച്ച ഒരാളെ സുഖപ്പെടു ത്തുന്നതാണ് രംഗം. സാബത്തിലെ രോഗശാന്തി യഹൂദ നേതാ ക്കൾ എതിർത്തിരുന്നു. ജന്മനാ ശോഷിച്ച കൈയായിരുന്നില്ല, രോഗം മൂലം പിന്നീട് ശോഷിച്ചു പോയതാണെന്നുള്ള സൂചന സുവിശേഷകൻ നൽകുന്നു. സാബത്തിൽ നന്മ ചെയ്യാൻ തനിക്ക് അധികാരമുണ്ടെന്നും തന്നെപ്പോലെ എല്ലാവരും സാബത്തിൽ നന്മ ചെയ്യണമെന്നും യേശു പ്രഖ്യാപിക്കുന്നു.

ഈ സുവിശേഷ ഭാഗത്ത് കൈ ശോഷിച്ച ആളിന്റെ യാതൊരു ഇടപെടലുമില്ല. സിനഗോഗിൽ വന്ന ആ വ്യക്തിക്ക് രോഗശാന്തി ലഭിച്ചു. ഇവിടെ കൈ ശോഷിച്ച വ്യക്തിയും, യേശുവിന്റെ പ്രതി യോഗികളും ഒന്നും സംസാരിക്കുന്നില്ല. യഥാർത്ഥത്തിൽ ഇവിടെ ഒരു വിവാദം സൃഷ്ടിക്കപ്പെടുന്നില്ല. രോഗശാന്തി നടന്നശേഷം സിനഗോഗിൽ നിന്ന് പുറത്തുപോയ ഫരിസേയർ മറ്റുള്ളവരോട് ചേർന്ന് യേശുവിനെതിരെ ഗൂഢാലോചന നടത്തുന്നു. ഇവിടെ യേശുവാണ് സൗഖ്യം നൽകുവാൻ മുൻകൈ എടുത്തത്. ദൈവ ത്തിന്റെ കൃപ രോഗശാന്തിയിലൂടെ നൽകുവാൻ യേശു ആഗ്രഹി ച്ചു. ഫരിസേയർ ഒരു തടസമാണെങ്കിലും അതൊന്നും പരിഗണി ക്കാതെ യേശു മുന്നോട്ടു പോകുന്നു. സിനഗോഗിന്റെ മദ്ധ്യത്തിൽ വിളിച്ചു വരുത്തി നിർത്തിയ ശേഷമാണ്, എല്ലാവരുടെയും മുമ്പിൽ വെച്ചാണ് യേശു രോഗശാന്തി നൽകിയത്. സാബത്തിൽ രോഗ ശാന്തി നൽകുന്നത് അനുവദീയമാണോ എന്ന ചോദ്യം അപ്പോൾ അവിടെ ഉയർന്നു. സാബത്തു ദിവസം കുഴിയിൽ വീഴുന്ന ആടിന്റെ ജീവൻ രക്ഷിക്കാൻ എല്ലാവരും ശ്രമിക്കുമല്ലോയെന്ന് പറഞ്ഞു കൊണ്ട് ആടിനേക്കാൾ വലിയവനായ മനുഷ്യനെ സാബത്തിൽ രക്ഷിക്കാനും, അയാൾക്കു നന്മ ചെയ്യാനും അനുവാദമുണ്ടെന്ന് യേശു പ്രസ്താവിക്കുന്നു.

www.malankaralibrary.com



യേശുവിന്റെ അഭിപ്രായത്തിൽ നന്മ ചെയ്യുവാനും, ജീവൻ രക്ഷിക്കുവാനും സാബത്തിൽ അനുവാദമുണ്ട്. ആവശ്യക്കാരന് വേണ്ട നന്മ ചെയ്യാതിരിക്കുന്നത് തിന്മ ചെയ്യുന്നതിനു തുല്യമാണെന്ന് യേശു പ്രസ്താവിക്കുന്നു. നന്മ ചെയ്യാതിരിക്കുന്നതും, രോഗശാന്തി നൽകാതിരിക്കുന്നതും മറ്റൊരാളെ കൊല്ലുന്നതിനും സമമാണ്. യേശുവിനെ സംബന്ധിച്ച് കൈ ശോഷിച്ചവന്റെ കൈ സാബത്തിൽത്തന്നെ സുഖപ്പെടുത്തി കൊടുക്കുന്നത് സാബത്തിൽ നന്മ ചെയ്യുന്നതിനും ജീവൻ കൊടുക്കുന്നതിനും തുല്യമാണ്. മരണാസന്നർക്കു മാത്രമല്ല, സഹായം ആവശ്യമുള്ള ആർക്കും എപ്പോഴും നന്മ ചെയ്യണമെന്നും അത് നിഷേധിക്കുന്നത് ജീവനോടുള്ള വെല്ലുവിളിയാണെന്നും യേശു പ്രഖ്യാപിക്കുന്നു. യേശു കോപത്തോടെ അവരുടെ മൗനത്തോട് പ്രതികരിച്ചു.

വ്യക്തിപരമായ കാര്യങ്ങൾ കോപത്തിന് പിന്നിലുണ്ടാവുകയും ആരോടു കോപിക്കുന്നുവോ അവരോട് പകയുണ്ടാകുകയും ചെയ്യുമ്പോഴാണ് കോപം പാപമായി മാറുന്നത്. തെറ്റിനെതിരെ വ്യക്തി വൈരാഗ്യമില്ലാതെ പ്രതികരിക്കുന്നത് പാപമല്ല, പ്രത്യുത ധാർമ്മിക ആരോഗ്യത്തിന്റെ ലക്ഷണമാണ്. ഫരിസേയരുടെ ഹൃദയ കാഠിന്യം കണ്ടിട്ടാണ് യേശു കുണ്ഠിതപ്പെട്ടു ഭക്തിയുടെയും, നിയമത്തിന്റെയും പേരിൽ അവരുടെ ഹൃദയം മറ്റുള്ളവരുടെ ആവശ്യങ്ങളോടും സഹനങ്ങളോടും, ദൈവകല്പനയുടെ ലക്ഷ്യത്തോടും, വികാര ശൂന്യവും മനുഷ്യത്വ രഹിതവുമായി തീർന്നു. അതിനാലാണ് യേശു കുണ്ഠിതപ്പെടുന്നത്. കൈ ശോഷിച്ചയാൾ ചോദിക്കാതെ തന്നെ പിതാവായ ദൈവം പുത്രനായ യേശുവിലൂടെ അയാൾക്ക് ആവശ്യമുള്ള രോഗശാന്തി നൽകുകയാണ്. ഒരു വാക്കു കൊണ്ടാണ് യേശു സൗഖ്യം നൽകിയത്. സാബത്തിൽ നന്മ ചെയ്യുന്നതും, ജീവൻ രക്ഷിക്കുന്നതും എല്ലാവരും ചെയ്യണമെന്നാണ് യേശു ഇവിടെ പഠിപ്പിക്കുന്നത്.

## 6. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു

വി. മർക്കോസ് 5/1-20.

പ്രകൃതി ശക്തികളെ കീഴടക്കി തന്റെ ദൈവിക ശക്തി പ്രകടമാക്കിയ യേശു ഇവിടെ സാത്താനെ കീഴ്പ്പെടുത്തുന്നു. ഈ

www.malankaralibrary.com



സംഭവം നടക്കുന്ന സ്ഥലം പല പേരുകളിൽ അറിയപ്പെടുന്നു. ഗെരാസിൻ, ഗെരാസാ, ഗെദരാസിൻ, ഗെദറാ, കഗർഗേസിൻ തുടങ്ങിയവയാണ് ആ പേരുകൾ. യോർദാനിലെ ഒരു സ്ഥലമാണ് ഗെരിസ. ഗെദറ എന്ന സ്ഥലം ഗലീലി തടാകത്തിൽ നിന്ന് അഞ്ചുമൈൽ മാത്രം അകലെയാണ്. തടാകതീരത്തുള്ള ഗെർഗേസിൽ എന്ന സ്ഥലമായിരിക്കാം ഇവിടെ സൂചിപ്പിക്കുന്നത്. ദശ ഗ്രാമങ്ങളിൽപ്പെട്ട ഒരു സ്ഥലമായിരുന്നു ഇത്. യേശുവും ശിഷ്യരും കടൽ കടന്നാണ് ഈ സ്ഥലത്തെത്തിയത്. അപ്പോൾ അവിടെ ഒരു പിശാചു ബാധിതനെ കണ്ടുമുട്ടി. അയാൾ അക്രമാസക്തനായിരുന്നു. അയാളെ നിയന്ത്രിക്കുവാൻ ആർക്കും കഴിയുമായിരുന്നില്ല. ഈ മനുഷ്യനെയാണ് യേശു സുഖപ്പെടുത്തുന്നത്.

യഹൂദരെ സംബന്ധിച്ച് കല്ലറകൾ ഉള്ള സ്ഥലം അശുദ്ധമായിരുന്നു. മരിച്ചയാളെ സ്പർശിക്കുന്നതു പോലും യഹൂദർക്ക് അശുദ്ധമായിരുന്നു. അതുകൊണ്ട് കല്ലറകളുടെ ഇടയിൽ നിന്നു വരുന്നയാൾ തികച്ചും അശുദ്ധനായിരുന്നു. അശുദ്ധാത്മാവ് വസിച്ചിരുന്നതുകൊണ്ടാണ് ആ മനുഷ്യൻ കല്ലറകൾക്കിടയിൽ വസിച്ചിരുന്നത്. ഒരു പറ്റം പിശാചുക്കൾ അവനിൽ ആവസിച്ചിരുന്നതുകൊണ്ട് അവൻ വലിയ ശക്തി പ്രകടിപ്പിച്ചിരുന്നു. അവനെ ബന്ധിച്ചിരുന്ന ചങ്ങലയും കാൽവിലങ്ങുമൊക്കെ അവൻ പൊട്ടിച്ചെറിഞ്ഞിരുന്നു. അവനെ കീഴ്പ്പെടുത്താൻ ആർക്കും കഴിഞ്ഞില്ല. അശുദ്ധാത്മാവ് ബാധിച്ച മനുഷ്യന്റെ സ്ഥിതി വളരെ ദയനീയമായിരുന്നു. തന്റെ മനസ്സിന്റെ നിയന്ത്രണം പൂർണമായി ആ മനുഷ്യന് നഷ്ടപ്പെട്ടിരുന്നു. അയാൾ മൃഗങ്ങളെപ്പോലെ ഉച്ചത്തിൽ കരയുകയും, ഭ്രാന്തന്മാരെപ്പോലെ സ്വയം മുറിവേൽപ്പിക്കുകയും ചെയ്തിരുന്നു.

ഇതുപോലെ പെരുമാറുന്ന മനുഷ്യരെ ഇന്നു കാണാൻ കഴിയും. പക്ഷെ അവരെ സമൂഹത്തിൽ തുറന്നു വിടാറില്ല. മനുഷ്യനെ മൃഗത്തെപ്പോലെ പെരുമാറാൻ പ്രേരിപ്പിക്കുന്നത് അവനിൽ കുടികൊള്ളുന്ന പിശാചാണ്. ഒരു വ്യക്തിയിൽ പിശാചു ബാധിക്കുന്നത് അയാളിലുള്ള ദൈവിക ഛായയെ ഇല്ലാതാക്കി ആ വ്യക്തിയെ നശിപ്പിക്കാനാണ്. പിശാചിനെ ആ വ്യക്തിയിൽ നിന്ന് ഒഴിവാക്കുന്നതുവഴി അയാൾ സ്വതന്ത്രനാവുകയും, ദൈവിക ഛായ അവനിൽ വീണ്ടും പ്രത്യക്ഷമാവുകയും ചെയ്യും. തോണിയിൽ നിന്ന് ഇറങ്ങുന്നവരുടെയിടയിൽ യേശുവിനെ പിശാചുബാധിതൻ

www.malankaralibrary.com



അകലെ നിന്നു തിരിച്ചറിഞ്ഞു. അവനിൽ വസിച്ചിരുന്ന പിശാചാണ് ദൈവപുത്രനായ യേശുവിനെ തിരിച്ചറിഞ്ഞത്. ദുഷ്ട ശക്തികളെ തകർക്കാനെത്തിയിരുന്നതാണ് യേശുവെന്ന് ഗ്രഹിച്ച പിശാച് യേശുവിനോടുള്ള ബഹുമാനം പ്രകടിപ്പിക്കാനല്ല, പ്രത്യുത സ്വയം പ്രതിരോധിക്കാനാണ് യേശുവിന്റെ മുമ്പിൽ വന്നു മുട്ടുകുത്തിയത്. പിശാചു ബാധിതനോട് യേശു പേരു ചോദിച്ചപ്പോൾ ഒന്നിലധികം പിശാചുക്കൾ അയാളിൽ പ്രവേശിച്ചിട്ടുള്ളതിനാൽ ലെഗിയോൺ എന്ന് അയാൾ മറുപടി നൽകി. റോമൻ പട്ടാളത്തിൽ ലെഗിയോൺ എന്നു പറഞ്ഞാൽ 6000 പട്ടാളക്കാരായിരുന്നു. വലിയ ഒരു സംഘം പിശാചുക്കളാണ് ഇവനിൽ കുടിയിരിക്കുന്നതെന്നു സൂചിപ്പിക്കാനായിരിക്കാം ഇങ്ങനെ മറുപടി പറഞ്ഞത്. പിശാചിനെ ഒഴിപ്പിക്കുന്ന പ്രക്രിയയിൽ പിശാചിന്റെ പേരറിയുന്നത് അതിനെ കീഴടക്കാനുള്ള ഒരു എളുപ്പമാർഗമാണ്. അതുകൊണ്ടു തന്നെ പിശാച് തന്റെ പേര് മറച്ചുവച്ചതുമാകാം. എത്ര ശ്രമിച്ചിട്ടും ദൈവപുത്രനായ യേശുവിന്റെ മുമ്പിൽ പിശാചുക്കൾ ബലഹീനരാകുകയാണ്. യേശുവിന്റെ സാന്നിദ്ധ്യം തന്നെ അവന്റെ നിലനിൽപ്പിനു ഭീഷണിയാണെന്ന് അവൻ മനസ്സിലാക്കി.

അശുദ്ധാത്മാവ് ബാധിച്ച മനുഷ്യനെ തന്റെ വാക്കുകൾ കൊണ്ടാണ് യേശു സ്വതന്ത്രനാക്കുന്നത്. യേശുവുമായി തങ്ങളെ തുലനം ചെയ്യാൻ കഴിയുകയില്ലെന്നു പിശാചുക്കൾ ഏറ്റു പറയുകയാണ്. ആ മനുഷ്യനിൽ കുടികൊള്ളുന്ന തങ്ങളെ ഉപദ്രവിക്കരുതെന്നാണ് അവർ യാചിക്കുന്നത്. യഥാർത്ഥത്തിൽ യേശുവല്ല പിശാചുക്കളാണ് ആ മനുഷ്യനെ ഉപദ്രവിക്കുന്നത്. പിശാചുക്കളെ പുറത്താക്കുന്നതു വഴി യേശു ആ മനുഷ്യനെ അവരുടെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കുകയാണ്. ഏറ്റവും ശക്തമായി ആണയിട്ടുകൊണ്ടാണ് അവർ യേശുവിനോട് തങ്ങളുടെ ആവശ്യം പറയുന്നത്. വിജാതിയരുടെ നാട്ടിൽ അവർ ദൈവത്തെ വിളിച്ചിരുന്നത് അത്യുന്നതനായ ദൈവമെന്നാണ്. സാധാരണ പിശാചിനെ ബഹിഷ്ക്കരിക്കുന്നയാളാണ് ആണയിട്ടു പറയുക. എന്നാലിവിടെ അതിനു വിപരീതമാണ് നാം കാണുക. തങ്ങൾ ഒരു വലിയ വ്യൂഹം പിശാചുക്കൾ ഒരുമിച്ചാണ് ആ മനുഷ്യനിൽ വസിക്കുന്നത്, അതിനാൽ അവർ ശക്തരാണെന്നും അവരെ ഒഴിവാക്കാൻ ശ്രമിക്കരുതെന്നുമുള്ള സൂചന അവർ യേശുവിനു നൽകിയിട്ടും യേശു

www.malankaralibrary.com



അവരെ പുറത്താക്കാനുള്ള കൽപന നൽകി. അതിനു ശേഷമാണ് ദൈവനാമത്തിൽ ആണയിട്ടു കൊണ്ട് പിശാചുക്കൾ അടുത്ത ശ്രമം നടത്തുന്നത്. അവസാനം അവരുടെ എല്ലാ അടവുകളും പരാജയപ്പെട്ടപ്പോൾ അവർ യേശുവിനോട് തങ്ങളെ ഉപദ്രവിക്കരുതെന്ന് അപേക്ഷിച്ചു. അവസാനമായി തങ്ങളെ ആ നാട്ടിൽ നിന്ന് പുറത്താക്കരുതെന്ന് അവർ യേശുവിനോട് യാചിച്ചു.

യഹൂദരെ സംബന്ധിച്ച് പന്നി അശുദ്ധ മൃഗമായിരുന്നു. അതിനെ വളർത്താനോ, മാംസം ഭക്ഷിക്കുവാനോ അവർക്കനുവാദമില്ല. ഒരു വലിയ പറ്റം പന്നികൾ അവിടെ കുന്നിനരികിൽ മേയുന്നുണ്ടായിരുന്നു. അതൊരു വിജാതിയ സ്ഥലമായിരുന്നു. കാരണം വിജാതിയർ പന്നിയെ വളർത്തുകയും, ഭക്ഷിക്കുകയും ചെയ്തിരുന്നു. യേശുവും, ശിഷ്യരും എത്തിച്ചേർന്നിരിക്കുന്നത് അശുദ്ധിയുടെ നടുവിലേക്കാണ്. അശുദ്ധാത്മാവ് ബാധിച്ച മനുഷ്യൻ അടുത്തുള്ള കല്ലറകൾ, വലിയ പറ്റം പന്നിക്കൂട്ടം ഇതെല്ലാം അശുദ്ധി വർദ്ധിപ്പിച്ചു. പിശാചുക്കൾ തങ്ങളെ ആ പ്രദേശത്തു നിന്ന് പുറത്താക്കരുതെന്ന് യേശുവിനോട് യാചിച്ചു. ഈ പിശാചുക്കൾക്ക് ആ പ്രദേശവുമായി എന്തു ബന്ധമാണുള്ളതെന്ന് ചോദിക്കാം. പിശാചുക്കൾ അവരുടെ വാസസ്ഥലം കണ്ടെത്തണം, അല്ലെങ്കിൽ നിത്യശിക്ഷയുടെ ഇടത്തേക്ക് പോകണം എന്ന പൊതുവായ വിശ്വാസം അവിടെ നിലവിലിരുന്നു. പ്രസ്തുത മനുഷ്യനിൽ നിന്ന് പുറത്താക്കപ്പെട്ട പിശാചുക്കൾ ആ നാട്ടിൽത്തന്നെ വാസസ്ഥലം കണ്ടെത്താനുള്ള തീവ്രമായ ആഗ്രഹത്തിൽ അവിടെ മേഞ്ഞിരുന്ന പന്നിക്കൂട്ടത്തിലേക്കു തങ്ങളെ അയക്കണമെന്ന് യേശുവിനോട് അപേക്ഷിച്ചു. പിശാചുക്കൾ യേശുവിനോട് യാചിച്ച പ്രകാരം അടുത്തു മേഞ്ഞുകൊണ്ടിരുന്ന പന്നികളിൽ പ്രവേശിക്കാൻ യേശു അനുവദിച്ചു. പന്നികളോട് കടലിൽ ചാടി ചാകാൻ യേശു കൽപിച്ചില്ല. പിശാചുക്കൾ ആരിൽ പ്രവേശിക്കുന്നുവോ അവരെ നശിപ്പിക്കുന്നതിന്റെ തെളിവാണ് പന്നികളുടെ നാശം. യേശു ആ മനുഷ്യനിൽ നിന്നു പിശാചുക്കളെ പുറത്താക്കിയിരുന്നില്ലെങ്കിൽ അവർ അയാളെയും നശിപ്പിക്കുമായിരുന്നു. അതിനു മുമ്പേ യേശു അയാളെ രക്ഷിക്കുകയാണ്. പിശാചുക്കൾ പന്നികളിൽ പ്രവേശിച്ചപ്പോൾ രണ്ടായിരത്തോളം വരുന്നവ പരിഭ്രാന്തിയിൽ കടലിലേക്ക് ചാടി മുങ്ങിച്ചത്തു. അതോടൊപ്പം ആ പന്നികളിൽ കൂടിയിരുന്ന പിശാചുക്കളും

www.malankaralibrary.com



നശിപ്പിക്കപ്പെട്ടു. ഇതുവഴി യേശുവിന് അശുദ്ധാത്മാക്കളുടെ മേലുള്ള അധികാരം വ്യക്തമാകുന്നു.

പന്നികളെ മേയിച്ചിരുന്നവരെ ഭയവിഹ്വലരാക്കിയത് രണ്ടായിരത്തോളം പന്നികളുടെ നാശമാണ്. അക്കാര്യം പട്ടണങ്ങളിലും, ഗ്രാമങ്ങളിലും പോയി എല്ലാവരെയും അറിയിച്ചു. അവർ തെളിവായി കണ്ടത് പിശാചുബാധിതനായ ആ പഴയ മനുഷ്യൻ വസ്ത്രം ധരിച്ചു സുബോധത്തോടെ യേശുവിന്റെയടുക്കൽ ഇരിക്കുന്നതാണ്. സംഭവം നേരിൽ കണ്ടവർ നടന്ന കാര്യങ്ങൾ വിശദമായി അവിടെയുള്ളവരോട് വിവരിച്ചു. അതു കേട്ടപ്പോൾ അവർ ഭയപ്പെട്ടു. ഈ ഭയമാണ് യേശുവിനോട് അവരുടെ ദേശത്തു നിന്ന് വിട്ടുപോകണമെന്ന് ആവശ്യപ്പെടാൻ അവരെ പ്രേരിപ്പിച്ചത്.

ജനങ്ങളുടെ ശ്രദ്ധ മുഴുവൻ അവർക്കു നഷ്ടപ്പെട്ടതിന്റെ മേലായിരുന്നു. അവരുടെ മുമ്പിൽ വസ്ത്രം ധരിച്ചിരിക്കുന്ന മനുഷ്യനെ ആശ്ലേഷിക്കുവാൻ ആരും തയ്യാറാകുന്നില്ല. വസ്ത്രം ധരിക്കുക എന്നത് മനുഷ്യന്റെ മഹത്വമാണ്. പിശാചിന്റെ അടിമയായിരുന്നപ്പോൾ അയാൾ നഗ്നനായി ജീവിച്ചു. കാരണം അയാൾക്കു വിചാര വികാരങ്ങൾ നഷ്ടപ്പെട്ടിരുന്നു. സുഖപ്പെട്ടു കഴിഞ്ഞപ്പോൾ തന്റെ നഗ്നതയെപ്പറ്റി ബോധവാനാകുകയും അയാൾ വസ്ത്രം ധരിക്കുകയും ചെയ്തു. പാപം ചെയ്ത ആദവും, ഹവ്വായും അവരുടെ നഗ്നതയെപ്പറ്റി ലജ്ജിക്കുന്നതും അത് അവർ മറയ്ക്കാൻ ശ്രമിക്കുന്നതും നമുക്കറിവുള്ളതാണല്ലോ. (ഉൽപത്തി. 3/7-21).

യേശു ചെയ്ത ഈ അത്ഭുതത്തോടുള്ള ആ നാട്ടുകാരുടെ പ്രതികരണം ഭയമായിരുന്നു. എന്നാൽ അതിനുശേഷം അവർ യേശുവിനോട് പറഞ്ഞത് നമുക്ക് ആശ്ചര്യകരമായിത്തോന്നും. തങ്ങളുടെയിടയിലുള്ള രോഗികളെയും പിശാചു ബാധിതരെയും സുഖപ്പെടുത്തുവാൻ കനിവുണ്ടാകണമെന്ന് യേശുവിനോട് യാചിക്കുന്നതിനു പകരം എത്രയും പെട്ടെന്ന് അവരുടെ നാട്ടിൽ നിന്നു പോകണമെന്നാണ് അവർ അപേക്ഷിച്ചത്. യേശു ചെയ്ത അത്ഭുതങ്ങൾക്കു ശേഷം രണ്ടുതരം പ്രതികരണങ്ങളാണുണ്ടായത്. ഒന്നുകിൽ യേശുവിൽ വിശ്വസിക്കുക, അല്ലെങ്കിൽ അവിടുത്തെ തിരസ്ക്കരിക്കുക. യേശുവിനെ തിരസ്കരിക്കാനാണ് ജനങ്ങൾ തീരുമാനിച്ചത്. അവിടുന്ന് കൂടുതൽ രോഗശാന്തികൾ നൽകിയാൽ കൂടുതൽ സാമ്പത്തിക നഷ്ടം തങ്ങൾക്കുണ്ടാകുമെന്നവർ ഭയപ്പെട്ടു.

www.malankaralibrary.com



ദൈവാനുഗ്രഹം ആഗ്രഹിക്കുന്നതിനു പകരം അവർ ഭൗതിക കാര്യങ്ങൾ ആഗ്രഹിച്ചു. പിശാചു ബാധിതനായ മനുഷ്യൻ സുഖം പ്രാപിച്ച് ശാന്തനായി വസ്ത്രം ധരിച്ച് ഒരു മനുഷ്യനായിത്തീർന്നു എന്ന് ചിന്തിക്കുന്നതിനു പകരം ആളുകൾ അവർക്കു നഷ്ടപ്പെട്ട ഒരു പറ്റം പന്നികളെപ്പറ്റിയാണ് ചിന്തിച്ചത്. ആളുകളെ സ്നേഹിക്കുന്നതിനു പകരം സമ്പത്തിനെ സ്നേഹിക്കുകയും, ആളുകളെ ഉപയോഗിക്കുകയും ചെയ്യുന്നവർ നമ്മുടെയിടയിലും ഉണ്ട്.

സുഖമാക്കപ്പെട്ട മനുഷ്യന്റെ പ്രതികരണം തികച്ചും വ്യത്യസ്തമായിരുന്നു. അയാൾ യേശുവിനോടൊപ്പം ആയിരിക്കുവാനും, അവിടുത്തോടൊപ്പം പോകുവാനും, ശിഷ്യരിൽ ഒരാളായിത്തീരുവാനും ആഗ്രഹം പ്രകടിപ്പിച്ചു. തന്നോടു കൂടെയായിരിക്കുന്നതിനു പകരം പ്രസംഗിക്കുവാൻ അയക്കപ്പെടുവാൻ അയാളോട് യേശു ആവശ്യപ്പെട്ടു. ഒരു വ്യക്തിയുടെ താൽപര്യമല്ല ഇവിടെ പ്രധാന ഘടകം. പ്രത്യുത യേശു നൽകുന്ന വിളിയാണ്. എന്നാൽ ധനികനായ യുവാവ് യേശുവിന്റെ ക്ഷണം നിരസിക്കുന്നതായി നാം കാണുന്നുണ്ട്. (10/17-22). യേശുവിന്റെ കൂടെ പോകുവാൻ സുഖമാക്കപ്പെട്ട വ്യക്തിക്ക് കഴിഞ്ഞില്ലെങ്കിലും വിജാതിയരുടെയിടയിലെ ആദ്യത്തെ മിഷനറിയാകാൻ അയാൾക്കു കഴിഞ്ഞു. ഓരോ മനുഷ്യരെപ്പറ്റിയും ദൈവത്തിന് പ്രത്യേക പദ്ധതിയുണ്ട്. അതിൻ പ്രകാരമാണ് നാം ജീവിക്കേണ്ടത്. ചിലർ പ്രേഷിത പ്രവർത്തനം സ്വന്തം വീട്ടിലും, നാട്ടിലും നടത്തണം. ഇവിടെ സൗഖ്യമാക്കപ്പെട്ട വ്യക്തിയോടും യേശു അതു തന്നെയാണ് പറയുന്നത്. പ്രഖ്യാപിക്കുക എന്നത് പ്രേഷിത പ്രവർത്തനവുമായി ബന്ധപ്പെട്ട പദപ്രയോഗമാണ്. തന്റെ ശിഷ്യത്വം ആഗ്രഹിക്കുന്ന സുഖമാക്കപ്പെട്ട മനുഷ്യനോട് സ്വന്തം നാട്ടിലേക്കു തിരിച്ചുപോയി ദൈവം തന്ന അനുഗ്രഹങ്ങളെക്കുറിച്ച് വീട്ടിലും. നാട്ടിലും, പ്രഖ്യാപിക്കാൻ യേശു ആവശ്യപ്പെടുന്നു. ആ മനുഷ്യനു ലഭിച്ച സൗഖ്യം താൽക്കാലികമല്ലെന്നും ഏതൊരു മനുഷ്യനെയും പോലെ ഒരു സാധാരണ ജീവിതം നയിക്കുവാൻ അയാൾക്കു കഴിയുമെന്നും യേശുവിന്റെ മറുപടി സൂചിപ്പിക്കുന്നു. പൗലോസ് ശ്ലീഹ വിജാതിയരുടെ അപ്പസ്തോലൻ ആകുന്നതിനു വളരെ മുൻപുതന്നെ യേശുവിനെപ്പറ്റി പ്രസംഗിച്ചയാളാണ് ഈ സൗഖ്യമാക്കപ്പെട്ട വ്യക്തി. അതുകൊണ്ട് വിജാതിയരുടെയിടയിലെ ആദ്യ മിഷനറിയാണ് ഈ വ്യക്തി. ദശഗ്രാമങ്ങൾ

www.malankaralibrary.com



(Decapolis) എന്നറിയപ്പെടുന്ന പ്രദേശങ്ങളിലാണ് അയാൾ യേശു പറഞ്ഞ പ്രകാരം പ്രഖ്യാപനം നടത്തിയത്. അയാളുടെ സാക്ഷ്യം കേട്ട അവർ ആശ്ചര്യചകിതരായി എന്ന് പറയുന്നു. യേശുവിൽ വിശ്വസിച്ചു എന്ന് പറയുന്നില്ല.

ദശഗ്രാമങ്ങൾ (ഡെക്കാപോളിസ്)

1. ദമാസ്കസ്
2. ഫിലഡേൽഫിയ
3. പെനാ
4. സ്കിതോപോളിസ്
5. ഗദറാ
6. ഹിപ്പോ
7. ഡിയോൻ
8. പെള്ളാ
9. ഗൽസാ (ജെറാസ)
10. കാന്താ.

## 7. രക്തസ്രാവക്കാരി സ്ത്രീ & ജായ്റോസിന്റെ മകൾ

വി. മർക്കോസ് 5/21-43.

അഞ്ചാം അദ്ധ്യായത്തിന്റെ രണ്ടാം ഭാഗത്ത് രണ്ട് അത്ഭുതങ്ങൾ വിവരിക്കുന്നു. ഒരു സ്ത്രീയുടെ രക്തസ്രാവം സുഖപ്പെടുത്തുന്നതും, ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്നതും. ഇതിൽ രക്തസ്രാവക്കാരിയായ സ്ത്രീയെ സുഖപ്പെടുത്തുന്ന സംഭവം രണ്ടാമത്തെ അത്ഭുതത്തിന്റെ വിവരണത്തിനു നടുവിലാണ്. അതിനാലാണ് ദ്വയാത്ഭുതങ്ങൾ എന്ന് ഈ വചന ഭാഗത്തിന് പേരിട്ടിരിക്കുന്നത്.

രണ്ടു വ്യക്തികളുടെ ജീവിതത്തിലെ നീറുന്ന പ്രശ്നത്തിന് യേശു എങ്ങനെ പരിഹാരം കാണുന്നു എന്നതാണ് ഈ വചന ഭാഗത്തിന്റെ പശ്ചാത്തലം. ജായ്റോസ് എന്ന സിനഗോഗധികാരിയുടെ പുത്രി മരണ വക്രത്തിലാണ്. യേശുവിന്റെ പെട്ടെന്നുള്ള ഇടപെടൽ ഇവിടെ ആവശ്യമാണ്. ദൈവപുത്രനായ യേശുവിന് ഒന്നും വൈകിപ്പോയിട്ടില്ലെന്നും വിശ്വാസം കൊണ്ട് സാധ്യമാകാ

www.malankaralibrary.com



ത്തത് ഒന്നുമില്ലെന്നും ഇവിടെ സുവിശേഷകൻ എടുത്തു പറയുന്നു. ആഴമായ വിശ്വാസത്തിന്റെ പ്രതിഫലനമായാണ് രക്തസ്രാവക്കാരിയുടെ പെരുമാറ്റത്തെയും അവൾക്കു ലഭിച്ച സൗഖ്യത്തെയും സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. രോഗശാന്തിക്ക് യേശുവിനോട് യാചിക്കാതെ, അവിടുത്തെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്ന് സ്പർശിക്കാൻ സാധിച്ചാൽ താൻ സുഖപ്പെടുമെന്ന് അവൾ ഉറപ്പായി വിശ്വസിച്ചിരുന്നു. ആ വിശ്വാസം ശരിയാണെന്ന് തെളിഞ്ഞു.

**ജായ്റോസിന്റെ പുത്രിയെ ഉയിർപ്പിക്കുന്ന യേശു.**

ജായ്റോസ് ഒരു സിനഗോഗ് അധികാരിയായിരുന്നു. സമൂഹത്തിൽ എല്ലാവരും ബഹുമാനിക്കുന്ന ചിലരെയാണ് സിനഗോഗധികാരിയായി തെരഞ്ഞെടുത്തിരുന്നത്. അതുകൊണ്ട് ജായ്റോസ് ജനസമ്മതനായ ഒരു മനുഷ്യനായിരുന്നു. ജനക്കൂട്ടത്തിന്റെ മുമ്പാകെയാണ് ജായ്റോസ് യേശുവിന്റെ കാൽക്കൽ വീണ് തന്റെ അപേക്ഷ സമർപ്പിക്കുന്നത്. സിനഗോഗ് യഹൂദർക്ക് ദൈവവചനം കേൾക്കാനും പഠിക്കാനുമുള്ള സ്ഥലമായിരുന്നു. ജറുസലേമിൽ തന്നെ മുന്നൂറിലധികം സിനഗോഗുകൾ ഉണ്ടായിരുന്നു. ഗ്രാമങ്ങളിലും സിനഗോഗുകൾ ഉണ്ടായിരുന്നു. യേശുവും, പൗലോസും സിനഗോഗുകളിലാണ് ഏറ്റവും കൂടുതൽ ദൈവവചനം പ്രസംഗിച്ചിട്ടുള്ളത്. ഒരു സിനഗോഗധികാരിയുടെ ചുമതലയായിരുന്നു അദ്ദേഹത്തിന്റെ കീഴിലുള്ള സിനഗോഗിനെ സംരക്ഷിക്കുക, സാബത്തു ദിനങ്ങളിൽ അവിടെ ദൈവവചനം വായിക്കാനും, വ്യാഖ്യാനിക്കാനും വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതും. ജായ്റോസ് എളിമയോടുകൂടിയാണ് തന്റെ മകളുടെ ജീവൻ രക്ഷിക്കണമെന്നപേക്ഷയുമായി യേശുവിന്റെ കാൽക്കൽ വീഴുന്നത്. അയാളുടെ പുത്രി മരണാസന്നയാണ്. തന്റെ മകളുടെ മേൽ കൈകൾ വച്ച് സുഖപ്പെടുത്തണമെന്നയാൾ അപേക്ഷിച്ചു. എന്നാൽ യേശു അവളുടെ കൈപിടിച്ചുകൊണ്ടാണ് അവളെ ഉയിർപ്പിക്കുന്നത്. യേശു വാക്കുകളിലൂടെ മറുപടി പറയാതെ അവരോടൊപ്പം പോയി. ഒരു വലിയ ജനാവലി അവിടെയുണ്ടായിരുന്നു. ഈ ജനാവലിയുടെ മദ്ധ്യത്തിലാണ് ആരുമറിയാതെ രക്തസ്രാവക്കാരി സുഖം പ്രാപിക്കാൻ ശ്രമിച്ചത്. യേശു സൗഖ്യമാക്കപ്പെട്ട രക്തസ്രാവക്കാരി സ്ത്രീയോട് സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ജായ്റോസിന്റെ ഭവനത്തിൽ

www.malankaralibrary.com



നിന്ന് സന്ദേശവാഹകർ എത്തി. ജായ്റോസിനെ നടുക്കുന്ന വാർത്തയാണ് അവർ അറിയിച്ചത്. ജായ്റോസ് ആരുടെ രോഗശാന്തിക്കുവേണ്ടി യേശുവിന്റെ സഹായം അഭ്യർത്ഥിച്ചുവോ, ആ രോഗി മരിച്ചു കഴിഞ്ഞിരിക്കുന്നു, ഇനി യേശുവിനെ ബുദ്ധിമുട്ടിക്കേണ്ട എന്നാണ് സന്ദേശവാഹകർ അറിയിച്ചത്. ജായ്റോസിനെ അറിയിച്ച ഈ സങ്കട വാർത്ത യേശു കേട്ടു. സന്ദേശവാഹകരുടെ വാർത്ത കേട്ട് ജായ്റോസ് തളർന്നു. അതുകൊണ്ടാണ് യേശു അവർ അറിയാത്ത വാർത്തകൾ തള്ളിക്കളയുവാനും ഭയപ്പെടാതെ വിശ്വസിക്കുക മാത്രം ചെയ്യാനും ജായ്റോസിനോട് ആവശ്യപ്പെട്ടത്. തന്റെ തുടർ യാത്രയിൽ മൂന്നുപേരെ മാത്രം കൂടെ നിർത്തിയ ശേഷം മറ്റുള്ളവരെ യേശു ഒഴിവാക്കി. സാധാരണ ചെയ്യാറുള്ള അത്ഭുതങ്ങളിൽ നിന്ന് ഇത് വ്യത്യാസമുള്ളതാണ് എന്ന് സുവിശേഷകൻ ഇവിടെ സൂചിപ്പിക്കുന്നു.

പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവർക്ക് ആദിമ സഭയിലുണ്ടായിരുന്ന ബഹുമാനം ഇവിടെ പ്രകടമാകുന്നു. ഈ മൂവർക്ക് 12 ശ്ലീഹന്മാരുടെ പേരുകളുടെ പട്ടികയിൽ പ്രത്യേക സ്ഥാനമുണ്ട്. യേശുവിന്റെ രൂപാന്തീകരണത്തിന് സാക്ഷ്യം വഹിക്കാൻ ഈ മൂന്നു ശിഷ്യന്മാരെ മാത്രമാണ് യേശു ക്ഷണിച്ചത്. ഗത്സമനിയിലെ പ്രാർത്ഥനാ വേളയിലും ഈ മൂന്നു ശിഷ്യരെയും പ്രത്യേകം കൂട്ടിക്കൊണ്ടു പോകുന്നുണ്ട്. ഈ മൂന്നു ശിഷ്യന്മാർക്കും യേശു നൽകുന്ന പ്രാധാന്യത്തിനുപരി അവിടുന്ന് പ്രവർത്തിക്കുന്ന അത്ഭുതത്തിനു സാക്ഷികളായിട്ടായിരിക്കണം അവരെ തന്റെ കൂടെക്കൊണ്ടു പോകുന്നത്. യേശു ചെയ്യുന്ന അത്ഭുതങ്ങൾ പലതും പിശാചിന്റെ സഹായത്തോടെയാണ് നടത്തുന്നതെന്ന് അവിടുത്തെ എതിരാളികൾ ആരോപിച്ചിരുന്നു. അതിനാൽ യേശു ചെയ്യുന്ന പ്രവൃത്തികൾക്ക് ഒന്നിലധികം സാക്ഷികൾ ഉണ്ടായിരിക്കേണ്ടത് ആവശ്യവുമായിരുന്നു.

ജായിറോസിന്റെ ഭവനത്തിൽ വിലാപസ്വരം നടന്നുകൊണ്ടിരിക്കുമ്പോഴാണ് യേശു അവിടെ എത്തിച്ചേരുന്നത്. യഹൂദമതത്തിന് യോജിച്ച രീതിയിലുള്ള ചടങ്ങാണ് ബാലിക മരിച്ച ഭവനത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഓടക്കുഴൽ വായിക്കുന്നവരെയും, വിലാപഗാനത്തിനു നേതൃത്വം കൊടുക്കുന്നവരെയും പ്രത്യേകം പണം കൊടുത്ത് കൊണ്ടുവന്നിരുന്നു. ജായിറോസ് സമൂഹത്തിൽ ഒരു

www.malankaralibrary.com



പ്രമുഖനായിരുന്നു. ആയതിനാൽ ആ ഭവനത്തിൽ വലിയൊരു ജന ക്കൂട്ടം ഉണ്ടായിരുന്നതായി നമുക്ക് ഊഹിക്കാം.

ഭവനത്തിലെ വിലാപഗാനം അസ്ഥാനത്താണെന്ന് യേശുവിന് അറിയാമായിരുന്നു. അവരെ അതിൽ നിന്ന് പിൻതിരിപ്പിക്കുവാൻ യേശു ശ്രമിച്ചു. അവർ ചെയ്യുന്ന കാര്യങ്ങൾ മരിച്ചടക്കപ്പെട്ടവർക്കു വേണ്ടിയുള്ളതായിരുന്നു. ജീവിതത്തിലേക്ക് യേശു തിരിച്ചു കൊണ്ടു വരാൻ പോകുന്ന ഈ ബാലിക ഉറങ്ങി എഴുന്നേൽക്കുന്നതു പോലെ അൽപ സമയത്തിനുള്ളിൽ എഴുന്നേറ്റു വരുമെന്നുള്ള അർത്ഥത്തി ലാണ് യേശു അവൾ മരിച്ചിട്ടില്ല ഉറങ്ങുകയാണ് എന്ന് പ്രസ്താവി ച്ചത്. യേശുവിന്റെ സംസാരത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ അവർക്കു കഴിഞ്ഞില്ല. മാനുഷിക ദൃഷ്ടിയിൽ ബാലിക മരിച്ചു കഴിഞ്ഞിരുന്നുവെന്ന് അവർക്കറിയാമായിരുന്നു. അതിനാൽ അവ രുടെ കൺമുമ്പിൽ കാണുന്ന യാഥാർത്ഥ്യത്തെ നിരസിച്ച യേശു വിനെ അവർ പരിഹസിച്ചു. വിലാപഗാനം നിർത്തിച്ച് അവരെ യെല്ലാം യേശു വീട്ടിൽ നിന്ന് പുറത്താക്കിയ ശേഷം ബാലിക യുടെ മാതാപിതാക്കളും തന്റെ കൂടെയുണ്ടായിരുന്ന മൂന്നു ശിഷ്യന്മാരെയും മാത്രം കൂട്ടിക്കൊണ്ട് യേശു ബാലിക കിടന്നിട ത്തേക്കു പോയി.

തലീത്താ കുമീ, ബാലികേ എഴുന്നേൽക്കുക എന്ന കൽപന കുട്ടിയുടെ കൈ പിടിച്ചുകൊണ്ട് യേശു നൽകുന്നു. യേശു അറ മായ ഭാഷയിലാണ് പറഞ്ഞത്. വി. മർക്കോസിന്റെ സുവിശേഷ ത്തിൽ യേശു പറഞ്ഞ വാക്കുകൾ അതേപടി അതേ ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ബൊവാനെർഗസ് - ഇടിയുടെ പുത്രൻ

കൊർബാൻ - ബലി

എഫത്താ - തുറക്കപ്പെടട്ടെ.

ഹോസാന - രക്ഷിച്ചാലും

ആബാ - പിതാവേ

ഗൊൽഗോത്ത - തലയോട്ടിയുടെ സ്ഥലം

മരിച്ചയാളിനെ സ്പർശിക്കുന്നത് യഹൂദ നിയമമനുസരിച്ച് അശു ദ്ധിയാണ്. ഇത് അവഗണിച്ചാണ് യേശു ബാലികയുടെ കൈയ്യിൽ

www.malankaralibrary.com



തൊടുന്നത്. യേശുവിന്റെ കൽപന ഉടനെ പ്രാവർത്തികമായി. ബാലിക മരണത്തിൽ നിന്ന് രക്ഷിക്കപ്പെട്ടു. അതിന്റെ ബാഹ്യ അടയാളമായി ബാലിക എഴുന്നേറ്റ് നടന്നു. യേശു മരണത്തെ അകറ്റി അതിന്റെ സ്ഥാനത്ത് ജീവനെ സ്ഥാപിച്ചു. ബാലികയ്ക്ക് 12 വയസ്സ് പ്രായമായിരുന്നു. ഇവിടെ വിവരിക്കുന്ന രക്തസ്രാവക്കാരി സ്ത്രീക്ക് 12 വർഷമായി രോഗാവസ്ഥയായിരുന്നു. അത്ഭുതങ്ങളുടെ പ്രതികരണമായി ഉണ്ടാകുന്ന ഭാവവ്യത്യാസം ഈ അത്ഭുതം കണ്ടു നിന്നവരിലുമുണ്ടായി. അവരെല്ലാവരും ആശ്ചര്യചകിതരായി എന്ന് സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നു. മരണത്തിന്റെ മുമ്പിൽ നിന്നിരുന്ന അവർക്കെല്ലാം മരണം അപ്രതീക്ഷിതമാകുന്നതും ജീവൻ തിരിച്ചു വരുന്നതും കാണാനുള്ള ഭാഗ്യം ലഭിച്ചു.

**രഹസ്യാത്മകത**

യേശു പ്രവർത്തിക്കുന്ന അത്ഭുതങ്ങൾ അധികമാരും അറിയരുതെന്ന നിർദ്ദേശമാണ് യേശു നൽകുന്നത്. യേശു ആരെന്ന് വ്യക്തമായി വെളിപ്പെട്ടാൽ അവിടുന്ന് സാധിക്കാനിരിക്കുന്ന കുരിശു മരണത്തിലൂടെയുള്ള മനുഷ്യ രക്ഷക്കു തടസ്സം നേരിട്ടാലോ എന്നു കരുതിയാണ് രഹസ്യാത്മകതക്കുള്ള കൽപന നൽകുന്നതെന്നാണ് പല വ്യാഖ്യാതാക്കളും കരുതിയിരുന്നത്. യേശു ജീവിച്ചിരിക്കുമ്പോൾ തന്നെ അവിടുന്ന് ദൈവപുത്രനും മിശിഹായുമാണെന്ന് എല്ലാവരും അറിയുവാൻ ഇടയായാൽ സഹനത്തിലൂടെയുള്ള രക്ഷാകരവഴി അസാദ്ധ്യമായിത്തീരാൻ ഇടയുണ്ടായിരുന്നതു കൊണ്ടാണ് ഇങ്ങനെയൊരു രഹസ്യാത്മകത സൂക്ഷിക്കുവാൻ ശ്രമിക്കുന്നത്. ഒന്നാം നൂറ്റാണ്ടിലെ ജനങ്ങൾക്ക് മിശിഹായെപ്പറ്റിയുള്ള ഭാവന ഒരു രാഷ്ട്രീയ നേതാവും വിദേശ ശക്തികളെ തോൽപിച്ച് ഇസ്രായേലിന്റെ സ്വാതന്ത്ര്യം പുനഃസ്ഥാപിക്കുന്നവനുമായ ഒരാളെപ്പറ്റിയുള്ളതായിരുന്നു. ഇത്തരത്തിലുള്ള ഒരു തെറ്റായ ധാരണ തന്നെപ്പറ്റി ഉണ്ടാകാൻ പാടില്ലായെന്ന് കരുതിയാണ് താൻ ചെയ്യുന്ന അത്ഭുതങ്ങളെപ്പറ്റിയും, വെളിപാടുകളെപ്പറ്റിയും യേശുവിന്റെ ഉത്ഥാനം വരെ പരസ്യമാക്കരുതെന്ന് അവിടുന്ന് കൽപിച്ചതെന്ന് കരുതപ്പെടുന്നു.

തന്നെപ്പറ്റിത്തന്നെ വലിയ വാർത്ത എല്ലായിടത്തും പരന്നാൽ തനിക്കു ജനങ്ങളുടെയിടയിൽ സ്വതന്ത്രമായി സഞ്ചരിക്കുവാൻ കഴിയുകയില്ലെന്ന് യേശു മുൻകൂട്ടി കണ്ടു കാണണം. മണ്ണിൽ വിതച്ച

www.malankaralibrary.com



വിത്ത് മണ്ണിനുള്ളിൽ എങ്ങനെ മുളച്ചു വളരുന്നുവെന്ന് കർഷകൻ അറിയാത്തതുപോലെയാണ് ദൈവരാജ്യം എന്ന് യേശു വെളിപ്പെടുത്തിയതുപോലെ തന്നെയാണ് യേശുവിനെപ്പറ്റിയുള്ള അറിവും. വിത്ത് ഭൂമിക്കടിയിൽ മുളച്ചു വളർന്ന് മണ്ണിനു പുറത്തുവരുന്നതു പോലെ യേശു ആരാണെന്ന അറിവും കുറേക്കാലത്തേക്കു രഹസ്യമായിരിക്കും. അതു വെളിപ്പെടാൻ സമയമെടുക്കും. ശിഷ്യന്മാർക്കു പോലും യേശുവിനെ മനസ്സിലാക്കാൻ സമയമെടുത്തു. പുറത്തുള്ളവർക്കു തന്നെ മനസ്സിലാക്കാൻ അതിലും സമയം വേണ്ടിവരുമെന്ന് യേശു പറയുന്നു. ബാലികയ്ക്ക് എന്തെങ്കിലും ഭക്ഷിക്കാൻ കൊടുക്കാൻ യേശു ആവശ്യപ്പെട്ടതിനെക്കുറിച്ച് വിവിധ വ്യാഖ്യാനങ്ങളുണ്ട്. യേശു പ്രവർത്തിച്ച അത്ഭുതത്തെ ഒന്നുകൂടി ഉറപ്പിക്കാനായുള്ള അടയാളമാണിതെന്നും ബാലിക എഴുന്നേറ്റ് നടന്നതുകൊണ്ട് മറ്റൊരു അടയാളത്തിന്റെ ആവശ്യം ഇല്ലായിരുന്നുവെന്നും ഈ അടയാളം പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതായിരിക്കാമെന്നും ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ മറ്റ് ചിലർ യേശുവിന്റെ മാനുഷികാഭിമുഖ്യമാണ് ഇവിടെ കാണുന്നത്.

മരിച്ചയാളെ ഉയിർപ്പിച്ചുകൊണ്ടും വിശക്കുന്നവരെ തീറ്റി തൃപ്തരാക്കിക്കൊണ്ടുമാണ് യേശു തന്റെ മിശിഹാ ദൗത്യം നിർവ്വഹിക്കുന്നത്. താൻ മിശിഹായാണെന്ന രഹസ്യം പരസ്യമാകാതിരിക്കാനുള്ള യേശുവിന്റെ നിർദ്ദേശത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. താൻ ആരാണെന്നു വെളിപ്പെടുത്തുന്ന പിശാചുക്കളെ വിലക്കിക്കൊണ്ടും, തന്നിൽ നിന്നും സൗഖ്യം ലഭിച്ചവരോട് അതു പരസ്യമാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ടും യേശു തന്റെ മിശിഹാ പദവിയെ രഹസ്യമാക്കി വെക്കുവാൻ ശ്രമിക്കുന്നതിനെയാണ് മിശാഹായെപ്പറ്റിയുള്ള രഹസ്യാത്മകത എന്ന് പൊതുവേ വിളിക്കുന്നത്. ജനങ്ങളെ ഉപമകളിലൂടെ പഠിപ്പിക്കുന്നതു പോലും മിശിഹാ രഹസ്യം സമയമാകുന്നതു വരെ വെളിപ്പെടാതിരിക്കുവാൻ വേണ്ടിയായിരുന്നു. യേശു താൻ ആരാണെന്ന് തന്റെ ശത്രുക്കൾ അറിയരുത് എന്ന് യേശു നിർദ്ദേശിച്ചതിനെയാണ് മിശിഹാ രഹസ്യം എന്ന പ്രമേയം കൊണ്ട് ദൈവ ശാസ്ത്രജ്ഞനായ വിൽഹം റീഡ് ഉദ്ദേശിക്കുന്നത്. തന്റെ കുരിശുമരണവും, ഉത്ഥാനവും വരെ താൻ മിശിഹായാണെന്ന് ആരോടും പറയരുതെന്ന് അവിടുന്ന് ആവശ്യപ്പെട്ടു. മിശിഹായെപ്പറ്റി ജനങ്ങൾക്കുണ്ടായിരുന്ന തെറ്റായ ധാരണ

www.malankaralibrary.com



കൊണ്ടാണ് യേശു താൻ മിശിഹായാണെന്ന് വെളിപ്പെടുത്താൻ വിസമ്മതിച്ചത്. താൻ മിശിഹായാണെന്നു പ്രസിദ്ധപ്പെടുത്തിയാൽ യേശുവിന് അതിനുശേഷം സ്വതന്ത്രമായി ഒരിടത്തും പോകുവാൻ കഴിയുമായിരുന്നില്ല. വിശ്വാസമുള്ളവർ മാത്രം തന്റെ മിശിഹാ രഹസ്യം മനസ്സിലാക്കിയാൽ മതിയെന്ന് യേശു തീരുമാനിച്ചു. മിശിഹാ രഹസ്യം എല്ലാവരും അറിയുവാൻ കാലതാമസമെടുക്കും. അതിനു മുമ്പായി ഈ രഹസ്യം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ സുവിശേഷകൻ സമ്മതിച്ചില്ല. മിശിഹായുടെ സഹനത്തിനു ശേഷമാണ് മിശിഹായുടെ മഹത്വം ഉണ്ടാകുന്നത്. യേശുവിന്റെ പുനരുത്ഥാനത്തിനു ശേഷമേ മിശിഹാ രഹസ്യം പരസ്യമാക്കപ്പെടുകയുള്ളൂ.

## 8. രക്തസ്രാവമുള്ള സ്ത്രീക്കു ലഭിച്ച സൗഖ്യം

വി. മർക്കോസ് 5/25-34.

12 വർഷമായി രക്തസ്രാവമെന്ന രോഗത്താൽ വലഞ്ഞിരുന്ന ഒരു സ്ത്രീയെയാണ് യേശു സുഖപ്പെടുത്തുന്നത്. 12 എന്ന പൂർണ സംഖ്യ ദീർഘകാലം എന്നർത്ഥത്തിലാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. മരിച്ച് ഉയിർക്കപ്പെട്ട ബാലികയും 12 വയസ്സുള്ളവളായിരുന്നു. തന്നാൽ കഴിയുന്ന ചികിത്സാ രീതികൾ ചെയ്തുവെങ്കിലും ആ സ്ത്രീയുടെ രോഗത്തിന്റെ അവസ്ഥ ഒന്നിനൊന്ന് മോശമായി വരികയാണ് ചെയ്തത്. അപ്പോഴാണ് അവൾ യേശുവിനെപ്പറ്റി കേൾക്കുകയും അവയുടെ രോഗം മാറ്റാൻ യേശുവിന് കഴിയുമെന്ന് അവൾ ഉറച്ചു വിശ്വസിക്കുകയും ചെയ്തത്. ജനത്തിന്റെ തിരക്കിനിടയിലും അവൾ യേശുവിന്റെ വസ്ത്രത്തിൽ തൊടുകയും ഉടൻ തന്നെ രോഗശാന്തി ലഭിച്ചതും. ദീർഘകാലമായി ആ സ്ത്രീ രക്തസ്രാവത്തിൽ വലഞ്ഞിരുന്നു. രക്തസ്രാവം ഒരു സ്ത്രീയെ അശുദ്ധയാക്കിയിരുന്നു. അവളെ തൊടുന്നവരും, അവൾ തൊടുന്നവരും അശുദ്ധരായിത്തീരുമായിരുന്നു. ഇത് അറിയാമായിരുന്ന സ്ത്രീയാണ് നിയമലംഘനം നടത്താനും, മറ്റുള്ളവരുടെ കോപത്തിന് ഇരയാകാനും തയ്യാറായത്. അവൾ യേശുവിനെ തൊടാനുള്ള കാരണം അവൾ യേശുവിനെപ്പറ്റി കേട്ടതാണ്. യേശുവിന് രോഗികളെ സുഖപ്പെടുത്താൻ കഴിയുമെന്ന് ആളുകൾ പറയുന്നത് അവൾ കേട്ടിരുന്നു. ആ കേട്ടറിവാണ് അവളെ പ്രവൃത്തിയിലേക്ക്

www.malankaralibrary.com



നയിച്ചത്. അവൾ യേശുവിന്റെ വസ്ത്രത്തിൽ തൊടാനുള്ള കാരണം അവളുടെ വിശ്വാസമായിരുന്നു. യേശുവിന്റെ വസ്ത്രത്തിൽ സ്പർശിച്ചാൽ താൻ സുഖം പ്രാപിക്കുമെന്ന് അവൾ ഉറപ്പായി വിശ്വസിച്ചു. അശുദ്ധിയുള്ളവൾ ഏറ്റവും വിശുദ്ധനായവനെ തൊട്ടപ്പോൾ അവിടുത്തെ ശുദ്ധി നഷ്ടപ്പെടുന്നതിനു പകരം അവിടുത്തെ വിശുദ്ധിയിൽ അവളുടെ അശുദ്ധി അപ്രത്യക്ഷമാവുകയും അവൾ സൗഖ്യം പ്രാപിക്കുകയും ചെയ്തു. അവളിൽ സംഭവിച്ച മാറ്റം അവളുടെ ശരീരത്തിൽ അവൾ മനസ്സിലാക്കി. ദീർഘകാലമായുണ്ടായിരുന്ന രോഗം അവളെ വിട്ടുമാറിയെന്ന് അവൾ മനസ്സിലാക്കി.

യേശു ബാഹ്യമായി അനുവദിക്കാതെയാണ് രക്തസ്രാവമുള്ള സ്ത്രീ സൗഖ്യം പ്രാപിച്ചത്. എന്നാൽ അവൾ സൗഖ്യം പ്രാപിച്ചത് യേശുവിൽ നിന്ന് ശക്തി പ്രവഹിച്ചതുകൊണ്ടാണ്. തന്നിൽ നിന്ന് ശക്തി പ്രവഹിച്ചത് എങ്ങോട്ടാണെന്നറിയാൻ അവിടുന്ന് ജനക്കൂട്ടത്തിനു നേരെ തിരിഞ്ഞ് ആരാണ് തന്റെ വസ്ത്രത്തിൽ സ്പർശിച്ചതെന്ന് ആരായുകയായിരുന്നു. ജനക്കൂട്ടം തിക്കിത്തിരയുന്ന സ്ഥലത്ത് തന്റെ വസ്ത്രത്തിൽ ഒരാൾ സ്പർശിച്ചതിനെപ്പറ്റി യേശു അന്വേഷിക്കുന്നത് ശിഷ്യർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവർ യേശുവിനെ തിരുത്തുവാൻ ശ്രമിക്കുന്നു. ജനക്കൂട്ടത്തിന്റെയിടയിൽ നിന്നും അങ്ങനെയൊരു ചോദ്യം ചോദിക്കുവാൻ യേശുവിന് എങ്ങനെ കഴിയുമെന്നാണ് ശിഷ്യരുടെ പ്രതികരണത്തിന്റെ സൂചന. രക്തസ്രാവമുള്ള സ്ത്രീക്ക് യേശുവിൽ നിന്ന് സൗഖ്യം കിട്ടിയ കാര്യം ശിഷ്യർക്ക് അറിയില്ല. നിയമത്തിന്റെ മുമ്പിൽ അശുദ്ധയായ സ്ത്രീ ജനക്കൂട്ടത്തിന്റെ ഇടയിലെ തന്റെ സാന്നിദ്ധ്യം കൊണ്ടും യേശുവിനെയും മറ്റു പലരേയും സ്പർശിച്ചതു കൊണ്ടാണ് യേശു പ്രതികരിക്കുന്നതെന്ന് അവൾക്ക് തെറ്റിദ്ധരിക്കാമായിരുന്നു. എന്നാൽ അവൾ തനിക്കു ലഭിച്ച ദൈവാനുഗ്രഹത്തിന്റെ പശ്ചാത്തലത്തിൽ ഭയത്തോടും, വിറയലോടുംകൂടി യേശുവിന്റെ മുമ്പിൽ കമിഴ്ന്നു വീണ് താൻ ചെയ്തതും തനിക്കു ലഭിച്ചതുമായ കാര്യങ്ങളെപ്പറ്റി തുറന്നു പറഞ്ഞത്. രക്തസ്രാവക്കാരിയുടെ വിശ്വാസമാണ് അവൾക്ക് സൗഖ്യം നൽകിയത്. അവളുടെ വിശ്വാസത്തിന് വളരെ ആഴമുണ്ടായിരുന്നു. ഒരു സ്പർശനം മൂലം യേശുവിൽ നിന്ന് സൗഖ്യം കിട്ടുമെന്നവൾ വിശ്വസിച്ചു. യേശു അവളെ സമാധാനത്തിൽ പറഞ്ഞയച്ചു. ഇന്നും ഇതുപോലെ ആഴ

www.malankaralibrary.com



ത്തിലുള്ള വിശ്വാസം മൂലം പലരും അത്ഭുത സൗഖ്യം പ്രാപിക്കുന്നുണ്ട്. ഇന്നും ദൈവാനുഗ്രഹം രോഗങ്ങളിൽ നിന്നുള്ള സൗഖ്യത്തിന്റെ രൂപത്തിൽ മനുഷ്യർക്ക് ലഭിക്കുന്നു. ഇവിടെ നാം കണ്ട രണ്ട് അത്ഭുതങ്ങളിലും വിശ്വാസത്തിന്റെ ആവശ്യവും പ്രാധാന്യവുമാണ് കാണുന്നത്.

## 9. സീറോ – ഫിനേഷ്യൻ സ്ത്രീയുടെ വിശ്വാസം

വി. മർക്കോസ് 7/24-30.

യഹൂദർ വിജാതിയരെ അശുദ്ധരായി കരുതിയിരുന്നവരാണ്. വിജാതിയയായ ഒരു സീറോ-ഫിനേഷ്യൻ സ്ത്രീയുമായി യേശു സംവാദത്തിലേർപ്പെടുന്നു. അവളുടെ മനോഭാവവും, വിശ്വാസവും പരിഗണിച്ച് അവളുടെ മകളെ പിശാചുബാധയിൽ നിന്നു മോചിപ്പിക്കുന്നു. യഹൂദരുടെ നാടായിരുന്ന ഗലീലിയിൽ നിന്ന് വിജാതിയരുടെ നാടായ ടയറിലേക്കാണ് യേശു ശിഷ്യർക്കൊപ്പം പോയത്. ഇന്നത്തെ ലെബനോണിലാണ് ഈ സ്ഥലം. പേര് പറയാത്ത ഒരു അതിഥിയുടെ ഭവനത്തിൽ ആരുമറിയാതെ കഴിയുവാനാണ് യേശു എത്തിയത്. എന്നാൽ യേശുവിന്റെ സാന്നിധ്യം തേടി വിജാതിയർ എത്തിയെന്നും സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നു.

ഈ സംഭവത്തിന്റെ ഭൂമിശാസ്ത്രപരമായ പശ്ചാത്തലം നോക്കുമ്പോൾ യേശു പ്രവർത്തിച്ച ഈ അത്ഭുതം വിജാതിയ നഗരങ്ങളായ സോർ, സീദോൻ പ്രദേശത്തായിരുന്നു. യഹൂദരുടെ ആചാരമര്യാദകളനുസരിച്ച് അവർ വിജാതിയരുടെ ഭവനങ്ങളിൽ പ്രവേശിക്കുകയോ അവരോടൊപ്പം ഭക്ഷണം കഴിക്കുകയോ ചെയ്യുകയില്ലായിരുന്നു. യേശു യഹൂദരീതികൾക്കെതിരെയാണ് ഈ പ്രദേശങ്ങളിൽ വർത്തിക്കുന്നത്. ഇവിടെ നാം കാണുന്ന സ്ത്രീ ഒരു ഗ്രീക്കുകാരിയും, സീറോ - ഫിനേഷ്യൻ വംശജയുമായിരുന്നു. സംസ്കാരത്തിൽ ഗ്രീക്കുകാരിയായിരുന്ന ആ സ്ത്രീ ജനിച്ചതും വളർന്നതും സിറിയാ - ഫിനിഷ്യ പ്രദേശത്തായിരുന്നു.

ഈ സുവിശേഷ ഭാഗത്ത് കാണുന്ന രണ്ട് പ്രധാനപ്പെട്ട പദങ്ങളാണ് മക്കൾ, നായ്ക്കൾ. യഹൂദർ തങ്ങളെ മാത്രം ദൈവജനമായും മറ്റുള്ളവരെയെല്ലാം താഴ്ന്ന ജാതിക്കാരായും കണ്ടിരുന്നു. ദൈവത്തിന്റെ പ്രത്യേക പരിഗണന തങ്ങൾക്കുണ്ടെന്നും, വിജാ

www.malankaralibrary.com



തിയർക്ക് ദൈവത്തിന്റെ പരിരക്ഷ ലഭിക്കുകയില്ലെന്നും യഹൂദർ കരുതി. ഈ അർത്ഥത്തിലാണ് മക്കൾ – നായ്ക്കൾ എന്ന പദങ്ങൾ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. വിജാതിയായ ഈ സ്ത്രീ യേശുവിന്റെ കാൽക്കൽ വീണത് എളിമയുടെ ഒരടയാളമാണ്. അപേക്ഷ സ്വീകരിക്കണമെന്നവൾ പറഞ്ഞത് അഭ്യർത്ഥനയാണ്. മറ്റൊരു മാർഗവും ഇല്ലാതിരുന്നതുകൊണ്ടാണ് ഈ വിജാതിയ സ്ത്രീ യേശുവിന്റെ പക്കൽ വന്നത്. ഈ വചന ഭാഗത്തെ അകലെ നിന്ന് സൗഖ്യപ്പെടുത്തുന്ന വിവരണം എന്നു വിളിക്കുന്നു.

ഒരു വിജാതിയ സ്ത്രീയുടെ വിശ്വാസം മൂലം ദൈവകരുണ വിജാതിയർക്കും ലഭിക്കുന്ന ഒരു സംഭവം ഇവിടെ വിവരിക്കുകയാണ്. മലകളെ ഇളക്കിമാറ്റാൻ പോലും വിശ്വാസത്തിനു കഴിയുമെന്നു പഠിപ്പിച്ച യേശു അങ്ങനെയുള്ള ഒരു വിശ്വാസത്തിന് പ്രതിഫലം നൽകുന്നതാണ് ഇവിടെ പ്രസക്തമായിട്ടുള്ളത്. തടസങ്ങൾ കൊണ്ട് അടഞ്ഞുകിടന്ന വാതിൽ തുറന്നാണ് വിജാതിയ സ്ത്രീ തന്റെ ഉദ്ദിഷ്ട കാര്യം സാധിച്ചെടുത്തത്. യേശു തനിച്ചിരിക്കുവാനും, ജനക്കൂട്ടത്തിൽ നിന്നുമാറി അൽപം വിശ്രമിക്കുവാനും ആഗ്രഹിക്കുകയും ചെയ്തിരുന്നു. പക്ഷേ യേശുവിന് ജനങ്ങളിൽ നിന്ന് അറിയപ്പെടാതെ മറഞ്ഞിരിക്കുവാനോ, വിശ്രമിക്കുവാനോ കഴിഞ്ഞില്ല. അതുകൊണ്ടാണ് യേശു യഹൂദർ അധികമില്ലാത്ത ഒരു വിജാതിയ സ്ഥലം തെരഞ്ഞെടുത്ത് യഥാർത്ഥത്തിൽ യേശു അങ്ങോട്ട് പോയത് വിശ്രമത്തിനായിരുന്നു.

പിശാചുബാധിച്ചിരുന്ന തന്റെ മകളുടെ മോചനവും, സൗഖ്യവും പ്രതീക്ഷിച്ചാണ് അവൾ യേശുവിനോട് യാചിക്കുന്നത്. ഗലീലിയിൽ ചുറ്റി സഞ്ചരിച്ചിരുന്ന യേശു ധാരാളം പേർക്ക് സൗഖ്യം നൽകിയതിനെപ്പറ്റി അവൾ അറിഞ്ഞിരുന്നു. വിജാതിയരുടെ നാട്ടിലും യേശു അറിയപ്പെട്ടിരുന്നു. യേശുവിന്റെ അത്ഭുത ശക്തി കേട്ടറിഞ്ഞ വിജാതിയ സ്ത്രീ യേശുവിന്റെ കാൽക്കൽ വീണ് തന്റെ അപേക്ഷ സമർപ്പിക്കുകയാണ്. തന്റെ മകളിൽ നിന്ന് പിശാചിനെ പുറത്താക്കി. സൗഖ്യപ്പെടുത്തണമെന്ന് അവൾ യേശുവിനോട് ആവശ്യപ്പെടുന്നു.

യേശുവിന്റെ പ്രതികരണം വ്യാഖ്യാനിക്കുവാൻ വളരെ പ്രയാസമാണ്. നായ്ക്കൾ എന്ന വാക്ക് യേശു ഉപയോഗിച്ചത് വലിയ ഉതപ്പായി പലരും കാണുന്നു. യേശു എന്തുകൊണ്ടാണ് യഹൂദരെ

www.malankaralibrary.com



മക്കളെന്നും, വിജാതിയരെ നായ്ക്കൾ എന്നും വിളിച്ചതെന്നതാണ് അടുത്ത പ്രശ്നം. മക്കൾ ആദ്യമേ തൃപ്തരാകട്ടെ എന്ന് യേശു പറഞ്ഞതിന്റെ അർത്ഥം ദൈവാനുഗ്രഹം ഇസ്രായേൽക്കാർക്കു മാത്രം അവകാശപ്പെട്ടതല്ലയെന്നാണ്. യേശു യഹൂദരെ മക്കളായും വിജാതിയരെ നായ്ക്കളായുമാണ് താരതമ്യം ചെയ്യുന്നത്. എറിഞ്ഞുകൊടുക്കുക എന്ന പദം കൊണ്ട് യേശു അർത്ഥമാക്കിയത് പുറത്ത് കാത്തുകിടക്കുന്ന നായ്ക്കൾക്ക് വീടിനുള്ളിൽ നിന്ന് അപ്പം എറിഞ്ഞു കൊടുക്കുന്നതിനെയാണ്. യഹൂദർ തങ്ങളെ ദൈവത്തിന്റെ മക്കളെന്നും വിജാതിയരെ നായ്ക്കളെന്നും വിശേഷിപ്പിച്ചിരുന്നു. ഈ പൊതു സംസ്കാര രീതിയായിരിക്കാം യേശു ഉപയോഗിച്ചത്. മക്കൾ ഭക്ഷിച്ചു തൃപ്തരായ ശേഷമാണ് സാധാരണയായി നായ്ക്കൾക്ക് ഭക്ഷണം കൊടുക്കാറുള്ളത്. അതുപോലെ മക്കളെ തീറ്റി തൃപ്തിപ്പെടുത്തിയ ശേഷം മറ്റുള്ളവരെ സഹായിക്കാം എന്നായിരിക്കാം യേശു ഉദ്ദേശിച്ചത്.

യഹൂദർ വിജാതിയരെ നായ്ക്കൾ എന്നു വിളിക്കുമ്പോൾ അധിക്ഷേപമായിട്ട് പരിഗണിക്കാം. യേശുവിന്റെ വാക്കുകൾ ആ സ്ത്രീക്കും അധിക്ഷേപമായിട്ട് പരിഗണിക്കാം. യേശുവിന്റെ വാക്കുകൾ ആ സ്ത്രീക്കും അധിക്ഷേപമായിത്തോന്നിയോ എന്നതാണ് പ്രശ്നം. യേശു ഉദ്ദേശിച്ചതു വീടിനുള്ളിൽ സ്നേഹത്തോടെ വളർത്തുകയും, താലോലിക്കുകയും ചെയ്യുന്ന നായ്ക്കളെ (Pet Dogs) ആണെന്ന് ചിലർ വാദിക്കുന്നു. എന്നാൽ മടിയിലിരുത്തുന്ന നായക്ക് അപ്പം എറിഞ്ഞു കൊടുക്കേണ്ട കാര്യമില്ലാത്തതിനാൽ അവരുടെ വാദം അംഗീകരിക്കാൻ കഴിയുകയില്ല.

യേശു ഭവനത്തിനു പുറത്തുകിടക്കുന്ന നായ്ക്കളെയാണ് എറിഞ്ഞുകൊടുക്കുക എന്ന ക്രിയാപദം വഴി ഉദ്ദേശിച്ചത്. എന്നാൽ ആ സ്ത്രീ വീടിനുള്ളിൽ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ പെറുക്കി തിന്നുന്നതും വീട്ടിലുള്ളവർ താൽപര്യമായി വളർത്തുന്നതുമായ നായ്ക്കളെ ചൂണ്ടിക്കാണിച്ചുകൊണ്ട് തന്നെയും മക്കളെയും അക്കൂട്ടത്തിൽപ്പെടുത്തണമെന്ന് അപേക്ഷിച്ചത്. യഹൂദമക്കളെ തീറ്റുന്നതിനിടയിൽ ചെറിയ അപ്പക്കഷണങ്ങൾക്ക് അർഹതയുണ്ടെന്ന് ആ സ്ത്രീ യേശുവിനെ ഓർമിപ്പിക്കുന്നു. യേശുവിന്റെ പ്രസ്താവന അധിക്ഷേപമായി കണക്കാക്കാതെ അവിടുത്തെ പക്കൽ നിന്ന് അപ്പക്കഷണങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്ന ഒരു

www.malankaralibrary.com



വ്യക്തിയായി ഈ സ്ത്രീയെ നമുക്ക് കാണാം. മക്കളെ തീറ്റിക്കൊണ്ടിരിക്കുമ്പോൾത്തന്നെ തങ്ങളേയും തീറ്റാമെന്ന് സ്ഥാപിക്കുന്ന വിജാതിയ സ്ത്രീയുടെ നിശ്ചയദാർഢ്യവും വിശ്വാസവും യേശുവിന്റെ മനസ്സ് മാറ്റി. സമയമായിട്ടില്ല എന്ന് പറഞ്ഞ് സ്ത്രീയുടെ അഭ്യർത്ഥന ആദ്യം നിരസിച്ചുവെങ്കിലും അവസാനം തീരുമാനം മാറ്റി അവളുടെ മകളിൽ നിന്ന് പിശാചിനെ ഒഴിവാക്കി സൗഖ്യം കൊടുത്തു. കാനായിലെ കല്യാണ വിരുന്നിലും യേശു തന്റെ അമ്മയോട് സമയം ഇനിയും ആയിട്ടില്ല എന്ന് പറഞ്ഞെങ്കിലും പിന്നീട് അക്കാര്യം സാധിച്ചു കൊടുത്തതുപോലെ ഇവിടെയും ആദ്യം നിഷേധിച്ച ശേഷം പിന്നീട് അപേക്ഷ സാധിച്ചു കൊടുത്തു.

വിശ്വാസവും ബോധ്യവുമാണ് വിജാതിയ സ്ത്രീയുടെ വിജയ രഹസ്യം. സൗഖ്യം അപേക്ഷിക്കുന്ന വ്യക്തിയുടെ ആഴമായ വിശ്വാസം കണ്ടിട്ടാണ് വീട്ടിലേക്കു മടങ്ങുക എന്ന് യേശു അവളോട് പറഞ്ഞത്. ദൈവത്തിന്റെ അനുഗ്രഹം ലോകത്തിലെ ഒരു ജനതക്കു മാത്രമല്ല. അതു ലഭിക്കാൻ എല്ലാ ജനതക്കും അർഹതയും, അവകാശവുമുണ്ട്. യഹൂദർ മറ്റു ജനതകളെ തള്ളിപ്പറഞ്ഞതുപോലെ ക്രൈസ്തവർ മറ്റുള്ളവരെ തങ്ങളെക്കാൾ മോശക്കാരായി കാണുകയോ, ദൈവാനുഗ്രഹം തങ്ങൾക്കു മാത്രം അവകാശപ്പെട്ടതാണെന്നു കരുതുകയോ ചെയ്യരുത്. ചുങ്കക്കാരും, വേശ്യകളും തങ്ങൾക്കു മുമ്പേ സ്വർഗരാജ്യത്തിൽ പ്രവേശിക്കും എന്നു പറഞ്ഞ യേശുവിന്റെ വാക്കുകൾ ഇതേ കാര്യം തന്നെയാണ് നമ്മെ പഠിപ്പിക്കുന്നത്.

“സീറോ – ഫിനേഷ്യൻ സ്ത്രീയെപ്പറ്റി നിങ്ങൾ കേട്ടിട്ടില്ലേ? സ്ഥിരതയോടുകൂടിയ യാചനവഴി അവൾ കർത്താവിന്റെ കരുണ സമ്പാദിച്ചു.” – വി. ജോൺ ക്രിസോസ്റ്റം

“അവളുടെ വാക്കുകളാൽ അവൾ ഇസ്രായേലിനെ മഹത്വപ്പെടുത്തി. “നായ്ക്കൾ പോലും അവരുടെ യജമാനന്റെ അപ്പക്കഷണങ്ങൾ ഭക്ഷിക്കുന്നു. ഇതു കേട്ടാൽ യഹൂദർ വിജാതിയരുടെ യജമാനന്മാരാണെന്ന് തോന്നിപ്പോകും. ശിഷ്യൻ അവിടുത്തെ സമീപിച്ച് അവളെ പറഞ്ഞയക്കാൻ അഭ്യർത്ഥിച്ചു. നായ്ക്കൾ എന്ന പേര് വിളിച്ചതിൽ അവൾ ലജ്ജിച്ചില്ല. അതവൾക്ക് ഉപകാരമായി. അതിനാൽ അവിടുന്നു പറഞ്ഞു. “സ്ത്രീയെ നിന്റെ വിശ്വാസം വലുതാണ്.” വി. അഫ്രേം

www.malankaralibrary.com



# 10. ബധിരനെ സുഖപ്പെടുത്തുന്നു.

വി. മർക്കോസ് 7/31-37.

വി. മർക്കോസിന്റെ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന ഒരത്ഭുതമാണിത്. വിജാതിയരുടെ പ്രദേശങ്ങളിലൂടെ യേശു സഞ്ചരിച്ച ശേഷമാണ് ദശഗ്രാമങ്ങളുടെ അതിർത്തിക്കുള്ളിൽ എത്തിയത്. വിജാതിയരുടെ ഇടയിലെ പ്രേഷിതയാത്ര ആദിമസഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ മുന്നോടിയായി ഇവിടെ അവതരിപ്പിക്കുന്നു. കുറേപ്പേർ കൂടി ബധിരനും മൂകനുമായ ഒരാളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അത്ഭുതം കാണാമെന്ന പ്രതീക്ഷയിൽ ജനം വന്നുകൂടി. അശുദ്ധമായ ഭക്ഷണം ഇല്ലാത്തതുപോലെ അശുദ്ധരായ മനുഷ്യരുമില്ല എന്നു പ്രഖ്യാപിക്കാൻ വിജാതിയരുടെ പ്രദേശങ്ങളിൽ യേശു സഞ്ചരിച്ചു. ഇതൊരു രോഗശാന്തി വിവരണമാണ്. രോഗിയെ കൊണ്ടുവന്ന് സൗഖ്യത്തിനുവേണ്ടി അഭ്യർത്ഥിക്കുന്നു. രോഗിയുടെ സൗഖ്യം ഉടനെ നടക്കുന്നു. അതുകണ്ടവർ ആശ്ചര്യപ്പെടുന്നു. താൻ ചെയ്ത അത്ഭുതം പരസ്യപ്പെടുത്തരുതെന്ന് യേശു കൽപിച്ചു. പക്ഷെ അത് പാലിക്കപ്പെട്ടില്ല.

തെക്കോട്ടു യാത്ര ചെയ്ത് ഗലീലിയിൽ എത്തേണ്ട യേശു പോയത് വടക്കോട്ടാണ്. അവിടെ ഗലീലിയുടെ കിഴക്കേ തീരത്ത് ദശഗ്രാമങ്ങളിൽപ്പെട്ട സ്ഥലം ലക്ഷ്യമാക്കി യേശു യാത്ര ചെയ്തു. ഈ യാത്രക്കിടെ യേശു പഠിപ്പിക്കുകയോ പ്രഘോഷിക്കുകയോ രോഗികൾക്കു സൗഖ്യം നൽകുകയോ ചെയ്തതായി മർക്കോസ് സുവിശേഷകൻ പറയുന്നില്ല. അതിനാൽ ഈ യാത്ര വിജാതിയരുടെ ഇടയിലുള്ള യേശുവിന്റെ പ്രേഷിത യാത്രയായി വ്യാഖ്യാതാക്കൾ പരിഗണിക്കുന്നില്ല.

എവിടെ വച്ചാണ്, ആരാണ് എപ്പോഴാണ് സൗഖ്യം ആവശ്യമുള്ള വ്യക്തിയെ യേശുവിന്റെ പക്കൽ കൊണ്ടുവന്നതെന്ന് വചനഭാഗം വിവരിക്കുന്നില്ല. ദശഗ്രാമങ്ങളുടെ മദ്ധ്യത്തിലുള്ള ഒരു സ്ഥലത്ത് വിജാതീയനായ ഒരാളെ വിജാതിയർ തന്നെ യേശുവിന്റെ മുമ്പിൽ കൊണ്ടുവന്നതാണ് എന്നാണ് വ്യാഖ്യാതാക്കൾ കരുതുന്നത്. ബധിരനും, ശരിയായി സംസാരിക്കാൻ കഴിയാത്തവനുമായ

www.malankaralibrary.com



ഒരാൾ എന്ന വളരെ അപൂർവ്വമായ പദമാണ് സുവിശേഷകൻ ഉപ യോഗിച്ചിരിക്കുന്നത്. ജനനം മുതൽ ബധിരനും മൂകനുമായ ഒരാ ളായിരുന്നില്ല ഇയാളെന്നും രോഗം മൂലമോ അപകടം വഴിയോ കേൾവി നഷ്ടപ്പെടുകയും ശരിയായി സംസാരിക്കാൻ കഴിയാതെ വരികയും ചെയ്തതായിരിക്കാമെന്നും അഭിപ്രായമുണ്ട്. യഹൂദ രീതിയനുസരിച്ച് മറ്റുള്ളവരെ അനുഗ്രഹിക്കുന്നത് അവരുടെമേൽ കൈകൾ വച്ചുകൊണ്ടായിരുന്നു. ഈ രീതി അറിയുന്നവരാണ് യേശുവിനോട് രോഗിയുടെ മേൽ കൈവച്ച് അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുന്നത്. രോഗിയെ സൗഖ്യമാക്കണമെന്ന് അവർ ആവ ശ്യപ്പെടുന്നില്ല. മിക്കപ്പോഴും ഒരു വാക്കുകൊണ്ട് രോഗികൾക്കു സൗഖ്യം പ്രദാനം ചെയ്യുന്ന യേശു ഇവിടെ പല പ്രവൃത്തികൾ ചെയ്ത ശേഷം അവസാനം സൗഖ്യത്തിനുള്ള കൽപന പുറപ്പെ ടുവിക്കുന്നു.

→ ജനക്കൂട്ടത്തിൽ നിന്ന് രോഗിയെ രഹസ്യത്തിൽ മാറ്റി നിർത്തി.

→ അയാളുടെ ചെവിയിൽ യേശു തന്റെ വിരലുകൾ ഇട്ടു.

→ തുപ്പലുകൊണ്ട് യേശു അയാളുടെ നാവിൽ സ്പർശിച്ചു.

→ സ്വർഗത്തിലേക്ക് കണ്ണുകളുയർത്തി

→ യേശു നെടുവീർപ്പിട്ടു

→ അവിടുന്ന് “എഫ്ഫാത്ത”, തുറക്കപ്പെടട്ടെ എന്നു പറഞ്ഞു.

സൗഖ്യം പ്രാപിക്കേണ്ട രോഗിയുടെ പ്രവർത്തിക്കാത്ത ശരീര ഭാഗങ്ങളെ സ്പർശിച്ച് യേശു അവയെ പ്രവർത്തനക്ഷമമാക്കുന്നു. യേശുവിനെ സ്പർശിച്ചിട്ടോ, യേശു സ്പർശിച്ചിട്ടോ ആളുകൾക്ക് സൗഖ്യം ലഭിച്ചിരുന്നു. അശുദ്ധിയുടെ നിയമം വകവയ്ക്കാതെ മരി ച്ചയാളെ സ്പർശിച്ചുകൊണ്ടും കുഷ്ഠരോഗിയെ തൊട്ടുകൊണ്ടും യേശു അവരെ സുഖപ്പെടുത്തിയിട്ടുണ്ട്. യേശു സ്വർഗത്തിലേക്ക് നോക്കുന്നത് പ്രാർത്ഥനയുടെ പ്രതീകമാണ്. നെടുവീർപ്പിടുന്നത് രോഗശാന്തി നൽകുന്നതിന്റെ ഭാഗമാണ്. പ്രതീകാത്മക പ്രവൃത്തി കളുടെ അവസാനം യേശു തന്റെ കൽപനയിലൂടെയാണ് സൗഖ്യം നൽകുന്നത്. എഫ്ഫാത്ത എന്ന് യേശു പറഞ്ഞു തുറക്കപ്പെടട്ടെ എന്നാണർത്ഥം. യേശു കൽപന കൊടുത്തയുടനെ തന്നെ അയാ ളുടെ നാവിന്റെ കെട്ടഴിയുകയും ചെവികൾ തുറക്കപ്പെടുകയും, അയാൾ നന്നായി സംസാരിക്കുകയും ചെയ്തു.

www.malankaralibrary.com



ഇവിടെയും താൻ പ്രവർത്തിച്ച അത്ഭുതത്തെപ്പറ്റി ആരോടും പറയരുതെന്ന് യേശു കൽപിച്ചു. എന്നാൽ അവർ വളരെ തീക്ഷ്ണതയോടെ അക്കാര്യം പ്രഘോഷിച്ചു. യേശു ചെയ്ത ഈ അത്ഭുതം കണ്ട ജനം അത്യധികം ആശ്ചര്യപ്പെട്ടു. യേശുവിന്റെ പ്രവൃത്തികളെല്ലാം ദൈവരാജ്യാഗമനത്തിന്റെ അടയാളങ്ങളായിരുന്നു. ജനങ്ങൾ ഇവിടെ അത്ഭുതം കണ്ട് ആശ്ചര്യപ്പെടാൻ കാരണം അവർ ഇങ്ങനെയൊരത്ഭുതം പ്രതീക്ഷിച്ചിരുന്നില്ല എന്നതാണ്. അവരുടെ കൺമുമ്പിൽ നടന്നത് അവരുടെ ചിന്തകൾക്കപ്പുറമായിരുന്നു. അവർ യേശുവിനെ പുകഴ്ത്തി. ഒരിക്കലും ദൈവവചനം കേൾക്കാൻ കഴിയാതിരുന്ന ഒരാൾക്ക് അതു കേൾക്കുവാനും ദൈവത്തെ സ്തുതിക്കാൻ കഴിയാതിരുന്ന ഒരാൾക്ക് ദൈവസ്തുതികൾ പാടുവാനും സാധിച്ചുവെന്നതാണ് ഈ അത്ഭുതം നമ്മെ പഠിപ്പിക്കുന്നത്.

## 11. അന്ധനു കാഴ്ച

വി. മർക്കോസ് 8/22-26.

വി. മർക്കോസിന്റെ സുവിശേഷത്തിൽ മാത്രമുള്ള ഒരു വചനഭാഗമാണിത്. രണ്ടു ഘട്ടങ്ങളിലായി രണ്ടു പ്രവൃത്തികളിലൂടെയാണ് യേശു ബെദ്സദായിലെ അന്ധനായ മനുഷ്യന് കാഴ്ച നൽകുന്നത്. ഗലീലി തടാകത്തിന്റെ വടക്കുകിഴക്കൻ ഭാഗത്തായി സ്ഥിതി ചെയ്തിരുന്ന പട്ടണമാണ് ബെദ്സെയ്ദ. ഫിലിപ്പ് രാജാവ് ഭരിച്ചിരുന്ന പ്രദേശത്തെ ഗൗലാനിറ്റിസ് ജില്ലയുടെ തലസ്ഥാനം കൂടിയായിരുന്നു ഇത്. രണ്ട് ഘട്ടങ്ങളിലായുള്ള കാഴ്ച നൽകൽ യേശു തന്റെ ശിഷ്യന്മാരെ ഘട്ടംഘട്ടമായി പഠിപ്പിക്കുന്നതിന്റെ പ്രതീകമായിട്ടും വീക്ഷിക്കുന്നുണ്ട്. യേശു അന്ധനെ സുഖപ്പെടുത്താൻ ശ്രമിക്കുമ്പോൾ ആദ്യഘട്ടത്തിൽ അയാൾ അവ്യക്തമായും തെറ്റായിട്ടുമാണ് കാണുന്നത്. അതുപോലെ യേശുവിന്റെ അദ്ധ്യാപനത്തിനു ശേഷവും യേശുവിന്റെ ശിഷ്യന്മാർ അവ്യക്തമായും തെറ്റായിട്ടുമാണ് യേശുവിനെ കാണുന്നത്. പീഢാനുഭവ വേളയിലും, ഉത്ഥാന വേളയിലും അവരുടെ ഈ അവ്യക്തത തുടർന്നു. യേശു പരിശുദ്ധാത്മാവിനെ അവരുടെ മേൽ അയച്ചതിനു ശേഷമാണ് യേശു ആരാണെന്ന് അവർ വ്യക്തമായി മനസ്സിലാക്കിയത്. രണ്ടു

www.malankaralibrary.com



ഘട്ടങ്ങളിലായി കാഴ്ച പ്രാപിച്ച അന്ധൻ ഘട്ടംഘട്ടമായി യേശു ആരാണെന്ന് മനസ്സിലാക്കിയ ശിഷ്യരുടെ പ്രതീകമാണ്.

സൗഖ്യവിവരണ ശൈലിയാണ് ഈ വചന ഭാഗത്തിനുള്ളത്. മാന്ത്രികാ വിദ്യാചേഷ്ടകളെന്നു തോന്നിപ്പിക്കാവുന്ന ചില കാര്യങ്ങൾ യേശു ഇവിടെ ചെയ്യുന്നു. മറ്റു സൗഖ്യ വിവരണങ്ങളിൽ പലതിലും ഉള്ളതുപോലെ സൗഖ്യം പരസ്യപ്പെടുത്തരുതെന്ന നിർദേശം ഇവിടെയും ഉണ്ട്. ചില വ്യാഖ്യാതാക്കൾ ഈ വചന ഭാഗത്തെ അഭിനയിച്ചു കാട്ടിയ ഉപമ എന്നും വിളിക്കാറുണ്ട്.

ഈ അത്ഭുത സൗഖ്യം നടക്കുന്നത് ബെദ്സയ്ദായിലാണ്. ശിഷ്യരായ ഫിലിപ്പിന്റെയും, പത്രോസിന്റെയും അന്ത്രയോസിന്റെയും ഗ്രാമമായിരുന്നു ബെദ്സെയ്ദ. അവിടെ യഹൂദരല്ലാത്ത ഗ്രീക്കുകാരും, പുറജാതിക്കാരും ഉണ്ടായിരുന്നു. ഫിലിപ്പ് രാജാവ് പണികഴിപ്പിച്ച രണ്ട് പട്ടണങ്ങളായിരുന്നു. കേസറിയ ഫിലിപ്പിയും, ബെദ്സെയ്ദായും. ഇവ രണ്ടിനും അന്നത്തെ റോമൻ ചക്രവർത്തിയുമായി ബന്ധപ്പെട്ട പേരുകൾ ചേർത്ത് ഫിലിപ്പ് തന്റെ മേലധികാരിയെ സന്തോഷിപ്പിക്കുവാൻ ശ്രമിച്ചു. സീസർ അഗസ്റ്റസ് ചക്രവർത്തിയുടെ പുത്രിയായ ജൂലിയായുടെ പേര് ബെദ്സെയ്ദായോടു ചേർക്കുകയും വടക്കൻ പ്രദേശത്ത് പുതുതായി നിർമ്മിച്ച പട്ടണത്തിന് കേസറിയ ഫിലിപ്പി എന്ന് പേരിടുകയും ചെയ്തു. ശാപഗ്രസ്തമായ ഒരു പട്ടണമായിട്ടാണ് വി. മത്തായിയും (11/12) വി.ലൂക്കായും (10/13) അവതരിപ്പിക്കുന്നത്.

തങ്ങളുടെ സ്ഥലത്ത് യേശുവിനെ കണ്ടപ്പോൾ അവിടെയുള്ളവർ അന്ധനായ ഒരു മനുഷ്യനെ യേശുവിന്റെ അടുക്കൽ കൊണ്ടുവരികയാണ്. അന്ധനായ അയാൾക്ക് കാഴ്ച കൊടുക്കണം എന്ന് അപേക്ഷിക്കുന്നതിനു പകരം യേശു അയാളെ സ്പർശിക്കണമെന്നാണ് അവർ യേശുവിനോട് അഭ്യർത്ഥിക്കുന്നത്. സാധാരണ യേശു നൽകുന്ന രോഗസൗഖ്യങ്ങൾ പരസ്യമായി എല്ലാവരുടെയും മുമ്പിൽ വച്ചായിരുന്നു. യേശുവിന്റെ ഒരു വാക്കുമാത്രമായിരുന്നു ആ സൗഖ്യങ്ങൾക്ക് ആവശ്യമായിരുന്നത്. എന്നാൽ അവയിൽ നിന്നു വ്യത്യസ്തമായി യേശു രണ്ടുതവണ സൗഖ്യം ആവശ്യമുള്ളയാളെ പൊതുവേദിയിൽ നിന്ന് മാറ്റിക്കൊണ്ടുപോയി സൗഖ്യം നൽകുന്നു. എന്തിനായിരുന്നു യേശു ഇങ്ങനെ ചെയ്തതെന്ന് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. യേശു സൗഖ്യമാക്കുന്ന രീതി

www.malankaralibrary.com



മറ്റുള്ളവർ കാണാതിരിക്കുവാൻ വേണ്ടിയായിരിക്കാം. ഘട്ടംഘട്ട മായി നടക്കുന്ന സൗഖ്യം ശിഷ്യരിൽ ഘട്ടങ്ങളായി യേശുവിനെ പ്പറ്റി ഉണ്ടാകുന്ന അറിവിനെയാണ് സൂചിപ്പിക്കുന്നത്. ജനക്കൂട്ടത്തിൽ നിന്നുമാറ്റി ശിഷ്യരെ തന്നോടൊപ്പം തനിച്ചാക്കിയ ശേഷം അവരെ പഠിപ്പിക്കുന്നതു പോലെയാണ് യേശു ഇവിടെ പ്രവർത്തിക്കുന്നത്. അഭിനയിച്ചുകാണിക്കുന്ന ഈ ഉപമയിൽ യേശു ചില പ്രതീകാ ത്മക പ്രവൃത്തികൾ ചെയ്യുകയാണ്. അന്ധനായ മനുഷ്യന്റെ കണ്ണിൽ തുപ്പുകയും അയാളുടെ മേൽ കൈകൾ വയ്ക്കുകയും ചെയ്തു. യേശു ചെയ്ത അത്ഭുതങ്ങളിൽ ഈ ഒരവസരത്തിൽ മാത്രമാണ് സൗഖ്യം ആവശ്യപ്പെടുന്ന വ്യക്തിയോട് അത് ലഭിച്ചുവോ എന്ന് യേശു ചോദിക്കുന്നത്. ഭാഗികമായി കാഴ്ച തിരിച്ചുകിട്ടിയ ആ മനുഷ്യൻ മറ്റു മനുഷ്യരെ മരങ്ങളെപ്പോലെ കാണുന്നുണ്ട് എന്ന് മറുപടി നൽകി. അയാൾ ജന്മനാ അന്ധനല്ലായിരുന്നുവെന്നും, മനു ഷ്യരെയും, വൃക്ഷങ്ങളെയും അയാൾ മുമ്പേ കണ്ടിട്ടുണ്ടായിരുന്ന തുകൊണ്ടാണ് ഇങ്ങനെയൊരു മറുപടി നൽകിയതെന്ന് വ്യാഖ്യാ താക്കൾ അഭിപ്രായപ്പെടുന്നു. ഈ ഒരവസരത്തിൽ മാത്രമാണ് യേശു നൽകിയ സൗഖ്യം ആദ്യഘട്ടത്തിൽ തന്നെ പൂർണമാകാ തിരുന്നത്. അതുപോലെ തന്നെ സൗഖ്യം പൂർണമാകുവാൻ യേശു രണ്ടാം പ്രാവശ്യവും രോഗിയുടെ മേൽ കൈകൾ വയ്ക്കുന്നുണ്ട്. യേശു തന്റെ ശിഷ്യരെ വ്യക്തിപരമായി പഠിപ്പിക്കാൻ ശ്രമിച്ചിട്ടും അവർ അന്ധരെയും, ബധിരരെയും പോലെ പെരുമാറുന്നതിനെ യാണ് ഇവിടെ സൂചിപ്പിക്കുന്നത്. അന്ധനായ മനുഷ്യന് യേശു പൂർണ കാഴ്ച നൽകിയതു പോലെ ശിഷ്യർക്കും യേശു ഘട്ടം ഘട്ടമായി പൂർണമായ ഗ്രഹണശക്തി നൽകുമെന്ന സന്ദേശമാണ് ഇവിടെയുള്ളത്. ഈ സൗഖ്യം പരസ്യപ്പെടുത്തരുതെന്ന് യേശു നിർദേശിച്ചു. അയാൾക്കു സ്വന്തം വീട്ടിലേക്കു മടങ്ങിപ്പോകാമെ ങ്കിലും ഗ്രാമ മദ്ധ്യത്തിൽ ചെന്ന് എല്ലാവരെയും തന്റെ അത്ഭുത സിദ്ധി കാണിച്ചുകൊടുത്ത് അവരെ ആശ്ചര്യപ്പെടുത്തരുതെന്നാണ് യേശു ഇവിടെ ഉദ്ദേശിച്ചത്. തന്റെ ഭവനത്തിലേക്കു മടങ്ങുക. എന്നാൽ യേശുവിനെപ്പറ്റി പരസ്യപ്പെടുത്തരുതെന്നാണ് ഇതിന്റെ പൊരുൾ.

www.malankaralibrary.com



**വി. ജറോം** പറയുന്നു,

"ക്രിസ്തു" തന്റെ കൈകൾ അന്ധന്റെ കണ്ണുകളിൽ വച്ചു. അത് അയാൾ എല്ലാം വ്യക്തമായി കാണാൻ വേണ്ടിയായിരുന്നു. കാണപ്പെടുന്ന വസ്തുക്കളിലൂടെ കണ്ണുകണ്ടിട്ടില്ലാത്തതും, കാണപ്പെടാത്തതുമായവയെ കാണുന്നതിനു വേണ്ടിയായിരുന്നു ഇത്. പാപത്തിന്റെ പാട കണ്ണുകളിൽ നിന്നു മാറിക്കഴിയുമ്പോൾ അയാളുടെ ശുദ്ധമായ ഹൃദയത്തിന്റെ കണ്ണുകൾ കൊണ്ട് അയാളുടെ ആത്മാവിന്റെ സ്ഥിതി അയാൾക്കു കാണാൻ കഴിയുന്നതിനു വേണ്ടിയായിരുന്നു ഇത്. നിയമത്തിന്റെ കീഴിൽ സൗഖ്യപ്പെടുത്തുവാൻ കഴിയാത്ത അയാളെ സുവിശേഷത്തിന്റെ കൃപയാൽ സൗഖ്യപ്പെടുത്തി. അയാൾ ഇറങ്ങിപ്പോന്ന ഭവനത്തിലേക്കല്ല തിരിച്ചു പോകേണ്ടത്. "മറിച്ച് അബ്രഹാമിന്റെ ഭവനത്തിലേക്കാണ് അയാൾ തിരികെ പോകേണ്ടത്. കാരണം വിശ്വസിക്കുന്നവരുടെ പിതാവാണ് അബ്രാഹാം".

## 12. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു.

വി. മർക്കോസ് 9/14-29.

വിശ്വാസം എന്ന പ്രമേയമാണ് ഈ ഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്. ആദ്യ പകുതിയിൽ ശിഷ്യരുടെ വിശ്വാസക്കുറവിനെ ചൂണ്ടിക്കാണിക്കുന്നു. രണ്ടാം പകുതിയിൽ രോഗബാധിതനായ കുട്ടിയുടെ പിതാവിന്റെ വിശ്വാസമാണ് അവതരിപ്പിക്കുന്നത്. വിശ്വാസമില്ലാത്ത തലമുറയെ പഴിച്ചുകൊണ്ട് യേശു രോഗബാധിതനായിരുന്ന കുട്ടിയെ സുഖപ്പെടുത്തുന്നു. നോമ്പും, ഉപവാസവും കൊണ്ടു മാത്രമേ പിശാചുക്കളെ പുറത്താക്കാൻ കഴിയുകയുള്ളൂ എന്നും യേശു ഓർമിപ്പിക്കുന്നു.

12 ശിഷ്യരിൽ 9 പേരെ യേശു ദബൂറിയ എന്ന താഴ്വാരത്തിൽ ആക്കിയ ശേഷം 3 ശിഷ്യരെയും കൊണ്ട് താബോർ മലമുകളിലേക്ക് പോയി. അപ്പോൾ അപസ്മാരം ബാധിച്ച ഒരു ബാലനെ കുറെയാളുകൾ 9 ശിഷ്യരുടെ അടുക്കൽ കൊണ്ടുവന്നു. പക്ഷേ 9 ശിഷ്യർക്കും ആ ബാലനെ സുഖപ്പെടുത്താൻ കഴിഞ്ഞില്ല. ഈ സമയത്താണ് യേശുവും മൂന്നു ശിഷ്യന്മാരും മലയിൽ നിന്ന് ഇറങ്ങി വന്നത്. പലപ്പോഴും വിശ്വാസമുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷ

www.malankaralibrary.com



മാണ് യേശു രോഗശാന്തി നൽകിയിരുന്നത്. രോഗിയായ ബാലന്റെ പിതാവ് തന്റെ പുത്രനു വേണ്ടി വിശ്വാസം പരസ്യമായി പ്രകടിപ്പിക്കുകയും തന്റെ വിശ്വാസത്തെ ശക്തിപ്പെടുത്തണമെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്.

രോഗശാന്തി അഥവാ പിശാചു ബഹിഷ്കരണം നടത്താൻ കഴിയാതിരുന്ന ഒൻപതു ശിഷ്യന്മാരെ ഇവിടെ അവതരിപ്പിക്കുന്നു. രോഗശാന്തി നൽകാനും, പിശാചുക്കളെ പുറത്താക്കാനുള്ള അധികാരം യേശു ശിഷ്യർക്ക് നൽകിയിരുന്നതാണ്. യേശു പോയത് 3 ശിഷ്യന്മാരെയും കൂട്ടി താബോർ മലയിലേക്കാണ്. 9 ശിഷ്യന്മാർ തങ്ങിയത് ദബൂറിയ എന്ന താഴ്വരയിലാണ്. യേശു അധികാരം നൽകിയിട്ടും ശിഷ്യർക്ക് അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയാത്തതായി സുവിശേഷങ്ങളിൽ കാണുന്ന ഏക സംഭവമാണിത്. അവർക്ക് അധികാരം ഉണ്ടായിരുന്നുവെങ്കിലും, പ്രാർത്ഥനയുടെയും, ഉപവാസത്തിന്റെയും കുറവുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് യേശു വിശദീകരിക്കുന്നുണ്ട്. ജനക്കൂട്ടത്തിനിടയിൽ വേദപണ്ഡിതരും ഉണ്ടായിരുന്നു. യേശുവിന്റെ ശകാരം പ്രധാനമായും ഇവരെ ഉദ്ദേശിച്ചായിരുന്നുവെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു. യേശു ജനങ്ങളെ വഴിതെറ്റിക്കുന്നു എന്ന പരാതിയിൽ അന്വേഷണം നടത്താൻ സൻഹെദ്രീൻ അയച്ചവരായിരിക്കാം ഈ വേദപണ്ഡിതർ എന്ന് ചിലർ അഭിപ്രായപ്പെടുന്നു. “ഷെമാ ഇസ്രായേൽ” “ഇസ്രായേലേ ശ്രവിച്ചാലും” (നിയമ. 6/4-9) എന്ന പ്രാർത്ഥനയോടൊപ്പം മൂന്നും, തൊണ്ണൂറ്റൊന്നും സങ്കീർത്തനങ്ങൾ ചൊല്ലിയാൽ അശുദ്ധാത്മാക്കളെ പുറത്താക്കാമെന്ന് യഹൂദർ കരുതിയിരുന്നു. യേശുവിന്റെ ശിഷ്യന്മാർ ജനക്കൂട്ടത്തിന്റെ മുമ്പിൽ പരാജയപ്പെട്ട് പരിഹാസ്യരായപ്പോൾ യേശുവിനെ കണ്ട് ആശ്ചര്യത്തോടെ ജനങ്ങൾ അഭിവാദനം ചെയ്തു. സുവിശേഷങ്ങളിൽ മറ്റൊരിടത്തും ജനങ്ങൾ യേശുവിനെ കണ്ടപ്പോൾത്തന്നെ ഓടി വന്ന് അഭിവാദനം ചെയ്തു എന്നു പറയുന്നില്ല. മോശ സീനായ് മലയിൽ നിന്ന് ഇറങ്ങി വന്നപ്പോൾ അദ്ദേഹത്തിന്റെ മുഖം പ്രകാശപൂരിതമായിരുന്നു. അതുപോലെ താബോർ മലയിൽ നിന്ന് ഇറങ്ങിവന്ന യേശുവിന്റെ പ്രകാശപൂരിതമായ മുഖം കണ്ടിട്ടായിരിക്കാം ജനങ്ങൾ ആശ്ചര്യപ്പെട്ടതെന്നും, അഭിവാദനം ചെയ്തതെന്നും ചില വ്യാഖ്യാതാക്കൾ കരുതുന്നു. യേശു നിങ്ങൾ എന്താണ് അവരോട് തർക്കിക്കുന്നതെന്ന്

www.malankaralibrary.com



ചോദിച്ചു. ചോദ്യം ആരോടാണെന്ന് ഇവിടെ വ്യക്തമല്ല. അപ്പോൾ രോഗിയായ മകന്റെ പിതാവ് യേശുവിനെ ഗുരോ എന്ന് അഭിസം ബോധന ചെയ്തുകൊണ്ട് തന്റെ മകന്റെ രോഗവിവരം യേശുവിനെ അറിയിച്ചു. കുട്ടിയുടെ രോഗം അപസ്മാരമായിരുന്നു. ഒരു രോഗം പിശാചു ബാധകമല്ലെങ്കിലും പിശാചിന്റെ പ്രവർത്തനം മൂലം ഉണ്ടാ കാം. പിശാചിന്റെ ഇടപെടൽ വഴി രോഗങ്ങൾ ഉണ്ടാകാം. പിശാ ചിനെ പുറത്താക്കി കഴിയുമ്പോൾ രോഗവും ഭേദമാകും. ഇവിടെ ഊമനായ ഒരു അശുദ്ധാത്മാവാണ് കുട്ടിയിൽ പ്രവേശിച്ചിരിക്കു ന്നതെന്ന് കുട്ടിയുടെ പിതാവ് അറിയിക്കുന്നു. ഇവിടെ അപസ്മാര രോഗിയെ സുഖപ്പെടുത്തിയെന്ന് പറഞ്ഞാലും, പിശാചു ബാധി തനെ സുഖമാക്കിയെന്നു പറഞ്ഞാലും രണ്ടും ശരിയാണ്. കുട്ടിയെ സുഖപ്പെടുത്താൻ ശിഷ്യർക്ക് കഴിയാതിരുന്നത് വിശ്വാസത്തിന്റെ കുറവുകൊണ്ടാണ്. വിശ്വാസമില്ലാത്ത തലമുറയെന്നാണ് യേശു വിശേഷിപ്പിക്കുന്നത്. ആരാണ് ഇവരെന്ന് കണ്ടുപിടിക്കേണ്ടിയിരി ക്കുന്നു. യേശുവിന്റെ ദൈവരാജ്യ പ്രഘോഷണവും, പശ്ചാത്തപി ക്കാനുള്ള ക്ഷണവും ശ്രവിച്ചിട്ടും അതിനോടു പ്രതികരിക്കാതെ നിസംഗരായോ ശത്രുക്കളായോ മാറി നിൽക്കുന്നവരാണ് വിശ്വാ സമില്ലാത്ത തലമുറ.

യേശു പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ ആഗമനത്തിൽ വിശ്വ സിക്കാത്തവരെല്ലാം വിശ്വാസമില്ലാത്ത തലമുറയിൽപ്പെട്ടവരാണ്. “എത്രനാൾ ഞാൻ നിങ്ങളെ സഹിക്കും” എന്ന യേശുവിന്റെ വാക്കു കൾ അവരുടെ വിശ്വാസക്കുറവിലുള്ള അവിടുത്തെ ദുഃഖമാണ്. തന്റെ കൂടെയുള്ള ശിഷ്യന്മാർ പോലും തന്നിൽ വിശ്വസിക്കുന്ന തിൽ പരാജയപ്പെടുന്നവരല്ലേ എന്നോർത്തും യേശു വേദനിക്കു ന്നു. കുട്ടിയെ സുഖപ്പെടുത്താൻ കഴിയാതിരുന്ന ശിഷ്യന്മാരും യേശു വിനെ അവിശ്വസിക്കുന്ന വേദപണ്ഡിതരും കുട്ടിയുടെ പിതാവു മെല്ലാം യേശു പഴിക്കുന്ന തലമുറയുടെ ഭാഗങ്ങളായിരുന്നു. ആ കുട്ടിയിൽ പിശാച് ബാധിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഊമനായ അരൂപിയായതിനാൽ അത് ശബ്ദമുയർത്തി എതിർക്കുകയോ പ്രത്യേക യാചന നടത്തുകയോ ചെയ്തില്ല. ആ കുട്ടിയിൽ നിന്ന് ഒഴിവാക്കുന്നതിനു മുമ്പ് ഒരു തവണ കൂടി അവനെ പിശാച് പീഡി പ്പിക്കുകയാണ്. പിശാചിനെ ഒഴിവാക്കുന്നതിനു മുമ്പ് യേശുവും, കുട്ടിയുടെ പിതാവും തമ്മിലുള്ള ഒരു സംഭാഷണമാണ് നാം കാണു

www.malankaralibrary.com



ക. അവിടെ ആ പിതാവിന്റെ യാചന ശ്രദ്ധയാകർഷിക്കുന്നു. സംശയത്തോടെ പൂർണവിശ്വാസമില്ലാതെയുള്ള ഒരു നിവേദനമാണ് അയാൾ യേശുവിന്റെ മുമ്പിൽ വെച്ചത്. ശിഷ്യർക്കു കുട്ടിയെ സുഖപ്പെടുത്താൻ കഴിഞ്ഞില്ല. യേശുവിന് സാധിക്കുമെങ്കിൽ കുട്ടിയെ സുഖമാക്കി ഞങ്ങളെ സഹായിക്കണമേ എന്നാണ് ആ പിതാവ് പറയാതെ പറഞ്ഞത്. കുട്ടിയുടെ പിതാവിന്റെ സംശയത്തോടു കൂടിയുള്ള അപേക്ഷ യേശുവിൽ ഉടനെ പ്രതികരണമുണ്ടാക്കി. സംശയിക്കുന്നവർക്ക് ഒന്നും സാധ്യമാവുകയില്ലെന്നും വിശ്വസിക്കുന്നവർക്ക് എല്ലാം സാധ്യമാവുമെന്നും യേശു അയാളെ ഓർമപ്പെടുത്തുന്നു. യേശുവിന് കഴിയുമോ ഈ രോഗശാന്തി എന്നുള്ളതല്ല ഇവിടുത്തെ പ്രശ്നമെന്നും പകരം കുട്ടിയുടെ പിതാവിന് ഇത് വിശ്വസിക്കുവാൻ കഴിയുമോ എന്നുള്ളതാണ് ഇവിടുത്തെ പ്രധാന കാര്യമെന്നും യേശു ആ പിതാവിന് മനസ്സിലാക്കി കൊടുക്കുവാൻ ശ്രമിക്കുകയാണ്. ഈ വചന ഭാഗത്തെ ഏറ്റവും പ്രധാനപ്പെട്ട വാക്യമാണ് 24-ാം വാക്യം. ആ പിതാവ് പറയുന്നു "എന്റെ അവിശ്വാസം മാറ്റി എന്നെ സഹായിക്കണമെ."

വളരെ പ്രതീക്ഷയോടെ തന്റെ മകനെ യേശുവിന്റെ അടുത്ത് കൊണ്ടുവന്നതായിരുന്നു ആ പിതാവ്. എന്നാൽ ആ സമയത്ത് യേശു അവിടെയില്ലായിരുന്നു. 9 ശിഷ്യന്മാർ കുട്ടിയെ സുഖമാക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. ആ നിരാശയിലിരിക്കുമ്പോഴാണ് യേശു കടന്നുവന്നത്. നഷ്ടമായിക്കൊണ്ടിരിക്കുന്ന ആ പിതാവിന്റെ വിശ്വാസം ശക്തിപ്പെടുത്തണമെന്നും തന്റെ പുത്രനെ സുഖമാക്കണമെന്നുമാണ് അയാൾ യേശുവിനോട് യാചിക്കുന്നത്.

ജനക്കൂട്ടം വരുന്നതിനു മുമ്പ് യേശു പിശാചിനെ പുറത്താക്കി. യേശു ആധികാരികമായി പിശാചിനോട് കൽപ്പിച്ചു. പിശാചിനോട് കുട്ടിയെ വിട്ടുപോകാൻ മാത്രമല്ല ഇനിയൊരിക്കലും അവനിൽ പ്രവേശിക്കരുതെന്നും യേശു കൽപിച്ചു. ഇങ്ങനെയൊരു കൽപന മറ്റവസരങ്ങളിൽ നൽകിയതായി കാണുന്നില്ല. യേശുവിന്റെ കൽപന പിശാച് ഉടൻതന്നെ അനുസരിച്ചു. ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടും അപസ്മാര ലക്ഷണങ്ങൾ പുറത്തുകാണിച്ചുകൊണ്ടും പിശാചു പുറത്തുപോയി. അപ്പോൾ രോഗിയായിരുന്ന കുട്ടി മരിച്ചവനെപ്പോലെ ചലനമറ്റവനായി. ജനങ്ങൾ കുട്ടി മരിച്ചുവെന്ന് കരുതി. എന്നാൽ യേശു ആളുകളുടെ ധാരണ തിരുത്തിക്കൊണ്ട് കുട്ടി

www.malankaralibrary.com



യുടെ കൈയ്ക്ക് പിടിച്ച് എഴുന്നേൽപിച്ചു. കുട്ടി എല്ലാവരുടെയും മുൻപിൽ നിവർന്നു നിന്നു.

പ്രാർത്ഥന വഴി ദൈവത്തിന്റെ അതിരുകളില്ലാത്ത അധികാരത്തിൽ വിശ്വസിച്ചാൽ മാത്രമേ ഇങ്ങനെയുള്ള ദുഷ്ടരൂപികളെ പുറത്താക്കുവാൻ കഴിയുകയുള്ളൂ. വിശ്വാസവും, പ്രാർത്ഥനയുമില്ലാതെ ദുഷ്ടരൂപികളെ പുറത്താക്കാൻ ശ്രമിച്ചതു കൊണ്ടാണ് ശിഷ്യന്മാർ പരാജയപ്പെട്ടത്. ആദിമസഭയിൽ ഉപവാസത്തിന് വലിയ പ്രാധാന്യം നല്കിയിരുന്നു. അതിനാലാകാം പ്രാർത്ഥനയോടുകൂടി ഉപവാസവും കൂടി ചേർത്തത്.

തങ്ങൾക്കു ലഭിച്ച അധികാരം തങ്ങളുടേതായിത്തീർന്നുവെന്നും ദൈവത്തെ ആശ്രയിക്കാതെ തങ്ങളെത്തന്നെ ആശ്രയിച്ചുകൊണ്ട് എപ്പോൾ വേണമെങ്കിലും പിശാചുക്കളെ പുറത്താക്കാൻ അവർക്കു കഴിയുമെന്നും, ശിഷ്യന്മാർ തെറ്റിദ്ധരിച്ചതാണ് അവർ പരാജയപ്പെടാൻ കാരണം. ദൈവത്തിൽ ആശ്രയിക്കാതെ തങ്ങളിൽതന്നെ ആശ്രയിച്ചാൽ വലിയ പരാജയമായിരിക്കാം ഉണ്ടാകുന്നതെന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.

**പീറ്റർ ക്രിസ്‌ലോഗസ്**

“നിലത്തു വീണതു കുട്ടിയായിരുന്നുവെങ്കിലും അവനിലെ പിശാചിനായിരുന്നു ആധി. ഭയം ജനിപ്പിക്കുന്ന വിധം കർത്താവ് കുട്ടിയെ ബാധിച്ചിരുന്ന അരൂപിയെ ശിക്ഷിച്ചുവെങ്കിലും കുട്ടി സംക്ഷോഭിതമാകുക മാത്രമാണ് ചെയ്തത്. തടവിലാക്കപ്പെട്ടവനെ ഒഴിവാക്കി തടവിലാക്കിയവനെ ശിക്ഷിച്ചു. മനുഷ്യ ശരീരത്തിൽ പ്രത്യക്ഷപ്പെട്ട അടയാളങ്ങളിലൂടെ പിശാചിന്റെ ശിക്ഷ വ്യക്തമായി.”

**വി. അഗസ്റ്റിൻ**

“വളർന്നു വരുന്നതും, പൂർണമാകാത്തതുമായ വിശ്വാസമാണ് നാമിവിടെ കാണുന്നത്. എന്റെ വിശ്വാസ കുറവിനെ സഹായിക്കണമെന്ന് ആ കുട്ടിയുടെ പിതാവ് പറഞ്ഞതുകൊണ്ട് അയാളുടെ വിശ്വാസം പൂർണമല്ലെന്ന് വരുന്നു. വിശ്വാസം നഷ്ടപ്പെടുമ്പോൾ പ്രാർത്ഥന പരാജയപ്പെടുന്നു. വിശ്വസിക്കാത്ത ഒന്നിനെപ്പറ്റി ആരാണ് പ്രാർത്ഥിക്കുന്നത്. അതിനാൽ പ്രാർത്ഥിക്കുന്നതിനു വേണ്ടി വിശ്വസിക്കാം. അതുപോലെ ഏതു വിശ്വാസത്തോടെ നാം

www.malankaralibrary.com



പ്രാർത്ഥിക്കുന്നുവോ ആ വിശ്വാസം പതറിപ്പോകാതിരിക്കാനായി നമുക്കു പ്രാർത്ഥിക്കാം."

**വി. തെർത്തുല്യൻ**

"ഭയാനകമായ അശുദ്ധാത്മാക്കളെ നേരിടാനുള്ള ഏറ്റവും അനുയോജ്യമായ ആയുധം ഉപവാസമാണ്. നമ്മുടെ ഉള്ളിൽ പരിശുദ്ധാത്മാവ് വസിച്ചാൽ മാത്രമേ തിന്മയുടെ അരൂപിയെ പുറത്താക്കാൻ കഴിയൂ."

**വി. ജറോം**

"കർത്താവ് തന്റെ ജ്ഞാനസ്നാനത്തെ 40 ദിവസത്തെ ഉപവാസം കൊണ്ട് വിശുദ്ധീകരിച്ചു. ഭീകരമായ അശുദ്ധരൂപികളെ ഉപവാസവും, പ്രാർത്ഥനയും വഴിയല്ലാതെ കീഴടക്കുവാൻ കഴിയില്ല എന്ന് അവിടുന്ന് നമ്മെ പഠിപ്പിച്ചു."

# 13. ബർതിമേയുസിനു കാഴ്ച നൽകുന്നു

വി. മർക്കോസ് 10/46-52.

അന്ധനായ ഒരു മനുഷ്യന് യേശു കാഴ്ച നൽകുന്ന സംഭവം വിവരിച്ചുകൊണ്ട് കണ്ടിട്ടും കാണാതിരിക്കുന്ന കേട്ടിട്ടും കേൾക്കാതെയും ഗ്രഹിക്കാതെയുമിരിക്കുന്ന യേശുവിന്റെ ശിഷ്യന്മാരെ അയാളുമായി താരതമ്യപ്പെടുത്തുകയാണ് സുവിശേഷകൻ. അന്ധനായ ഒരു മനുഷ്യന് യേശുവിന്റെ കാരുണ്യം അനുഭവിക്കാൻ അവസരം കിട്ടുന്നു. അയാൾ ഉടനെ യേശുവിനെ അനുഗമിച്ച് ജറുസലേമിലേക്ക് പോകുന്നു. വി. മർക്കോസിന്റെ സുവിശേഷത്തിലെ അവസാനത്തെ രോഗശാന്തി വിവരണമാണിത്. അന്ധനായ മനുഷ്യൻ കാഴ്ച സ്വീകരിച്ച് വ്യക്തമായി കാണാൻ തുടങ്ങുകയും യേശുവിനെ അനുഗമിക്കുകയും ചെയ്തപ്പോൾ യേശുവിന്റെ ശിഷ്യന്മാർ കാര്യങ്ങൾ ഗ്രഹിക്കുന്നതിൽ പരാജയപ്പെടുന്നതായി സുവിശേഷകൻ അവതരിപ്പിക്കുന്നു.

ഒരു അത്ഭുത വിവരണമായി ആരംഭിച്ച ശേഷം ഒരു വിളി വിവരണമായി മാറുന്ന സാഹിത്യ ശൈലിയാണ് ഇവിടെ കാണുന്നത്. ഈ സാഹിത്യ ശൈലിയുടെ തെളിവാണ് ദാവീദിന്റെ പുത്രാ, റബുനി എന്ന വാക്കുകൾ. സാധാരണ വി. മർക്കോസിന്റെ സുവി

www.malankaralibrary.com



ശേഷത്തിൽ യേശുവിൽ നിന്ന് കൃപയും അനുഗ്രഹവും ലഭിച്ചവരുടെ പേരുകൾ പറയാറില്ല. ജായ്റോസ് മാത്രമാണ് അതിനൊരു അപവാദമായി നിൽക്കുന്നത്. ഇവിടെ അന്ധനായ മനുഷ്യന്റെ പേര് ബർതിമേയൂസ് എന്നാണ്. വി. മത്തായിയും, വി. ലൂക്കായും ഈ പേര് ആവർത്തിക്കുന്നില്ല. ഈ പേര് ഇവിടെ അവതരിപ്പിക്കുന്നതിൽ സുവിശേഷ കർത്താവിന് വ്യക്തിപരവും, അദ്ധ്യാപനപരവുമായ ലക്ഷ്യങ്ങൾ ഉണ്ടെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. സാധാരണ അത്ഭുത വിവരണങ്ങളിലുള്ള കാര്യങ്ങളായ സഹായാഭ്യർത്ഥന. (10/47), വിശ്വാസ പ്രകടനം (10/47, 48b, 51) നിരസിക്കൽ അഥവാ തടസം (10/48a) ഉപദേശം അഥവാ സാന്ത്വനം (10/49) ഉപസംഹാരം (10/52) എന്നിവയെല്ലാം ഈ വചന ഭാഗത്തുണ്ട്. അതുകൊണ്ട് ഇതൊരു അത്ഭുത വിവരണമാകുന്നു.

യേശുവിനെ ജറുസലേമുമായി ബന്ധിപ്പിക്കുന്ന ഏക സംഭവമാണിത്. ജറുസലേമിന് തൊട്ടുമുമ്പുള്ള പട്ടണമാണ് ജെറീക്കോ. ജറുസലേമിൽ യേശുവിനെ സ്വീകരിക്കുന്ന ജനങ്ങളുടെ മുന്നോടിയായി ബർത്തിമേയൂസ് എന്ന ഭിക്ഷക്കാരൻ. ദാവീദിന്റെ പുത്രാ എന്ന് അവിടുത്തെ വിളിച്ചപേക്ഷിക്കുകയാണ്. വി. മർക്കോസിന്റെ സുവിശേഷത്തിലെ അവസാന രോഗശാന്തിയെന്ന നിലയിൽ ജനങ്ങളുടെ മനസിൽ മായാതെ നിൽക്കുന്ന ഓർമ്മ ഈ അത്ഭുത പ്രവർത്തനത്തെയും, ദൈവകൃപയുടെ ദാനത്തെയും കുറിച്ചാണ്. ബർതിമേയൂസ് പേര് ഇവിടെ മാത്രം നൽകിയിരിക്കുന്നു. പലവിധ കാരണങ്ങൾ ഉണ്ടാകാം. കാഴ്ച ലഭിച്ച അന്ധനായ മനുഷ്യനെ വി. മർക്കോസിന് വ്യക്തിപരമായി അറിയാമായിരുന്നു. അതിനാൽ അയാളുടെ പേര് കൂട്ടിച്ചേർത്തു. കാഴ്ച നൽകുന്ന ഈ അത്ഭുത വിവരണം വായനക്കാർക്ക് ഹൃദ്യവും വാസ്തവവുമായി തോന്നാൻ പേര് കൂട്ടിച്ചേർത്തതായിരിക്കാമെന്നും അഭിപ്രായമുണ്ട്. ബർതേമയൂസ് എന്ന അന്ധയാചകൻ ജറീക്കോ പട്ടണത്തിലെ വഴിയരുകിലിരുന്ന് ഭിക്ഷ യാചിക്കുകയായിരുന്നു. യേശു ജറുസലേമിലേക്ക് പോകുമ്പോഴാണ് ജറീക്കോ പട്ടണത്തിൽ ഈ അത്ഭുതം നടക്കുന്നത്.

ബർതമേയുസ് യേശുവിനെപ്പറ്റി നേരത്തെ കേട്ടിട്ടുണ്ടായിരിക്കണം. ഗലീലിയായിൽ യേശു ചെയ്തിരുന്ന അത്ഭുത പ്രവൃത്തികൾ ജറീക്കോ നിവാസികളും അറിഞ്ഞിട്ടുണ്ടാവാം. ശിഷ്യരോടും,

www.malankaralibrary.com



ജനാവലിയോടും ഒപ്പം വന്ന യേശുവിനെ ദൈവാനുഗ്രഹം കിട്ടുവാൻ ഉച്ചത്തിൽ "ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമെന്ന്" വിളിച്ചപേക്ഷിച്ചു. ദാവീദിന്റെ പുത്രാ എന്നത് ബഹുമാനപുരസരമായ ഒരു അഭിസംബോധനയാണ്. യഹൂദരുടെ ഏറ്റവും പേരുകേട്ട രാജാവായിരുന്നു ദാവീദ്. അതേ വംശത്തിൽപ്പെട്ടവർ ഇനിയും വരുമെന്ന് അവർ വിശ്വസിച്ചിരുന്നു. "എന്നിൽ കനിയണമെ' എന്നത് സങ്കീർത്തനങ്ങളിൽ കാണുന്ന പ്രയോഗമാണ്. (സങ്കീ. 4/1, 6/2, 41/4,10, 51/1, 101/26, 123/3).

ഭിക്ഷക്കാർ സാധാരണ ഭിക്ഷ ലഭിക്കാനായിട്ടാണ് വഴിയെ കടന്നുപോകുന്നവരോട് യാചിക്കുന്നത്. ബർതേമയൂസ് നടത്തിയത് അങ്ങനെയൊരു യാചനയല്ല. യേശു അനുകമ്പയുള്ളവനും, ദൈവാനുഗ്രഹം രോഗശാന്തിയുടെ രൂപത്തിൽ നൽകുന്നവനുമാണെന്ന് കേട്ടിരുന്നതുകൊണ്ടാണ് അയാൾ യേശുവിന്റെ കനിവിനായി വിളിച്ചപേക്ഷിച്ചത്. എന്നാൽ യേശുവിന്റെ കൂടെയുണ്ടായിരുന്നവർ അയാളെ ശകാരിച്ചു. നിശബ്ദനായിരിക്കാൻ ആവശ്യപ്പെട്ടു. ജീവിതം മുഴുവൻ ശകാരവും, കുത്തുവാക്കുകളും അവഗണനയും അനുഭവിച്ചിരുന്ന ഭിക്ഷക്കാരന് അവരുടെ ശകാരം ഒരു തടസ്സമായില്ല. അയാൾ കൂടുതൽ ഉച്ചത്തിൽ യേശുവിനെ വിളിച്ചു നിലവിളിച്ചു. യേശുവിന്റെ ശ്രദ്ധ തനിക്കു കിട്ടിയെന്നു ഉറപ്പാക്കുന്നതുവരെ അയാൾ ഉച്ചത്തിൽ അവിടുത്തെ കരുണക്കായി നിലവിളിച്ചുകൊണ്ടിരുന്നു. ആരു ശകാരിച്ചാലും, നിരുത്സാഹപ്പെടുത്തിയാലും ദൈവകൃപ ആവശ്യമുള്ളവർ അതിനായി നിരന്തരം കേണപേക്ഷിച്ചുകൊണ്ടിരിക്കണമെന്ന് ബർതമേയൂസ് നമ്മെ ഓർമ്മിപ്പിക്കുന്നു.

യേശുവിന്റെ പക്കൽ എല്ലാവർക്കുമായി സമയവും, സന്നദ്ധതയുമുണ്ട്. പ്രത്യേകിച്ച് മറ്റുള്ളവരാൽ അവഗണിക്കപ്പെടുന്നവർക്കും, ബലഹീനർക്കും, അശരണർക്കും. ജനം മുഴുവൻ എതിർത്തിട്ടും, ശകാരിച്ചിട്ടും നിശബ്ദനാക്കാൻ ശ്രമിച്ചിട്ടും അതിലൊന്നിലും മനസ്സുമടക്കാതെ തീക്ഷ്ണമായ ആഗ്രഹത്തോടെ യേശുവിനെ വിളിച്ചപേക്ഷിച്ചപ്പോൾ ആ സ്വരം അവിടുന്ന് ശ്രവിച്ചു. അവിടുന്ന് അയാളെ തന്റെ പക്കലേക്ക് വിളിപ്പിച്ചു. യേശുവിന്റെ സന്നദ്ധത ജനത്തിന്റെ പ്രതികരണത്തിൽ മാറ്റമുണ്ടാക്കി. അയാളെ ശകാരിച്ചവർ തന്നെ അയാളെ പ്രോത്സാഹിപ്പിക്കുവാൻ തുടങ്ങി. അന്ധനായ ആ മനുഷ്യന് മറ്റൊരാളുടെ സഹായമില്ലാതെ യേശുവിനെ

www.malankaralibrary.com



തിരിച്ചറിയാനോ അവിടുത്തെ പക്കൽ എത്തുവാനോ കഴിയുമായിരുന്നില്ല. അയാളെ അതിനു സഹായിക്കാൻ ജനക്കൂട്ടത്തിൽ ചിലർ തയ്യാറായി. യേശു തന്റെ നിലവിളി കേട്ടുവെന്നും, തന്നെ അവിടുത്തെ പക്കലേക്കു വിളിക്കുന്നുവെന്നും അറിഞ്ഞപ്പോൾ ബർതമേയൂസ് അതീവ ഉന്മേഷവാനായി. അയാൾ തന്റെ പുറങ്കുപ്പായം വലിച്ചെറിഞ്ഞ് പെട്ടെന്ന് യേശുവിന്റെ അടുക്കൽ എത്തി. തീർച്ചയായും മറ്റുള്ളവരുടെ സഹായം ആ മനുഷ്യനു ലഭിച്ചു കാണണം. മറ്റുള്ളവർക്ക് ദൈവകൃപ ലഭിക്കാൻ കാരണമാകുന്നത് എത്രയോ വലിയ ഭാഗ്യമാണ്.

യേശു ആദ്യമായി അന്ധനായ യാചകനോട് നേരിട്ടു സംസാരിച്ചു. എന്താണ് ആവശ്യമെന്ന് യേശു ചോദിക്കുന്നു. ഒത്തിരി കാര്യങ്ങൾ അയാൾ യേശുവിനോട് ആവശ്യപ്പെട്ടില്ല. അവൻ ഒരേ ഒരു കാര്യം ആവശ്യപ്പെട്ടു. "ഗുരോ എനിക്ക് കാഴ്ച കിട്ടണം". ഗുരോ റബ്ബൂനി എന്ന വാക്കിന്റെ അർത്ഥം 'എനിക്കു വലിയവനായവൻ' എന്നാണ്. സുവിശേഷങ്ങളിൽ രണ്ട് ഭാഗത്ത് മാത്രമേ ഈ പദം ഉപയോഗിച്ചിട്ടുള്ളൂ. (വി. മർക്കോസ്. 10/5, വി. യോഹന്നാൻ 20/16).

ഉടൻ തന്നെ യേശു ആ മനുഷ്യന്റെ അപേക്ഷ സാധിച്ചു കൊടുത്തു. യേശു പറഞ്ഞു "പൊയ്ക്കൊള്ളുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. ഇവിടെ രക്ഷ എന്നത് അന്ധനായ മനുഷ്യനെ സംബന്ധിച്ചിടത്തോളം സുഖപ്പെടലാണ്. അതായത് ഏതു രോഗം കൊണ്ടോ ഏതു ബലഹീനത കൊണ്ടോ, തിന്മ കൊണ്ടോ കഷ്ടപ്പെടുന്നുവോ അതിൽ നിന്ന് രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നർത്ഥം. ആത്മീയ പീഡനവും പാപത്തിന്റെ ഫലവും ശാരീരിക രോഗം മാറുന്നതോടൊപ്പം മാറിപ്പോകും.

ബർതിമേയൂസ് മറ്റെങ്ങും പോകാതെ, ആരെയും സന്ദർശിക്കാതെ യേശുവിനെ മാത്രം ഉടൻ അനുഗമിച്ചുവെന്നാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. തനിക്കു ലഭിച്ച ദൈവാനുഗ്രഹത്തിന് നന്ദി പറയുവാനും കൃതജ്ഞതാ ബലി അർപ്പിക്കാനുമായി ബർതമേയൂസ് ജറുസലേം ദൈവാലയത്തെ ലക്ഷ്യമാക്കി യാത്ര ചെയ്തെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. എന്നാൽ "അവിടുന്ന് പോയ വഴിയേ അവിടുത്തെ അനുഗമിച്ചു"

www.malankaralibrary.com



എന്നു പറയുമ്പോൾ യേശുവിന്റെ ശിഷ്യനായി തീരാൻ പുറപ്പെട്ടു എന്നുവേണം മനസ്സിലാക്കുവാൻ.

**വി. അഗസ്റ്റിൻ**

"വീണുപോയ മനുഷ്യകുലത്തിന്റെ ദുഃഖകരമായ നിസഹായ തയാണ് ബർതമേയൂസിന്റെ അന്ധതയിൽ പ്രതീകാത്മകമായി കാണപ്പെടുന്നത്." "നമുക്ക് അവിടുത്തെ നമ്മുടെ മാതൃകയായി സ്വീകരിച്ച് അനുഗമിക്കാം. നമ്മുടെ മോചന ദ്രവ്യമായി നമുക്ക് അവിടുത്തെ സമീപിക്കാം. നമ്മുടെ ദിവ്യകാരുണ്യ ഭക്ഷണമായി അവിടുത്തെ സ്വീകരിക്കാം. നമ്മുടെ അനന്തവും, മഹത്തരവുമായ സമ്മാനമായി നമുക്ക് അവിടുത്തെ കാത്തിരിക്കാം."

www.malankaralibrary.com

## വി. ലൂക്കാ


1. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു - 4/31-37 75
2. യേശു പത്രോസിന്റെ ഭവനത്തിൽ - 4/38-41 76
3. കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു -5/12-16 77
4. തളർവാത രോഗിയെ സുഖപ്പെടുത്തുന്നു - 5/17-26 79
5. സാബത്തിൽ രോഗശാന്തി - 6/6-11 81
6. രോഗികളെ സുഖപ്പെടുത്തുന്നു - 6/17-19 83
7. ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു - 7/1-10 83
8. നായിനിലെ വിധവയുടെ മകനെ
   പുനർജ്ജീവിപ്പിക്കുന്നു- 7/11-17 85
9. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു - 8/26-39 87
10. രക്തസ്രാവക്കാരി സുഖം പ്രാപിക്കുന്നു. ജായ്റോസിന്റെ മകളെ
    പുനർജ്ജീവിപ്പിക്കുന്നു. - 8/40-56 89
11. പിശാചു ബാധിച്ച ബാലനെ സുഖപ്പെടുത്തുന്നു - 9/37-43 91
12. കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു - 13/10-17 92
13. മഹോദര രോഗിയെ സുഖപ്പെടുത്തുന്നു - 14/1-6 94
14. പത്തു കുഷ്ഠരോഗികൾ - 17/11-19 95
15. അന്ധനു കാഴ്ച നൽകുന്നു - 18/35-43 98

www.malankaralibrary.com

# 1. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു

വി. ലൂക്കാ 4/31-37.

വി. ലൂക്കായുടെ സുവിശേഷത്തിൽ ആകെ 21 അത്ഭുതങ്ങൾ വിവരിക്കുന്നു. അതിലെ ആദ്യത്തേതാണ് പിശാചു ബാധിതനെ സുഖപ്പെടുത്തുന്ന ഈ വചനഭാഗം. യേശുവിനെ ഒരു പ്രവാചക നായും, ഗുരുവായും, പിശാചിനെ ഒഴിപ്പിക്കുന്നവനായും, രോഗം സുഖപ്പെടുത്തുന്നവനായും ദൈവരാജ്യം പ്രസംഗിക്കുന്നവനായും ചിത്രീകരിച്ചിരിക്കുന്നു. യേശു ചെയ്യുന്ന ഇവിടുത്തെ അത്ഭുതം ശക്തിയുടെ ഒരു പ്രവൃത്തിയാണ്. യേശു കഫർണാമിലെത്തി തന്റെ ശുശ്രൂഷകൾ തുടർന്നു. അവിടെയുള്ള ജനങ്ങളുമായി യേശു നല്ല ബന്ധം സ്ഥാപിച്ചതിനാൽ അവിടെ നിന്ന് അവരെ വിട്ടുപോകാൻ അനുവദിക്കാത്ത ഒരു ജനതയെ സുവിശേഷകൻ ഇവിടെ അവത രിപ്പിക്കുന്നു.

നസ്രത്തിലെ ജനങ്ങൾ യേശുവിനോട് അത്ഭുതങ്ങൾ കാണി ക്കാൻ ആവശ്യപ്പെട്ടെങ്കിലും അവിടുന്ന് ഒന്നും ചെയ്തില്ല. എന്നാൽ കഫർണാമിൽ അവിടുന്ന് ഒരാളുടെ ബാധയൊഴിപ്പിക്കുകയും അതുകണ്ട ജനങ്ങൾ യേശു കാണിച്ച അധികാരത്തെ പ്രശംസി ക്കുകയും ചെയ്തു. വി. ലൂക്കാ യേശുവിനെ വാക്കിലും, പ്രവൃ ത്തിയിലും ശക്തിമാനായിട്ടാണ് കാണുന്നത്. വായനക്കാർ യേശു വിനെ ഇവിടെ കാണുന്നത് ആധികാരികമായി പഠിപ്പിക്കുന്ന ഒരു ഗുരുവായിട്ടാണ്. സിനഗോഗിൽ പഠിപ്പിച്ച യേശുവിന്റെ അധികാരം ഉടനെ പ്രത്യക്ഷമാകുന്നത് അവിടുന്ന് പ്രവർത്തിക്കുന്ന അത്ഭുത ത്തിലാണ്. യഹൂദ നേതാക്കന്മാരിൽ നിന്നും വ്യത്യസ്തമായിട്ടാണ് യേശു പഠിപ്പിച്ചിരുന്നത്. അവിടുന്ന് തന്റെ സ്വന്തം അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് ജനങ്ങളെ പഠിപ്പിച്ചിരുന്നത്. യേശു ചെയ്ത അത്ഭുത പ്രവൃത്തികൾ അവിടുത്തെ അധികാരത്തെ സാക്ഷ്യപ്പെ ടുത്തുകയും ചെയ്തു.

പിശാചുബാധിതനായ മനുഷ്യനിൽ ആവസിച്ചിരുന്ന പിശാചു ക്കൾ യേശുവിന്റെ ഇടപെടലിനെ എതിർത്തു. “ഞങ്ങളെ നശിപ്പി

www.malankaralibrary.com



ക്കാനാണോ അങ്ങു വന്നിരിക്കുന്നതെന്ന്" പിശാചുക്കൾ ചോദി ക്കുന്നു. യഹോവയുടെ ദിനത്തിനു മുമ്പ് പിശാചിന് മനുഷ്യകുല ത്തിൻ മേലുള്ള നിയന്ത്രണം ദൈവം ഏറ്റെടുക്കുകയും അശുദ്ധാ ത്മാക്കളെ നശിപ്പിക്കുകയും ദൈവത്തിന് മനുഷ്യ കുലത്തിന്മേ ലുള്ള അധികാരം വീണ്ടും സ്ഥാപിക്കുകയും ചെയ്യുമെന്ന് അന്ന് യഹൂദരുടെ ഇടയിലുണ്ടായിരുന്ന ഒരു വിശ്വാസം ഈ ചോദ്യത്തിൽ ഉണ്ടെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. യേശുവിന്റെ സാന്നിധ്യ ത്തിന്റെ അർത്ഥം അശുദ്ധാത്മാക്കൾക്കു പെട്ടെന്ന് മനസ്സിലായി. അവർ യേശുവിന്റെ അനന്യത പരസ്യമായി ഏറ്റു പറഞ്ഞു. "അങ്ങ് ആരാണെന്ന് എനിക്കറിയാം ദൈവത്തിന്റെ പരിശുദ്ധൻ." പിശാചു പറഞ്ഞത് അനർത്ഥമാക്കിക്കൊണ്ട് അവിടുന്ന് പിശാചിനെ പുറ ത്താക്കുകയും പിശാചുബാധിതനെ സുഖപ്പെടുത്തുകയും ചെയ്തു. അവിടുത്തെ ഒരു വാക്ക് മതിയായിരുന്നു ആ പിശാചുബാധിതനെ സുഖപ്പെടുത്താൻ. പിശാചുക്കളുടെയും ദുഷ്ടശക്തികളുടേയും മേൽ യേശുവിന്റെ വിജയമായിരുന്നു അത്. യേശുവിന്റെ പേരും പെരുമയും എല്ലായിടത്തും പരന്നുവെന്നും ആളുകൾ ആശ്ചര്യ ത്തോടെ അവിടുത്തെ അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്തുവെന്നാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്.

## 2. യേശു പത്രോസിന്റെ ഭവനത്തിൽ ഭാര്യാമാതാവിനെ സുഖപ്പെടുത്തുന്നു.

വി. ലൂക്കാ 4/38-41.

കഫർണാമിലെ അപരിചിതനായ മനുഷ്യനാണ് പത്രോസ്. അയാളുടെ വീട്ടിലേക്ക് യേശു തനിയെയാണ് പോകുന്നത്. പത്രോ സിന്റെ ഭാര്യാ മാതാവിന്റെ പനി വളരെ കലശലാണെന്ന് സുവി ശേഷത്തിൽ രേഖപ്പെടുത്തുന്നു. വി. മർക്കോസിന്റ സുവിശേഷ ത്തിൽ പനിയെപ്പറ്റിയുള്ള വിവരണമാണ് യേശുവിന് നൽകുന്നത്. എന്നാൽ ഇവിടെ അത് രോഗം ഭേദമാക്കാൻ യേശുവിനോടുള്ള അപേക്ഷയായി മാറ്റി. വി. മർക്കോസിന്റെ വിവരണത്തിൽ യേശു തൊട്ട് സുഖമാക്കിയത് ഇവിടെ ഒരു വാക്കാൽ സുഖപ്പെടുത്തുന്ന താക്കി.

www.malankaralibrary.com



പെട്ടെന്ന് എന്ന പദം കൂട്ടിച്ചേർത്ത് സൗഖ്യം ഉടനെ സംഭവിച്ചു വെന്ന് ലൂക്കാ പ്രകടമാക്കുന്നു. വി. ലൂക്കായുടെ വിവരണത്തിൽ ആരാണ് പത്രോസിന്റെ ഭാര്യാമാതാവിനു സൗഖ്യത്തിനു വേണ്ടി നിവേദനം നടത്തിയതെന്നു വ്യക്തമാക്കുന്നില്ല. ആ വീട്ടിലുള്ള മറ്റുള്ളവരാണ് യേശുവിനോട് നിവേദനം നടത്തിയതെന്ന് കരുതണം. യേശു കാരുണ്യപൂർവ്വം ഒരു വാക്കാൽ അവളെ സുഖപ്പെടുത്തി. രോഗം വിട്ടുമാറിയ സ്ത്രീ ഉടനെ എഴുന്നേറ്റ് അവർക്കു ശുശ്രൂഷ ചെയ്തു. അത് രണ്ട് കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

1. ദൈവകൃപ ലഭിച്ചവർ കാണിക്കേണ്ട ശരിയായ മനോഭാവം. ദൈവപുത്രന്റെ അമ്മയാകാനുള്ള കൃപ ലഭിച്ച മറിയം ഉടനെ പോയത് തന്റെ സഹായം ആവശ്യമുള്ള എലിസബത്തിന്റെ അടുത്തേക്കാണ്. അതാണ് ശരിയായ മനോഭാവം.

2. രോഗിയായിരുന്നയാൾ ഉടനെ എഴുന്നേറ്റ് അവർക്കു ശുശ്രൂഷ ചെയ്തത് യേശു അവർക്കു നൽകിയ സൗഖ്യം പൂർണമായും ഉടൻ സംഭവിച്ചതുമാണെന്ന് വ്യക്തമാക്കുന്നു.

## 3. കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു.

വി. ലൂക്കാ 5/12-16

കുഷ്ഠരോഗികളെ സാധാരണയായി യഹൂദ സമൂഹത്തിൽ നിന്ന് പുറത്താക്കിയിരുന്നു. ലേവ്യ. 13/45-46 സംഖ്യ.5/2-3, 12/14-15) കുഷ്ഠരോഗം പകരുമെന്ന ധാരണ കൊണ്ടാണ് മനുഷ്യ സമൂഹത്തിൽ നിന്ന് കുഷ്ഠരോഗികളെ കർശനമായി ഒഴിവാക്കിയിരുന്നത്. അവർ അശുദ്ധരായിരുന്നതുകൊണ്ട് അവരുമായി ബന്ധപ്പെടുന്ന എല്ലാവരും അശുദ്ധരാകുമെന്ന് അന്ന് യഹൂദർ കരുതിയിരുന്നു. അതിനാൽ മനുഷ്യസമൂഹത്തിൽ നിന്ന് പുറംതള്ളപ്പെട്ടവരായി അവർ മനുഷ്യവാസമുള്ള സ്ഥലങ്ങളിൽ നിന്ന് മാറി താമസിച്ചിരുന്നു. ഏത് ത്വക് രോഗത്തെയും കുഷ്ഠമായി അന്നത്തെ ആളുകൾ സംശയിച്ചിരുന്നു. സ്ഥലം വ്യക്തമാക്കാത്ത ഒരു യഹൂദ പട്ടണത്തിനടുത്ത് വെച്ച് തന്റെ കുഷ്ഠരോഗം മാറ്റി തരണമേ എന്ന് യേശുവിനോട് ഒരാൾ അഭ്യർത്ഥിച്ചു. അയാളുടെ യാചനക്ക് പ്രത്യേകതയുണ്ടായിരുന്നു. "കർത്താവേ അങ്ങു മനസാകുന്നുവെങ്കിൽ അങ്ങേക്കെന്നെ ശുദ്ധനാക്കാൻ കഴിയും" എന്നാൽ അയാൾ യേശുവി

www.malankaralibrary.com



നോട് പറഞ്ഞത് തനിക്കു സൗഖ്യം നൽകാൻ യേശുവിന് കഴിയുമെന്ന് അയാൾ പൂർണമായും വിശ്വസിച്ചു. എന്നാൽ അതിനു തടസമായി നിന്നത് ഒരു യഹൂദ പരമ്പരാഗത വിശ്വാസമായിരുന്നു. അതനുസരിച്ച് കുഷ്ഠരോഗം വരുന്നത് ദൈവദൂഷണമെന്ന കുറ്റത്തിൽ അകപ്പെട്ട് ശിക്ഷിക്കപ്പെട്ടിരിക്കുന്ന ഒരാളുടെ കുഷ്ഠമെന്ന ശിക്ഷയായിട്ടായിരുന്നു. അപ്പോൾ ദൈവദൂഷണമെന്ന കുറ്റത്തിൽ അകപ്പെട്ട് ശിക്ഷിക്കപ്പെട്ടിരിക്കുന്ന ഒരാളുടെ കുഷ്ഠമെന്ന ശിക്ഷ മാറ്റിക്കളയാൻ യേശു തയ്യാറാകുമോ എന്നാണ് കുഷ്ഠരോഗി യേശുവിനോട് യാചിച്ചതിന്റെ അർത്ഥം. യഹൂദചിന്തയനുസരിച്ച് ദൈവത്തിനു മാത്രമേ കുഷ്ഠരോഗികളെ സുഖപ്പെടുത്തുവാനും മരിച്ചവരെ ഉയിർപ്പിക്കുവാനും കഴിയുമായിരുന്നുള്ളൂ. കുഷ്ഠരോഗികളെ സുഖപ്പെടുത്തുന്നതും മരിച്ചവരെ ഉയിർപ്പിക്കുന്നതും രക്ഷയുടെ യുഗത്തിന്റെ അടയാളങ്ങളായിരുന്നു. സ്വന്തം കുടുംബാംഗങ്ങൾ പോലും ഒരു കുഷ്ഠരോഗിയെ സ്പർശിക്കുകയോ അയാളുമായി ഇടപഴകുകയോ ചെയ്യുകയില്ലാത്ത സമൂഹത്തിലാണ് യേശു ഈ കുഷ്ഠരോഗിയെ സ്പർശിച്ച് സുഖപ്പെടുത്തുന്നത്. ഒരു വാക്കു കൊണ്ടു മാത്രം യേശുവിന് അയാളെ സുഖപ്പെടുത്താമായിരുന്നുവെങ്കിലും യേശു അയാളെ സ്പർശിക്കുവാനും, ദൈവത്തിന്റെ അനുഗ്രഹം തന്റെ കരസ്പർശനത്തിലൂടെ അയാൾക്ക് അനുഭവവേദ്യമാക്കി കൊടുക്കാനും തയ്യാറായി. ദൈവത്തിന്റെ മുൻപിൽ ആരും അന്യരല്ല.

അവിടെ തൊട്ടുകൂടായ്മയില്ല. എല്ലാവരും ദൈവത്തിന്റെ വാത്സല്യ മക്കളാണ്. തൊലിയുടെ നിറം വെളുത്തതോ കറുത്തതോ എന്നു നോക്കാതെ എല്ലാവരെയും ഒരേപോലെ കാണുന്നവനും സ്നേഹിക്കുന്നവനുമാണ് ദൈവം. കറുത്ത മനുഷ്യർ വെളുത്ത മനുഷ്യർക്ക് തുല്യരല്ലെന്നു കരുതുകയും കറുത്ത മനുഷ്യർക്ക് ആത്മാവുണ്ടോ എന്നുവരെ സംശയിക്കുകയും ചെയ്ത പാശ്ചാത്യ സംസ്കാരങ്ങളും ഉണ്ടായിരുന്നുവെന്ന് നാം ഓർമിക്കണം. സുഖമാക്കപ്പെട്ട കുഷ്ഠരോഗിയോട് തന്റെ സൗഖ്യം പരസ്യപ്പെടുത്തരുതെന്ന് യേശു ആവശ്യപ്പെട്ടു. എന്നാൽ മോശയുടെ നിയമത്തിൽ പറയുന്ന നിബന്ധനകൾ പാലിക്കുവാൻ യേശു അയാളോട് ആവശ്യപ്പെട്ടു. അയാൾ യഹൂദ പുരോഹിതരുടെ അടുത്തുപോയി തന്റെ സൗഖ്യം അംഗീകരിച്ചാൽ മാത്രമേ അയാൾക്ക് യഹൂദ സമൂഹ

www.malankaralibrary.com



ത്തിൽ വീണ്ടും പ്രവേശിക്കുവാൻ കഴിയുമായിരുന്നുള്ളൂ. അവരുടെ സാക്ഷ്യം ലഭിച്ച ശേഷം അവർ കൽപിക്കുന്ന ശുദ്ധീകരണത്തിനുള്ള കാഴ്ച ദൈവാലയത്തിൽ സമർപ്പിക്കണമായിരുന്നു. (ലേവ്യ. 14/1-22, 13/45-46, സംഖ്യ. 5/2-3)

മോശയുടെ നിയമത്തെ ബഹുമാനിക്കുന്ന യേശുവിനെ ഇവിടെ നാം കാണുന്നു. അസ്പൃശ്യരായിരുന്ന വിജാതിയർ ആദിമസഭയിലെ അംഗങ്ങളായിത്തീർന്നപ്പോൾ അവർക്കുണ്ടായ അനുഭവത്തിന്റെ ഒരു പ്രതീകമായിരുന്നു ഈ സൗഖ്യദാനമെന്ന് ചിലർ കരുതുന്നു. അസ്പൃശ്യനായിരുന്ന കുഷ്ഠരോഗി സൗഖ്യപ്പെട്ട് സമൂഹത്തിന്റെ ഭാഗമായി തീർന്നതുപോലെ വിജാതിയ ക്രൈസ്തവർക്കും അങ്ങനെയൊരു അനുഭവമാണുണ്ടായതെന്ന് പലരും അഭിപ്രായപ്പെടുന്നു. യഹൂദ നിയമത്തിൽ അശുദ്ധി പകരുന്നതായിരുന്നു. അതായത്, അശുദ്ധരാണെന്ന് യഹൂദനിയമം പറയുന്നവരെ സ്പർശിക്കുമ്പോൾ സ്പർശിക്കുന്നവരെല്ലാം അശുദ്ധരായി തീരുമെന്നായിരുന്നു നിയമം. എന്നിട്ടും അശുദ്ധനായ കുഷ്ഠരോഗിയെ യേശു സ്പർശിച്ചു. യേശുവിന്റെ സ്പർശനം അയാളുടെ അശുദ്ധിയും രോഗവും മാറ്റുകയും അയാളെ ശുദ്ധരായവരുടെ മദ്ധ്യത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു.

## 4. തളർവാത രോഗിയെ സുഖപ്പെടുത്തുന്നു.

വി. ലൂക്കാ 5/17-26

വി. ലൂക്കായുടെ സുവിശേഷത്തിലെ നാലാമത്തെ അത്ഭുതമാണ് ഇവിടെ കാണുന്നത്. ഫരിസേയരും, നിയമപണ്ഡിതരും പാപം ക്ഷമിക്കാനുള്ള യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്തിരുന്നു. പാപം മോചിക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ എന്നാണ് അവർ കരുതിയിരുന്നത്. ഇവിടെ പാപം മോചിക്കുന്നതും രോഗിയെ സൗഖ്യമാക്കുന്നതും യേശു ചെയ്യുന്ന ഒരേ പ്രവൃത്തിയാണ്. യേശുവിനെതിരെയുള്ള എതിർപ്പുകളുടെ ആദ്യ സംഭവമാണ് ഇവിടെ വിവരിക്കുന്നത്. ഇവിടെ വചന ഭാഗത്ത് കാണുന്ന ആദ്യത്തെ എതിർപ്പ് ഫരിസേയരിൽ നിന്നും വേദപണ്ഡിതന്മാരിൽ നിന്നും ഉയരുന്നതാണ്. അതിന്റെ പശ്ചാത്തലം യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന ഒരു തളർവാതരോഗിയെ യേശു സുഖപ്പെടുത്തിയതാണ്.

www.malankaralibrary.com



വി. ലൂക്കാ ഈ അത്ഭുതം നടക്കുന്ന സ്ഥലമോ പട്ടണമോ ഏതെന്നു പറയുന്നില്ല. യേശു ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ കുറച്ച് ആളുകൾ ഒരു തളർവാത രോഗിയെ ഒരു കിടക്കയിൽ എടുത്തുകൊണ്ടു വന്നു. എന്നാൽ യേശുവിന്റെ ചുറ്റുമുണ്ടായിരുന്ന ജനക്കൂട്ടം നിമിത്തം അവർക്കതിനു സാധിച്ചില്ല. എന്നാൽ തങ്ങളുടെ ലക്ഷ്യം സാധിക്കാൻ അവർ തളർവാത രോഗിയെ യേശു പഠിപ്പിച്ചു കൊണ്ടിരുന്ന ഭവനത്തിന്റെ മേൽക്കൂരയ്ക്കു മുകളിൽ കയറ്റി. പലസ്തീനായിലെ വീടുകളുടെ മേൽക്കൂരകൾ പരന്നതായിരുന്നു. പച്ചക്കമ്പുകളും, പച്ചിലകളും ചെളിയിൽ ചേർത്ത് സിമന്റു കോൺക്രീറ്റു പോലെയാക്കി മേൽക്കൂര അടച്ചിരുന്നു. ആ മേൽക്കൂരയിൽ വിടവുണ്ടാക്കിയാണ് രോഗിയെ യേശുവിന്റെ മുമ്പിലേക്ക് ഇറക്കിയെന്നാണ് വി. മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും വി. ലൂക്കാ ഗ്രീക്കു സംസ്കാരമനുസരിച്ചുള്ള വീടിന്റെ രീതിയിൽ മേൽക്കൂരയിൽ ഓടായിരുന്നുവെന്ന് മാറ്റി എഴുതി. ഓടുപൊളിച്ചാണ് അവർ രോഗിയെ താഴേക്കിറക്കിയതെന്ന് വി. ലൂക്കാ പഠിപ്പിച്ചു. ഇന്ന് നാം ഈ രണ്ടു വിവരണങ്ങളെപ്പറ്റി പഠിക്കുമ്പോൾ രണ്ടിലുമുള്ള അപ്രായോഗികത വ്യക്തമാകും. അതുപോലെ തന്നെ തങ്ങളുടേതല്ലാത്ത ഒരു വീടിന്റെ മേൽക്കൂര പൊളിക്കാൻ ആരെങ്കിലും മുതിരുമോ, അതിന് ഭവനത്തിന്റെ ഉടമസ്ഥൻ അനുവദിക്കുമോ എന്നതും സംശയകരമാണ്.

ഏറെ പ്രയാസപ്പെട്ട് തന്റെ മുമ്പിൽ ഇറക്കിയ തളർവാത രോഗിയെ കണ്ടപ്പോൾ യേശു അയാളോട് പറഞ്ഞു "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" ഇവിടെ പാപവും രോഗവുമായി അഭേദ്യമായ ഒരു ബന്ധം യേശു കാണുന്നതായി നമുക്ക് തോന്നും. വേദപണ്ഡിതരും, ഫരിസേയരും പാപം ക്ഷമിച്ച യേശുവിന്റെ പ്രവൃത്തിയെ അവരുടെയുള്ളിൽ ചോദ്യം ചെയ്തു. കാരണം പഴയനിയമത്തിൽ ദൈവത്തിനു മാത്രമേ പാപം മോചിക്കാനുള്ള അധികാരം ഉണ്ടായിരുന്നുള്ളൂ. (പുറപ്പാട്. 34/6-7 ഏശയ്യ. 43/25, 44/22).

അവരുടെ അഭിപ്രായത്തിൽ യേശു തളർവാത രോഗിയോട് പറഞ്ഞത് ദൈവദൂഷണമായിരുന്നു. കാരണം അവിടുന്ന് ദൈവത്തിന്റെ അധികാരം തനിക്കുണ്ടെന്നാണ് അതുവഴി അവകാശപ്പെട്ടത്. യേശു അവരോട് ചോദിച്ചു " നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതോ നിന്റെ കിടക്കയുമെടുത്ത് നടക്കു

www.malankaralibrary.com



കയെന്നു പറയുന്നതോ ഇതിൽ ഏതാണ് എളുപ്പം? പാപങ്ങൾ ക്ഷമിക്കപ്പെട്ടുവോ എന്നറിയാൻ ബാഹ്യ അടയാളമില്ല. എന്നിൽ രോഗം സൗഖ്യമായി എന്നു പറഞ്ഞാൽ അത് ഉടനെ ബാഹ്യമായി കാണണം. ഈ രണ്ടിലും വിഷമം പിടിച്ചത് രണ്ടാമത്തേതാണ്. അതു ചെയ്തുകൊണ്ട് യേശു ആദ്യത്തേത് സ്ഥാപിക്കുകയാണ്. രോഗം സൗഖ്യമാക്കുന്ന ബാഹ്യമായ അടയാളം അയാളുടെ പാപവും മോചിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ തെളിവായിട്ട് കണക്കാക്കാമായിരുന്നു. മനുഷ്യപുത്രൻ എന്ന പദപ്രയോഗം വഴി അർത്ഥമാക്കുന്നത് യേശു ദൈവത്തിന്റെ പ്രതിനിധി എന്നാണ്.

## 5. സാബത്തിൽ രോഗശാന്തി

വി. ലൂക്കാ 6/6–11

യേശുവിന്റെ മേൽ കുറ്റം ആരോപിക്കാൻ അവസരം പാർത്തിരുന്ന യഹൂദ നേതാക്കളുടെ മുമ്പിൽ വച്ചാണ് സാബത്തു ലംഘനമെന്ന് അവർക്കു തോന്നാവുന്ന വിധത്തിൽ യേശു കൈ ശോഷിച്ച ഒരു മനുഷ്യനെ സുഖപ്പെടുത്തുന്നത്. യഹൂദരുടെ സാബത്താചരണ രീതിയെ വെല്ലുവിളിച്ചു കൊണ്ടാണ് യേശു ഇവിടെ സൗഖ്യം നൽകുന്നതും, പഠിപ്പിക്കുന്നതും. യേശുവിന്റെ ഒരു ചോദ്യത്തോടു കൂടിയാണ് ഇവിടെ വിവാദം ആരംഭിച്ചത്. യേശുവിന്റെ ചോദ്യത്തിനും അവിടുന്നു നൽകിയ സൗഖ്യത്തിനും യഹൂദ നേതാക്കൾ മറുപടി പറയുകയോ പ്രതികരിക്കുകയോ ചെയ്തില്ല. അവർ കോപം കൊണ്ട് നിറഞ്ഞ് യേശുവിനെതിരെ ആലോചിക്കാൻ തുടങ്ങി. വലതു കൈ ശോഷിച്ച മനുഷ്യനെന്ന് വി. ലൂക്കാ രേഖപ്പെടുത്തുന്നു. യേശുവിനെ നിരീക്ഷിച്ചിരുന്നത് വേദപണ്ഡിതരും ഫരിസേയരുമാണ്. അവർ ചിന്തിക്കുന്നത് എന്താണെന്ന് യേശു അറിഞ്ഞിരുന്നു. ഈ സംഭവം നടക്കുന്നത് ഒരു സിനഗോഗിലാണ്. ശോഷിച്ച കൈ എന്നതുകൊണ്ട് തളർന്നുപോയത് എന്നായിരിക്കാം ഇവിടെ അർത്ഥം. സംഭവം നടന്ന സ്ഥലം ഇവിടെ രേഖപ്പെടുത്തിയിട്ടില്ല. ഈ സംഭവത്തിൽ ഇതുവരെ ആരും രോഗസൗഖ്യം യാചിച്ചിട്ടില്ല. കൈ ശോഷിച്ച മനുഷ്യൻ പോലും അത് ആഗ്രഹിച്ചിട്ടില്ലായിരുന്നു. അർഹതയുള്ളവർക്കു സൗഖ്യദാനം നൽകുന്ന യേശു അയാളെയും സുഖപ്പെടുത്താനിടയുണ്ട് എന്നു കരുതിയാണ് യേശു

www.malankaralibrary.com



വിന്റെ എതിരാളികൾ ശ്രദ്ധിച്ചിരുന്നത്. യേശു അവരുടെ ചിന്താ ഗതി മനസ്സിലാക്കിയിരുന്നു. എന്നിട്ടും യേശു തന്റെ രക്ഷാകര ദൗത്യവുമായി മുന്നോട്ട് പോയി. കൈ ശോഷിച്ചവനെ എല്ലാവരു ടെയും നടുവിലേക്ക് അവിടുന്ന് വിളിച്ചപ്പോൾ അയാൾ അതനുസ രിച്ചു. യേശുവിന്റെ പ്രതിയോഗികളെ യേശു ഒരു ചോദ്യം വഴി അത്ഭുതപ്പെടുത്തി. "സാബത്തിൽ നന്മ ചെയ്യുന്നതോ, തിന്മ ചെയ്യു ന്നതോ, ജീവനെ രക്ഷിക്കുന്നതോ നശിപ്പിക്കുന്നതോ ഏതാണ് അനുവദനീയം"? ഈ ചോദ്യത്തിൽ യേശുവിന്റെ പ്രതിയോഗി കൾക്ക് ഉത്തരം പറയുവാൻ സാധ്യമായിരുന്നില്ല. തിന്മ ചെയ്യു ന്നതോ, ജീവൻ നശിപ്പിക്കുന്നതോ അനുവദനീയമാണെന്ന് ഒരി ക്കലും പറയുവാൻ കഴിയുമായിരുന്നില്ല. അടുത്തത് നന്മ ചെയ്യു കയും ജീവൻ രക്ഷിക്കുകയും ചെയ്യുക എന്നതാണ്. ഇതാണ് യേശു ചെയ്യാൻ പോകുന്നത്. അത് സാബത്തിൽ അനുവദനീയമല്ലെന്ന് പറയാനും അവർക്കു കഴിയുമായിരുന്നില്ല. യേശു കൈ ശോഷിച്ച വ്യക്തിയോട് പറഞ്ഞു. "കൈ നീട്ടുക" അയാൾ കൈ നീട്ടിയ പ്പോൾ കൈ സുഖമായി.

യേശു ഒരു പ്രവൃത്തി വഴി സാബത്തിന്റെ ശരിയായ മാനം പഠിപ്പിക്കുകയാണ്. സഹായം ആവശ്യമുള്ള ഒരാൾക്ക് അതു ചെയ്തു കൊടുക്കുവാൻ കഴിയുമായിരുന്നിട്ടും ചെയ്തു കൊടു ക്കാതിരുന്നത് അയാളോടു തിന്മ ചെയ്യുന്നതിന് തുല്യമാണ്. മനു ഷ്യന്റെ വിശപ്പിനെ തൃപ്തിപ്പെടുത്തുന്നതും കരുണയുടെ പ്രവൃ ത്തികൾ ചെയ്യുന്നതും സാബത്ത് വിശ്രമത്തേക്കാൾ പ്രധാനപ്പെട്ട കടമയും ദൗത്യവുമാണ്. യേശുവിന്റെ ചോദ്യവും, അവിടുത്തെ പ്രവൃത്തിയും അവിടുത്തെ പ്രതിയോഗികളെ ഉത്തരം മുട്ടിച്ചു. വാക്കാൽ അവർക്ക് യേശുവിനെ എതിർക്കാൻ കഴിഞ്ഞില്ല. അവ രുടെ പ്രതികരണം ഉള്ളിലൊതുക്കി. അവർ കോപം കൊണ്ട് നിറഞ്ഞ് യേശുവിനെതിരെ ഗൂഢാലോചന നടത്തി. ഇതുപോലുള്ള ആൾക്കാർ ഇന്നും ഈ ലോകത്തിലുണ്ട്. ഒരു ചെറിയ സഹായമോ, നന്മയോ ചെയ്യാത്തവർ മറ്റുള്ളവർ ചെയ്യുന്ന നന്മ പ്രവർത്തികളെ എതിർക്കുന്നു, കള്ള ആരോപണങ്ങൾ ഉയർത്തുന്നു, ദുഷ്പ്രചര ണങ്ങൾ അഴിച്ചു വിടുന്നു. സങ്കുചിത മനസ്കരായിരുന്ന ഫരിസേ യർക്കും, വേദപണ്ഡിതർക്കും ഇന്നും അനുയായികൾ ഉണ്ട്.

www.malankaralibrary.com



# 6. രോഗികളെ സുഖപ്പെടുത്തുന്നു

വി. ലൂക്കാ 6/17-19

യേശുവിനെ ശ്രവിക്കുവാൻ ജനങ്ങൾ എത്തിയിരുന്നുവെന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. യഹൂദ പ്രദേശങ്ങളിൽ നിന്നു മാത്രമല്ല, വിജാതിയ പട്ടണങ്ങളായ ടയിർ, സീദോൻ പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ യേശുവിന്റെ പ്രസംഗം കേൾക്കുവാനും യേശുവിൽ നിന്ന് സൗഖ്യം പ്രാപിക്കുമാനുമായി എത്തിച്ചേർന്നു.

# 7. ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു

വി. ലൂക്കാ 7/1-10

കഫർണാമിൽ നിന്നും പോയ യേശു അവിടെത്തന്നെ തിരിച്ചെത്തുന്നു. ഇവിടെ അത്ഭുതത്തിന്റെ വിവരണത്തേക്കാൾ അതിലേക്ക് നയിക്കുന്ന സംഭാഷണത്തിനും യേശുവിലുള്ള വിശ്വാസ പ്രഖ്യാപനത്തിനും പ്രാധാന്യം നൽകിയിരിക്കുന്നു. സൗഖ്യം പ്രദാനം ചെയ്യുന്ന ഒരു വാക്കു പോലും യേശു പറയുന്നില്ല. അത്ഭുത സൗഖ്യം നടന്നതായി മാത്രം പ്രസ്താവിക്കുന്നു.

ഈ വചന ഭാഗത്തിന്റെ ശൈലി പ്രഘോഷണ കഥ (ബുൾട്ടുമാൻ), ഈശോയെപ്പറ്റിയുള്ള കഥ (ടെയ്ലർ), അകലെ നിന്നുള്ള രോഗസൗഖ്യ ദാനം വിശേഷിപ്പിക്കുന്നുണ്ട്. യഹൂദരും, വിജാതിയരും, മിശിഹാ യുഗത്തിൽ സമൃദ്ധമായി ചൊരിയപ്പെടുന്ന ദൈവാനുഗ്രഹങ്ങൾ അനുഭവിക്കാൻ അർഹരാകണമെന്ന് സുവിശേഷകൻ എടുത്തു പറയുന്ന വചന ഭാഗമാണിത്. ദൈവരാജ്യത്തിലേക്കുള്ള വിളി എല്ലാ മനുഷ്യർക്കുമായിട്ടുള്ളതാണ്. സ്വയം തുറവിയുള്ളവർ ഈ വിളി സ്വീകരിച്ച് മിശിഹായുഗത്തിന്റെ ഭാഗമാകും. ഒരു പ്രധാനപ്പെട്ട വ്യക്തി തന്റെ ഭവനത്തിലെ ഒരാളെ സൗഖ്യപ്പെടുത്താൻ അഭ്യർത്ഥിക്കുന്നു. ശതാധിപൻ എന്ന പദം അർത്ഥമാക്കുന്നത് നൂറു പട്ടാളക്കാരുടെ കമാൻഡർ എന്നാണ്. അയാൾ ഒരു വിജാതിയനും റോമൻ അധികാരികളുടെ പ്രതിനിധിയുമായിരുന്നു. അദ്ദേഹമാണ് യേശുവിനോട് രോഗസൗഖ്യത്തിനായി അഭ്യർത്ഥിക്കുന്നത്. രോഗം ബാധിച്ചിരുന്നത് അദ്ദേഹത്തിന്റെ പ്രിയങ്കരനായിരുന്ന ഒരു സേവകനെയാണ്. രോഗി മരിക്കാറായ അവസ്ഥയി

www.malankaralibrary.com



ലാണ് യേശുവിനോട് രോഗിയെ രക്ഷിക്കണമെന്നപേക്ഷിക്കുന്നത്. ശതാധിപൻ യേശുവിനെപ്പറ്റി കേട്ടറിഞ്ഞിരുന്നു. അദ്ദേഹം തന്റെ ആവശ്യം അഭ്യർത്ഥിക്കാൻ യഹൂദ പ്രമാണികളെ ഏൽപ്പിക്കുകയാണ്. ഇത് അദ്ദേഹത്തിന്റെ സ്ഥാന മഹിമയുടെ ഗർവ്വുകൊണ്ടല്ലയെന്ന് പിന്നീട് വ്യക്തമാകുന്നുണ്ട്.

ശതാധിപന്റെ അഭ്യർത്ഥനക്കു ശക്തി പകരാനുള്ള ശുപാർശയാണ് മദ്ധ്യസ്ഥർ യേശുവിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്. രണ്ട് കാര്യങ്ങൾ അയാൾ സൂചിപ്പിക്കുന്നു. 1. ശതാധിപൻ യഹൂദ ജനത്തെ സ്നേഹിക്കുന്നു. 2. അയാൾ അവർക്കൊരു സിനഗോഗും പണിയിച്ചു കൊടുത്തിട്ടുണ്ട്. യഹൂദ പ്രമാണികളുടെ ശുപാർശ സ്വീകരിച്ച യേശു അവരുടെ അഭ്യർത്ഥന പ്രകാരം ശതാധിപന്റെ ഭവനത്തിലേക്ക് അയാളുടെ പ്രിയ സേവകന് രോഗസൗഖ്യം നൽകാൻ അവരോടൊപ്പം പോയി. പോകുന്ന വഴിയിൽ ശതാധിപൻ അയച്ച രണ്ടാമത്തെ ഗണം മദ്ധ്യസ്ഥർ യേശുവിന്റെ അടുക്കലെത്തി. അവർ ശതാധിപന്റെ സുഹൃത്തുക്കളായിരുന്നു. അവർ വിജാതിയരോ യഹൂദരോ ആകാം. എങ്കിലും യഹൂദ സുഹൃത്തുക്കളാകാനാണ് കൂടുതൽ സാധ്യത. യേശുവിനെ തന്റെ ഭവനത്തിൽ സ്വീകരിക്കാൻ മാത്രം താൻ യോഗ്യനല്ല എന്നാണ് ശതാധിപൻ യേശുവിനെ അറിയിക്കുന്നത്. യേശുവിന്റെ സന്നിധിയിൽ നിൽക്കാൻ യോഗ്യതയില്ലായിരുന്നതു കൊണ്ടാണ് ശതാധിപൻ നേരിട്ട് യേശുവിന്റെ അടുക്കൽ പോകാതെ മദ്ധ്യസ്ഥരെ അയച്ചത്. തന്റെ ഭവനത്തിൽ യേശു എത്തി അശുദ്ധനാകുന്നതിനു പകരം അകലെ നിന്ന് ഒരു വാക്കു കൊണ്ട് തന്റെ സേവകനെ സുഖമാക്കാമല്ലോ എന്നാണ് ശതാധിപൻ യേശുവിനെ അറിയിക്കുന്നത്.

ശതാധിപൻ തന്റെ അധികാരം എങ്ങനെ തന്റെ കീഴിലുള്ളവരോടു പ്രയോഗിക്കുന്നുവോ അതുപോലെ യേശുവിനും ആധികാരികമായ ഒരു വാക്കുകൊണ്ട് തന്റെ സേവകനെ സുഖപ്പെടുത്താൻ കഴിയുമെന്ന് ശതാധിപന് ഉറച്ച ബോധ്യമുണ്ടായിരുന്നു. യേശു തന്റെ മറുപടി പരസ്യമായി പ്രകടിപ്പിച്ചു. ആ വിജാതിയനായ ഉദ്യോഗസ്ഥന്റെ വിശ്വാസത്തിന്റെ ആഴം യേശു മനസ്സിലാക്കി. ഇസ്രായേൽക്കാരുടെ വിശ്വാസക്കുറവിലേക്കും യേശു വിരൽ ചൂണ്ടി. വിശ്വാസം വഴി വിജാതിയർക്കും ദൈവരാജ്യത്തിലേക്കു കടന്നുവരാമെന്നും യേശു വ്യക്തമാക്കുന്നു. ഇവിടെ രോഗിയെ സുഖപ്പെ

www.malankaralibrary.com



ടുത്തുന്ന കൽപനയൊന്നും യേശു നൽകിയില്ല. രോഗിക്കു സൗഖ്യം ലഭിച്ചുവെന്ന് അറിയുന്നത് മദ്ധ്യസ്ഥർ തിരിച്ച് ശതാധിപന്റെ ഭവനത്തിൽ എത്തുമ്പോഴാണ്. വിജാതിയനായ ശതാധിപന് യേശുവിലുള്ള വിശ്വാസമാണ് അത്ഭുതകരമായ സൗഖ്യം പ്രദാനം ചെയ്യാൻ ഇടയാക്കിയത്.

## 8. നായിനിലെ വിധവയുടെ മകനെ പുനർജ്ജീവിപ്പിക്കുന്നു

വി. ലൂക്കാ 7/11-17

വി. ലൂക്കായുടെ സുവിശേഷത്തിൽ മാത്രമുള്ള വചന ഭാഗമാണിത്. ഈ വിവരണത്തിന് പഴയ നിയമത്തിലെ സഫർത്തായിലെ വിധവയുടെ മകനെ ഏലിയ ഉയിർപ്പിച്ച വിവരണത്തോട് സാമ്യമുണ്ട്. മരണാസന്നനായിരുന്ന സേവകനെ സൗഖ്യപ്പെടുത്തിയ സംഭവത്തിനു ശേഷമാണ് മരിച്ചയാളെ ജീവനിലേക്ക് തിരിച്ചുകൊണ്ടുവരുന്ന ഈ അത്ഭുതം രേഖപ്പെടുത്തിയിരിക്കുന്നത്. വി. ലൂക്കായുടെ സുവിശേഷത്തിലെ ഏഴാമത്തെ അത്ഭുതമാണിത്. ഈ അത്ഭുതം നടക്കുന്നത് നായിൻ എന്ന ചെറിയ പട്ടണത്തിലാണ്. നായിം എന്ന പദത്തിന്റെ അർത്ഥം 'സന്തോഷകരമായ' എന്നാണ്. തെക്കൻ ഗലീലിയിൽ നസ്രത്തിൽ നിന്ന് തെക്കുപടിഞ്ഞാറു മാറി സ്ഥിതി ചെയ്തിരുന്ന സ്ഥലമാണ് നായിം. ഇന്നിവിടെ ക്രിസ്ത്യാനികൾ ഇല്ല. അവിടെ 1880 ൽ ഫ്രാൻസിസ്കൻ സന്യാസിമാർ പണിത ഒരു ചെറിയ പള്ളി ഇപ്പോഴും അവിടെയുണ്ട്. തീർത്ഥാടകർ ചെല്ലുമ്പോൾ മുസ്ലീങ്ങളിൽ ഒരാൾ പള്ളി തുറന്നു കൊടുക്കും. യേശു ചെയ്ത മിക്ക അത്ഭുതങ്ങളും ആരുടെയെങ്കിലും അപേക്ഷ കൊണ്ടും, വിശ്വാസം കൊണ്ടുമാണ്. എന്നാൽ ഇവിടെ യേശുവിനോട് ആരും ഒരു അഭ്യർത്ഥനയും നടത്തിയില്ല. ആരും തങ്ങളുടെ വിശ്വാസം പ്രകടിപ്പിച്ചതുമില്ല. തന്റെ ഏകമകൻ നഷ്ടപ്പെട്ട വിധവയായ സ്ത്രീയോട് യേശുവിന് തോന്നിയ അനുകമ്പ മാത്രമാണ് ഇവിടെ അത്ഭുതം പ്രവർത്തിക്കാനുള്ള കാരണം. ജീവന്റെ നാഥനായ യേശു ആ സ്ത്രീയുടെ ദുഃഖം മനസ്സിലാക്കി ആരും ആവശ്യപ്പെടാതെ തന്നെ അവരുടെ മരിച്ചുപോയ മകനെ ഉയിർപ്പിച്ചു. അതിന്റെ ആദ്യപടിയായി യേശു ആ സ്ത്രീയെ ആശ്വ

www.malankaralibrary.com



സിപ്പിക്കുകയാണ്. കരയാതിരിക്കുക എന്നതിലൂടെ യേശു അവരെ കരയുന്നതിൽ നിന്ന് വിലക്കുകയല്ല ചെയ്തത് മറിച്ച്, അവരുടെ കരച്ചിലിന്റെ മൂലകാരണം ഉടനെ മാറ്റിത്തരാമെന്ന് അവളോട് പറയുകയായിരുന്നു.

"യുവാവേ, ഞാൻ നിന്നോടു പറയുന്നു എഴുന്നേൽക്കുക" - ഇവ യേശുവിന്റെ അധരങ്ങളിൽ നിന്ന് പുറപ്പെട്ട അധികാരത്തിന്റെ വാക്കുകളായിരുന്നു. ജീവന്റെ അധിനാഥനു മാത്രമേ ഇങ്ങനെയൊരു കൽപന നൽകുവാൻ കഴിയൂ. അവിടുന്ന് ശവമഞ്ചിൽ തൊട്ടു. ആ സ്പർശം ജീവൻ പ്രദാനം ചെയ്യാൻ കഴിവുള്ളതായിരുന്നു. "യുവാവേ, ഞാൻ നിന്നോടു പറയുന്നു എഴുന്നേൽക്കുക" യേശു പറഞ്ഞ ഈ വാചകങ്ങൾക്ക് രണ്ടർത്ഥം ഉണ്ട്. 1. കിടക്കുന്നിടത്തു നിന്ന് എഴുന്നേൽക്കുക. 2. മരണത്തിൽ നിന്ന് ജീവനിലേക്ക് തിരിച്ചു വരിക. ശവമഞ്ചത്തിൽ തൊട്ടതു വഴി യഹൂദ നിയമമനുസരിച്ച് യേശു അശുദ്ധനാകുകയായിരുന്നു. എന്നാൽ യേശു ആ നിയമം അവഗണിച്ചുകൊണ്ടാണ് ശവമഞ്ചത്തെ സ്പർശിച്ചത്. 7 ദിവസത്തേക്ക് അശുദ്ധമാകുന്ന നിയമലംഘനമാണ് യേശു ഇവിടെ നടത്തിയത്. മരിച്ചയാളെ ജീവനിലേക്കു തിരിച്ചു കൊണ്ടുവരാൻ യേശു ശ്രമിക്കുകയായിരുന്നു. അനുകമ്പ, കരുണ എന്നീ വികാരങ്ങൾ വൈകാരിക തലത്തിൽ മാത്രം സ്ഥിതി ചെയ്യേണ്ടവയല്ല. അവ വ്യക്തമായ ഉപവി പ്രവൃത്തികളിൽ തെളിഞ്ഞു കാണേണ്ടതാണ്. ഇതാണ് യേശു ഇവിടെ ചെയ്തത്.

യേശുവിന്റെ കരുണയാണ് മരിച്ചയാളെ ജീവനിലേക്കു തിരിച്ചു കൊണ്ടുവന്നത്. യേശുവിന്റെ കൽപന അനുസരിച്ചു മൃതനായിരുന്ന മനുഷ്യൻ എഴുന്നേറ്റിരുന്നു. സംസാരിക്കുവാൻ തുടങ്ങി. ആ സ്ത്രീയ്ക്ക് അവരുടെ മകനെ യേശു തിരിച്ചു നൽകി. ഇതിനു മുന്നോടിയായിരുന്നു കരയേണ്ട എന്ന് യേശു അവളോട് ആദ്യം പറഞ്ഞത്. ഒരാളോട് കരയേണ്ട എന്ന് അധികാരത്തോടെ പറയണമെങ്കിൽ ആ കരച്ചിലിന് കാരണമായ ദുഃഖം ഇല്ലാതാക്കാനുള്ള കഴിവുണ്ടായിരിക്കണം. യേശുവിന് അത് സാധിച്ചു. സന്മനസുണ്ടെങ്കിൽ മറ്റുള്ളവരുടെ ചെറിയ ദുഃഖങ്ങൾ മാറ്റുവാൻ സാധിക്കും. ജനക്കൂട്ടം ഈ അത്ഭുതം കണ്ട് ഭയപ്പെട്ടു. കാരണം ഈ അത്ഭുതം തികച്ചും അപ്രതീക്ഷമായിരുന്നു. അവർ ഭയപ്പെട്ടുവെങ്കിലും സാവധാനം അവർ ദൈവസ്തുതിയിലേക്കു മാറി. ഈ ദൈവസ്തുതി

www.malankaralibrary.com



യാണ് ഒരു പ്രഘോഷണമായി സുവിശേഷകൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. “മഹാനായ ഒരു പ്രവാചകൻ നമ്മുടെയിടയിൽ ഉദയം ചെയ്തിരിക്കുന്നു. ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു.” യേശു ചെയ്ത അനുകമ്പയുടെ പ്രവൃത്തിയാണ് ദൈവത്തിന്റെ സന്ദർശനമായി ജനക്കൂട്ടം വ്യാഖ്യാനിച്ചത്. എല്ലാവരും കരുണയുള്ളവരായിരിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. പ്രവാചകന്മാർ പ്രവചിച്ചിരുന്ന വലിയ പ്രവാചകനാണ് യേശുവെന്ന് ജനങ്ങളുടെ പ്രതികരണം വ്യക്തമാക്കുന്നു. ഏലായായും, ഏലിഷായും ചെയ്ത അത്ഭുതങ്ങൾ ജനങ്ങളുടെ ഓർമ്മയിലുണ്ടായിരുന്നു.

വലിയ ഒരു ജനക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ പരസ്യമായി അസാധാരണമായ അത്ഭുതം അവിടുത്തെ പേരും പെരുമയും വർദ്ധിപ്പിക്കാനിടയായി. കൂടുതൽ ആളുകൾ മറ്റ് പ്രദേശങ്ങളിൽ നിന്ന് യേശുവിന്റെ അടുക്കൽ എത്തിയിരുന്നു. യേശുവിനെപ്പറ്റിയുള്ള വാർത്ത സ്നാപക യോഹന്നാന്റെ പക്കലും എത്തിയിരുന്നു.

## 9. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു

വി. ലൂക്കാ 8/26-39

വി. ലൂക്കായുടെ സുവിശേഷത്തിലെ ഒൻപതാമത്തെ അത്ഭുതമാണിത്. പ്രകൃതി ശക്തികളുടെ മേലുള്ള യേശുവിന്റെ അധികാരം പ്രകടമാക്കിയ കൊടുങ്കാറ്റിനെ ശമിപ്പിക്കുന്ന അത്ഭുതത്തിനു ശേഷം ഇവിടെ പിശാചിന്റെ മേലുള്ള അധികാരം വ്യക്തമാകുന്നു. ഈ സംഭവം നടന്ന സ്ഥലം ഗർജെസാ, ഗരാസാ, ഗദരാ എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഗരാസായും ഗദറായും തടാകതീരത്തു നിന്ന് അകലെയുള്ള സ്ഥലങ്ങളായതിനാൽ അവ രണ്ടും തള്ളിക്കളഞ്ഞ് ഗർജെസിയിലായിരിക്കാം ഈ അത്ഭുതം നടന്നതെന്ന് അഭിപ്രായമുണ്ട്. തടാകം കടന്ന് മറുകരയിലെത്തിയപ്പോൾ യേശുവിനെയും, ശിഷ്യരെയും അവിടെ എതിരേറ്റത് പിശാചുബാധിതനായ ഒരു മനുഷ്യനാണ്. അയാൾ അക്രമകാരിയും, സമൂഹത്തിന് ഭീഷണിയുമായിരുന്നു. അയാളെ ബന്ധിക്കുവാനോ നിയന്ത്രിക്കുവാനോ ആർക്കും കഴിഞ്ഞിരുന്നില്ല. കബറിടങ്ങളിൽ സമയം ചെലവഴിച്ചിരുന്ന അയാൾ വസ്ത്രമൊന്നും ധരിച്ചിരുന്നില്ല. ധാരാളം പിശാചുക്കൾ അയാളിൽ വസിച്ചിരുന്നതു കൊണ്ട് അയാൾ തന്റെ പേര് ലെഗിയോൺ എന്നാണ് യേശുവിനോട് പറഞ്ഞത്. റോമൻ

www.malankaralibrary.com



പട്ടാളത്തിൽ ഒരു ലെഗിയോൺ എന്നത് 5000 പേരായിരുന്നു അയാളിൽ വസിച്ചിരുന്ന അശുദ്ധാത്മാക്കൾ തങ്ങളെ പാതാളത്തിലേക്ക് അയക്കരുതേ എന്ന് യേശുവിനോട് യാചിച്ചു. അയാൾ യാചിച്ച പ്രകാരം അവിടെ അടുത്തു മേഞ്ഞുകൊണ്ടിരുന്ന പന്നികളിൽ പ്രവേശിക്കാൻ യേശു ആ പിശാചുക്കളെ അനുവദിച്ചു. പിശാചുക്കൾ ആ മനുഷ്യനെ വിട്ട് പന്നികളിൽ പ്രവേശിച്ചപ്പോൾ അവ വെകിളി പിടിക്കുകയും തടാകത്തിൽ മുങ്ങിച്ചാകുകയും ചെയ്തു. പന്നികളെ മേയിച്ചിരുന്നവർ ഇതുകണ്ട് ഓടിപ്പോയി. സംഭവിച്ച കാര്യങ്ങൾ പട്ടണത്തിലും ഗ്രാമങ്ങളിലുമുള്ളവരെ അറിയിച്ചു. വിവരം കേട്ട് ജനങ്ങൾ ഓടിക്കൂടിയപ്പോൾ പിശാചു ബാധിച്ചിരുന്ന മനുഷ്യൻ സുഖപ്പെട്ട്, വസ്ത്രം ധരിച്ച് യേശുവിന്റെ കാൽക്കൽ ഇരിക്കുന്നതു കണ്ടു. ഇതുകണ്ട് ഭയപ്പെട്ട ജനങ്ങൾ യേശുവിനോട് തങ്ങളുടെ നാട്ടിൽ നിന്ന് വിട്ടുപോകണമെന്ന് അപേക്ഷിച്ചു. സുഖമാക്കപ്പെട്ടയാൾ യേശുവിനോടൊപ്പം പോകാൻ ആഗ്രഹിച്ചെങ്കിലും യേശു അനുവദിച്ചില്ല. അയാൾ തിരിച്ചുപോയി ദൈവം അയാൾക്കു ചെയ്ത നന്മയെപ്പറ്റി പ്രഘോഷിക്കാനാണ് യേശു അയാളോട് ആവശ്യപ്പെട്ടത്. അങ്ങനെ അയാൾ വിജാതിയരുടെ നാട്ടിലെ ആദ്യ മിഷണറിയായി.

പിശാചുക്കൾ യേശുവിനെ നിയന്ത്രിക്കാൻ ശ്രമിച്ചു. യേശുവിന്റെ പേരും അനന്യതയും വിളിച്ചുപറഞ്ഞുകൊണ്ടാണ് അവരതിനു ശ്രമിച്ചത്. യേശു അവരുടെ പേരു ചോദിച്ചപ്പോൾ അവർ പേരു പറയാതെ അവരുടെ എണ്ണം പറയാൻ ശ്രമിച്ചു. കാരണം യേശു അവരെ കീഴ്പ്പെടുത്തരുതെന്ന് അവർ ആഗ്രഹിച്ചു. ആ മനുഷ്യനിൽ നിന്ന് യേശു അശുദ്ധാത്മാക്കളെ പന്നികളിൽ പ്രവേശിക്കാൻ അനുവദിച്ചതു വഴി അവരുടെ അന്ത്യത്തിലേക്ക് അവരെ വിടുകയായിരുന്നു. അങ്ങനെ പിശാചിനെ പറ്റിച്ച് യേശു ഒരു മനുഷ്യനെ രക്ഷിച്ചുവെന്നാണ് ബുൾട്ടുമാൻ പറയുന്നത്. പന്നികൾ വെള്ളത്തിൽ മുങ്ങിച്ചാകുന്നത് പിശാചുബാധയിൽ നിന്ന് സുഖമാക്കപ്പെട്ട മനുഷ്യന് താൻ സുഖമാക്കപ്പെട്ടുവെന്നതിന്റെ ഒരു ബാഹ്യ അടയാളമായിരുന്നു. തന്നെ സുഖമാക്കി, ജീവൻ തിരിച്ചു നൽകിയ യേശുവിനെ തന്റെ സ്വന്തം ജനങ്ങൾക്കിടയിൽ, വിജാതിയരുടെയിടയിൽ പ്രഘോഷിക്കുന്ന ദൗത്യം അയാൾ ഏറ്റെടുത്തു. എന്നാൽ അവിടുത്തെ ജനങ്ങൾ യേശു എത്രയും വേഗം തങ്ങളുടെ നാട്ടിൽ

www.malankaralibrary.com



നിന്ന് വിട്ടു പോകണമെന്ന് ആവശ്യപ്പെട്ടു. യേശു കഫർണമിൽ പിശാചുബാധിതനെ സുഖമാക്കിയപ്പോൾ അവിടുത്തെ ജനങ്ങൾ രോഗികളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന് അവർക്ക് സൗഖ്യം നേടിക്കൊടുത്തു.

## 10. രക്തസ്രാവക്കാരി സുഖം പ്രാപിക്കുന്നു. ജായ്റോസിന്റെ മകളെ പുനർജ്ജീവിപ്പിക്കുന്നു.

വി. ലൂക്കാ 8/40-56

വിജാതിയരുടെ നാട്ടിൽ നിന്ന് യഹൂദരുടെ നാട്ടിലേക്ക് തിരിച്ചെത്തിയ യേശുവിനെയും, ശിഷ്യരെയും വലിയ ജനക്കൂട്ടം എതിരേറ്റു. തങ്ങളുടെ നാട്ടിൽ നിന്ന് എത്രയും വേഗം സ്ഥലം വിടണമെന്ന് വിജാതിയർ യേശുവിനോട് ആവശ്യപ്പെട്ടപ്പോൾ ഗലീലിയിലെ യഹൂദ ജനം യേശുവിനു വേണ്ടി കാത്തിരിക്കുന്നതായിട്ട് സുവിശേഷകൻ ഇവിടെ വിവരിക്കുന്നത്. ഒരു സിനഗോഗ് അധികാരിയായിരുന്ന ജായ്റോസിന്റെ അപേക്ഷ മാനിച്ച് അയാളുടെ മരണാസന്നയായ മകളെ സുഖപ്പെടുത്താനാണ് യേശു അയാളുടെ വീട്ടിലേക്ക് പോയത്. ആദ്യത്തെ വിവരണം പൂർത്തിയാകുന്നതിനു മുമ്പുതന്നെ മറ്റൊരു അത്ഭുതം അവിടെ നടക്കുന്നു. മരണാസന്നയായ 12 വയസ്സുകാരിക്ക് സമാനമായി 12 വർഷമായി രക്തസ്രാവമുണ്ടായിരുന്ന ഒരു സ്ത്രീയെ നാമിവിടെ കാണുന്നു. ആർക്കും അതുവരെ സുഖപ്പെടുത്താൻ കഴിയാതിരുന്ന തന്റെ രോഗം യേശുവിനു സൗഖ്യമാക്കാൻ കഴിയുമെന്ന് ആ സ്ത്രീ പൂർണമായി വിശ്വസിച്ചു. യേശുവിനോട് നേരിട്ട് അപേക്ഷിക്കാതെ തന്നെ അവിടുത്തെ വസ്ത്രത്തിന്റെ വിതുമ്പിലൊന്നു സ്പർശിക്കാൻ കഴിഞ്ഞാൽ തന്റെ രോഗം ഭേദമാകുമെന്ന് അവൾ ഗാഢമായി വിശ്വസിച്ചു. അവൾ ആരാലും പ്രത്യേകം ശ്രദ്ധിക്കപ്പെടാതെ ജനക്കൂട്ടത്തിനിടയിലൂടെ യേശുവിന്റെ പിന്നിൽ വന്ന് അവൾ അവിടുത്തെ വസ്ത്രത്തിൽ തൊട്ടു. ഉടനെ അവളുടെ രോഗം വിട്ടുമാറി. എന്നാൽ യേശു തന്നിൽ നിന്ന് ശക്തി പുറപ്പെട്ട് ഒരാൾ സുഖപ്പെട്ടുവെന്നു മനസ്സിലാക്കി സുഖം പ്രാപിച്ചയാളെ ജനക്കൂട്ടത്തിനിടയിൽ തിരക്കി. യേശുവിന്റെ ശ്രമം വിഫലമാണെന്നു പത്രോസ് മുന്നറിയിപ്പു

www.malankaralibrary.com



നൽകിയെങ്കിലും സുഖം പ്രാപിച്ച സ്ത്രീ മുന്നോട്ട് വന്ന് സംഭവിച്ച കാര്യം വിവരിച്ചു. യേശു അവളെ അനുഗ്രഹിച്ച് പറഞ്ഞയച്ചു.

ജായ്റോസിന്റെ വീട്ടിലേക്കുള്ള വഴിയിലായിരുന്നു യേശു. ജായ്റോസിന്റെ മകളെ സുഖപ്പെടുത്തുകയായിരുന്നു യേശുവിന്റെ ലക്ഷ്യം. അതിനിപ്പോൾ വലിയ തടസ്സം നേരിട്ടിരിക്കുന്നു. ജായ്റോസിന്റെ മകൾ മരിച്ചു കഴിഞ്ഞിരിക്കുന്നു. ലക്ഷ്യം മുടങ്ങിയ യാത്ര അവസാനിക്കുന്ന വിധത്തിലായി. രോഗസൗഖ്യത്തിനു പകരം മരിച്ചയാളെ ഉയിർപ്പിക്കുന്നതിലേക്ക് കാര്യങ്ങൾ നീങ്ങി. യേശു ബാലികയുടെ പിതാവിന് പ്രത്യാശ നൽകി ശക്തിപ്പെടുത്തി. തന്റെ യാത്ര നിഷ്ഫലമായിട്ടില്ലെന്നും അയാൾ തന്നിൽ നിന്നു യാചിച്ചത് അയാൾക്കു ലഭിക്കുമെന്നും യേശു അയാൾക്ക് ഉറപ്പ് നൽകി. അയാളുടെ പ്രതികരണം ഇവിടെ വിവരിക്കുന്നില്ല. യേശു അയാളോട് വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ ആവശ്യപ്പെട്ടു. വീട്ടിലെത്തിയപ്പോൾ മരിച്ചുപോയ ബാലികയെ ഓർത്തു വിലപിക്കുന്നവരെ കണ്ട യേശു അവരോടു ബാലിക മരിച്ചിട്ടില്ലെന്നും ഉറങ്ങുകയാണെന്നും പറഞ്ഞത് അവരുടെ പരിഹാസത്തിന് ഇടയാക്കി. കാരണം അവൾ മരിച്ചു കഴിഞ്ഞതായി അവർക്ക് അറിയാമായിരുന്നു. ശിഷ്യ പ്രമുഖരായ മൂന്നുപേരേയും ബാലികയുടെ മാതാപിതാക്കളേയും മാത്രം ഒപ്പം കൂട്ടി യേശു ബാലികയുടെ അടുക്കൽ ചെന്നു. അവളുടെ കൈ പിടിച്ചു വിളിച്ചുകൊണ്ട് അവളെ മരിച്ച അവസ്ഥയിൽ നിന്ന് ജീവനിലേക്കു കൊണ്ടുവന്നു. അവൾ എഴുന്നേറ്റിരുന്നപ്പോൾ അവൾക്ക് ആഹാരം കൊടുക്കുവാൻ യേശു മാതാപിതാക്കളോട് നിർദ്ദേശിച്ചു. ഇതു കണ്ട ജനം ആശ്ചര്യപ്പെട്ടു.

മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ട രണ്ടു സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് വി. ലൂക്കായുടെ സുവിശേഷത്തിൽ മാത്രമേയുള്ളൂ. നായിമിലെ വിധവയുടെ മകനെ ഉയിർപ്പിച്ചത് മറ്റു സുവിശേഷകർ രേഖപ്പെടുത്തുന്നില്ല. ആ സംഭവത്തിൽ ഒരു വിധവയും അയാളുടെ ഏക മകനുമായിരുന്നുവെങ്കിൽ ഇവിടെ ഒരു പിതാവും അയാളുടെ ഏക മകളുമാണുള്ളത്. ഇങ്ങനെ സമാന്തരമായി അവതരിപ്പിക്കുന്നത് ലൂക്കായുടെ ഒരു പ്രത്യേക സാഹിത്യശൈലിയാണ്.

ഇവിടെ വിശ്വാസത്തിന്റെ പ്രാധാന്യമാണ് എടുത്തു പറയുന്നത്. സൗഖ്യവും, ജീവനും നൽകാനുള്ള ശക്തി യേശുവിനുണ്ടെന്ന് അവർ വിശ്വസിച്ചു. ഈ രക്തസ്രാവക്കാരി സ്ത്രീയുടെ വിശ്വാസം

www.malankaralibrary.com



വളരെ പ്രധാനപ്പെട്ടതായിരുന്നു. വിശ്വാസമുണ്ടെങ്കിൽ ദൈവാനുഗ്രഹം പ്രാപിക്കുവാൻ സാധിക്കും. നമ്മുടെ യേശുവിന്റെ മുമ്പിൽ ഒന്നിച്ചു കൂടുമ്പോൾ ആഴമേറിയ വിശ്വാസത്താൽ യേശുവിനെ ഒന്നു സ്പർശിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? യേശുവിന്റെ സ്പർശനം നമുക്കുണ്ടാകുവാൻ നാം അവിടുത്തെ അനുവദിക്കാറുണ്ടോ? വിശ്വാസത്തോടെ യേശുവിനെ സമീപിച്ചാൽ ദൈവാനുഗ്രഹങ്ങൾ ലഭിക്കും.

## 11. പിശാചു ബാധിച്ച ബാലനെ സുഖപ്പെടുത്തുന്നു

വി. ലൂക്കാ 9/37-43

യേശു തങ്ങളോടൊപ്പം ഇല്ലാതിരുന്ന ഒരവസരത്തിൽ പിശാചു ബാധിച്ച ഒരു ബാലനെ സുഖപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഒരാൾ ശിഷ്യരെ സമീപിച്ചു. അതു നടത്തിക്കൊടുക്കാൻ 9 ശിഷ്യർക്ക് കഴിഞ്ഞില്ല. അപ്പോൾ യേശു തന്റെ മൂന്നു ശിഷ്യരോടൊപ്പം അവിടെ എത്തുകയും ബാലനെ സുഖപ്പെടുത്തുകയും ചെയ്തു. ജനക്കൂട്ടത്തിൽ നിന്ന് ഒരാൾ തന്റെ മകന്റെ രോഗവും, രോഗലക്ഷണങ്ങളും യേശുവിനോട് വിവരിച്ചു. അപസ്മാര രോഗമായിരുന്നു അതെന്ന് മനസ്സിലാക്കി. ശിഷ്യന്മാർക്ക് ആ രോഗിയെ സുഖപ്പെടുത്താൻ കഴിഞ്ഞില്ല. അപസ്മാര രോഗത്തിന്റെ ഉറവിടം എന്തിനാണ് ദുഷ്ടാരൂപിയിൽ ആരോപിക്കുന്നതെന്ന് വായനക്കാർക്ക് ന്യായമായും തോന്നാം. യേശു കുട്ടിയുടെ പിതാവ് അപേക്ഷിച്ച പ്രകാരം അശുദ്ധാരൂപിയെ കുട്ടിയിൽ നിന്ന് ഒഴിവാക്കിയ ശേഷം അപസ്മാരത്തിൽ നിന്ന് അവനെ സൗഖ്യമാക്കി. പിശാചിന്റെ സ്വാധീനം ഏതു മനുഷ്യനിലും ഉണ്ടാകും. അത് എല്ലാവരിലും ഒരേ ലക്ഷണങ്ങളോ പ്രതികരണങ്ങളോ ഉണ്ടാക്കണമെന്നില്ല. ഏതു രോഗവും പിശാചിന്റെ സ്വാധീനത്താൽ മനുഷ്യനിൽ ഉണ്ടാകാവുന്നതാണ്. അതു പിശാചിന്റെ സ്വാധീനമാണെന്ന് തിരിച്ചറിഞ്ഞ് അതിനെ ഇല്ലാതാക്കിയാൽ മറ്റ് മരുന്നുകൾ ഇല്ലാതെ ആ രോഗം സൗഖ്യമാക്കപ്പെടും. യുക്തി വിചാരം കൊണ്ട് മനസ്സിലാക്കാൻ വിഷമമുള്ള ഈ സംഭവങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ മാത്രമേ കാണുവാൻ കഴിയൂ.

www.malankaralibrary.com



# 12. കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു.

വി. ലൂക്കാ 13/10-17

വി. ലൂക്കായുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പതിനാലാമത്തെ രോഗശാന്തി അത്ഭുതമാണിത്. ഇത് ഈ സുവിശേഷത്തിൽ മാത്രമേ വിവരിക്കുന്നുള്ളൂ. 18 വർഷമായി കൂനുണ്ടായിരുന്ന ഒരു സ്ത്രീയെ ഒരു സാബത്തു ദിവസം സുഖപ്പെടുത്തുന്നതാണ് വിവരണം.

യേശുവും, ശിഷ്യന്മാരും ഗലീലിയിൽ നിന്ന് ജറുസലേമിലേക്ക് യാത്ര ചെയ്യുകയായിരുന്നു. വഴിമദ്ധ്യേ ഒരു സാബത്തു ദിവസം പേരു പറഞ്ഞിട്ടില്ലാത്ത ഒരു ഗ്രാമത്തിലെ സിനഗോഗിൽ യേശു പ്രവേശിച്ച് അവിടെ പഠിപ്പിച്ചു. അവിടെ നടന്ന രോഗശാന്തിയാണിത്. രോഗശാന്തി ആവശ്യമുള്ള ആളിന്റെ ഭാഗത്തുനിന്ന് യാചനയൊന്നും കൂടാതെ യേശു സ്വയം നൽകിയ രോഗശാന്തിയാണിത്. പതിവുപോലെ സാബത്തിലെ സിനഗോഗ് ശുശ്രൂഷയിൽ പങ്കെടുക്കുവാൻ വന്നതാണ് ഈ സ്ത്രീ. വളരെ ബുദ്ധിമുട്ടിയായിരിക്കണം ആ സ്ത്രീ സിനഗോഗിൽ എത്തിയത്. കാരണം അവൾക്കു നിവർന്നു നിൽക്കാൻ കഴിയാതിരുന്നു. 18 വർഷമായി കൂനുണ്ടായിരുന്നു. അവളെ ബാധിച്ച ഒരു ദുരാത്മാവാണ് ഈ കൂനിന് കാരണം. ഇത് വെറും ഒരു രോഗവിമുക്തിയല്ല മറിച്ച്, ഒരു ദുഷ്ടാരൂപിയുടെ ബാധ ഒഴിപ്പിക്കലാണ്. ദുഷ്ടരൂപിയെ ഒഴിവാക്കുമ്പോൾ അതിന്റെ ആവാസം വഴിയുണ്ടായ രോഗവും ഭേദമാകും. ഇവിടെ ഈ സ്ത്രീയുടെ രോഗം കൂനായിരുന്നു. പിശാചു വിട്ടു മാറുമ്പോൾ സ്ത്രീ രോഗവിമുക്തയായി എഴുന്നേറ്റ് നിൽക്കും. ആരും ആവശ്യപ്പെടാതെയാണ് യേശു കൂനിയായ സ്ത്രീയെ സുഖപ്പെടുത്താൻ തയ്യാറായത്. രണ്ടു പടികളായിട്ടാണ് യേശു അവൾക്കു രോഗവിമുക്തി നൽകുന്നത്. ആദ്യത്തെ പടിയിൽ അവളെ ബാധിച്ച അശുദ്ധാരൂപിയെ പുറത്താക്കുന്നു. അതിനു ശേഷം അവയുടെ മേൽ കൈവച്ച് അവളെ നിവർത്തി നിർത്തി അവളുടെ ശാരീരിക ബലഹീനത ഇല്ലാതാക്കി. വാക്കാലാണ് യേശു എല്ലായ്പ്പോഴും പിശാചുക്കളെ പുറത്താക്കിയിരുന്നത്. യേശു തന്റെ അധികാരമുള്ള വാക്കുവഴി ആ സ്ത്രീയുടെ രോഗകാരണമായിരുന്ന അശുദ്ധാരൂപിയെ പുറത്താക്കി. രോഗത്തിൽ നിന്നു സുഖ

www.malankaralibrary.com



മാക്കപ്പെട്ടിരിക്കുന്നു എന്നു നേരെ പറയുന്നതിനു പകരമാണ് രോഗവിമുക്തിയുടെ ആദ്യപടിയായി അവളെ പിശാചിന്റെ പിടിയിൽ നിന്നും മോചിപ്പിക്കുന്നത്. ഈ മോചനമാണ് അടുത്ത പടിയിൽ യേശുവിന്റെ കൈവയ്പു വഴി അവളുടെ ശാരീരിക സൗഖ്യത്തിലേക്കു നയിക്കുന്നത്. പിശാചിന്റെ ആവാസത്താൽ നിവരാൻ കഴിയാതിരുന്ന ആ സ്ത്രീ യേശുവിന്റെ രക്ഷാകരമായ ഇടപെടൽ വഴി നിവർന്നു നിൽക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. ഏതു ശാരീരിക രോഗവും പിശാചിന്റെ സ്വാധീനത്താൽ മനുഷ്യനിൽ ഉണ്ടാകാം. ഇവിടെ ഈ സ്ത്രീയുടെ രോഗത്തിന്റെ കാരണം പിശാചു ബാധയായിരുന്നു. പിശാചിനെ ഒഴിപ്പിച്ചു കഴിയുമ്പോൾ അവൾക്ക് രോഗ വിമുക്തി ലഭിക്കും.

ഈ അത്ഭുതം കണ്ട സിനഗോഗാധികാരിക്ക് ഉണ്ടായത് സന്തോഷമല്ല മറിച്ച് കോപമാണ്. അയാളുടെ കോപം യേശുവിനോടാണ്. ഇത് അയാൾ നേരിട്ട് പ്രകടിപ്പിക്കാതെ അവിടെ സമ്മേളിച്ച ജനക്കൂട്ടത്തോട് പ്രകടിപ്പിച്ചു. അയാളുടെ പ്രശ്നം സാബത്തിന്റെ നിയമം ലംഘിക്കപ്പെട്ടുവെന്നാണ്. എന്നാൽ ഏതു സാബത്ത് നിയമമാണ് ലംഘിക്കപ്പെട്ടതെന്ന് വ്യക്തമാക്കുന്നില്ല. യേശു നൽകിയ രോഗശാന്തി ശാരീരിക അദ്ധ്വാനത്തിന്റെ കൂടെ അയാൾ ഉൾപ്പെടുത്തി. ജോലി ചെയ്യാൻ 6 ദിവസങ്ങൾ യഹൂദ നിയമം അനുവദിക്കുന്നുണ്ട്. ആ ദിവസങ്ങളിൽ വന്ന് രോഗശാന്തി പ്രാപിക്കാം. എന്നാൽ സാബത്തിൽ ഇതു പാടില്ല എന്നാണ് അയാൾ കൽപിക്കുന്നത്. യഥാർത്ഥത്തിൽ യേശുവിനോടുള്ള അയാളുടെ പരസ്യമായ ശാസനയായിരുന്നു അത്. യേശുവും സിനഗോഗധികാരിയോട് നേരിട്ട് പ്രതികരിച്ചില്ല. യേശു താൻ ചെയ്ത പ്രവൃത്തിയെ ന്യായീകരിച്ചു. സിനഗോഗധികാരിയെ കപട നാട്യക്കാരനെന്നു വിശേഷിപ്പിക്കുകയും ചെയ്തു. യഹൂദർ ഇന്നും സാബത്തുദിവസം ഭക്ഷണം കഴിച്ച പാത്രം കഴുകില്ല.

യേശു പറയുന്നത് സാബത്തുദിവസം വളർത്തു മൃഗങ്ങളെ തൊഴുത്തിൽ നിന്നും അഴിച്ച് വെള്ളം കുടിപ്പിക്കുവാൻ കൊണ്ടു പോകുന്നുണ്ടല്ലോ എന്നാണ്. മൃഗങ്ങളോട് ഇത്രയും താൽപര്യം കാണിക്കാമെങ്കിൽ അബ്രഹാമിന്റെ മകളായ ഈ സ്ത്രീയോടും അനുകമ്പ കാണിക്കേണ്ടതല്ലേ എന്ന് യേശു ചോദിക്കുന്നു. വളർത്തു മൃഗങ്ങളെ തൊഴുത്തിൽ കെട്ടിയിരുന്നതു പോലെ കൂനു

www.malankaralibrary.com



പിടിച്ച ഈ സ്ത്രീയെയും 18 വർഷമായി പിശാചു ബന്ധിച്ചിട്ടിരിക്കുകയായിരുന്നു. ഈ സ്ത്രീയെ മോചിപ്പിക്കേണ്ടത് ഏതു സാബത്തിലും അനുവദനീയമല്ലേ എന്നാണ് യേശുവിന്റെ ചോദ്യം. ഇവിടെ യേശുവിനെ എതിർത്തവർ ലജ്ജിച്ചു തല താഴ്ത്തി. ഇക്കൂട്ടത്തിൽപ്പെട്ടയാളാണ് സിനഗോഗധികാരി. ജനസമൂഹം യേശു ചെയ്ത മഹനീയ പ്രവൃത്തികൾ കണ്ട് സന്തോഷം പ്രകടിപ്പിച്ചു. തുറന്ന മനസ്സുള്ളവർക്കും, ഹൃദയ വിശാലതയുള്ളവർക്കും മാത്രമേ യേശുവിനെ അറിയുവാനും അവിടുത്തെ പ്രവൃത്തികളിൽ സന്തോഷിക്കുവാനും കഴിയൂ.

## 13. മഹോദര രോഗിയെ സുഖപ്പെടുത്തുന്നു

വി. ലൂക്കാ 14/1-6

വി. ലൂക്കായുടെ സുവിശേഷത്തിൽ മാത്രമുള്ളതാണ് ഈ സംഭവം. സാബത്തു ദിനത്തിലെ ആഘോഷമായ ഒരു ഭക്ഷണ വേളയാണ് പശ്ചാത്തലം. യഹൂദർ ആഴ്ചയിലെ ഏറ്റവും നല്ല ഭക്ഷണം കഴിച്ചിരുന്നത് യഹോവയുടെ ദിനമായി കണക്കാക്കിയിരുന്ന സാബത്തു ദിനത്തിലായിരുന്നു. വിഭവ സമൃദ്ധമായ ഭക്ഷണമാണ് സാബത്തു ദിവസം അവർ കഴിച്ചിരുന്നത്. യേശു പ്രമുഖനായ ഒരു ഫരിസേയ പ്രമാണിയുടെ ഭവനത്തിൽ സാബത്ത് ഭക്ഷണത്തിനായിരിക്കുമ്പോൾ മേശക്ക് ചുറ്റുമിരിക്കുന്നവരോട് സംസാരിക്കുകയായിരുന്നു. യേശുവിനെ ഒരു യഹൂദ റബിയായി എല്ലാവരും ശ്രദ്ധിച്ചുകൊണ്ടിരുന്നു. അപ്പോൾ ഫരിസേയരും, നിയമജ്ഞരും യേശുവിനെ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചു കൊണ്ടിരുന്നു. യേശുവിനെതിരായി ആരോപണമുന്നയിക്കാൻ അവർ കാരണം അന്വേഷിക്കുകയായിരുന്നു. രോഗശാന്തിയാവശ്യമുള്ളയാൾ ഒരു മഹോദര രോഗിയായിരുന്നു.

യേശു രോഗസൗഖ്യം നൽകുന്നതിനു മുൻപ് രണ്ടു ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. സാബത്തു ദിവസത്തിലെ രോഗശാന്തിയെപ്പറ്റി യഹൂദ നേതാക്കൾ മറുപടി നൽകാതെ നിശബ്ദരായിരുന്നപ്പോൾ യേശു മഹോദര രോഗിയെ സുഖപ്പെടുത്തി. എന്തുകൊണ്ട് അവർ മൗനം പാലിച്ചു എന്നത് വ്യക്തമല്ല. അവർ നിശബ്ദരായി എന്നുള്ളപ്പോൾ യേശു മഹോദര രോഗിയെ സുഖമാക്കി പറഞ്ഞയച്ചു.

www.malankaralibrary.com



പറഞ്ഞയച്ചതിന്റെ അർത്ഥം ആ രോഗി വീട്ടിലെ ആരുമല്ലായിരുന്നു, ക്ഷണിക്കപ്പെടാത്ത വ്യക്തിയുമായിരുന്നു. അയാൾ യേശുവിനെ പ്പറ്റി കേട്ട് അവിടുത്തെ അനുകമ്പ പ്രതീക്ഷിച്ച് എത്തിയതായി രിക്കാം. സാബത്തു ദിവസം സ്വന്തം ഭവനത്തിലെ ഒരു കുട്ടിയോ വളർത്തു മൃഗമോ കിണറ്റിൽ വീഴാൻ ഇടയായാൽ അതിനെ ഉടനെ പിടിച്ചു കയറ്റാത്തവർ അവരിൽ ആരുണ്ടെന്നാണ് യേശു ഫരി സേയ പ്രമുഖരോടും, നിയമജ്ഞരോടും ചോദിക്കുന്നത്. സാബ ത്താണല്ലോ എന്നു കരുതി അത്തരം സന്ദർഭങ്ങളിൽ ഒന്നും ചെയ്യാതെ അവർ നോക്കി നിൽക്കുകയില്ല. അങ്ങനെയെങ്കിൽ യേശു സാബത്തിൽ ഒരു രോഗിയെ സുഖപ്പെടുത്തിയത് അതു പോലുള്ള ഒരു പ്രവൃത്തി മാത്രമാണ്. അതൊരിക്കലും സാബത്ത് ലംഘനമാവുകയില്ല. ഇവിടെ യേശു ചോദിച്ച രണ്ട് ചോദ്യങ്ങൾക്കും ഫരിസേയരും, നിയമജ്ഞരും മറുപടി നൽകിയില്ല. നിയമാ വർത്തനം 22/4 ൽ "നിന്റെ സഹോദരന്റെ കാളയോ കഴുതയോ വഴിയിൽ വീണു കിടക്കുന്നതു കണ്ടാൽ നീ മാറിപ്പോകാതെ അതിനെ എഴുന്നേൽപ്പിക്കാൻ സഹായിക്കണം." എന്ന് പറയു ന്നുണ്ട്. ഈ നിയമമായിരിക്കാം യേശുവിന്റെ മനസ്സിലുള്ളതെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഉത്തരം മുട്ടിയതുകൊ ണ്ടാണ് യേശുവിന്റെ ചോദ്യങ്ങൾക്ക് യഹൂദ പ്രമാണികൾ നിശ ബ്ദത പാലിച്ചത്.

## 14. പത്ത് കുഷ്ഠരോഗികൾ

വി. ലൂക്കാ 17/11-19

വി. ലൂക്കായുടെ സുവിശേഷത്തിലെ 15-ാമത്തെ അത്ഭുതമാ ണിത്. ഇത് വി. ലൂക്കായുടെ സുവിശേഷത്തിൽ മാത്രം രേഖപ്പെ ടുത്തിയിരിക്കുന്നു. യഹൂദർ വെറുത്തിരുന്ന ഒരു സമരിയാക്കാരനെ യഹൂദർക്കുപോലും മാതൃകയായി ഒരിക്കൽകൂടി യേശു ചൂണ്ടി ക്കാണിക്കുന്നു. ആദ്യം നല്ല സമരിയാക്കാരന്റെ ഉപമ വഴി യേശു അയാളെ നല്ല അയൽക്കാരനായി അവതരിപ്പിച്ചു. യേശു ജറുസ ലേമിലേക്ക് യാത്ര ചെയ്യുന്ന വഴിയിൽ 10 കുഷ്ഠരോഗികളെ കണ്ടു മുട്ടി അവരുടെ അപേക്ഷ സ്വീകരിച്ച് അവരെ ഉടനെ തന്നെ സുഖ പ്പെടുത്താതെ യഹൂദ പുരോഹിതരുടെ അടുത്തേക്ക് അവരെ പറ

www.malankaralibrary.com



ഞ്ഞയച്ചു. പോകുംവഴിയിൽ അവരെല്ലാവരും സുഖപ്പെട്ടു. അതിൽ ഒരാളായിരുന്ന സമരിയാക്കാരൻ തിരികെ വന്ന് യേശുവിന് നന്ദിയർപ്പിച്ചു. ഇത് ഒരു മാതൃകയായി യേശു അവതരിപ്പിച്ചു.

ഇവിടെ അത്ഭുതസൗഖ്യം നടന്നതിന്റെ പശ്ചാത്തലം ഒരു ഗ്രാമമാണ്. അവിടെ അകലെ നിന്നിരുന്ന 10 കുഷ്ഠരോഗികൾ യേശുവിനെ കണ്ടു. കുഷ്ഠരോഗിയെ ഭവനത്തിൽ നിന്ന് പുറത്താക്കുമായിരുന്നു. അവർ ജനവാസമുള്ളിടത്തു നിന്ന് മാറി അകലെ താമസിക്കണമായിരുന്നു. (ലേവ്യർ 13, 14). രോഗത്തിന്റെ ക്ലേശങ്ങൾക്കു പുറമെ ഒറ്റപ്പെട്ടതിന്റെ വേദനയും അവർ സഹിക്കേണ്ടിയിരുന്നു. അപ്പോൾ കുഷ്ഠരോഗികൾ മാത്രമായി ഒന്നിച്ചു കൂടുകയും താമസിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് ഒമ്പതു യഹൂദ കുഷ്ഠരോഗികളുടെ കൂടെ ഒരു സമറിയാക്കാരനും ഉണ്ടായത്. കുഷ്ഠരോഗികൾ യേശുവിനെ ഗുരോ എന്നും അവിടുത്തെ പേരും കൂടി പറഞ്ഞു യേശുവിനെ സംബോധന ചെയ്തു. അവർ യേശുവിന്റെ കരുണക്കായിട്ടാണ് യാചിച്ചത്. അതിന്റെയർത്ഥം അവർ യേശുവിനെപ്പറ്റി നന്നായി അറിഞ്ഞിരുന്നു. കുഷ്ഠരോഗി ഏകനായി വസിക്കണം എന്നാണ് നിയമം. പിന്നെ എങ്ങനെയാണ് അവർ 10 പേർ ഒരുമിച്ചു ജീവിച്ചത് എന്ന് നമുക്ക് തോന്നാം. സ്വന്തം കുടുംബക്കാരിൽ നിന്നു മാറി ഏകനായി ജീവിക്കണമെന്നാണർത്ഥം. ഒരേ രോഗമുള്ളവർ ഒരുമിച്ചു ജീവിക്കുന്നത് നിയമം വിലക്കിയിട്ടില്ല. എന്നാൽ അവർ പൊതുജനം താമസിക്കുന്നതിൽ നിന്ന് മാറി അകലെ താമസിക്കണമെന്നാണ് യഹൂദ നിയമം.

യേശു അവരുടെ അടുത്തേക്ക് ചെന്നതായി കരുതണം. അവരുടെ അപേക്ഷ യേശു നേരിട്ട് സ്വീകരിക്കുന്നതായി ഇവിടെ കാണുന്നില്ല. യേശു സുഖമാകട്ടെ എന്നു പറയുന്നുമില്ല. അതിനുപകരമായി പോയി നിങ്ങളെത്തന്നെ പുരോഹിതർക്കു കാണിച്ചു കൊടുക്കുക എന്ന് യേശു പറഞ്ഞു. അത് എന്തിനാണെന്ന് അവർ ചോദിച്ചില്ല. യേശു ഉടൻ തന്നെ അവരെ സുഖപ്പെടുത്താത്തതിൽ അവർ പ്രതിഷേധിച്ചതുമില്ല. ഒരാൾക്ക് കുഷ്ഠരോഗം ഉണ്ടോയെന്നതിന്റെ അന്തിമ വിധി നടത്തേണ്ടത് പുരോഹിതരായിരുന്നു. ചിലപ്പോൾ പുരോഹിതരായിരിക്കാം ഈ 10 പേരെ സമൂഹത്തിൽ നിന്നും പുറത്താക്കിയത്. കുഷ്ഠം മാറി സമൂഹത്തിൽ വീണ്ടും പ്രവേശിക്കണമെങ്കിൽ പുരോഹിതൻ അനുവദിക്കണം. അവർ പോകും

www.malankaralibrary.com



വഴി സൗഖ്യം പ്രാപിക്കാൻ പോകുകയാണെന്ന് അവർ ന്യായമായും ചിന്തിച്ചു. അതുകൊണ്ടാണ് യേശുവിന്റെ വാക്ക് കേട്ടയുടൻ തന്നെ അവർ പുരോഹിതരുടെ അടുത്തേക്ക് തിരിച്ചത്. പത്തുപേരും ഒരുമിച്ചാണോ പോയതെന്ന് വ്യക്തമല്ല. കാരണം സമറിയാക്കാരൻ സമറിയായിലെ പുരോഹിതനെയാണ് കാണിക്കേണ്ടത്. അവർ രണ്ടുവഴിക്കു പിരിയും മുൻപേ അവർ സുഖം പ്രാപിച്ചു. സമറിയാക്കാരൻ തന്റെ നാട്ടിലേക്ക് തിരികെ പോകുന്നതിനു പകരം തന്നെ സുഖപ്പെടുത്തിയ യേശുവിനെ കണ്ട് നന്ദിയർപ്പിക്കുവാൻ ഉടനെ തിരിച്ചു വന്നു. ബാക്കി 9 പേർ അവരുടെ ഭവനങ്ങളിൽ എത്തിച്ചേരാനായി യാത്ര തുടർന്നു. സമറിയാക്കാരൻ ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടാണ് യേശുവിന്റെ പക്കൽ തിരിച്ചു വന്നത്. ഒരാൾ മാത്രം നന്ദിയറിയിക്കുവാൻ വന്നതിൽ യേശു ആശ്ചര്യപ്പെട്ടു. ബാക്കി 9 പേർ എവിടെയെന്നു യേശു അന്വേഷിച്ചു. തിരിച്ചുവന്നയാൾ സമരിയാക്കാരനാണെന്നും ബാക്കി 9 പേർ യഹൂദരാണെന്നും യേശുവിന് എങ്ങനെ മനസ്സിലായി എന്ന് ഇവിടെ വിവരിക്കുന്നില്ല. സമറിയക്കാർ വിജാതിയരായിരുന്നില്ല. വിജാതിയരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെട്ട് യഹൂദ ജനതയുടെ വംശശുദ്ധി നഷ്ടപ്പെടുത്തിയവരാണ് സമരിയാക്കാർ. അവർ യഹൂദരെപ്പോലെയാണ് മത കാര്യങ്ങൾ ചെയ്തിരുന്നത്. എങ്കിലും യഹൂദർ അവരെ പുറജാതികളായി വീക്ഷിച്ചിരുന്നു.

ദൈവത്തെ മഹത്വപ്പെടുത്തുകയും, യേശുവിന് നന്ദിയർപ്പിക്കുകയും ചെയ്ത സമറിയാക്കാരന് നിന്റെ വിശ്വാസത്തിന്റെ പ്രതിഫലമായി യേശു നിത്യരക്ഷ വാഗ്ദാനം ചെയ്തതായി ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. അയാളുടെ തിരിച്ചുവരവ് മാനസാന്തരത്തെയാണ് സൂചിപ്പിക്കുന്നതെന്നും അയാൾ യേശുവിൽ വിശ്വസിച്ചാണ് തിരിച്ചുപോകുന്നതെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. കൃതജ്ഞത പ്രകടിപ്പിക്കേണ്ടതിന്റെ അനിവാര്യതയാണ് ഇവിടെ നാം കാണുന്ന സന്ദേശം. ദൈവത്തിന്റെ കരുണയുടെ അനുഭവം അവരുടെ ജീവിതത്തിൽ ഉണ്ടായിട്ടും അതിന് നന്ദി പ്രകടിപ്പിക്കാൻ 9 യഹൂദ കുഷ്ഠരോഗികൾക്ക് മനസ്സു തോന്നിയില്ല. അതിനെ യേശു കുറ്റപ്പെടുത്തി. നാം എപ്പോഴും നന്ദിയുള്ളവരായിരിക്കണം.

www.malankaralibrary.com



# 15. അന്ധനു കാഴ്ച നൽകുന്നു

വി. ലൂക്കാ 18/35-43

വി. ലൂക്കായുടെ സുവിശേഷത്തിലെ 16-ാമത്തെ അത്ഭുതമാണിത്. യേശു ജനക്കൂട്ടത്തോടൊപ്പം ജറുസലേം പട്ടണത്തിലേക്കു പ്രവേശിക്കാൻ തുടങ്ങിയപ്പോഴായിരുന്നു ഈ സംഭവം നടന്നത്. സക്കായിയുടെ മാനസാന്തരം നടക്കുന്നതും ഇതേ പട്ടണത്തിൽ തന്നെയാണ്. യേശു ജറുസലേം പട്ടണത്തിലേക്ക് പ്രവേശിച്ചത് വലിയ ഒരു ജനാവലിയോടും തന്റെ ശിഷ്യന്മാരോടൊപ്പവുമാണ്. അന്ധനായ ഭിക്ഷക്കാരൻ ആ സമയത്ത് ദാവീദിന്റെ പുത്രാ എന്ന് യേശുവിനെ ഉച്ചത്തിൽ വിളിച്ചു. ചിലയാളുകൾ അയാളോട് നിശബ്ദനായിരിക്കുവാൻ ശകാരിച്ചെങ്കിലും അയാൾ കൂടുതൽ ഉച്ചത്തിൽ തന്റെ അപേക്ഷ നടത്തുകയാണ് ചെയ്തത്. അയാളുടെ വിളി കേട്ട യേശു അയാളെ അടുത്തുവിളിച്ച് കാഴ്ച നൽകി അനുഗ്രഹിച്ചു. കാഴ്ച ലഭിച്ച അയാൾ യേശുവിനെ അനുഗമിച്ചു. കണ്ടിട്ടും കാണാതിരിക്കുകയും കേട്ടിട്ടും കേൾക്കാതിരിക്കുകയും ഗ്രഹിക്കാതെയുമിരിക്കുന്ന യേശുവിന്റെ ശിഷ്യന്മാരെ കാഴ്ച ലഭിച്ച അന്ധനായ മനുഷ്യനുമായി ഇവിടെ താരതമ്യം ചെയ്യുകയാണ്. അന്ധനു കാഴ്ച കിട്ടുമ്പോൾ കാഴ്ചയുള്ളവരായ ശിഷ്യന്മാർ തങ്ങളുടെ മുമ്പിൽ നടക്കുന്ന സംഭവങ്ങൾ പോലും ഗ്രഹിക്കാൻ അശക്തരായി അന്ധരായിരുന്നതാണ് ലൂക്കാ സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്.

www.malankaralibrary.com

## വി. യോഹന്നാൻ


1. രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തുന്നു – 4/43 – 54 100
2. ബേത്സഥായിലെ രോഗശാന്തി – 5/1 – 18 100
3. അന്ധനെ സുഖപ്പെടുത്തുന്നു – 9/1 – 41 102
4. ലാസറിനെ ഉയിർപ്പിക്കുന്നു – 11/1 – 44 108

www.malankaralibrary.com

## 1. രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തുന്നു

വി. യോഹന്നാൻ 4/43-54.

മറ്റ് സുവിശേഷങ്ങളിൽ നിന്നും വി. യോഹന്നാന്റെ വിവരണം വ്യത്യസ്തമാക്കുന്നത് ഇതിലെ അവതരണമാണ്. ജീവൻ എന്ന സന്ദേശത്തിനാണ് ഇവിടെ പ്രാധാന്യം നൽകുന്നത്. യേശുവാണ് യഥാർത്ഥ ജീവദാതാവ്. ഈ അത്ഭുത സൗഖ്യം വഴി യേശു ജീവ ദാതാവാണെന്ന് സ്വയം വെളിപ്പെടുത്തുന്നു. നിന്റെ മകൻ ജീവിക്കും എന്ന യേശുവിന്റെ വാക്കുകൾ വിശ്വസിച്ച് അവൻ പോയി എന്നാണ് സുവിശേഷകൻ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ജീവനിലേക്ക് കടന്നുവരാൻ വിശ്വാസം ആവശ്യമാണ്. എന്നാൽ വെറും അടയാ ളങ്ങളിലും, അത്ഭുതങ്ങളിലും മാത്രം അടിസ്ഥാനമിട്ട വിശ്വാസം യഥാർത്ഥ വിശ്വാസമല്ല. വിശ്വാസം ഒരുവനെ ജീവന്റെ പൂർണ നായ ദൈവത്തിലേക്ക് നയിക്കണം. ആദ്യ ഭാഗത്ത് വിശ്വാസത്തെ ക്കുറിച്ചും രണ്ടാം ഭാഗത്ത് ജീവനെക്കുറിച്ചും ഈ അത്ഭുതം പ്രതി പാദിക്കുന്നു. വി. യോഹന്നാന്റെ സുവിശേഷത്തിൽ ആദ്യത്തെ 4 അദ്ധ്യായങ്ങൾ വിശ്വാസത്തിനു പ്രാധാന്യം കൊടുക്കുമ്പോൾ അടുത്ത 6 അദ്ധ്യായങ്ങൾ ജീവനു പ്രാധാന്യം കൊടുക്കുന്നു. നിന്റെ മകൻ ജീവിക്കും എന്ന് യേശു പറഞ്ഞ മണിക്കൂറിൽ തന്നെ രാജ സേവകന്റെ മകൻ സുഖം പ്രാപിച്ചു. ദൈവ വചനത്തിന്റെ അത്ഭു തകരമായ ശക്തിയാണ് ഇവിടെ പ്രകടമായത്. ദൈവവചനം യേശു വിന്റെ സാന്നിദ്ധ്യത്തിന്റെയും, സ്നേഹത്തിന്റെയും, ശക്തിയുടെയും പ്രകാശമാണ്. വചനത്തെ വിശ്വാസത്തോടെ സമീപിക്കുമ്പോൾ ആ വചനത്തിലൂടെ ദൈവത്തിന്റെ സാന്നിദ്ധ്യവും, സ്നേഹവും, ശക്തിയും അനുഭവപ്പെടുകയും അവരിൽ ദൈവികമായ മാറ്റങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു.

## 2. ബേത്സഥായിലെ രോഗശാന്തി

വി. യോഹന്നാൻ 5/1-18.

ബേത്സഥാ കുളക്കരയിൽ 38 വർഷങ്ങളായി തളർവാതം പിടി പെട്ടു രോഗിയായി കഴിയുന്ന മനുഷ്യന്റെ അടുത്തേക്ക് കടന്നു

www.malankaralibrary.com



ചെല്ലുന്നത് യേശുവാണ്. ഗലീലിയിലെ ഒരു സ്ഥലമാണ് ബേത്സഥാ. "കാരുണ്യത്തിന്റെ ഭവനം, വേർതിരിക്കപ്പെട്ട സ്ഥലം" എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ട്. ബേത്സഥാ കുളത്തിൽ ഇടക്കിടക്ക് ഉറവകൾ പൊട്ടിപ്പുറപ്പെട്ടിരുന്നു. ഈ ഉറവക്ക് ഔഷധ ഗുണമുണ്ട് എന്നൊരു വിശ്വാസം ജനത്തിനുണ്ടായിരുന്നു. സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ എന്ന യേശുവിന്റെ ചോദ്യത്തിന് തന്റെ നിസ്സഹായവസ്ഥയെ അയാൾ തുറന്നു വയ്ക്കുന്നു. എഴുന്നേറ്റു കിടക്കയുമെടുത്ത് നടക്കുക എന്ന് പറഞ്ഞുകൊണ്ട് യേശു അവനെ സുഖപ്പെടുത്തുന്നു. സാബത്തു ദിവസം തന്റെ കിടക്കയുമെടുത്ത് നടക്കുന്ന ആ മനുഷ്യനോട് യഹൂദർ പ്രതികരിച്ചു. കാരണം സാബത്തിൽ ഭാരം എടുക്കരുത് ദൈവകല്പന അയാൾ ലംഘിച്ചിരിക്കുന്നു. (ജറമിയ. 17/21). എന്നാൽ സുഖം പ്രാപിച്ചവൻ ഇതിന്റെ ഉത്തരവാദിത്വം യേശുവിൽ ആരോപിക്കുന്നു "എന്നെ സുഖപ്പെടുത്തിയവൻ നിന്റെ കിടക്കയെടുത്ത് നടക്കുക എന്ന് എന്നോടു പറഞ്ഞു." ഇവിടെ തളർവാത രോഗിയുടെ സൗഖ്യം പൂർണമായിരുന്നില്ല. കാരണം ശാരീരിക സൗഖ്യം മാത്രം ലഭിച്ച അയാൾ സൗഖ്യം നൽകിയവനെ തിരിച്ചറിഞ്ഞില്ല. പിന്നീട് ദൈവാലയത്തിൽ വച്ച് യേശു അവനെ കണ്ടു. അവന്റെ ശാരീരിക സൗഖ്യം പൂർണമായിരുന്നു. കാരണം കുരുടരും, മുടന്തരും ദൈവാലയത്തിൽ പ്രവേശിക്കുന്നത് നിഷിദ്ധമായിരുന്നു. (2 സാമുവൽ 5/8) യേശു അവനോട് പറയുന്നു " ഇതാ നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്." ഈ അത്ഭുതത്തിന്റെ അർത്ഥം ഈ വാക്യത്തിൽ വ്യക്തമാണ്. പാപത്തിന്റെ ഫലമാണ് രോഗമെന്ന് യഹൂദർ വിശ്വസിച്ചിരുന്നു.

യേശുവിനെ സംബന്ധിച്ച് രോഗം പാപത്തിന്റെ ശിക്ഷയല്ല. അവന്റെ അന്ധതയ്ക്ക് കാരണം പാപമല്ല മേലിൽ പാപം ചെയ്യരുത് എന്ന വചനം വെളിവാക്കുന്നത് യേശു അയാളെ സുഖമാക്കുന്നത് പാപത്തിൽ നിന്നാണ്. യേശു പാപവിമോചകനാണ് എന്നതിന്റെ അടയാളമാണ് ഈ രോഗശാന്തി. ശാരീരിക രോഗത്തേക്കാൾ മോശമായത് ആത്മീയ രോഗമായ പാപമാണ്. ആ രോഗത്തിൽ നിന്നും സൗഖ്യം നൽകുന്നവനാണ് യേശു. "ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെ കൊണ്ടാവശ്യം. ഞാൻ

www.malankaralibrary.com



വന്നത് നീതിമാന്മാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ്." ഇവിടെ പാപത്തെ ഒരു രോഗമായിട്ടാണ് യേശു കാണുന്നത്. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് യേശു. പാപവും, മരണവും ഒന്നു തന്നെയാണ്. ഒരുവനെ പാപത്തിൽ നിന്നും സൗഖ്യപ്പെടുത്തുക എന്നു പറഞ്ഞാൽ അവനെ ജീവനിലേക്കു കൊണ്ടു വരിക എന്നാണർത്ഥം. പാപമോചനത്തിലൂടെ യേശു ജീവൻ നൽകുന്നു. പാപമോചനവും, രോഗസൗഖ്യവും പുതുജീവനിലേക്ക് തളർവാത രോഗിയെ നയിച്ചു. ദൈവാലയത്തിൽ വച്ച് യേശുവാണ് തന്നെ സുഖപ്പെടുത്തിയതെന്ന് അവൻ തിരിച്ചറിഞ്ഞു. അവൻ അക്കാര്യം യഹൂദരെ അറിയിച്ചു. സാബത്തിൽ ജോലി ചെയ്ത യേശുവിനെ യഹൂദർ അന്വേഷിക്കുന്നു. സൃഷ്ടി കർമ്മം പൂർത്തിയാക്കിയ ദൈവം ഏഴാം ദിവസം വിശ്രമിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് അവർ സാബത്ത് ആചരിച്ചിരുന്നത്. ഇവിടെ യഹൂദർ നിയമത്തിൽ ഒരു പ്രശ്നത്തെ അഭിമുഖീകരിച്ചിരുന്നു. ദൈവം വിശ്രമിക്കുമ്പോൾ എങ്ങനെയാണ് ഈ പ്രപഞ്ചത്തിനു നിലനിൽക്കാനാകുക. അതിനാൽ അവർ ദൈവത്തിന്റെ പ്രവർത്തനത്തിൽ ഒരു വ്യത്യാസം കണ്ടെത്തി. ദൈവം സൃഷ്ടി കർമ്മത്തിൽ മാത്രമേ വിശ്രമിക്കുന്നുള്ളൂ. രക്ഷാകര കർമ്മത്തിൽ പരിപാലിക്കുന്ന കർമ്മത്തിൽ എപ്പോഴും വ്യാപൃതനാണ്.

രക്ഷാകര കർമ്മത്തിൽ ജീവൻ നൽകുന്ന പ്രവൃത്തിയിൽ പിതാവിനോട് ഐക്യം പുലർത്തുന്നവനാണ് പുത്രൻ. സാബത്തിൽ യേശു ചെയ്തത് ഒരു രക്ഷാകര കർമ്മമാണ്. അതുകൊണ്ട് യേശു സാബത്ത് ലംഘിക്കുന്നില്ല. പിതാവ് എപ്പോഴും ചെയ്തു കൊണ്ടിരിക്കുന്ന രക്ഷാകര പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് സാബത്തിൽ നടത്തിയ രോഗശാന്തിയെ കാണേണ്ടത്. ഏക സത്തയായ പുത്രൻ പിതാവിന്റെ സഹപ്രവർത്തകനുമാണ്.

## 3. അന്ധനെ സുഖപ്പെടുത്തുന്നു.

വി. യോഹന്നാൻ 9/1-41.

അന്ധന് കാഴ്ച കൊടുക്കുന്ന സന്ദർഭത്തിൽ താൻ ലോകത്തിന്റെ പ്രകാശമാണെന്ന് യേശു പ്രഖ്യാപിക്കുന്നു. അങ്ങനെ യേശു ദൈവത്തെ വെളിപ്പെടുത്തുന്ന ദൗത്യം തുടർന്നു കൊണ്ടി

www.malankaralibrary.com



രിക്കുന്നു. ജന്മനാ അന്ധനായ ഒരു മനുഷ്യനെ യേശു സുഖപ്പെടുത്തുന്നു. ആ സംഭവമാണിവിടെ വിവരിക്കുന്നത്. ശാരീരികമായി അന്ധനായിരുന്ന ഒരു മനുഷ്യൻ ശാരീരികമായും, ആത്മീയമായും കാഴ്ചയുള്ളവനായി മാറുന്നു. എന്നാൽ ആത്മീയമായ കാഴ്ചയുണ്ടെന്ന് അവകാശപ്പെട്ടിരുന്ന ഫരിസേയർ ആത്മീയമായി അന്ധരായി മാറുകയും ചെയ്യുന്ന ഒരു സംഭവമായിട്ടാണ് സുവിശേഷകൻ ഈ അത്ഭുതത്തെ അവതരിപ്പിക്കുന്നത്. ലോകത്തിന്റെ പ്രകാശമായ യേശുവിലേക്ക് അന്ധനായ മനുഷ്യന്റെ കണ്ണുകൾ തുറക്കപ്പെട്ടു. അവൻ മിശിഹായെ തിരിച്ചറിഞ്ഞ് കർത്താവായി ഏറ്റു പറഞ്ഞ് ആരാധിച്ചു. അതേ സമയം ഫരിസേയർ യേശുവിലേക്ക് കണ്ണുകൾ തുറക്കാതെ അന്ധതയിലും, പാപത്തിലും നിലകൊണ്ടു. യേശു ലോകത്തിന്റെ പ്രകാശമാണ്. രണ്ടു കാര്യങ്ങൾ യേശുവിനെ ലോകത്തിന്റെ പ്രകാശമാക്കുന്നു. തന്നെ അയച്ചവന്റെ ജോലി ചെയ്യുന്നതും, അതും പകലായിരിക്കുന്നുവോളം പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നതു വഴിയാണ് യേശു ലോകത്തിന്റെ പ്രകാശമാകുന്നത്.

യേശു ഒരിക്കലും സ്വന്തം ഹിതം പ്രവർത്തിച്ചിരുന്നില്ല. യേശു താൻ ചെയ്ത അത്ഭുതങ്ങളെ പിതാവിന്റെ ജോലിയായിട്ടാണ് കാണുക. യേശു പറഞ്ഞു “എന്റെ പിതാവ് എപ്പോഴും പ്രവർത്തന നിരതനാണ്. ഞാനും പ്രവർത്തിക്കുന്നു.” അന്ധത സുഖമാക്കിയതു വഴി വിശ്വാസ വളർച്ച ഒരു പ്രക്രിയയാണെന്ന് യേശു പഠിപ്പിക്കുന്നു. യേശു ലോകത്തിന്റെ പ്രകാശമാണ് എന്ന സത്യത്തിലേക്കാണ് രോഗശാന്തി നമ്മെ നയിക്കുന്നത്. പ്രകാശമായ യേശുവിനെ തിരിച്ചറിയുവാൻ തടസം നിൽക്കുന്നത് ആത്മീയ അന്ധതയാണ്. അന്ധന്റെ ബാഹ്യമായ കണ്ണുകൾക്ക് കാഴ്ച നൽകുന്നതു വഴി യേശു അയാളുടെ ആത്മീയ നേത്രങ്ങളും തുറക്കുന്നു. തുപ്പൽ കൊണ്ട് ചെളിയുണ്ടാക്കി പൂശുകയും അതു കഴുകുകയും ചെയ്തപ്പോഴാണ് അയാളുടെ ബാഹ്യ അന്ധത നീങ്ങിയത്. ആത്മീയ അന്ധത മാറി യഥാർത്ഥ വിശ്വാസത്തിലേക്ക് കടന്നു വരാൻ അയാൾക്ക് ഒരു പ്രക്രിയയിലൂടെ കടന്നു പോകേണ്ടിയിരുന്നു. അവസാനം അയാൾ വിശ്വാസത്തിൽ വളർച്ച പ്രാപിച്ച് യേശുവിന്റെ ശിഷ്യനായിത്തീർന്നു. സൗഖ്യം കിട്ടിയ ശേഷം മറ്റുള്ളവരുടെ ഇടപെടലാണ് അയാൾക്ക് വിശ്വാസത്തിൽ വളരാൻ കാരണമായത്.

www.malankaralibrary.com



അയൽക്കാരും, അവനെ യാചകനായി കണ്ടവരും ആദ്യം അവനെ ചോദ്യം ചെയ്തു. രണ്ടാമത് ഫരിസേയർ അവനെ ചോദ്യം ചെയ്തു. അതിനുശേഷം യഹൂദർ അവന്റെ മാതാപിതാക്കളെയും പിന്നീട് അവനെ രണ്ടാം പ്രാവശ്യം ചോദ്യം ചെയ്തു. ഇങ്ങനെയുള്ള വ്യത്യസ്തമായ ആൾക്കാരുടെ ഇടപെടലിലൂടെ അവൻ വിശ്വാസത്തിൻ വളർച്ച പ്രാപിച്ചു. അവന്റെ മറുപടികൾ അത് സൂചിപ്പിക്കുന്നു. അവന്റെ ആത്മീയമായ നേത്രങ്ങളുടെ കാഴ്ച സാവധാനം വർദ്ധിച്ചു വന്നു.

“ഈശോ എന്നു പേരുള്ള മനുഷ്യൻ” ആയിട്ടാണ് അയാൾ ആദ്യം യേശുവിനെ മനസ്സിലാക്കിയത്. പിന്നീട് ഒരു പ്രവാചകനായും, ദൈവത്തിൽ നിന്നുള്ളവനായും, മനുഷ്യ പുത്രനായും, കർത്താവായും അയാൾ യേശുവിനെ തിരിച്ചറിയുകയും ഏറ്റു പറയുകയും, ആരാധിക്കുകയും ചെയ്തു. അയാൾ ഒരു വിശ്വാസിയായും, യേശുവിന്റെ ശിഷ്യനുമായി മാറി. ഒട്ടും പ്രകാശമില്ലാതിരുന്ന അവസ്ഥയിൽ നിന്നും പ്രകാശത്തിന്റെ പൂർണതയിലേക്ക് ആ മനുഷ്യൻ കടന്നുവന്നു. ഇങ്ങനെ യേശുവിനെക്കുറിച്ചുള്ള അറിവിലും, വിശ്വാസത്തിലും വളർന്ന് യേശുവിന് സാക്ഷ്യം വഹിക്കുവാൻ അയാൾക്കു കഴിഞ്ഞത് യേശുവിൽ നിന്നും അയാൾക്കു ലഭിച്ച സൗഖ്യത്തിലേക്ക് വിശ്വാസത്തിന്റെ കണ്ണുകൾ തുറക്കുകയും സൗഖ്യദാതാവായ യേശുവിനോട് വിശ്വസ്തത പുലർത്തുകയും ചെയ്തതു കൊണ്ടാണ്. അയൽക്കാരും, ഫരിസേയരും, യഹൂദരും മാറി മാറി അവനെ ചോദ്യം ചെയ്തിട്ടും സിനഗോഗിൽ നിന്ന് പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തിയിട്ടും അവൻ തന്റെ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചില്ല. കാഴ്ച ലഭിച്ചവൻ വിശ്വാസത്തിൽ പടിപടിയായി വളരുന്നു. അതേ സമയം യഹൂദരുടെ ആത്മീയ അന്ധത ഓരോ ഘട്ടത്തിലും വർദ്ധിക്കുന്നു.

അന്ധനായ മനുഷ്യനിൽ വിശ്വാസത്തിന്റെ വളർച്ചയും ഫരിസേയരിൽ വിശ്വാസത്തിന്റെ തളർച്ചയും സംഭവിക്കുന്നു. അന്ധനായവൻ വിനീതനും, എളിമയുള്ളവനും, സത്യസന്ധനുമായിരുന്നു. അവൻ തന്റെ അജ്ഞതയെ അംഗീകരിച്ചു. തെറ്റ് തെറ്റാണെന്ന് ഏറ്റു പറയുവാനുള്ള എളിമ അയാൾക്കുണ്ടായിരുന്നു. അവിടെ നടന്ന സംഭവങ്ങൾ നടന്നതു പോലെ എവിടെയും തുറന്നു പറയാനുള്ള സത്യസന്ധത അയാൾ കാണിച്ചു. മനുഷ്യപുത്രനിൽ വിശ്വ

www.malankaralibrary.com



സിക്കാൻ അവൻ ആരാണെന്ന അവന്റെ ചോദ്യം സത്യം അറിയുവാനുള്ള തുറവിയാണ്. ഈ മനോഭാവം അയാളെ വിശ്വാസത്തിൽ നിന്നും വിശ്വാസത്തിലേക്ക് നടന്നടുക്കാൻ സഹായിച്ചു. വിശ്വാസത്തിൽ വളരാൻ ഇത്തരം ഭാവങ്ങൾ ആവശ്യമാണ്. ഫരിസേയർ അവരുടെ അറിവിൽ അമിത വിശ്വാസമുള്ളവരും, സത്യത്തോട് തുറവിയില്ലാത്തവരും, മുൻവിധി നടത്തുന്നവരും ആത്മാർത്ഥതയില്ലാത്തവരും അഹങ്കാരികളുമായിരുന്നു. കാഴ്ച ലഭിച്ച മനുഷ്യൻ അന്ധനായിരുന്നോ എന്ന് യഹൂദർ സംശയിച്ചിരുന്നു. അവർക്ക് ആ അന്ധനായവനെപ്പറ്റി മുൻവിധിയുണ്ടായിരുന്നു. അവൻ പാപത്തിൽ പിറന്നവനായിരുന്നെന്ന് അവർ വാദിക്കുന്നു. അവനെ സിനഗോഗിൽ നിന്നവർ പുറത്താക്കുന്നു. അവർക്ക് യഥാർത്ഥ വിശ്വാസമില്ലായിരുന്നു. അഹന്തയും തുറവിയില്ലായ്മയുമാണ് അവരെ നയിച്ചിരുന്നത്. ഈ നിലപാടു കാരണമാണ് അവരുടെ വിശ്വാസം തകർന്നതും.

അന്ധന് കാഴ്ച നൽകുവാൻ യേശു തുപ്പൽ കൊണ്ട് ചെളിയുണ്ടാക്കി അവന്റെ കണ്ണുകളിൽ പൂശിയിട്ട് കഴുകാനായി സീലോഹോ കുളത്തിലേക്ക് യേശു പറഞ്ഞു വിട്ടു. പൂശലും കഴുകലും പ്രവേശക കൂദാശകളിലൊന്നായ മാമ്മോദീസായെ സൂചിപ്പിക്കുന്ന ഒരടയാളമാണ്. സഭാ പാരമ്പര്യത്തിൽ മാമോദീസാ സമയത്ത് കാർമികൻ തുപ്പൽ കൊണ്ട് ശിശുവിന്റെ കൺപോളകളിലും, കാതുകളിലും കുരിശു വരച്ച് 'തുറക്കപ്പെടുക' എന്നു പറയുന്ന പതിവ് എന്നതും ഇതാണ് സൂചിപ്പിക്കുന്നത്. പൂശുക എന്നതിന് ക്രിസ്മാ എന്ന ഗ്രീക്കു വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ചെളികൊണ്ട് പൂശി ബാഹ്യമായ കണ്ണുകൾ തുറന്നതിലൂടെ ആത്മീയ പ്രകാശം ലഭിച്ചു. മാമോദീസായിൽ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകതയാണ് ഇവിടെ നാം കാണുന്നത്. ആത്മീയ ഉൾക്കാഴ്ചകൾ നൽകുന്നത് പരിശുദ്ധാത്മാവാണ് എന്ന കാര്യം വളരെ ശ്രദ്ധേയമാണ്. മാമോദീസ വഴി പ്രകാശത്തിലേക്കാണ് നാം പ്രവേശിക്കുക. ദൈവം മനുഷ്യ ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്ന അനുഭവമാണ് വിശ്വാസാനുഭവം. മാമോദീസാ വഴി നമുക്ക് ലഭിച്ച ക്രിസ്തീയ വിശ്വാസം മിശിഹായുടെ സുവിശേഷത്തിന്റെ പ്രകാശത്താൽ പ്രകാശിതരാകാനുള്ള വിളിയാണ്. അയക്കപ്പെട്ടവൻ എന്നർത്ഥം വരുന്ന സീലോഹോ കുളത്തിൽ പോയി

www.malankaralibrary.com



കഴുകി കാഴ്ച പ്രാപിക്കുന്നത് ഇതിന്റെ സൂചനയാണ്. കാരണം അയക്കപ്പെട്ടവൻ മിശിഹാ തന്നെയാണ്.

പാപത്തിന്റെ ഫലമാണ് രോഗമെന്നും അത് തലമുറകളിലേക്ക് കൈമാറുമെന്നുള്ള ഒരു വിശ്വാസം യഹൂദ പാരമ്പര്യമായിരുന്നു. എന്നാൽ യേശു ഇതിനെ തള്ളിക്കളയുകയും രോഗങ്ങളുടെയും, സഹനങ്ങളുടെയും അർത്ഥം ശിഷ്യന്മാർക്ക് വിശദീകരിച്ച് കൊടുക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകാനാണ് അവൻ അന്ധനായി ജനിച്ചത്. അല്ലാതെ പാപം മൂലമല്ല എന്ന് യേശു പഠിപ്പിക്കുന്നു. പാപത്തിന്റെ ഫലമായി രോഗമുണ്ടാകാം. എന്നാൽ എല്ലാ രോഗങ്ങളും പാപത്തിന്റെ ഫലമാണ് എന്ന നിലപാട് ശരിയല്ല. സഹനം ഒരു രഹസ്യമാണ്. ജോബിന്റെ ജീവിതം ഇതു തന്നെയാണ് പഠിപ്പിക്കുന്നത്. മാനുഷികമായി, തൃപ്തികരമായി മറുപടി കണ്ടെത്താൻ കഴിയാത്ത ദൈവത്തിന്റെ രഹസ്യമാണ് സഹനം. യേശു സഹനത്തെ ദൈവമഹത്വവുമായി ബന്ധിപ്പിക്കുന്നു. ദൈവത്തിന്റെ പരിപാലനയുടെ ക്രമീകരണമാണ് സഹനം.

രോഗശാന്തിയുടെ അനുഭവം അന്ധന് ദൈവത്തിന്റെ സ്നേഹത്തിന്റെ അനുഭവമായി മാറി. ആ അനുഭവം അവനെ സ്പർശിച്ചു. ആ അനുഭവത്തോട് അന്ധൻ വിശ്വസ്തത പുലർത്തി. അവന് ലോകത്തിന്റെ പ്രകാശമായ യേശുവിൽ വിശ്വസിക്കാനുള്ള കൃപ ലഭിച്ചു. അന്ധൻ അനേക മനുഷ്യരുടെ മുമ്പിൽ സാക്ഷ്യം വഹിച്ചു. ശിഷ്യർക്കും, അയൽക്കാർക്കും, ഫരിസേയർക്കും അവന്റെ മാതാപിതാക്കൾക്കും ദൈവത്തിന്റെ പ്രവർത്തനം കാണുവാൻ ഈ സംഭവം വഴി തെളിച്ചു. അന്ധനായി ജനിച്ച ആ മനുഷ്യനിലൂടെ ദൈവത്തിന്റെ മഹത്വം അനേകർക്കു വെളിപ്പെട്ടു. ആർക്കും ജോലി ചെയ്യുവാൻ കഴിയാത്ത രാത്രി മരണത്തെ സൂചിപ്പിക്കുന്നു. പകലായിരിക്കുവോളം എന്നു പറഞ്ഞാൽ ഈ ലോക ജീവിതകാലത്ത് എന്നാണർത്ഥം. യേശു ലോകത്തിന്റെ പ്രകാശമാണ്. അതിനാൽ അവിടുത്തെ ശിഷ്യരും ലോകത്തിന്റെ പ്രകാശമായി തീരണം. പ്രകാശത്തിലായിരിക്കുക എന്നതിന്റെയർത്ഥം ദൈവത്തിന്റെ മക്കളായിരിക്കുക എന്നതാണ്. ദൈവത്തിന്റെ പ്രവർത്തികളാണ് ദൈവത്തിന്റെ മക്കൾ ചെയ്യേണ്ടത്.

www.malankaralibrary.com



ദൈവം ഭരമേല്പിക്കുന്ന ജോലികളാണ് ഈ ലോകത്തിൽ ശിഷ്യൻ നിറവേറ്റേണ്ടത്. ഇവിടെ യേശു നൽകുന്ന സൗഖ്യം ഒരു അടയാളമാണ്. ലോകത്തിൽ അനുഭവപ്പെടുന്ന സഹനങ്ങളുടെ പിന്നിൽ ദൈവത്തിന്റെ കരങ്ങൾ നാം ദർശിക്കണം. ഒരു വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കുന്ന ഓരോ കാര്യവും ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ്. ദൈവ പരിപാലനക്കപ്പുറം ഒന്നും സംഭവിക്കില്ല. ദൈവമഹത്വമാണ് എല്ലാറ്റിന്റെയും ലക്ഷ്യം. ദൈവം എല്ലാം നന്മക്കായി തിരിച്ചു വിടുന്നു. അതെല്ലാം വിശ്വാസത്തോടെ നാം കാണണം. വിശ്വാസത്തോടെ സഹനങ്ങളെ നാം നേരിടണം. സഹനങ്ങളെ നേരിടുവാൻ മറ്റുള്ളവരെ നാം സഹായിക്കുകയും വേണം. മാമോദീസ വഴിയാണ് നാം വിശ്വാസത്തിലേക്ക് പ്രവേശിക്കുന്നത്. വിശ്വാസം ഒരു വെളിച്ചമാണ്. വിശ്വാസ ജീവിതത്തിന് വളർച്ചയുണ്ടാകണം. വിശ്വാസ വളർച്ച നമ്മിൽ രൂപപ്പെടണമെങ്കിൽ അന്ധനായ മനുഷ്യന്റെ മനോഭാവങ്ങളായ എളിമ, തുറവി, സത്യസന്ധത തുടങ്ങിയവ നമുക്കുണ്ടാകണം. യഹൂദരെപ്പോലെ അറിവില്ലായ്മയും, മുൻവിധിയും ആത്മാർത്ഥതയില്ലായ്മയും അഹങ്കാരവും നമ്മിലുണ്ടായാൽ വിശ്വാസ ജീവിതം തിന്മയാകും. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ദൈവിക ഇടപെടലിലൂടെ വിശ്വാസത്തെ നാം കാണണം. വിശ്വസ്ഥത, സത്യസന്ധത ഇവ ജീവിതത്തിൽ കാട്ടണം. വിശ്വാസത്തിൽ വളർന്ന്, യേശുവിന്റെ പ്രകാശത്തിൽ പ്രകാശിതരായി ഈ ലോകത്തിനു സാക്ഷ്യം വഹിക്കണം.

മാമോദീസായിലൂടെ ഒരാൾ സഭയുടെ അംഗമായി തീരുകയും അതുവഴി പരിശുദ്ധാത്മാവിലുള്ള ജീവിതത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. കൂദാശ പരികർമ്മം ചെയ്യാനുള്ള അവകാശം സഭക്ക് മാത്രമാണുള്ളത്. വിശ്വാസം ഒരു വ്യക്തിയുടെ നേട്ടമല്ല. ഒറ്റക്ക് നിന്നുകൊണ്ട് യഥാർത്ഥ വിശ്വാസത്തിൽ വളരുവാനും സാധ്യമല്ല. സഭയിൽ നിന്നും വേറിട്ടൊരു വിശ്വാസ ജീവിതമില്ല. അവന്റെ അഭിഷേകം എല്ലാക്കാര്യങ്ങളെയും കുറിച്ച് നിങ്ങളെ പഠിപ്പിക്കും എന്നതുകൊണ്ട് സഭയുടെ വിശ്വാസം പഠിപ്പിക്കും എന്നാണർത്ഥം.

www.malankaralibrary.com



# 4. ലാസറിനെ ഉയിർപ്പിക്കുന്നു

വി. യോഹന്നാൻ 11/1-44.

യേശു ലാസറിനെ ഉയിർപ്പിക്കുന്ന അത്ഭുതം മനുഷ്യർക്ക് പുനരുത്ഥാനവും ജീവനും നൽകുന്ന അടയാളമാണ്. യേശു സ്വന്തം ജീവൻ നൽകി മനുഷ്യർക്ക് ജീവനും, പുനരുത്ഥാനവുമായി മാറി. ലാസറിനെ ഉയിർപ്പിക്കുന്ന അത്ഭുതം ഒരു അടയാളമാണ്. അടയാളത്തിന്റെ അർത്ഥം യേശുവാണിവിടെ വിവരിക്കുന്നത്. ലാസറിന്റെ സഹോദരിമാർ അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നുവെന്നാണ് യേശുവിനോട് പറഞ്ഞത്. ഇവിടെ ലാസർ പ്രതിനിധീകരിക്കുന്നത് ഓരോ വിശ്വാസിയെയുമാണ്. അതായത് ഓരോ വിശ്വാസിയും ദൈവത്താൽ സ്നേഹിക്കപ്പെടുന്നവനാണ്. ഓരോ മനുഷ്യനെയും ദൈവം വ്യക്തിപരമായി സ്നേഹിക്കുന്നുവെന്ന് വി. യോഹന്നാൻ ശ്ലീഹ പഠിപ്പിക്കുന്നു. തന്നിൽ വിശ്വസിക്കുന്നവർക്ക് അവിടുന്ന് ജീവൻ നൽകുന്നു എന്നതിന്റെ അടയാളമാണ് ലാസറിന്റെ ഉയർപ്പ്. ലാസറിന്റെ രോഗം ദൈവത്തിന്റെ മഹത്വത്തിനു വേണ്ടിയാണ്. ലാസറിനെ ഉയിർപ്പിച്ച സംഭവമാണ് യേശുവിന്റെ മരണത്തിന് പെട്ടെന്ന് കാരണമായത്. പീഢാനുഭവം, മരണം, ഉത്ഥാനം ഇവയിലൂടെയാണ് യേശു മഹത്വീകരിക്കപ്പെട്ടത്. ഈ അത്ഭുതം തന്റെ മരണത്തിലേക്ക് നയിക്കുമെന്ന് യേശുവിനറിയാമായിരുന്നു. അതുകൊണ്ടാണ് ലാസറിന്റെ രോഗം ദൈവമഹത്വത്തിനു വേണ്ടിയുള്ളതാണെന്ന് യേശു പറഞ്ഞത്. യേശു മർത്തായെയും, അവളുടെ സഹോദരിയേയും, ലാസറിനെയും സ്നേഹിച്ചിരുന്നു. അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു എന്ന വാക്യം സുഹൃദ്ബന്ധത്തെ സൂചിപ്പിക്കുന്നു.

ഈ വാർത്തയറിഞ്ഞയുടൻ യേശു ലാസറിനെ സുഖപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ യേശു രണ്ടു ദിവസം കൂടി താനായിരുന്ന സ്ഥലത്ത് ചെലവഴിച്ചു. അപ്പോൾ ലാസർ മരിച്ചു. സ്നേഹിതൻ മരണാവസ്ഥയിലായിരുന്നിട്ടും യേശു അവിടേക്കു പോകുവാൻ താമസിച്ചു. യേശു പറയുന്നു "നിങ്ങൾ വിശ്വസിക്കേണ്ടതിന് ഞാൻ അവിടെ ഇല്ലാത്തതിൽ നിങ്ങളെ പ്രതി ഞാൻ സന്തോഷിക്കുന്നു." യേശു ലാസറിനെയും, മർത്തായെയും, സഹോദരി

www.malankaralibrary.com



യേയും സ്നേഹിച്ചിരുന്നു. അഗാപ്പാ എന്ന ഗ്രീക്കു പദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇത് ദൈവ സ്നേഹത്തെക്കുറിച്ചുള്ള ഒരു വാക്കാണ്. യേശു നയിക്കപ്പെട്ടിരുന്നത് വെറും മാനുഷിക സ്നേഹത്താലല്ല മറിച്ച് ദൈവിക സ്നേഹത്താലാണെന്ന് ഇത് സൂചിപ്പിക്കുന്നു. ലാസർ മരിക്കുകയും, ലാസറിനെ ഉയിർപ്പിക്കുകയും ചെയ്തതിലൂടെ ലാസറിന്റെ കുടുംബവും, ശിഷ്യന്മാരും, മറ്റനേകരും ദൈവമഹത്വം ദർശിച്ച് തന്നിൽ വിശ്വസിക്കാൻ ഇടയാകും എന്ന് യേശു അറിഞ്ഞിരുന്നു. അതുകൊണ്ടാണ് തന്റെ മാനുഷികമായ ആഗ്രഹത്തെ ദൈവഹിതത്തിന് വിധേയപ്പെടുത്തിക്കൊണ്ട് ദൈവ സ്നേഹത്തിൽ മാത്രം പ്രേരിതരായി പ്രവർത്തിക്കുവാൻ യേശു തയ്യാറായത്. ദൈവത്തിന്റെ പദ്ധതിക്കനുസൃതമായി നമുക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ജീവിത കാലഘട്ടമാണ് പകൽ. ദൈവത്തിന്റെ പദ്ധതിയോടു ചേർന്നാണ് ജീവിക്കുന്നതെങ്കിൽ അവിടെ മരണഭയമില്ല. യേശു പ്രകാശത്തിലാണ് നടക്കുന്നത്. പ്രകാശമാണ് ഒരാളെ വെളിപ്പെടുത്തുന്നത്. ദൈവത്തിന്റെ പദ്ധതിയനുസരിച്ചാണ് യേശു പ്രവർത്തിക്കുന്നത്. യേശുവിനെ നയിച്ചിരുന്നത് ദൈവഹിതത്തിന്റെ വെളിപ്പെടുത്തലിന്റെ പ്രകാശമായിരുന്നു. അതുകൊണ്ടാണ് യേശു ലോകത്തിന്റെ പ്രകാശമായത്.

യേശു നമ്മുടെ സ്നേഹിതനായ ലാസർ എന്നാണ് ശിഷ്യരോട് പറഞ്ഞത്. ലാസർ യേശുവിന്റെ സ്നേഹിതനാണ് എന്നതിലുപരി എല്ലാവരുടെയും സ്നേഹിതനാണ്. ആ ലാസറിനെ ഉയിർപ്പിക്കുവാൻ തന്റെ ജീവൻ അപകടത്തിലാണെന്നറിഞ്ഞിട്ടും യേശു യൂദയായിലേക്ക് പോവുകയാണ്. ലാസറിന്റെ സംസ്കാര ശേഷം നാലാം ദിവസമാണ് യേശുവും ശിഷ്യന്മാരും ബഥാനിയായിലെത്തിയത്. ഒരാൾ മരിച്ചതിനുശേഷം മൂന്നു ദിവസങ്ങൾ കഴിഞ്ഞു മാത്രമേ ആത്മാവ് ശരീരത്തിൽ നിന്നും പൂർണമായും വേർപെടുകയുള്ളൂ എന്ന ഒരു വിശ്വാസം യഹൂദരുടെയിടയിലുണ്ടായിരുന്നു. മൂന്നു ദിവസങ്ങൾക്കു ശേഷമാണ് ഒരാളുടെ മരണം ഉറപ്പിച്ചിരിക്കുന്നത്. യേശുവിന്റെ പീഢാനുഭവ പ്രവചനങ്ങളിലെല്ലാം മൂന്നാം ദിവസം ഉയിർക്കും എന്നു പറയുന്നതിന്റെ കാരണമിതാണ്. യേശുവും മരണത്തിന് വിധേയനായി എന്നിതർത്ഥമാക്കുന്നു. ലാസറിന്റെ മരണം എല്ലാവരും ഉറപ്പിച്ചിരിക്കുന്നു.

www.malankaralibrary.com



കല്ലറ തുറക്കാൻ യേശു ആവശ്യപ്പെട്ടപ്പോൾ ‘കർത്താവേ ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും. ഇത് നാലാം ദിവസമാണ് എന്നാണ് സഹോദരിയായ മർത്താ പറഞ്ഞത്. യേശു ബഥാനിയായിൽ എത്തിയപ്പോൾ മർത്താ സ്വീകരിച്ചു. മർത്തയെയും, മറിയത്തെയും യേശു ഒരു സ്നേഹിതനെപ്പോലെ ആശ്വസിപ്പിക്കുന്നു. ഹൃദയം തുറന്ന് തങ്ങളുടെ വികാരങ്ങൾ പങ്കുവക്കുവാൻ അവരെ അനുവദിക്കുന്നു. യേശു ആശ്വസിപ്പിക്കാനായി സാന്ത്വന വാക്കുകൾ പറഞ്ഞു. അവരുടെ വേദനയിൽ ആത്മാർത്ഥമായി പങ്കുചേർന്നു കരയുന്നു. അവർക്ക് പ്രത്യാശ നൽകുന്നു. വിശ്വസിച്ചാൽ ദൈവമഹത്വം ദർശിക്കുമെന്ന് വാഗ്ദാനം നൽകുന്നു. യേശു ജീവദായകനാണെന്ന് അവിടുന്ന് വെളിപ്പെടുത്തുന്നു. യേശു പറയുന്നു “ഞാനാണ് പുനരുത്ഥാനവും ജീവനും”. മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവമാണ് യേശു. ലാസറിനെ ഉയിർപ്പിക്കുന്നതിലൂടെ തന്നിൽ വിശ്വസിക്കുന്ന മരിച്ചവരെയെല്ലാം താൻ ഉയിർപ്പിക്കുമെന്ന ഉറപ്പ് അവിടുന്ന് നൽകുന്നു.

യേശുവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ജീവൻ ശാരീരിക മരണത്തെ അതിജീവിക്കുന്ന ജീവനാണ്. ആ ജീവൻ നിത്യം നിലനില്ക്കും. ആ ജീവൻ ഉയിർപ്പിന്റേതായ മഹത്വമാർന്ന ജീവനാണ്. യേശുവിലുള്ള നമ്മുടെ വിശ്വാസമാണ് ഈ ജീവൻ നേടിത്തരുന്നത്. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന് മനുഷ്യൻ കൊടുക്കുന്ന പ്രത്യുത്തരമാണ് വിശ്വാസം. യേശുവിനെ കർത്താവ് എന്നാണ് മർത്താ അഭിസംബോധന ചെയ്തത്. യേശു കർത്താവാണ് എന്നത് ആദിമ സഭയുടെ വിശ്വാസ പ്രഖ്യാപനമാണ്. ലാസറിന്റെ കല്ലറയിങ്കൽ യേശു കണ്ണീർ പൊഴിച്ചു. ഇത് സഹാനുഭൂതിയുടെ കരച്ചിലല്ല. ഗത്സെമൻ തോട്ടത്തിൽ യേശു മരണത്തെ മുഖാഭിമുഖം കണ്ടു. മരണം പാപവുമായി ബന്ധപ്പെട്ടിരിക്കുന്നു. ലാസറിന്റെ കല്ലറയിങ്കൽ യേശു പാപവും, മരണവുമെന്ന യാഥാർത്ഥ്യത്തെ നേരിടുന്നു. കരയുന്ന യേശു മാനുഷിക പാപത്തിന്റെയും, മരണത്തിന്റെയും ഭാരത്താൽ വിതുമ്പുന്ന മനുഷ്യനോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയാണ്. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിലായിരിക്കുന്ന മനുഷ്യനെ രക്ഷിക്കുവാനായി യേശു അവനുമായി താദാത്മ്യപ്പെടുന്നു. അതിനായി യേശുവും മരണത്തിന് വിധേയനാകുന്നു. നിത്യജീവൻ നേടാനായി

www.malankaralibrary.com



മരണമെന്ന യാഥാർത്ഥ്യത്തിലൂടെ ഓരോ മനുഷ്യനും കടന്നു പോകേണ്ടിയിരിക്കുന്നു. ലാസറിനെ ഉയിർപ്പിക്കുന്നതിനു മുമ്പ് യേശു പിതാവിന് നന്ദി പറഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു. 3 പ്രത്യേക തകൾ ആ പ്രാർത്ഥനയിൽ കാണാം.

1. കൃതജ്ഞതാ പ്രകാശനം
2. തന്റെ പ്രാർത്ഥന ദൈവം കേൾക്കുമെന്ന ഉറപ്പ്
3. ദൈവത്തെ ലോകത്തിന് വെളിപ്പെടുത്തുന്ന പ്രാർത്ഥന.

പ്രാർത്ഥനയുടെ ഏറ്റം മഹോന്നത രൂപമാണ് കൃതജ്ഞതാ സ്തോത്ര പ്രാർത്ഥന. പിതാവായ ദൈവത്തിന്റെ മുമ്പിൽ കൃത ജ്ഞതാ നിർഭരമായ ഹൃദയത്തോടെ വ്യാപരിക്കുന്ന ഒരു ജീവിത മായിരുന്നു യേശുവിന്റേത്. തന്റെ പ്രാർത്ഥന പിതാവ് കേൾക്കും എന്ന ഉറപ്പ് യേശുവിനുണ്ടായിരുന്നു. കാരണം യേശു എപ്പോഴും പിതാവുമായുള്ള കൂട്ടായ്മയിലാണ് ജീവിക്കുന്നത്. ദൈവവുമാ യുള്ള ഐക്യം പ്രാർത്ഥനയുടെ ഫലത്തിന് ആവശ്യമാണ്. ദൈവകൃത്തിൽ ജീവിക്കുന്നവരുടെ പ്രാർത്ഥന ദൈവത്തെ ലോക ത്തിനു വെളിപ്പെടുത്തുന്നു. പ്രാർത്ഥന ഒരു വെളിപ്പെടുത്തലാണ്. പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ മഹത്വം യേശു ഉയർത്തിക്കാട്ടു ന്നു. പ്രാർത്ഥന ദൈവത്തിലുള്ള നമ്മുടെ സ്നേഹത്തിന്റെയും, വിശ്വാസത്തിന്റെയും പ്രകാശമായതുകൊണ്ട് നാം പ്രാർത്ഥിക്കു മ്പോൾ അത് ദൈവത്തിന്റെ വെളിപ്പെടുത്തലായി തീരും. പ്രാർത്ഥ നക്കു ശേഷം യേശു ലാസറിനെ ഉയിർപ്പിക്കുന്നു. യേശു ഉയിർത്തു ന്നത് മഹത്വത്തിന്റെ ജീവിതത്തിലേക്കാണ്. നിത്യജീവനിലേക്കാണ് യേശു പ്രവേശിച്ചത്. ലാസറിന്റെ പുനരുത്ഥാനമായിരുന്നില്ല മറിച്ച് പുനരുജ്ജീവനം മാത്രമാണ്. കാരണം ലാസർ മരണത്തിൽ നിന്നും ഈ ലോക ജീവിതത്തിലേക്കു തന്നെ തിരികെ എത്തുകയാണ് ചെയ്തത്. പുതിയൊരു ജീവിതത്തിലേക്കു പ്രവേശിക്കുന്നതാണ് പുനരുത്ഥാനം. അത് മഹത്വീകരിക്കപ്പെട്ട പുതിയ ഒരു അവസ്ഥ യാണിത്.

www.malankaralibrary.com



# രോഗ സൗഖ്യ പ്രാർത്ഥന

*"മകനേ, രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോടു പ്രാർത്ഥിക്കുക; അവിടുന്ന് നിന്നെ സുഖപ്പെടുത്തും. നീ തെറ്റുകൾ തിരുത്തി നേരായ മാർഗ്ഗത്തിലേക്കു തിരിയുകയും ഹൃദയത്തിൽനിന്നു പാപം കഴുകിക്കളയുകയും ചെയ്യുക."*

പ്രഭാഷ. 38:9-10

*"അവിടുന്ന് നിന്റെ അകൃത്യങ്ങൾ ക്ഷമിക്കുന്നു; നിന്റെ രോഗങ്ങൾ സുഖപ്പെടുത്തുന്നു."*

സങ്കീ. 103:3

*"നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ."*

യാക്കോ. 5:16

*"നിങ്ങളുടെയിടയിൽ ദുരിതം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ."*

യാക്കോ. 5:13

*"അതിനാൽ ഞാൻ പറയുന്നു: പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും."*

വി. മർക്കോ. 11:24

**യേശുവേ, എന്റെ ദൈവമേ...**

തകർന്നടിഞ്ഞ ഒരാത്മാവും
രോഗം പിടിച്ച ഒരു ശരീരവുമായി
ഞാനിതാ പ്രാർത്ഥിക്കുന്നു...
എന്റെ പാപങ്ങൾ കഴുകി
രോഗപീഢകളിൽ നിന്ന് എന്നെ വിടുവിക്കണമേ...
യേശുവേ... എന്നെ ഉപേക്ഷിച്ചിട്ടു പോകരുതേ...
എന്റെ യേശുവേ എന്നെ സുഖപ്പെടുത്തണമേ...

www.malankaralibrary.com



**യേശുവേ സുഖപ്പെടുത്തണമേ!**

യേശുവേ അങ്ങേ തിരുരക്തത്തിന്റെ
ശക്തിയാൽ എന്നെ സുഖപ്പെടുത്തണമേ.
യേശുവേ അങ്ങേ തിരുവചനത്തിന്റെ
ശക്തിയാൽ എന്നെ സുഖപ്പെടുത്തണമേ.
യേശുവേ അങ്ങേ തിരുനാമത്തിന്റെ
ശക്തിയാൽ എന്നെ സുഖപ്പെടുത്തണമേ.
യേശുവേ അങ്ങേ പീഢാസഹനത്തിന്റെയും
കുരിശുമരണത്തിന്റേയും ഉത്ഥാനത്തിന്റേയും
യോഗ്യതയാൽ എന്നെ സുഖപ്പെടുത്തണമേ.
യേശുവേ അങ്ങേ തിരുശരീരത്തിലേറ്റ
അടികളുടെ യോഗ്യതയാൽ എന്നെ
സുഖപ്പെടുത്തണമേ.

1. *"അവിടുന്ന് തന്റെ വചനം അയച്ച്, അവരെ സൗഖ്യമാക്കി; വിനാശത്തിൽനിന്നു വിടുവിച്ചു."*

സങ്കീ. 107:20

2. *"അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തു..."*

വി. മത്താ. 8:17

3. *"ഞാൻ നിനക്കു വീണ്ടും ആരോഗ്യം നല്കും; നിന്റെ മുറിവുകൾ സുഖപ്പെടുത്തും. കർത്താവ് അരുളിച്ചെയ്യുന്നു: അവർ നിന്നെ ഭ്രഷ്ട എന്നും ആരും തിരിഞ്ഞുനോക്കാത്ത സീയോൻ എന്നും വിളിച്ചില്ലേ?"*

ജറെ. 30:17

4. *"വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പുനല്കും."*

യാക്കോ. 5:15

www.malankaralibrary.com



5. *“കർത്താവേ, മരുന്നോ ലേപനൗഷധമോ അല്ല, എല്ലാവരേയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത്.”*

ജ്ഞാനം16:12

## രോഗങ്ങളേയും രോഗശക്തികളേയും നിർവ്വീര്യമാക്കുന്ന ബന്ധന പ്രാർത്ഥന

**ആയിരുന്നവനും / ആയിരിക്കുന്നവനും വരാനിരിക്കുന്നവനും / സർവ്വശക്തനും / ദൈവവുമായ കർത്താവ് / പരിശുദ്ധൻ / പരിശുദ്ധൻ / പരിശുദ്ധൻ.**

*(മൂന്നു തവണ ആവർത്തിച്ചു പ്രാർത്ഥിക്കുന്നു.)*

യേശുവേ, രക്ഷകാ, അങ്ങയുടെ പരിശുദ്ധമായ നാമത്തിന്റെ ശക്തിയാൽ അത്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തികളും ഉണ്ടാകട്ടെ. എന്റെ ശരീരത്തെയും ജീവിതത്തെയും കുടുംബത്തെയും തകർത്തുകൊണ്ടിരിക്കുന്ന എല്ലാ രോഗങ്ങളേയും രോഗബന്ധനങ്ങളേയും യേശുവിന്റെ അധികാരമുള്ള നാമത്തിൽ ഞാൻ വിച്ഛേദിക്കുന്നു. എല്ലാ രോഗശക്തികളും രോഗത്തിന് കാരണമായ പൈശാചിക ശക്തികളും, ശാപശക്തികളും യേശുകർത്താവിന്റെ നാമത്തിൽ ഞാൻ ബന്ധിച്ച് ബഹിഷ്കരിക്കുന്നു. രോഗാണുക്കൾ യേശുവിന്റെ നാമത്തിൽ നിർവ്വീര്യമാകട്ടെ. രോഗങ്ങളും അതിന്റെ ദുഃഖങ്ങളും യേശുവിന്റെ നാമത്തിൽ എന്നെ വിട്ടുപോകട്ടെ. മനസ്സിന്റെ ആകുലതകളും ഭയവും ഉത്കണ്ഠകളും നിരാശയും സ്വയം വെറുപ്പും മടുത്ത അവസ്ഥയും യേശുവിന്റെ നാമത്തിൽ, സൗഖ്യമാകട്ടെ. യേശുവിന്റെ രക്തത്തിന്റെ യോഗ്യതയാൽ, വി. കുരിശിന്റെ അടയാളത്താൽ, രോഗങ്ങളേ, രോഗശക്തികളേ നിങ്ങളോടു ഞാൻ ആജ്ഞാപിക്കുന്നു. എന്നന്നേയ്ക്കുമായി എന്നെ വിട്ടുപോവുക. ഇനി ഒരിക്കലും എന്നിലേക്ക് മടങ്ങിവരരുതെന്ന് നസ്രായനായ യേശുവിന്റെ നാമത്തിൽ നിങ്ങളോടു ഞാൻ കല്പിക്കുന്നു. യേശുവിന്റെ മുറിവിനാൽ ഞാൻ സൗഖ്യമാക്കപ്പെട്ടിരിക്കുന്നു.

യേശുവേ സ്തോത്രം, യേശുവേ നന്ദി.

യേശുവേ സ്തോത്രം, യേശുവേ ആരാധന

www.malankaralibrary.com

# ഉപസംഹാരം

വിശുദ്ധ ലേപനവും, പുരോഹിതരുടെ പ്രാർത്ഥനയും വഴി സഭ മുഴുവനും പീഢ അനുഭവിക്കുന്ന രോഗികളെ ദൈവത്തിന് ഭര മേൽപ്പിക്കുന്നു. അവിടുന്ന് അവരെ എഴുന്നേൽപ്പിക്കാനും, രക്ഷി ക്കാനും വേണ്ടിയാണിത്. രോഗികൾ അവരുടെ രോഗങ്ങൾ യേശു വിന്റെ പീഢാ സഹനത്തോട് ഐക്യപ്പെടുത്തികൊണ്ട് ദൈവജന ത്തിന്റെ ക്ഷേമത്തിന് സംഭാവന നൽകാൻ സഭ രോഗികളെ ആഹ്വാനം ചെയ്യുന്നു.

മനുഷ്യന്റെ ജീവിത പ്രശ്നങ്ങൾക്കിടയിൽ രോഗവും സഹനവും കൂടെയുണ്ട്. രോഗാവസ്ഥയിൽ മനുഷ്യൻ തന്റെ ബലഹീനതയും, പരിമിതികളും, നൈമിഷികതയും അനുഭവിച്ചറിയുന്നു. ഓരോ രോഗവും മരണത്തെ എത്തിനോക്കുവാൻ നമ്മെ നിർബന്ധിക്കുന്നു. രോഗം ചിലപ്പോൾ നിരാശയിലേക്കും, ദൈവത്തോടുള്ള എതിർപ്പി ലേക്കും വഴിയൊരുക്കുന്നു. ദൈവത്തെ അന്വേഷിക്കുന്നതിനും ദൈവത്തിലേക്ക് തിരിച്ചുപോകുന്നതിനും, രോഗം മിക്കപ്പോഴും പ്രേരകമാകുന്നു.

പഴയ നിയമത്തിൽ മനുഷ്യൻ രോഗാവസ്ഥയിൽ തന്റെ ജീവിതം ദൈവസന്നിധിയിൽ നയിക്കുന്നു. ദൈവത്തിന്റെ മുൻപിൽ വില പിക്കുന്നു. ദൈവത്തോട് രോഗമുക്തിക്കുവേണ്ടി യാചിക്കുകയും ചെയ്യുന്നു. രോഗം മാനസാന്തരത്തിനുള്ള മാർഗ്ഗമാകുന്നു. ദൈവം നൽകുന്ന പാപമോചനം സുഖപ്പെടലിന്റെ ആരംഭമാകുന്നു. "എന്തെ ന്നാൽ ഞാനാണ് കർത്താവ്. നിങ്ങളുടെ സൗഖ്യദായകൻ" (പുറ പ്പാട് 15-26). സഹനത്തിന് രക്ഷാകരമായ ഒരർത്ഥം ഉണ്ട്. ദൈവം എല്ലാ തെറ്റുകൾക്ക് മാപ്പ് നൽകുകയും എല്ലാ രോഗങ്ങളും സുഖ പ്പെടുത്തുകയും ചെയ്യുന്ന ഒരു കാലം ഉദിക്കുമെന്ന് ഏശയ്യ പ്രഖ്യാ പിക്കുന്നു (ഏശയ്യ 33-24). യേശുവിന് രോഗികളോട് സഹായനു ഭൂതി ഉണ്ടായിരുന്നു. അവിടുന്ന് പലപ്പോഴും എല്ലാ രോഗങ്ങളെയും സുഖപ്പെടുത്തിയിരുന്നു. ഇത് "ദൈവം തന്റെ ജനത്തെ സന്ദർശിച്ചു" എന്നതിന്റെ അടയാളമാണ് (വി. ലൂക്കാ 7-16, വി. മത്തായി 4-24). രോഗം സുഖപ്പെടുത്തുവാനും, പാപം മോചിക്കുവാനും യേശുവിന് അധികാരമുണ്ടായിരുന്നു. ആത്മാവിനെയും, ശരീരത്തെയും അതാ

www.malankaralibrary.com



യത് മനുഷ്യനെ സംപൂർണ്ണനായി സുഖപ്പെടുത്താനാണ് യേശു വന്നത്. അവിടുന്ന് രോഗികളുടെ വൈദ്യനാണ് (വി. മർക്കോസ് 2-17). യേശുവിന് രോഗികളോട് സഹതാപം ഉണ്ടായിരുന്നു. “ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു” (വി. മത്തായി 25-36). യേശുവിന്റെ സ്നേഹം മാത്രമാണ് രോഗികളെ സുഖപ്പെടുത്തുവാനുള്ള ഏക കാരണം.

യേശു രോഗികളോട് വിശ്വസിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. സുഖപ്പെടുത്താൻ യേശു അടയാളങ്ങൾ ഉപയോഗിച്ചു. ഉമിനീര്, കൈവയ്പ്, ചെളി കഴുകൽ. രോഗികൾ യേശുവിനെ സ്പർശിക്കാൻ ശ്രമിച്ചു. “എന്തെന്നാൽ അവനിൽ നിന്നു ശക്തി പുറപ്പെടുകയും അവരെയെല്ലാവരെയും സുഖപ്പെടുത്തുകയും ചെയ്തു” (വി. ലൂക്കാ 6-19). അതുപോലെ നമ്മെ സുഖപ്പെടുത്താൻ യേശു കൂദാശകൾവഴി നിരന്തരം സ്പർശിക്കുന്നു.

യേശു രോഗികളുടെ സഹനങ്ങൾ കണ്ട് മനസ്സലിഞ്ഞവനാണ്. “അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും, രോഗങ്ങൾ വഹിക്കുകയും ചെയ്തു” (ഏശയ്യ 5:3-4). യേശു നൽകിയ രോഗശാന്തികൾ ദൈവ രാജ്യാഗമനത്തിന്റെ അടയാളമായിരുന്നു. യേശു കുരിശിൽ തിന്മയുടെ ഭാരം ഏറ്റെടുക്കുകയും, ലോകത്തിന്റെ പാപം നീക്കികളയുകയും ചെയ്തു. പാപത്തിന്റെ ഒരു പരിണത ഫലമാണല്ലോ രോഗം. ക്രിസ്തു തന്റെ പീഢാ സഹനവും, കുരിശുമരണവും വഴി സഹനത്തിനും, രോഗത്തിനും പുതിയ അർത്ഥം നൽകി. യേശു തന്റെ ശിഷ്യന്മാരെ സൗഖ്യദാനത്തിന്റെ ശുശ്രൂഷയിൽ ഉൾച്ചേർത്തു. “അവർ പുറപ്പെട്ട് ജനങ്ങൾ അനുതപിക്കണമെന്ന് പ്രഘോഷിച്ചു. അനേകം പിശാചുക്കളെ പുറത്താക്കി. അനേകം രോഗികളെ തൈലം പൂശി സുഖപ്പെടുത്തി'' (വി. മർക്കോസ് 6:12-13). ഉത്ഥിതനായ കർത്താവ് ഈ ദൗത്യം നവീകരിക്കുന്നു. അവിടുത്തെ നാമം വിളിച്ചുകൊണ്ട് സഭ പ്രവർത്തിക്കുന്ന അടയാളങ്ങളിലൂടെ അവിടുന്ന് അത് സ്ഥിരീകരിക്കുന്നു. യേശു യഥാർത്ഥത്തിൽ രക്ഷിക്കുന്ന ദൈവമാണ്. ഉത്ഥിതനായ യേശുവിന്റെ കൃപാവരത്തിന്റെ ശക്തി വെളിവാക്കുവാൻ പരിശുദ്ധാത്മാവ് ചിലർക്ക് സൗഖ്യദാനത്തിന്റെ സവിശേഷമായ സിദ്ധി നൽകുന്നു. രോഗികളെ സുഖപ്പെടുത്തുവിൻ എന്ന ഈ ദൗത്യം സഭ യേശുവിൽ നിന്ന് സ്വീകരിച്ചു. സഭ പ്രാർത്ഥനകൾ വഴി, രോഗികളെ പരിചരി

www.malankaralibrary.com



ക്കൽ വഴി ഇത് ചെയ്യുന്നു. ആത്മാക്കളുടെയും, ശരീരങ്ങളുടെയും വൈദ്യനായ യേശുവിന്റെ ജീവദായകമായ സാന്നിദ്ധ്യത്തിൽ സഭ വിശ്വസിക്കുന്നു. ഈ സാന്നിദ്ധ്യം കൂദാശകൾ വഴി ലഭിക്കുന്നു. ദിവ്യകാരുണ്യത്തിലൂടെ ഏറ്റവും സവിശേഷമാംവിധം ഇത് പ്രവർത്തന നിരതമായിരിക്കുന്നു. ദിവ്യകാരുണ്യ സ്വീകരണം ശരീരത്തിന്റെയും ആത്മാവിന്റെയും ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. അപ്പസ്തോലിക സഭയിൽ രോഗികൾക്കുവേണ്ടി തനതായ അനുഷ്ഠാന ക്രമം ഉണ്ടായിരുന്നു. "നിങ്ങളിൽ ആരെങ്കിലും രോഗികളാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവന് മാപ്പ് നൽകും" (ഏശയ്യ 5:14-15).

രോഗം കൊണ്ട് സഹിക്കുന്നവരെ സമാശ്വസിപ്പിക്കാൻ വേണ്ടിയുള്ള കൂദാശയാണ് രോഗിലേപനം. വിശുദ്ധമായ രോഗിലേപനം യേശുവിൽ സ്ഥാപിക്കപ്പെട്ടതാണ്. മരണത്തിന്റെ നിമിഷത്തിലെത്തിയവർക്ക് മാത്രം നൽകുന്ന കൂദാശയായതിനാൽ അതിന് "ഒടുവിലത്തെ ഒപ്രുശ്യമ" എന്ന പേരുണ്ടായി. എന്നാലും രോഗിയുടെ ആരോഗ്യം വീണ്ടെടുക്കാൻ ദൈവമെ കനിയണമെ എന്ന പ്രാർത്ഥനയ്ക്കാണ് ഇവിടെ പ്രാധാന്യം. രോഗികളെ തൈലം പൂശുക വഴി ദൈവം അവരെ പാപത്തിൽ നിന്ന് മോചിപ്പിച്ച് രക്ഷിക്കുകയും എഴുന്നേൽപ്പിക്കുകയും ചെയ്യുന്നുവെന്ന് സഭ വിശ്വസിക്കുന്നു. ഇത് മരണ നിമിഷത്തിലെ കൂദാശ മാത്രമല്ല. രോഗമോ, വാർദ്ധക്യമോ, മരിക്കുന്ന സാഹചര്യമോ ഉണ്ടായാൽ രോഗിലേപനം നൽകാം. ഒരേ രോഗത്താൽതന്നെ രോഗിയുടെ അവസ്ഥ ഗുരുതരമായി തീർന്നാൽ ഈ കൂദാശ ആവർത്തിക്കാം. ഗൗരവതരമായ ഓപ്പറേഷനുമുൻപും, ക്ഷീണം വർദ്ധിച്ചുവരുന്ന പ്രായാധിക്യമുള്ളവരെ സംബന്ധിച്ചും ഇത് ശരിയാണ്.

പുരോഹിതർ രോഗിലേപന കൂദാശയെപ്പറ്റി പഠിപ്പിക്കണം. രോഗികൾ നല്ല മനോഭാവത്തോടെ ഈ കൂദാശ സ്വീകരിക്കണം. ദൈവം അനുവദിക്കുന്ന സഹനങ്ങൾ ഏറ്റെടുക്കുകയും വേണം. ദിവ്യകാരുണ്യമായിരിക്കണം എപ്പോഴും ഭൗമിക യാത്രയുടെ അവ

www.malankaralibrary.com



സാനത്തെ കൂദാശ. നിത്യജീവിതത്തിലേക്ക്, കടന്നുപോകുന്നതിന്റെ, തിരുപാഥേയം ആണ് അത്. പുരോഹിതൻ നിശബ്ദനായി രോഗിയുടെ മേൽ കൈകൾ വയ്ക്കുന്നു. അവർ സഭയുടെ വിശ്വാസത്തിൽ രോഗികളുടെ മേൽ പ്രാർത്ഥിക്കുന്നു. ഇതാണ് ഈ കൂദാശയുടെ പ്രത്യേകമായ റൂഹാക്ഷണം. അതിനുശേഷം ആശീർവദിക്കപ്പെട്ട തൈലംകൊണ്ട് രോഗിയെ പുരോഹിതൻ പൂശുന്നു. ഈ കൂദാശ വഴി രോഗിക്ക് ധീരതയുടെയും, സമാധാനത്തിന്റെയും, ശക്തിപ്പെടുത്തലിന്റെയും കൃപാവരമാകുന്ന ദാനം പരിശുദ്ധാത്മാവ് നൽകുന്നു. ഇത് മനസ്സിടിയൽ, ഭീതി എന്നിവ അകറ്റുന്നു. ദൈവം തിരുമനസ്സാകുന്നപക്ഷം രോഗിക്ക് ശരീര സൗഖ്യവും ലഭിക്കുന്നു. കൂടാതെ പാപം ചെയ്തിട്ടുണ്ടെങ്കിൽ മാപ്പ് ലഭിക്കുന്നു. രോഗിലേപന കൂദാശ വഴി രോഗി യേശുവിന്റെ പീഢാ സഹനത്തോട് ഐക്യപ്പെടുന്നു. സഹനത്തിന് ഒരു പുതിയ അർത്ഥം കൈവരുന്നു. ഈ കൂദാശയുടെ കൃപാവരത്തിലൂടെ രോഗി സഭയുടെ വിശുദ്ധീകരണത്തിനും എല്ലാ മനുഷ്യരുടെയും നന്മയ്ക്കും സംഭാവന നൽകുന്നു. ഈ കൂദാശ അന്തിമ യാത്രയ്ക്കുള്ള തയ്യാറെടുപ്പായും അറിയപ്പെടുന്നു. ഇത് സ്വർഗ്ഗീയ പിതൃഭവനത്തിലേക്ക് ഒരുക്കുന്ന കൂദാശയാണ്. ഇത് ഭൗമിക തീർത്ഥാടനത്തെ പൂർത്തിയാക്കുന്ന കൂദാശയാണ്.

**"നല്ല വൈദ്യനായ യേശുവേ രോഗികളുടെമേൽ കരുണയായിരിക്കണമെ"**

**"എന്തെന്നാൽ ഞാനാണ് കർത്താവ്. നിങ്ങളുടെ സൗഖ്യദായകൻ" (പുറപ്പാട് 15:26)**

**"പരിശുദ്ധാനായുള്ളോവേ, നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗങ്ങൾ സുഖപ്പെടുത്തണമെ."**

**(മലങ്കര ക്രമം - പ്രഭാത പ്രാർത്ഥന)**

www.malankaralibrary.com



**"ആത്മബലിയാൽ കുറ്റക്കാർക്കു മോചനം നൽകി അവരെ രക്ഷിച്ച ദൈവപുത്രാ, തന്റെ ജീവപ്രദമായ ബലിയാൽ എന്റെ ദുർവികാരങ്ങളെ ശമിപ്പിക്കുകയും രോഗങ്ങളെ സൗഖ്യമാക്കുകയും ചെയ്യണമെ."**

**(മലങ്കര ക്രമം, വി. കുർബാന)**

## ഗ്രന്ഥകാരന്റെ കൃതികൾ

1. പുരോഹിതൻ - 2018
2. ദൈവവചനമാകുന്ന വാൾ - 2019
3. യേശു - സൗഖ്യദായകൻ - 2020

## ഗ്രന്ഥകർത്താവ്

**ഫാ. മാത്യു ചിറയിൽ**

കാത്തലിക് ആർച്ച് ബിഷപ്സ് ഹൗസ്

മേരിഗിരി, തിരുവല്ല

പത്തനംതിട്ട 689101

ഇമെയിൽ – sunishfr1975@gmail.com

ഫോൺ – 9447932140

വാട്സ്ആപ് – 8156899764

*** കൊവിഡ് 19 കൊറോണ വൈറസ് വ്യാധിയുടെ ലോക്ഡൗൺ കാലത്ത് രചിച്ച ഗ്രന്ഥമാണിത്**

www.malankaralibrary.com

# യേശു സൗഖ്യദായകൻ

## സുവിശേഷങ്ങളിലെ രോഗശാന്തി വിവരണം

### വചന വഴി വെളിച്ചം–3



കൊറോണ എന്ന മഹാവ്യാധി മാനവരാശിയെ ദുരിതത്തിലാഴ്ത്തിയെങ്കിലും നാം ഭഗ്നാശരാകേണ്ടതില്ല. കാരണം അഖിലാണ്ഡ സീമകളെ സൃഷ്ടിച്ച് പരിപാലിക്കുന്ന കർത്താവ് നമ്മുടെ സമീപത്തുണ്ട്. ബഹുമാനപ്പെട്ട മാത്യു ചിറയിലച്ചൻ രചിച്ച 'യേശു സൗഖ്യദായകൻ' എന്ന ഗ്രന്ഥം അടിവരയിട്ടുറപ്പിക്കുന്ന യാഥാർത്ഥ്യം ഇതു തന്നെയാണ്. അനേകർക്ക് സൗഖ്യദായകനായ ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിച്ചറിയാൻ പ്രചോദന ഹേതുവാകട്ടെ ഈ ഗ്രന്ഥം.

**കർദിനാൾ ബസേലിയോസ് ക്ലീമീസ് ബാവ**
**മലങ്കര കത്തോലിക്ക സഭയുടെ തലവനും, പിതാവും.**



എല്ലാ മാറാരോഗങ്ങൾക്കും, വ്യാധികൾക്കും ഉത്തമ വൈദ്യനാണ് നമ്മുടെ കർത്താവ്. ഈ സത്യത്തെ ലോകത്തോട് പ്രഘോഷിക്കേണ്ടത് നമ്മുടെ കടമയാണ്. വിശുദ്ധ ഗ്രന്ഥത്തിലെ നാല് സുവിശേഷങ്ങളിലുമായി നാം കാണുന്ന യേശുവിന്റെ അത്ഭുത രോഗശാന്തികളെക്കുറിച്ചുള്ള അച്ചന്റെ ധ്യാനങ്ങളും ഉൾക്കാഴ്ചയുമാണ് ഈ ഗ്രന്ഥം.

**റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത**
**തിരുവല്ല അതിരൂപത ആർച്ച്ബിഷപ്പ്**



"സാധാരാണ മനുഷ്യരുടെ വേദനകളും നിലവിളികളും തിരുസഭയ്ക്ക് മറക്കാനാവില്ല. പ്രത്യേകിച്ച് കോവിഡ് 19 പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്ത്, മഹാമാരിയുടെ നടുവിൽ ക്ലേശിക്കുന്ന മക്കൾക്ക് ഈ ഗ്രന്ഥം തീർച്ചയായും ഒരാശ്വാസവും, ലേപനവും, സൗഖ്യവുമായി മാറുമെന്നതിൽ കർത്താവായ യേശുവിൽ പ്രത്യാശിക്കുന്നു."

**ഫാ. ഡാനിയേൽ പൂവണ്ണത്തിൽ**
**മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ വേറ്റിനാട്, തിരുവനന്തപുരം.**



യേശു നൽകിയ അത്ഭുത രോഗശാന്തികളുടെ ലക്ഷ്യം ദൈവമഹത്വമായിരുന്നു. "യേശു സൗഖ്യദായകൻ" എന്ന ഗ്രന്ഥത്തിലൂടെ യേശു നൽകിയ അത്ഭുത രോഗശാന്തികളെ പ്പറ്റി ധ്യാനാത്മക വിവരണം നൽകുന്നു. കൊവിഡ് 19 കൊറോണ വൈറസ് വ്യാധിയുടെ ലോക്ഡൗൺ കാലത്ത് ഈ ഗ്രന്ഥ രചന നടന്നതും എടുത്തു പറയേണ്ട ഒരു കാര്യമാണ്. എല്ലാ ആരോഗ്യ പ്രവർത്തകർക്കായി ഈ ഗ്രന്ഥം സമർപ്പിക്കുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു.

*We care God cures*

**ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്.,**
**എക്സിക്യൂട്ടീവ് ഡയറക്ടർ, പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല.**



**ഫാ. മാത്യു ചിറയിൽ**
(ഗ്രന്ഥകർത്താവ്)